
കരുണാപുരം ഗ്രാമ പഞ്ചായത്ത്
വികസന
മാർഗരേഖ
ഒൻപതാം പദ്ധതി ജനകീയ പദ്ധതി

ദി പട്ടം കോളനി സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ **383**

H. O.തൂക്കുപാലം (Ph. 36226)

Br. രാമക്കൽമേട് (Ph. 36204)

പ്രഭാതസായാഹ്ന കൗണ്ടർ

തൂക്കുപാലം ടൗൺ (കൗൺണ്ടർ)

കാർഷികവും കാർഷികേതരവുമായ വായ്പകൾ മിതമായ പലിശ നിരക്കിൽ നൽകുന്നു സ്വർണ്ണ പണയത്തിൻമേൽ 25000 രൂപ വരെ A. ക്ലാസ്-B ക്ലാസ് അംഗങ്ങൾക്ക് വായ്പ നൽകും. ചെറുകിട കച്ചവടകാർക്ക് വായ്പകൾ 20% വരെ പലിശ നിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കും.

പ്രസിഡന്റ്
ജി.· പി. ശശിധരൻ

സെക്രട്ടറി
എം. ജി. രവീന്ദ്രൻ

ഡയറക്ടർബോർഡ്

എം. കെ. സുകുമാരൻ, കെ. സോമൻ, പി. കെ. ജോർജുകുട്ടി, കെ. ജെ. മാർക്കോസ്, ഇ. അലിയാരു കുഞ്ഞ്, എം. സി. വിജയൻ, വിജയമ്മ കൃഷ്ണൻ നായർ

പഞ്ചായത്ത് ജീവനക്കാർ

പി. ഐ. ജോൺസ് - സെക്രട്ടറി
. രാമചന്ദ്രൻനായർ (UD C)
റ്റി. എ. ലത്തീഫ് (UD C)
എം. പി. ഇഞാനകുമാരൻ (UDC)
കെ. സി. ഫിലിപ്പോസ് (LDC)
എസ്. രാമചന്ദ്രൻ പിള്ള (LDC)
കെ. ശിവശങ്കരപിള്ള (പ്യൂൺ)
എം. എം. മുഹമ്മദ്യാഹ്യാ (പ്യൂൺ)
വി. ജെ. കുഞ്ഞൂഞ്ഞമ്മ (പാർട്ട്ടൈം)
എസ്സ്. രേണുകാ ദേവി (പാർട്ടംടൈം)

Typesetting at EDESSA COMPUTERS, THIRUVALLA. Ph: 624070

60-3



കരുണാപുരം ഗ്രാമ പഞ്ചായത്ത് വികസന രേഖ



രാജീവ്ഗാന്ധി

പഞ്ചായത്തീരാജ് നടപ്പിലാക്കുവാൻ കൊതിച്ച മഹാത്മാവ്

പട്ടം താണുപിള്ള

"തളരാത്ത തേരാളി"
ജനകീയാസൂത്രണ സംസ്ഥാന മാർഗനിർദ്ദേശക
സമിതി ചെയർമാൻ ശ്രീ. ഇ. എം. ജോസ്.

റിപ്പോർട്ട് തയ്യാറാക്കിയ
ഫാക്വിറ്റേറ്റിയൽ ഗ്രൂപ്പ്.

P. P. ശശാങ്കൻ
വിനോദ് ആന്റണി
ടി.വി. രാജേന്ദ്രൻ
P.K. സണ്ണി
T.P. ജോസ്
N.C. തോമസ്

ഗ്രാമസഭ റിപ്പോർട്ട് ക്രോഡീകരണം

P. J. ചാക്കോ.
ജെയിംസ്
N.J. ഷെന്നി
വത്സമ്മ ജോസഫ്
K.T. രാജിമോൻ

കവർഡിസൈൻ &
ലേ ഔട്ട്:

ഫാം. കെ. ഓമനക്കുട്ടൻ
P. B. പ്രിൻസ്
(artmedia)

എ.കെ. ഗായത്രിയമ്മ
പ്രസിഡന്റ്



കെ.ആർ. മുരളീധരൻ പിള്ള
വൈസ് പ്രസിഡന്റ്



അഡ്വ. പി.ജി. രവീന്ദ്രൻ.
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ



ചാക്കോ വർഗ്ഗീസ്



സി.എം. നാരായണൻ



ജി.പി. ഗംഗാധരൻ.



മാത്യു തുംങ്കൻ പറമ്പിൽ



ടി.പി. ജോസ്.

സരസ്സമ്മ രാജഗോപാലൻ.

വൈജയന്തിമാല



വിനുമോൾ.

കരുനാപുരം ഗ്രാമ പഞ്ചായത്ത്

വികസന മാർഗരേഖ

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

1997-2002

വികസന റിപ്പോർട്ട് അവതരണം



ബഹുമാന്യ സുഹൃത്തേ,

കേരളത്തിന്റെ ഒമ്പതാം പദ്ധതി രൂപപ്പെടുത്തുന്നതിൽ കേരളത്തിലെ മുഴുവൻ പഞ്ചായത്തുകൾക്കും പങ്കു വഹിക്കാനുണ്ട്. അതായത് പഞ്ചായത്തുകളുടെ അഞ്ചു വർഷത്തേക്കുള്ള മാസ്റ്റർ പ്ലാനുകൾ തയാറാക്കുക എന്നതിനൊപ്പം ആ കടമ കൂടിയാണ് നാം നിർവ്വഹിക്കുവാൻ പോകുന്നത്.

നാളിതുവരെ നടന്നു പോന്നിരുന്ന ആസൂത്രണത്തിന്റെയും വികസനത്തിന്റെയും രീതിയിലും നടത്തിപ്പിനും രചനാത്മകമായ തിരുത്തലുകൾ അനിവാര്യമാണ്.

ഒമ്പതാം പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിന്റെയും എല്ലാ ഘട്ടങ്ങളിലും ബഹുജനപങ്കാളിത്തത്തിനുള്ള എല്ലാ പരിശ്രമങ്ങളും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. ഈ നിലപാടിനുള്ള അംഗീകാരം ഗ്രാമസഭ മുതലുള്ള പ്രാഥമിക ഘട്ട പ്രവർത്തനങ്ങളിൽ ശക്തമായിരുന്നു. അതു തുടരുകയുമാണ്.

നമ്മുടെ പതിനൊന്നു ഗ്രാമസഭകളിലും പങ്കെടുത്തുകൊണ്ട് തങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും ആവേശകരമായി ഉന്നയിക്കാൻ ചരിത്രത്തിലാദ്യമായി ലഭിച്ച സന്ദർഭത്തെ ഫലപ്രദമാക്കാൻ ഗ്രാമീണരായ ജനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്.

രാഷ്ട്രപിതാവ് സ്വപ്നം കണ്ട സ്വയംപര്യാപ്ത ഗ്രാമങ്ങൾക്കുവേണ്ടി കഴിഞ്ഞ 48 വർഷങ്ങളിലും നമ്മുടെ രാജ്യത്ത് യാതൊരു ശ്രമങ്ങളുമുണ്ടായിട്ടില്ല. നാം വളരെ വൈകിപ്പോയി. എങ്കിലും ഇനിയും സമയമുണ്ട്! 73, 74, ഭരണഘടനാ ഭേദഗതികളിലൂടെ നമ്മുടെ നാട്ടിലും ത്രിതല പഞ്ചായത്ത് ഭരണം നിലവിൽ വന്നത് സന്തോഷകരമാണ്. അധികാര വികേന്ദ്രീകരണത്തിലൂടെ ജനങ്ങളിൽ വന്നു ചേരേണ്ട ശക്തി സ്രോതസ്സുകൾ പൂർണ്ണമായി കരഗതമായിട്ടില്ല. എങ്കിലും മുന്നോട്ടു പോയേ മതിയാകൂ. അധികാരത്തിന്റെ പോരായ്മകൾക്കുള്ള പരിഹാരം, പുരോഗതിക്കുവേണ്ടിയുള്ള സമർപ്പിത പ്രവർത്തനങ്ങൾ ക്കൊപ്പം പോരാടി നേടേണ്ടതാണ്. കുറവുകളോടെയെങ്കിലും കൈയിൽ കിട്ടിയ അധികാരവകാശങ്ങൾ ഭാവി കരുപ്പിടിപ്പിക്കാനുള്ള സഞ്ജീവനിയായി പ്രയോജനപ്പെടുത്താൻ നാം ശ്രമിക്കുക.

ഗ്രാമസഭയിലുയർന്നു വന്ന വികസനാവശ്യങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള വികസന റിപ്പോർട്ട് ഞങ്ങൾ ഒരു ചരിത്ര ദൗത്യമായി ഏറ്റെടുത്താണ് തയാറാക്കിയിട്ടുള്ളത്. അത് ചർച്ചകൾക്കും പരിഗണനക്കുമായി നിങ്ങളുടെ പക്കലുണ്ട്. സ്വകാര്യ താല്പര്യങ്ങളെ സംയമനബുദ്ധ്യാ സാമൂഹ്യ ലക്ഷ്യങ്ങൾക്ക് കീഴ്പ്പെടുത്തി, പൊതുവായ കാഴ്ചപ്പാടിലുള്ള ഒരു സമീപനം കൈക്കൊള്ളാൻ നിങ്ങൾ പ്രാപ്തരാണെന്നു പ്രതീക്ഷിക്കുന്നു.

വിവിധ വികസന മേഖലകളിലെ പൊതു അവലോകനവും പ്രശ്ന പശ്ചാത്തലവും കുറെ സ്ഥിതി വിവരങ്ങളും റിപ്പോർട്ടിൽ സാമാന്യമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്. നമ്മുടെ സാദ്ധ്യതകളും പരിമിതികളും യാഥാർത്ഥ്യബോധത്തോടെ മനസ്സിരുത്തി അവയെല്ലാം ചർച്ചചെയ്യണം. ഗൗരവമായും കൂട്ടായും ചർച്ചയ്ക്കുള്ള സമയം സാർത്ഥകമാക്കാൻ ശ്രദ്ധിച്ചാൽ നന്ന്. പ്രശ്നങ്ങളുടെ പര്യാലോചനക്കും പരിശോധനകൾക്കും ശേഷം വികസന സെമിനാർ നിശ്ചയിക്കുന്ന മുൻഗണനാക്രമത്തിലും തീരുമാനപ്രകാരവും അടുത്ത കൊല്ലങ്ങളിലേക്കുള്ള പദ്ധതികൾ രൂപം കൊള്ളേണ്ടതുണ്ട്. അത്തരമൊരു പ്രധാന ഘട്ടത്തിലേക്കുള്ള വാതിൽ തുറന്നു കൊടുക്കുകയാണ് നമ്മുടെ വികസന സെമിനാറിന്റെ ദൗത്യം.

നിങ്ങളുടെ ചർച്ചകൾക്കും അപഗ്രഥനത്തിനും ദിശാബോധം നൽകാനും കരുത്തുപകരാനുമുള്ള സൂചനകളും പശ്ചാത്തലവും റിപ്പോർട്ടിന്റെ ഉള്ളടക്കത്തിലുണ്ട്. രൂപ ഭദ്രതയും ആകർഷണീയതയും രണ്ടാമതായേ റിപ്പോർട്ട് തയാറാക്കുമ്പോൾ പരിഗണിച്ചിരുന്നുള്ളൂ.

നാടിന്റെ നാനാവിധ പ്രശ്നങ്ങളെയും, അതുളവാക്കിയിട്ടുള്ള പ്രതികരണങ്ങളെയും, അടിസ്ഥാന കാരണങ്ങളെയും അപഗ്രഥിച്ചു ചിട്ടപ്പെടുത്താനും, ഗ്രാമസഭാ റിപ്പോർട്ടുകളുടെ വൈകാരികതയും, യാഥാർത്ഥ്യതയും, ഗൗരവപൂർണ്ണമായ സമീപനത്തിലൂടെ തിരിച്ചറിയാനും, മാത്രമല്ല അതിവസങ്കീർണ്ണങ്ങളായ നിരവധി ഘടകങ്ങളെ അഭിമുഖം ചെയ്തുകൊണ്ടാണീ റിപ്പോർട്ടിന്റെ രചനയിലും പ്രവർത്തനങ്ങളിലും ഞങ്ങൾ മുഴുകിയത്. പല കാരണങ്ങളാലും ജനകീയാസൂത്രണ പരിപാടിയുടെ സമയനിഷ്ഠ പാലിക്കപ്പെടാൻ കഴിയാതെ പോയതിൽ ഞങ്ങൾക്ക് കുറ്റബോധവും ദുഃഖവുമുണ്ട്. ഞങ്ങളുടെ മനോബലത്തിനു മാത്രം വഴങ്ങുന്ന ഒരു പ്രവർത്തനമല്ല ഇത് എന്നതും, തികച്ചും നിസ്സീമ മനോഭാവങ്ങളുള്ള ഒരുപറ്റം ഉത്ഘർഷേശ്മുക്കളുടെ കൂട്ടായ പരിശ്രമത്തിലൂടെയെ ഇത് സാദ്ധ്യമാകുമായിരുന്നുള്ളൂ എന്നതും ഈ കാലതാമസത്തിന് ഞങ്ങൾക്ക് വയ്ക്കാനുള്ള ന്യായീകരണവുമാണ്.

ഈ നൂതന ചരിത്രരേഖയുടെ പണിപുരയിൽ പങ്കെടുത്ത മുഴുവൻ റിസോർഴ്സ് അംഗങ്ങൾക്കും സഹായം ചെയ്തു തന്നിട്ടുള്ള അഭ്യുദയകാംക്ഷികൾക്കും നന്ദി. ഇതിന്റെ കൈയെഴുത്ത് പ്രതി തയാറാക്കാൻ ഞങ്ങളോടു ക്ഷമാപൂർവ്വം സഹകരിച്ച ശ്രീ. ഓമന കുട്ടനെയും പ്രിൻസിനെയും പ്രത്യേകം സ്മരിക്കുന്നു. ഞങ്ങളുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ച പഞ്ചായത്ത് സെക്രട്ടറി, മറ്റ് ജീവനക്കാർക്കും ഭരണസമിതിക്കും സ്നേഹോഷ്മളമായ നന്ദി പ്രകടിപ്പിച്ചുകൊണ്ട് ബഹുമാന്യരായ വികസന സെമിനാർ പ്രതിനിധികളുടെ പരിഗണനയ്ക്കായി ഈ റിപ്പോർട്ട് അവതരിപ്പിച്ചുകൊള്ളുന്നു.

എഡിറ്റോറിയൽ ഗ്രൂപ്പിനുവേണ്ടി

പി. പി. ശശാങ്കൻ
കൺവീനർ
ഡി. ആർ. പി.
കരുണാപുരം ഗ്രാമ പഞ്ചായത്ത്

ജനകീയ ആസൂത്രണ, വിളംബരജാഥ തുക്കുപാലത്ത് ജില്ലാ പഞ്ചായത്തംഗം അഡ്വ. കെ.റ്റി. മൈക്കിൾ ഉത്ഘാടനം ചെയ്തപ്പോൾ.

വികസന ജ്യോതി രണ്ടാം വാർഡിൽ തെളിക്കുന്നു.

"ഒൻപതാം പദ്ധതി"
കാഴ്ചപ്പാടും കടമകളും

വികസന ചരിത്രത്തിൽ ദീർഘമായ നാല്പത്താറ് കൊല്ലം പിന്നിടാൻ പോവുകയാണ് നാം. 97 മാർച്ചിൽ 8-ാം പദ്ധതി അവസാനിക്കുകയാണ്. 1950-ൽ രൂപീകരിക്കപ്പെട്ട പ്ലാനിംഗ് കമ്മറ്റിയാണ് ദേശീയവികസനത്തിന്റെ ആണിക്കല്ല്. കേരളത്തിൽ ഈ സ്ഥാനം പ്ലാനിംഗ് ബോർഡിനാണ്. നാളിതുവരെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കി വന്നത് ഈ സംവിധാനം വഴിക്കാണ്, കേന്ദ്രത്തിൽ നിന്നും, സംസ്ഥാനത്തിലേക്കും അവിടെ നിന്നും ജില്ലാ കേന്ദ്രത്തിലേക്കും തുടർന്നു വിവിധ വകുപ്പുകളിലൂടെയുമാണ് നമ്മുടെ വികസന പദ്ധതികൾ നടപ്പാക്കിവരുന്നത്.

കേന്ദ്രീകൃതവും സർക്കാർ വകുപ്പുകളിലൂടെയുമുള്ള ഈ ആസൂത്രണവും വികസനവും യാഥാർത്ഥ്യങ്ങളിൽ നിന്നും ജനങ്ങളിൽ നിന്നും അന്യവൽക്കരിക്കപ്പെട്ടു. നമ്മുടെ വികസന വഴിത്താരയിൽ എട്ടാം പദ്ധതിയും പിന്നിടുകയാണ്. ഒൻപതാം പദ്ധതിയുടെ പടി വാതുക്കലാണ് നാം.

പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും സമ്മിശ്രമായ ഒരു ചിത്രമാണ് കേരളത്തിന്റെ സാമ്പത്തിക വികസനം. ഉത്പാദന മേഖലയായ കാർഷിക വ്യാവസായികരംഗത്ത് കാര്യ മാത്ര പ്രസക്തമായ ശക്തി കൈവരിക്കാതെ തന്നെ ജനങ്ങളുടെ ജീവിത സൗകര്യങ്ങളും ജീവിത ഗുണമേന്മയിലും നാം ആഗോള രംഗത്തും വികസിത രാജ്യങ്ങൾക്കൊപ്പമെത്തി.

വ്യാവസായിക കാർഷിക വികസനം നടപ്പാക്കി ഉത്പാദനവും തൊഴിൽ ലഭ്യതയും വർദ്ധിപ്പിച്ച് തദ്വാരാ ജനങ്ങളുടെ സാമ്പത്തിക നില ഭേദമാക്കാനും, ജീവിതനിലവാരം മെച്ചമാക്കാനുമുള്ള ഏതു വികസന ശ്രമങ്ങളും വളരെ സാവധാനത്തിലെ ലക്ഷ്യം കൈവരിക്കൂ, ഉല്പാദന മേഖലയുടെ വളർച്ചക്ക്. വമ്പിച്ച മുതൽ മുടക്കും പശ്ചാത്തല സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും നേരിട്ട് ആവശ്യമാണ്. സാമ്പത്തിക ഉല്പാദനം കൊണ്ട് മാത്രമായില്ല സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണവും വികസനത്തിന്റെ അടിസ്ഥാന പ്രമാണമാകണം. ഈ രംഗത്ത് കേരളം ശ്രദ്ധേയമായ കാൽവയ്പാണ് നടത്തിയിട്ടുള്ളത്.

ആരോഗ്യ വിദ്യാഭ്യാസ മേഖലയിലും സാക്ഷരതാ നിരക്ക്, ജനനമരണനിരക്ക്, ശിശു മരണനിരക്ക്, ആയുർദൈർഘ്യം എന്നീ ജീവിതഗുണ മേന്മയിൽ നമ്മുടെ നേട്ടങ്ങൾ വിഖ്യാതമാണ്. യുണൈറ്റഡ് നേഷൻസ്, ലോകബാങ്ക്, വിദേശ രാജ്യങ്ങളിലെ അക്കാദമിക് രംഗങ്ങളിലെല്ലാം തന്നെ "കേരള മോഡൽ" ചർച്ച ചെയപ്പെടുകയുണ്ടായി. സാമൂഹ്യരംഗത്തുണ്ടാക്കാൻ കഴിഞ്ഞിട്ടുള്ള മാറ്റങ്ങളും ഈ നേട്ടങ്ങളെ പ്രബലപ്പെടുത്തുന്നവയാണ്, പൊതു വിതരണ ശൃംഖല വഴിക്കുള്ള ഭക്ഷ്യധാന്യ വിതരണം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഭക്ഷ്യധാന്യ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. പക്ഷെ ഇന്നത്തെ വില കയറ്റ സാഹചര്യം ഈ നേട്ടങ്ങളെ നിഷ്പ്രഭമാക്കുന്നു. ദുർബല ജനവിഭാഗങ്ങൾക്കുള്ള, വികലാംഗ, വിധവാ വർദ്ധക്യകാല, കർഷകതൊഴിലാളി പെൻഷനുകൾ, തൊഴിലില്ലായ്മ വേതനം, വിവിധ തൊഴിലുമായി ബന്ധപ്പെട്ടുള്ള ക്ഷേമ പദ്ധതികൾ തുടങ്ങിയ സാമൂഹ്യക്ഷേമ പദ്ധതികളിലൂടെ കോടിക്കണക്കിന് രൂപാ വിതരണം ചെയപ്പെടുന്നു.

പക്ഷെ ഈ നേട്ടങ്ങൾ നിലനിർത്തുക എന്നതു തന്നെ ഒരു വെല്ലുവിളിയായി മാറിയിരിക്കുന്നു.

ആരോഗ്യ വിദ്യാഭ്യാസ മേഖലകൾ കച്ചവട ചരക്കുകൾ പോലെ ലാഭകൊതിയുടെ കമ്പോള നിലവാരത്തിൽ ധാർമ്മികാധപതനത്തിലാണ്. കാർഷിക കേരളത്തിന്റെ നട്ടെല്ലു തകർന്നു തരിപ്പണമായിരിക്കുന്നു. വ്യവസായിക പുരോഗതിയുടെ നേരിയ ചലനങ്ങൾ പോലും ദൃശ്യമല്ല. നമുക്കുള്ള കൊച്ചു വ്യവസായങ്ങൾ പോലും പ്രതിസന്ധികളെ നേരിടുകയാണ്. കമ്പോള മത്സരവും ഊർജ്ജപ്രതിസന്ധിയും അവിടെയും ഭീഷണത കൈവരിച്ചിട്ടുണ്ട്. ഈ സാഹചര്യങ്ങളെ മുറിച്ചു മുന്നേറുകയാണ് ഒൻപതാം പദ്ധതികാലത്തെ വെല്ലുവിളികൾ. ആസൂത്രണത്തിലെ വൈകല്യങ്ങൾ പരിഹരിച്ച് എല്ലാ നിലവാരത്തിലും, ബഹുജന പങ്കാളിത്തമുള്ള ഒരു പരിപാടിയാക്കി ആസൂത്രണവും നടത്തിപ്പും മാറേണ്ടിയിരിക്കുന്നു. നമ്മുടെ ജീവിത ചുറ്റുപാടുകളിൽ നിന്നും നാം നേരിടുന്ന പ്രശ്നവും പ്രതിസന്ധികളെയും തിരിച്ചറിയാനും അവയ്ക്കുള്ള പരിഹാരവും സാധ്യത

കകളും നിർദ്ദേശിക്കാനും ത്രിതല പഞ്ചായത്തുകളുടെ പുത്തൻ അധികാരങ്ങൾ പ്രയോജനപ്പെടുത്തി ഒൻപതാം പദ്ധതി ആസൂത്രണവും നടത്തിപ്പും വിജയകരമാക്കാനുള്ള ദൗത്യം ജനങ്ങളുടെ കൈകളിലേക്ക് വന്നു ചേർന്നിരിക്കുകയാണ്. ആരേയും ഇനിമേൽ കുറ്റം പറഞ്ഞു നടക്കാനാവില്ല. ആരെങ്കിലും നടത്തി തരണമെന്ന ആശ്രിത മനോഭാവം കൈവെടിഞ്ഞേ മതിയാകൂ. സമൂഹം നേരിടുന്ന പ്രതിസന്ധികളും പ്രശ്നങ്ങളും നാം തിരിച്ചറിഞ്ഞു. അവയെ ചിട്ടപ്പെടുത്തി പരിഹാരം കാണാൻ ശ്രദ്ധിക്കേണ്ടതാണ്. ജനപങ്കാളിത്തം ആസൂത്രണത്തിൽ മാത്രമല്ല നടത്തിപ്പിലും മേൽനോട്ടത്തിലുമടക്കം ആദ്യാവസാനം വരെയുള്ള ഒരു പ്രക്രിയയായിരിക്കും.

സംസ്ഥാന പദ്ധതി അടങ്കലിന്റെ 35 മുതൽ 40 ശതമാനത്തിൽ കുറയാത്തുള്ള വികസന പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ മുഖാന്തിരം നടത്താനാണ് വിഭാവനം ചെയ്യുന്നത്. ഇതത്ര ചെറിയ തുകയൊന്നുമല്ല. ശരിയായ വിലയിരുത്തലും മുൻഗണനയും നിശ്ചയിച്ച് കാര്യക്ഷമതയോടെയും ഫലപ്രദമായും വിനിയോഗിക്കേണ്ടതുണ്ട്. വിദഗ്ദ്ധൻമാരും, വിചക്ഷണൻമാരുമടക്കം ഉന്നത ശ്രേണിയിലുള്ള അധികാര കേന്ദ്രങ്ങൾ ചെയ്തിരുന്ന കാര്യങ്ങളാണ് നാമൊക്കെ ചേർന്നു ചെയാൻ പോവുന്നത്. "ഒന്നും ശരിയാവില്ല" എന്ന ചക്രവ്യൂഹത്തിൽ നിന്നു പുറത്തുവരാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇനി "എല്ലാം ശരിയായികൊള്ളുമെന്ന" അമിത ധാരണകളിലേക്ക് വഴുതി വീഴാതിരിക്കാനും പഠിക്കണം. സാവധാനത്തിലും കരുതലോടും പടി പടിയായി മാത്രമേ, മുന്നേറാൻ കഴിയൂ. വരുന്ന അഞ്ചുവർഷകാലത്തേക്കുള്ള പഞ്ചായത്തിന്റെ വികസന പദ്ധതികൾ തയാറാക്കി പ്രവർത്തിക്കാനാണ് നാം പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ജനകീയാസൂത്രണ പരിപാടി എന്ന ന്യൂതന സംരംഭം. ഒരു ലോക മാതൃകയാകാൻ പോകുന്നു! ഈ ചരിത്രസന്ധിയുടെ വിധാതാക്കളാകാനുള്ള കേരള ജനതയുടെ അശ്രാന്ത ശക്തിയിൽ നമുക്കും അണിചേരാം!

ഒൻപതാം പദ്ധതി നമ്മുടെ പദ്ധതി

ഏ. കെ. ശാന്തമ്മ
പ്രസിഡന്റ്
കരുണാപുരം ഗ്രാമപഞ്ചായത്ത്

1 ആമുഖം

2 പഞ്ചായത്ത് പൊതുവിവരണം

3 സാമൂഹിക സാംസ്കാരിക ചരിത്രം

4 ഭൂപ്രകൃതി ജനപ്രകൃതി

5 സാമൂഹിക സാമ്പത്തിക മേഖലകൾ

5-1 കൃഷിയും ജലസേചനവും

5-2 മൃഗസംരക്ഷണം, മത്സ്യകൃഷി

5-3 വ്യവസായം

5-4 വിദ്യാഭ്യാസം

5-5 കുടിവെള്ളവും പൊതുജനാരോഗ്യവും

5-6 ഗതാഗതം, ഊർജം

5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും

5-8 സംസ്കാരം

5-9 വനിതാക്ഷേമം

5-10 സഹകരണം

5-11 പട്ടികജാതി, പട്ടികവർഗക്ഷേമം

5-12 വിഭവസമാഹരണം

6 ഉപസംഹാരം



പാലൊളി മുഹമ്മദ് കുട്ടി

തദ്ദേശസ്വയംഭരണ മന്ത്രി



ഐ.എസ്. ഗുലാത്തി

ആമുഖം

1



ആസൂത്രണ ചരിത്രത്തിൽ പുതിയ ഒരു അധ്യായം എഴുതി ചേർത്തുകൊണ്ട് കേരളത്തിന്റെ ഒൻപതാം പദ്ധതി ജന പങ്കാളിത്തത്തോടുകൂടി ആവിഷ്കരിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും ചേർന്ന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുത്തിരിക്കുകയാണല്ലോ. ഇതിലൂടെ വമ്പിച്ച സാമൂഹിക സാമ്പത്തിക മുന്നേറ്റത്തിന് കളമൊരുക്കുകയാണ് നാം. വികസന പദ്ധതികൾ കേന്ദ്രത്തിലും സംസ്ഥാനതലത്തിലും തീരുമാനമെടുത്ത് നടപ്പാക്കുന്ന പതിവിൽ നിന്നും വ്യത്യസ്തമായി ഒൻപതാം പദ്ധതിയുടെ 30-40 ശതമാനത്തിന്റെ നടത്തിപ്പും പഞ്ചായത്തുകളെയും നഗര സഭകളെയും ഏൽപ്പിക്കുവാനാണ് തീരുമാനം. മനുഷ്യവിഭവമടക്കം വൻ തോതിൽ വിഭവ സമാഹരണം നടത്തി പ്രാദേശിക തലത്തിൽ സന്തുലിതവികസനം ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ആഗസ്റ്റ് 17-ന് തിരുവനന്തപുരത്ത് നടന്നു. രണ്ടാം ഘട്ട പ്രവർത്തനമായ ഗ്രാമസഭകൾക്ക് തിരുവനന്തപുരത്തെ നന്ദിയോട് പഞ്ചായത്തിൽ സ്പതം. 15 ന് തുടക്കം കുറിച്ചു. സംസ്ഥാനത്തുടനീളം പരിശീലന പരിപാടികളും വികസന സെമിനാറുകളും നടന്നു വരികയാണ്. ഇവയിലൂടെ ഉരുത്തിരിയുന്ന പദ്ധതികൾ ബ്ലോക്ക് ജില്ലാ തലങ്ങളിലൂടെ ക്രോഡീകരിച്ച് സംസ്ഥാന വികസന കോൺഗ്രസിൽ 9-ാം പദ്ധതിയുടെ കരടുരേഖയ്ക്ക് രൂപം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തിനും മാതൃകയായിത്തീരാവുന്ന ഈ നൂതന സംരംഭത്തിൽ ബഹുജന പങ്കാളിത്തത്തിനും ഗ്രാമതല ആസൂത്രണത്തിനുമാണ് ഊന്നൽ നൽകിയിരിക്കുന്നത്.

57 പേർ പങ്കെടുത്തു കൊണ്ട് 19-9-96 ൽ കുട്ടാർ S. N. L. P. സ്കൂളിൽ വച്ച് പഞ്ചായത്ത് തല പരിശീലകർക്കുള്ള ഏകദിന ക്യാമ്പ് നടത്തപ്പെട്ടു. വിവിധ വാർഡുകളിൽ നിന്നായി 68 പേർ ക്യാമ്പിൽ പരിശീലനം നേടി. 26-9-96 ൽ തൂക്കുപാലം മുതൽ ബാലമ്പിള്ളസിറ്റി, കട്ടേക്കാനം, മന്തിപ്പാറ, കുഴിത്തൊളു വഴി കൂട്ടാർ വരെ ജനകീയാസൂത്രണ വിളംബരജാഥ നടത്തി. 50 പേർ ജാഥയിലുടനീളം പങ്കെടുത്തു. തുടർന്ന് സെപ്തം. 22, 24 ഒക്ടോബർ 2 എന്നീ തീയതികളിൽ വാർഡുതല വിശേഷാൽ ഗ്രാമസഭകൾ നടത്തപ്പെട്ടു. ഗ്രാമസഭകളിലായി 2015 പേർ പങ്കെടുത്തു. പഞ്ചായത്തുതലത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി 4 പ്രാവശ്യം പഞ്ചായത്തു മെമ്പർമ്മാരുടെയും പരിശീലകരുടെയും യോഗം നടത്തപ്പെട്ടു. തുടർന്ന് വിവിധ ഗവ. ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ഓഫീസുകളിൽ നിന്നുമുള്ള ദ്വിതീയ വിവര ശേഖരണം ആരംഭിച്ചു. 96 സെപ്റ്റംബർ 12, 13, 14 തീയതികളിൽ നെടുങ്കണ്ടത്തു നടന്ന ആദ്യഘട്ട പരിശീലന പരിപാടിയിൽ പഞ്ചായത്തിൽ നിന്ന് 6 പേർ പങ്കെടുത്തു.

ഒക്ടോബർ 28, 29, 30 തീയതികളിൽ നെടുങ്കണ്ടത്തു വച്ചു നടന്ന രണ്ടാം ഘട്ട ജില്ലാ പരിശീലനക്യാമ്പിൽ ഈ പഞ്ചായത്തിൽ നിന്നും 7 പേർ പങ്കെടുത്തു.

നവംബർ 1 ലെ പുനരർപ്പണ ദിനാഘോഷം ആവേശത്തോടെയാണ് ഈ പഞ്ചായത്തിലെ ജനങ്ങൾ സ്വീകരിച്ചത്. പതിനൊന്നു വാർഡുകളിലും വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. റോഡ്, പാലം, കലുങ്ക് മുതലായവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ടു. 2100 ലേറെ ആളുകൾ ഈ പരിപാടിക ളിൽ സഹകരിച്ചു. ഈ പ്രവർത്തനങ്ങൾ തുടർന്നും നടക്കുകയാണ്.

വികസന ജ്യോതി ചില വാർഡുകളിൽ മാത്രമേ നടത്തുവാൻ കഴിഞ്ഞിരുന്നുള്ളൂ. 19-10-96 ൽ ബ്ലോക്ക് തല

വികസന വിളംബര ജാഥ ഈ പഞ്ചായത്തിൽ പര്യടനം നടത്തി. 8 കേന്ദ്രങ്ങളിലായി നടത്തപ്പെട്ട കലാജാഥക്ക് ആവേശകരമായ സ്വീകരണമാണ് ലഭിച്ചത്. നവം. 8, 20 തീയതികളിൽ പഞ്ചായത്തുകളിലെ വിവിധ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗങ്ങൾ രണ്ടു തവണ നടത്തപ്പെട്ടു. 10-11-96ൽ പഞ്ചായത്ത് ഓഫീസിൽ വച്ച് രണ്ടാം ഘട്ട പരിശീലകർക്കുള്ള ക്യാമ്പ് നടത്തപ്പെട്ടു. ക്യാമ്പിൽ 42 പേർ പങ്കെടുത്തു. ഒന്നാംഘട്ട പരിശീലനത്തിൽ എത്തിയ ചിലരുടെ അഭാവവും പുതിയതായി കടന്നു വന്ന ചില പ്രവർത്തകരുടെ സാന്നിധ്യവും ശ്രദ്ധിക്കപ്പെട്ടു.

നവം. 7ന് പഞ്ചായത്തുതലത്തിൽ ഭാഗീകമായി ഒരു പഠന പര്യടനവും ചരിത്ര ശേഖരണവും നടത്തി. പിന്നീട് നവം. 17-ാം തീയതി വാർഡുകളായി വിഭജിച്ച് പഠനപര്യടനം വിജയകരമായി പൂർത്തിയാക്കി നവം. 18-ാം തീയതിയോടു കൂടിമാത്രമാണ് ദ്വിതീയ വിവര ശേഖരണം പൂർത്തിയായത്. അന്നു മുതൽ വികസന റിപ്പോർട്ട് തയ്യാറാക്കാൻ ആരംഭിച്ചു. ജനകീയാസൂത്രണ പരിപാടി സമയബന്ധിതമായ ഒരു പരിപാടിയായതുകൊണ്ട് പരിമിതമായ സമയത്തിനുള്ളിൽ തയ്യാറാക്കിയ റിപ്പോർട്ടാണിത്. വികസന സെമിനാറിലെ സജീവമായ ചർച്ചയിലൂടെ നമ്മുടെ പഞ്ചായത്തിലെ വികസന പ്രശ്നങ്ങളുടെ എഴുതാപ്പുറങ്ങൾ നിങ്ങൾക്കായി നീക്കി വയ്ക്കുന്നു.

ജനകീയാസൂത്രണ പ്രസ്ഥാനം : സംസ്ഥാനതല ഉദ്ഘാടനം

കരുണാപുരം

കരുണാപുരത്തിന് ആദ്യകാലത്ത് പള്ളിമുക്ക് എന്നായിരുന്നു പേര്. അവിടെ അന്നുണ്ടായിരുന്ന പ്രധാന സ്ഥാപനം കത്തോലിക്കാ പള്ളിയായിരുന്നു. പള്ളിയോട് അനുബന്ധിച്ച് ഒരു ആർട്സ് ക്ലബ് രൂപികരിച്ചപ്പോൾ വികാരി ഫാ. ജെ. റ്റി. ഊന്നുകല്ലിൽ നിർദ്ദേശിച്ച പേരാണ് കരുണാപുരം പിന്നീട് ഇത് പഞ്ചായത്തിന്റെ തന്നെ പേരായിത്തീർന്നു.

രാമക്കൽമേട്

ഇതിഹാസങ്ങളുടെ ഗന്ധമുള്ള പേരാണ് ഈ സ്ഥലത്തിനുള്ളത്. ത്രേതായുഗത്തിൽ സീതാന്വേഷണത്തിന് പുറപ്പെട്ട രാമലക്ഷ്മണന്മാർ സഹ്യസാനുക്കളിലെ ഈ ഗിരി ശൃംഖത്തിലും എത്തിയിരുന്നത്രേ. ചുറ്റുപാടുമുള്ള വിസ്തൃതമായ പ്രദേശങ്ങൾ വീക്ഷിക്കുന്നതിന് ശ്രീരാമൻ കയറി നിന്ന സ്ഥലത്ത് അദ്ദേഹത്തിന്റെ കാൽപ്പാട് പതിഞ്ഞതായി കരുതപ്പെടുന്നു. ഈ പ്രദേശം രാമക്കൽമേട് എന്ന പേരിൽ അറിയപ്പെടുന്നു.

കമ്പംമെട്ട്

ഈ സ്ഥലം ആദ്യകാലത്ത് ജാനകിമെട്ട് എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ആ കാലത്ത് കാട്ടു പ്രദേശത്ത് കച്ചവടം നടത്തിയിരുന്ന ഒരു സ്ത്രീയുടെ പേരിൽ നിന്നായിരുന്നു ഇത്. പിന്നീട് തമിഴ്നാട്ടിലെ കമ്പം എന്ന സ്ഥലത്തു നിന്നും ഈ സ്ഥലത്തേക്ക് ബസ്സ് സർവ്വീസ് ആരംഭിച്ചപ്പോൾ പ്രസ്തുത ബസ്റ്റോപ്പ് കമ്പംമെട്ട് എന്നറിയപ്പെട്ടു. ഇത് പിന്നീട് ആ സ്ഥലത്തിന്റെ സ്ഥിരമായ പേരായിത്തീർന്നു.

ചോറ്റുപാറ

ആദ്യകാലത്ത് ഉടുമ്പൻ ചോലയിലും പാമ്പാടുംപാറയിലുമുള്ള ഏലത്തോട്ടങ്ങളിൽ പണിയെടുക്കുന്നതിനു വേണ്ടി തമിഴ്നാട്ടുകാരായ തൊഴിലാളികളായിരുന്നു എത്തിയിരുന്നത്. തുണിയിൽ പൊതിഞ്ഞു കൊണ്ടു വന്നിരുന്ന ചോറ് കഴിക്കുന്നതിനുള്ള നീരുറവയും വിശ്രമത്താവളമായ ഉയർന്ന പാറയും അനുകൂലഘടകങ്ങളായി കണ്ട് തൊഴിലാളികൾ ഉച്ചഭക്ഷണത്തിന് ഇവിടെത്തങ്ങിയിരുന്നു. അങ്ങനെ ചോറ് കഴിക്കാനിരിക്കുന്ന പാറ ചോറ്റുപാറയായിത്തീർന്നു.

റെഞ്ച് മേട്

8-ാം വാർഡിൽ മന്തിപ്പാറക്കു സമീപമുള്ള പ്രദേശമാണിത്. ഈ പ്രദേശങ്ങൾ പാണ്ടിനാടിന്റെ അതിർത്തിയിൽ ആയിരുന്നപ്പോൾ തമിഴരായ വനപാലകർ പത്ത് സെന്റിലേറെ ചുറ്റളവിൽ ഉള്ള സ്ഥലത്ത് വീടു കെട്ടി അതിനു ചുറ്റും കാട്ടു മൃഗങ്ങളിൽ നിന്നും സംരക്ഷണം നേടുന്നതിന് ട്രഞ്ച് (കിടങ്ങ്) ഉണ്ടാക്കിത്താമസിച്ചിരുന്നു ഇങ്ങനെയുള്ള ഈ സ്ഥലം ട്രഞ്ച്മേട് എന്നും പിന്നീട് റേഞ്ച് മേട് എന്നറിയപ്പെട്ടു തുടങ്ങി.

അര നൂറ്റാണ്ട് മുമ്പ് ധാരാളം കാട്ടു മൃഗങ്ങൾ സൈര്യവിഹാരം നടത്തിയിരുന്ന വനപ്രദേശമായിരുന്നു ഈ ഗ്രാമം. തന്മൂലം ഈ മൃഗങ്ങളുടെ പേരുമായി ബന്ധപ്പെട്ട് ധാരാളം സ്ഥലപേരുകൾ നമുക്കുണ്ട്. ചെന്നാക്കുളം, മൊശപ്പാറ (മോശ-മുയൽ) മന്തിപ്പാറ, കുരുവിക്കാനം, പോത്തിൻകണ്ടം.

രണ്ട് ആറുകൾ കൂടിച്ചേരുന്നിടം കൂട്ടാറും മുള കൂട്ടമുണ്ടായിരുന്ന സ്ഥലം മൂങ്കിപ്പള്ളവും (മൂങ്കി-മുള) ശൂലത്തിന്റെ ആകൃതിയിൽ ശിലാരേഖകളുള്ള സ്ഥലം ശൂലപ്പാറയും കോളനി ആരംഭക്കാലത്ത് സ്ഥാപിക്കപ്പെട്ടിരുന്ന ആടുന്ന തടിപ്പാലം ആട്ടുപാലവും പിന്നീട് തൂക്കുപാലമായതും ഇങ്ങനെ രസകരമായ സ്ഥലനാമകഥകൾ ഈ കുടിയേറ്റ ഗ്രാമത്തിന് പറയാനുണ്ട്.

കട്ടേക്കാനം

ആദ്യകാലത്ത് കട്ടേക്കാനം തികച്ചും ഒരു വന പ്രദേശമായിരുന്നു. ഈ വനത്തിൽ നിന്നും തമിഴ്നാട്ടുകാർ തടിവെട്ടി കഷണങ്ങളായി (കട്ടൻസുകളായി) കൊണ്ടു പോയ്ക്കൊണ്ടിരുന്നു. തുടർന്ന് ഈ സ്ഥലം പരസ്പരം മനസ്സിലാക്കാൻവേണ്ടി സ്വദേശികളും, തമിഴ്നാട്ടുകാരും ഉപയോഗിച്ച പേരാണ് കട്ടേക്കാനം.

തണ്ണിപ്പാറ

തമിഴ്നാട് അതിർത്തിയോട് ചേർന്നു കിടക്കുന്ന ഈ പ്രദേശത്ത് തമിഴ്നാട്ടിൽ നിന്നും ചുമടുമായി എത്തുന്ന ആളുകൾക്ക് വിശ്രമിക്കാനും ദാഹം തീർക്കാനും പറ്റിയ ഒരു ജല സ്രോതസ്സും വിശ്രമത്താവളവും ഉണ്ടായിരു

ജനകീയ ആസൂത്രണ പ്രസ്ഥാനം ഗ്രാമസഭായോഗങ്ങളുടെ സംസ്ഥാനതല ഉത്ഘാടനം നന്തിയോട് ഗ്രാമപഞ്ചായത്തിൽ വച്ച് ബഹു. മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ നിർവ്വഹിക്കുന്നു.

ന്നു. ഈ സ്ഥലം തമിഴ് സ്വാധീനം മാറാതെ തണ്ണിപ്പാറ (തണ്ണി-വെള്ളം) എന്ന പേരിൽത്തന്നെ പിന്നീടും അറിയപ്പെട്ടു.

കൊച്ചറ

തമിഴ്നാട് അതിർത്തിയിൽ തന്നെയുള്ള സ്ഥലമാണിതും. കേരളപ്പിറവിക്ക് മുമ്പ് പാണ്ടിനാട്ടിലേക്ക് വെള്ളം കൊണ്ടു പോകുന്നതിനുവേണ്ടി ചെല്ലാർ കോവിൽ നിന്നും ആരംഭിച്ച് കല്ലാറ്റിൽ അവസാനിക്കുന്ന ആറ്റിൽ വെള്ളം തടഞ്ഞു നിർത്തി ഒരു കനാൽ വെട്ടി കടത്തിക്കൊണ്ടിരുന്ന പ്രദേശമായിരുന്നു ഇത്. കൊച്ച് ചിറ കെട്ടിയിരുന്നതു കൊണ്ട് കൊച്ചിറയായും പിന്നീട് കൊച്ചറയായും തീർന്നു.

ശാന്തിപുരം

ഡീസന്റ് മുക്കിന്റെ പരിഷ്കരിച്ച പേരാണിത്. 1979 ന് ശേഷമാണ് ശാന്തിപുരമായത്. റോഡുകളിലൂടെ ബസ് സർവ്വീസുണ്ടായപ്പോഴാണ് ഈ പേര് പ്രചരിക്കാൻ തുടങ്ങിയത്.

തമിഴ്നാട്ടിൽ കുടിയേറ്റക്കാലത്ത് മരങ്ങൾ ചുട്ട് കരിവിൽക്കുന്ന സമ്പ്രദായം നിലനിന്നിരുന്നു. ഇങ്ങനെ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന കരി സംഭരിക്കാൻ ഒരു ഡിപ്പോ പ്രവർത്തിച്ചിരുന്ന കേന്ദ്രമായിരുന്നു ഇത്. അക്കാലത്ത് ഭക്ഷ്യ വിളയിൽ മാത്രം ശ്രദ്ധിച്ചിരുന്നവരിൽ നിന്നു വ്യത്യസ്തമായി, കരി ഉണ്ടാക്കി കൊടുക്കുന്നവർ ധനപരമായി മുമ്പിലായിരുന്നു. പണത്തിന്റെ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധിക്കപ്പെട്ട ഈ സ്ഥലത്തിന് ഡീസന്റ് മുക്കെന്ന് ആളുകൾ പറഞ്ഞു വന്നു.

ശാന്തിപുരം എന്ന പേര് ഈ സ്ഥലത്തിനിട്ടത് ശ്രീ. പി. റ്റി. ചാക്കോ പാലാത്തറയാണ്.

ആറ്റിൻകര

മണിയാമ്പ്രക്കട എന്നായിരുന്നു ആദ്യ പേര്. ഒരു വ്യക്തിയുടെ വീട്ടു പേരായിരുന്നു. ഇവിടെ രൂപീകരിക്കപ്പെട്ട വയനശാലയുടെ പ്രവർത്തകർ ആറ്റിൻകര എന്നാക്കി. കൊച്ചറയാറിന്റെ സമീപ്യം കാരണമാണ് ഈ പേരുണ്ടായത്.

2

പഞ്ചായത്ത് പൊതുവിവരങ്ങൾ

പേര്	കരുണാപുരം ഗ്രാമപഞ്ചായത്ത്.
വില്ലേജ്	കരുണാപുരം.
ബ്ലോക്ക് പഞ്ചായത്ത്	നെടുങ്കണ്ടം.
താലൂക്ക്	ഉടുമ്പൻചോല
അസംബ്ലിമണ്ഡലം	ഉടുമ്പൻചോല
വിസ്തീർണ്ണം	53.21 ച.കി.മീ
അതിരുകൾ	വടക്ക് നെടുങ്കണ്ടം പഞ്ചായത്ത്. കിഴക്ക് തമിഴ്നാട് സംസ്ഥാനത്തിന്റെ മധുരജില്ല തെക്ക് വണ്ടൻമേട് പഞ്ചായത്ത്, പടിഞ്ഞാറ് പാമ്പാടും പാറ പഞ്ചായത്ത്
ജനസംഖ്യ	പുരു. 12943സ്ത്രീകൾ 12639 ആകെ. 25582.
സാക്ഷരത	പുരു. 10876സ്ത്രീകൾ 10280 ആകെ 21156. 82.6%
വാർഡുകൾ	11(പതിനൊന്ന്)
പ്രസിഡന്റ്	ശ്രീമതി. ഏ.കെ. ശാന്തമ്മ.
വൈസ് പ്രസിഡന്റ്	ശ്രീ. കെ.ആർ. മുരളീധരൻപിള്ള
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	അഡ്വക്കേറ്റ്. ശ്രീ. പി. ജി. രവീന്ദ്രൻ.
പഞ്ചായത്ത് രൂപീകരണ വർഷം	1976
ഗ്രേഡ്	സ്പെഷ്യൽ ഗ്രേഡ്

പഞ്ചായത്ത് രൂപീകരണവും ഭരണ ചരിത്രവും

ഇന്നത്തെ പഞ്ചായത്തിന്റെ രൂപീകരണത്തിനു മുമ്പ് പാമ്പാടുംപാറ പഞ്ചായത്തിന്റെ ഭാഗമായ ഏതാനും വാർഡുകളായിരുന്നു. ഈ വാർഡുകളെ പാമ്പാടുംപാറ പഞ്ചായത്തിൽ പ്രതിനിധീകരിച്ചിരുന്നത് സർവ്വ ശ്രീ. O.S.മൈതീൻ, ജനാദ്ദനൻ ആചാരി, കെ.ഏ. തോമസ്, വി. എം. സ്കറിയാ, എന്നിവരായിരുന്നു. 1976-ൽ പാമ്പാടും പാറ പഞ്ചായത്തിൽ നിന്നുള്ള 4 വാർഡുകൾ ചേർത്ത് ഇന്നത്തെ പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. 76മുതൽ 79 വരെയുള്ള കാലഘട്ടത്തിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട താഴെപറയുന്ന ഭരണസമിതിയായിരുന്നു നിലനിന്നിരുന്നത്.

1. ശ്രീ. കെ.എ. തോമസ് പ്രസിഡന്റ്
2. ശ്രീ. പി.എസ്. മൈതീൻ
3. ശ്രീ. വി. എം. സ്ക്കറിയ - വൈസ് പ്രസിഡന്റ്
4. ജനാർദ്ദനൻ ആചാരി
5. രാമൻകുട്ടി
6. കെ. എ. ജോസഫ്
7. അന്നമ്മ സക്കറിയാ
8. ഇബ്രാഹിം റാവുത്തർ

1979 ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. പി. എൻ. വാസവൻ പ്രസിഡന്റായി 9 പേരുള്ള ഭരണസമിതി അധികാരമേറ്റു.

1. ശ്രീ. പി. എൻ. വാസവൻ, പ്രസിഡന്റ്
2. ശ്രീ. വി. എം. സ്കറിയ, വൈസ്പ്രസിഡന്റ്
3. ശ്രീ. കെ ആർ. സുകുമാരൻനായർ
4. ശ്രീ. എൻ. വി. വിശ്വദേവ്
5. ശ്രീ. നന്ദകുമാർ
6. ശ്രീ. എം. ആർ. പ്രഭാകരൻനായർ
7. ശ്രീ. അഗസ്റ്റിൻ വട്ടക്കാവുങ്കൽ
8. ശ്രീമതി. എ. കെ. ശാന്തമ്മ
9. ശ്രീ. കെ. ശശിധരൻ പിള്ള

എന്നിവരായിരുന്നു ഭരണ സമിതിയംഗങ്ങൾ

1988-95

1. ശ്രീ. പി. എൻ. വാസവൻ, പ്രസിഡന്റ്
2. ശ്രീ. കെ. ആർ. മുരളീധരൻപിള്ള, വൈ:പ്രസിഡന്റ്
3. രാജൻ ബാബു
4. കെ. ആർ. സുകുമാരൻനായർ
5. എൻ. ഇ. രാജപ്പൻ
6. ശ്രീമതി. സാറാമ്മ കുര്യൻ
7. ശ്രീമതി. അന്നമ്മ ഫിലിപ്പ്
8. ശ്രീ. ടി. പി. ജോസ്
9. ജോസ് എ. വട്ടത്തറ
10. എസ്. കെ. വാസു
11. റ്റി. വി. രാജേന്ദ്രൻ
12. പി. കെ. ശ്രീധരൻ

73, 74 ഭരണഘടനാ ഭേദഗതിക്കുശേഷം 1995 സെപ്തംബറിൽ നടന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 11 വാർഡുകളിൽ നിന്ന് താഴെ പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

1. ശ്രീമതി. എ. കെ. ശാന്തമ്മ — പ്രസിഡന്റ്
2. ശ്രീ. കെ. ആർ. മുരളീധരൻപിള്ള — വൈ. പ്രസിഡന്റ്
3. അഡ്വ. പി. ജി. രവീന്ദ്രൻ — സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
4. ശ്രീ. ജി. പി. ശശിധരൻ
5. ശ്രീ. ചാക്കോ വർഗ്ഗീസ്
6. ശ്രീമതി. വൈജയന്തിമാല
7. ശ്രീമതി. വിനുമോൾ
8. മാത്യു തുങ്ങൻപറമ്പിൽ
9. ശ്രീ. ടി. പി. ജോസ്
10. ശ്രീ. സി. എം. ബാലകൃഷ്ണൻ
11. ശ്രീമതി. സരസ്സമ്മ രാജഗോപാലൻ

സാമൂഹിക സാംസ്കാരിക ചരിത്രം

3

പാമ്പാടുംപാറ പഞ്ചായത്ത് വിഭജിച്ചാണ് ഇന്നത്തെ കരുണാപുരം പഞ്ചായത്ത് രൂപീകരിക്കപ്പെട്ടത്. പഴയ കോട്ടയം ജില്ലയിലുൾപ്പെട്ടിരുന്ന ഉടുമ്പൻ ചോല താലൂക്കിലെ വണ്ടൻമേട് പഞ്ചായത്തിന്റെ ഭാഗങ്ങളായിരുന്നു അവിഭക്ത പാമ്പാടുംപാറ പഞ്ചായത്ത്.

ഇന്നത്തെ പഞ്ചായത്തിന്റെ കിഴക്കനതൃത്തിയിൽ കാര്യമായ ജനവാസമുണ്ടായിരുന്നില്ലെങ്കിലും കാലിമേയ്ക്കാനായി വന്നിരുന്ന തമിഴ് വംശജരായ കുറെയാളുകൾ ഇവിടുത്തെ പ്രദേശങ്ങൾ കയ്യടക്കുകയും കാലക്രമത്തിൽ പട്ടയം സമ്പാദിക്കുകയും ചെയ്തിരുന്നു. തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലം തിരുനാളിന്റെ ഭരണക്കാലത്ത് കുമളി മുതൽ അട്ടപ്പള്ളം വരെയുള്ള 200 ഏക്ര തമിഴരുടെ ഭൂമിക്ക് പട്ടയം ദാനം ചെയ്തിരുന്നു. കട്ടേക്കാനം ഭാഗത്തുണ്ടായിരുന്ന തമിഴർക്കും രാജാവിൽ നിന്നു തന്നെയാണു പട്ടയം ലഭിച്ചിരുന്നത്. കരമൊടുക്കാതെ വന്നതിനാൽ പട്ടയങ്ങൾ കാലഹരണപ്പെട്ടുപോയി. (ചരിത്രപഠനം കേട്ടറിവ്)

പിൽക്കാലത്ത് കുടിയേറിയ നാട്ടുകാരുമായി സ്ഥിരമായുണ്ടായ അവകാശ തർക്കങ്ങളും ചെറിയ ചെറിയ ഏറ്റുമുട്ടലുകളുടെയും ഫലമായി അവരെല്ലാം രംഗം വിട്ടതായും കുടിയേറ്റക്കാരുടെ അധീശത്വം ഉറപ്പാകുകയും ചെയ്തതായി പറയപ്പെടുന്നു.

കാഞ്ഞിരപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിലെ ചില പ്രാമണിക കുടുംബക്കാർ അണക്കര, കുമളി വണ്ടർമേട് കമ്പംമെട്ട് പ്രദേശങ്ങളിൽ അധീന മേഖലകളുണ്ടാക്കി അവരുടെ സ്വാധീനമുപയോഗിച്ച് വില്ലേജ് ആഫീസറന്മാരിൽ നിന്ന് പട്ടയം സമ്പാദിക്കുകയും അതിനു ചുറ്റുമുള്ള സ്ഥലങ്ങൾ സ്വന്തമാക്കുകയും ചെയ്തതായി മറ്റൊരു നാട്ടറിവുണ്ട്. ഇങ്ങനെ സ്ഥലമുറപ്പിച്ചവരിൽ കമ്പംമെട്ടിൽ കള്ളു വയലിൽ കുടുംബവുമുൾപ്പെടുന്നു. അവിടെ സ്ഥാപിക്കപ്പെട്ട തോട്ടം കൃഷിക്കും മറ്റുമായി കുടിയേറിയ നിരവധി പേരും അവരുടെ ജീവിതാവശ്യങ്ങളുമായി ബന്ധപ്പെട്ട് കടകമ്പോളങ്ങൾ രൂപപ്പെട്ടു എന്നും കരുതുന്നതിൽ തെറ്റില്ല. 1949-ൽപാലാപൂവരണി പ്രദേശത്തു നിന്ന് ശ്രീ. സി. വി. മാത്യു എന്നയാൾ എട്ടൊൻപത് പേരടങ്ങുന്ന ഒരു സംഘമായി ചേറ്റുകുഴിയിൽ എത്തിയിരുന്നു. നടുത്തൊട്ടിയിൽ ഔസേപ്പച്ചൻ, മത്തായി കുമ്പളം താനം കുട്ടിയച്ചൻ തുടങ്ങിയവർ ആ സംഘത്തിലുണ്ടായിരുന്നു. ഈ സംഘനേതാവിന്റെ വീട്ടുപേരാണ് ഇന്ന് ചേറ്റുകുഴിയായി അറിയപ്പെടുന്നത്.

1947 കാലത്തു തന്നെ തോവാള കട്ടപ്പന തുടങ്ങിയ പ്രദേശങ്ങൾ കുടിയേറ്റക്കാരുടെ പ്രധാന കേന്ദ്രങ്ങളായിരുന്നു. അവിടങ്ങളിൽ ജോലിക്കായി എത്തിയവരും കുടിയേറ്റത്തിന്റെ ചുവടുപിടിച്ചെത്തിയവരും വണ്ടൻമേട് വഴിക്കും പഞ്ചായത്തിന്റെ അനധികൃത കുടിയേറ്റ മേഖലകളിൽ താവളമുറപ്പിച്ചു. മലയോരങ്ങളിൽ തോട്ടങ്ങൾ സ്ഥാപിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി തുറന്നു കിട്ടിയ ആദ്യത്തെ സൗകര്യമായിരുന്നു, കുമളി മൂന്നാർ റോഡ്. ഈ സഞ്ചാരപഥങ്ങളുടെ സമീപ പ്രദേശങ്ങളെന്ന നിലയ്ക്ക് തെക്കൻ മേഖലകൾ സ്വാഭാവിക കുടിയേറ്റ കേന്ദ്രങ്ങളായി രൂപം കൊള്ളുകയായിരുന്നു.

വന്നവരെല്ലാം ഭൂമിക്കുടയവരായി കഴിഞ്ഞെങ്കിലും കാടുവെട്ടി പണിയെടുക്കാൻ കൂട്ടായ പരിശ്രമങ്ങൾ വേണ്ടിവന്നു. എണ്ണത്തിൽ കുറവായിരുന്നവർക്ക് കൈവശമുള്ള ഭൂമി മുഴുവൻ കൃഷിക്ക് ഉപയുക്തമാക്കാൻ തങ്ങളുടെ ശ്രമങ്ങൾ കൊണ്ടും കഴിഞ്ഞിരുന്നില്ല. കൂട്ടുകാരെയും ഉറ്റവരെയും പറഞ്ഞും പ്രലോഭിച്ചും കൂട്ടിക്കൊണ്ടു വരാനും, എടുത്ത ഭൂമി തന്നെ മറിച്ചു വിറ്റും കൂടുതൽ പേരെ ഈ കുടി

യേറ്റ സംഘങ്ങളിൽ ഉൾപ്പെടുത്തിക്കൊണ്ടിരുന്നു. കാട്ടു പ്രദേശങ്ങൾ കയ്യടക്കിയ പ്രമാണിമാർ നാട്ടിൻപുറങ്ങളിൽ ഏജന്റുമാരെ വച്ച് വില്പന നടത്തിയിരുന്നതായും കേൾക്കുന്നുണ്ട്.

1955-ൽ കോളനൈസേഷൻ പദ്ധതി പ്രകാരമുള്ള കോളനികൾ അനുവദിച്ചു നൽകാൻ തുടങ്ങിയെങ്കിലും കൂട്ടാറുൾപ്പെടെയുള്ള കോളനി പ്രദേശങ്ങൾ അനുവദിക്കപ്പെട്ടത് 1957-ലാണ്. പഞ്ചായത്തിന്റെ ഒന്നു മുതൽ അഞ്ചു വരെയുള്ള വാർഡുകളിൽ പട്ടം കോളനി പ്രദേശമുൾപ്പെടുന്ന അംഗീകൃത കുടിയേറ്റക്കാരാണുള്ളത്. വ്യത്യസ്തങ്ങളായ, രണ്ടു തരത്തിലുള്ള കുടിയേറ്റ ചരിത്രത്തിന്റെ സംഗമ ഭൂമിയാണ് കരുണാപുരം.

എന്നാൽ 1955 ന് മുമ്പ് തന്നെ നെടുംകണ്ടം മുതൽ അഞ്ചാം കോളനിക്ക് സമീപം വരെ പടിഞ്ഞാറോട്ടു മാറി കുടിയേറ്റമുണ്ടായിരുന്നു. നെടുംകണ്ടത്ത് അന്ന് പട്ടാള ക്യാമ്പായിരുന്നു. 2000 കൊല്ലങ്ങൾക്ക് മുമ്പ് തന്നെ ഇവിടെ ജനവാസം ഉണ്ടായിരുന്നതായി ഊഹിക്കാൻ കഴിയുന്ന ചില ചരിത്രാവിശിഷ്ടങ്ങൾ കോളനി സ്ഥാപിച്ചശേഷം കൃഷിക്കായും മറ്റും മണ്ണ് ഇളക്കിയ അവസരത്തിൽ ലഭിച്ചിട്ടുണ്ട്. തൂക്കുപാലത്തി നടുത്തുള്ള ക്യാൻസൽ ബ്ലോക്ക് അങ്ങനെയുള്ള ഒരു പ്രദേശമാണ്. അവിടെ മണ്ണിനടിയിൽ നിന്നും വലിയ മൺഭരണികൾ കണ്ടെടുത്തതിൽ വലുപ്പം കുറഞ്ഞ തലയോട്ടികളും മറ്റു വസ്തുക്കളും കാണുകയുണ്ടായി. പുരാവസ്തു ഗവേഷകർ അത് പരിശോധിച്ചതിൽ നിന്നും ബുദ്ധമത സംസ്ക്കാരവുമായി ബന്ധപ്പെട്ടുള്ള ഒരു കാല ഘട്ടത്തിലേക്കാണ് അത് വിരൽ ചൂണ്ടുന്നത്. മരിച്ചവരെ അടക്കം ചെയ്യുന്ന അന്നത്തെ രീതിയിൽ ശവശരീരത്തിനൊപ്പം അവർ ഉപയോഗിച്ചിരുന്ന വസ്തുക്കളും ഇങ്ങനെയുള്ള ഭരണി കളിൽ നിക്ഷേപിച്ചിരുന്നു. ഇവിടങ്ങളിൽ നിന്ന് ശിലായുഗ മനുഷ്യർ ഉപയോഗിച്ചിരുന്നതായി അനുമാനിക്കുന്ന കല്ലുളികളും അടുത്തക്കാലത്തായി ലഭിച്ചിട്ടുണ്ട്. കരുണാപുരം എൻ. എസ്. എസ് ഹൈസ്ക്കൂളിന്റെ നിർമ്മാണവേളയിലും ഇങ്ങനെയുള്ള അവശിഷ്ടങ്ങൾ ലഭിച്ചിട്ടുണ്ട്. മാത്രമല്ല ഹൈറേഞ്ചിന്റെ പല ഭാഗങ്ങളിലും കുന്നിൻ മുകൾ പരപ്പിൽ ഇങ്ങനെയുള്ള അവശിഷ്ടങ്ങളും, കല്പ്പലകൾ കൂത്തിചാരി നിർത്തിയിട്ടുള്ള ചതുരങ്ങളും മറ്റും പല അവസരങ്ങളിലായി കണ്ട് പിടിക്കപ്പെട്ടെങ്കിലും കാര്യമായ ഗവേഷണങ്ങളും പഠനങ്ങളും നടത്തിയിട്ടില്ല.

പട്ടം കോളനിയുടെ ആവിർഭാവത്തിനിടയാക്കിയ സാഹചര്യങ്ങളിൽ തമിഴ്നാടിനടുത്തു കിടക്കുന്ന നമ്മുടെ പഞ്ചായത്ത് പ്രദേശങ്ങൾക്ക് പ്രാധാന്യമുണ്ട്. അര നൂറ്റാണ്ട് മുമ്പ് താരും തളിരുമണിഞ്ഞു നിൽക്കുന്ന വൃക്ഷ നിബിഡതകൊണ്ട് രമണീയമായിരുന്ന ഈ വനമേഖലകൾ കാട്ടു ജന്തുക്കളുടെ വിഹാര രംഗമായിരുന്നെങ്കിലും, അങ്ങ് മലയടിവാരത്തിൽ വരണ്ട കാലാവസ്ഥയിൽ അഭിവൃദ്ധി പ്രാപിക്കാതിരുന്ന ഒരു ജനപഥമുണ്ടായിരുന്നു. അവിടെ നിന്നും കുപ്രസിദ്ധി നേടിയിരുന്ന ചില പ്രമാണിമാരും അവരുടെ സംഘങ്ങളും വമ്പിച്ച തോതിൽ ഈ കിഴക്കൻ മലയോരങ്ങളിൽ ചെന്ന് വനം കൊള്ള നടത്തിയിരുന്നു. ഇവിടുന്ന് ശേഖരിക്കുന്ന വൻ മരങ്ങളും വന വിഭവങ്ങളും കടത്തി കൊണ്ടു പോകാൻ അവർ തെളിച്ചെടുത്ത മലമ്പാതകളിലൊന്നാണ് കമ്പംമെട്ട് കൂട്ടാർ റോഡ്. അതിർത്തി വഴി തെക്കോട്ടും വടക്കോട്ടുമെല്ലാം അവരുടെ പ്രവർത്തനങ്ങൾ വ്യാപിച്ചിരുന്നതിന് ഏറ്റവും വ്യക്തമായ തെളിവുകൾ ഈ മലമ്പാതകൾ തന്നെയാണ്. ഈ വഴികളിലൂടെ പോത്തു വണ്ടികളായിരുന്നു ഭാരം വഹിക്കാൻ ഉപയോഗിച്ചിരുന്നത്. താഴത്തെ വരണ്ട ഭൂമിയിൽ എവിടെയും നീരൊഴുക്കുകൾ കണ്ടിരുന്നില്ല. വരണ്ട കാറ്റും കടുത്ത ചൂടും അനുഭവപ്പെട്ടിരുന്ന ഈ ഭൂവിഭാഗത്തിന്റെ അതൃത്തി മല താണ്ടിയെത്തിയാൽ അതി ശൈത്യമുള്ള നമ്മുടെ ഭൂപ്രദേശങ്ങളാണ്. ഹരിതാഭമായ ഈ ഭൂവിഭാഗത്തിന്റെ നാഡി ഞരമ്പുകൾ പോലെ ഒഴുകിയിരുന്ന ജല പ്രവാഹങ്ങളിലും അവർ കണ്ണു വച്ചു.

നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകുന്ന കൊച്ചറ ആറും, ആമയാറും വലിയ കനാലുകൾ നിർമ്മിച്ച് കിഴക്ക് തമിഴ്നാട്ടിലേക്ക് ഒഴുകുന്ന രണ്ട് നീർചാലുകളാക്കി മാറ്റാൻ സമർത്ഥമായ പദ്ധതികളാണവർ ആസൂത്രണം ചെയ്തിരുന്നത്. അന്ന് "ചിറ്റാടക്കയ" മെന്നു തമിഴർ വിളിച്ചിരുന്ന ഇന്നത്തെ കൂട്ടാർ തുടങ്ങുന്നതിന് ഏതാനും അടി താഴെ മാറി തടയണ നിർമ്മിക്കാനും അണക്കെട്ടിനു തൊട്ടു മുകളിലായി വലത്തോട്ടു തിരിഞ്ഞ് തോടു വെട്ടി കട്ടയക്കാനം വഴി വെള്ളം ഒഴുക്കാനുമായിരുന്നു പദ്ധതി. അതിന് തീർത്ത കനാലുകൾ ഇന്നും നമുക്ക് കാണാൻ കഴിയും. അണക്കെട്ടിനായി തയ്യാറാക്കിയ കൽപ്പലകകളുടെ അവശിഷ്ടങ്ങൾ കൂട്ടാറിന്റെ 11-ാം വാർഡ് കരയിലുള്ള കുന്നിൻ മുകളിൽ കാണാം.

കൊച്ചറയാറും വഴിതിരിച്ചു കൊണ്ടു പോകാൻ കൊച്ചറയിൽ വണ്ടൻമേട് പഞ്ചായത്തിൽപ്പെടുന്ന ഭാഗത്ത് ഇങ്ങനെ കാന തീർത്തിട്ടുള്ള സ്ഥലം വെട്ടിമട എന്നാണ് അറിയപ്പെടുന്നത്. അവിടെ താമസക്കാരായിരുന്ന ഒരു കുടുംബക്കാരുടെ വീട്ടുപേരു തന്നെ വെട്ടിമടയിൽ എന്നാണ്. ഇങ്ങനെ നമ്മുടെ വിഭവങ്ങളെയും പ്രകൃതിയെ തന്നെയും തമിഴ്നാട്ടിലേക്ക് ചോർത്തികൊണ്ടു പോകാനുള്ള ശ്രമങ്ങൾ നൂറു കണക്കിനാളുകൾ സംഘങ്ങളായിട്ടാണ് ചെയ്തു വന്നിരുന്നത്. ഈ വിവരങ്ങൾ ശ്രീ. പട്ടം താണുപിള്ളയുടെ ശ്രദ്ധയിൽപ്പെട്ടെന്നും (വിമാനത്തിൽ സഞ്ചരിച്ചപ്പോൾ കണ്ടതാണെന്നും അപൂർവ്വമായി കേട്ട് കേൾവിയുണ്ട്) അങ്ങനെ കാലക്രമേണ ഈ പ്രദേശങ്ങൾ തമിഴ് വംശരുടെ അധീനതയിലായി തീരാനുള്ള സാദ്ധ്യത ഒഴിവാക്കാനായിട്ടാണ് കോളനി രൂപീകരണത്തിനുള്ള നീക്കങ്ങളുണ്ടായതെന്നും, എന്നാൽ ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണം മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു

തന്ത്രജ്ഞതയുടെ ഭാഗമായിരുന്നു ഈ നീക്കമെന്നും കരുതപ്പെടുന്നു. രണ്ടായാലും പരസ്പരം പൊരുത്തപ്പെടുത്താവുന്ന സംഗതികളാണീ രണ്ട് നിഗമനങ്ങളും എന്നതാണ് സത്യം.

ഈ രണ്ട് കുടിയേറ്റ ശ്രമങ്ങളിലൂടെയും വ്യത്യസ്ത സംസ്ക്കാരവും ജീവിത വീക്ഷണങ്ങളുമുള്ള സജാത്യവൈജാത്യങ്ങളുള്ള ഒരു ജന സഞ്ചയം രൂപപ്പെടുകയും പടിപടിയായി വിപുലികരിക്കപ്പെടുകയും ചെയ്താണിന്നത്തെ സാമൂഹ്യ ചുറ്റുപാടുകളിലേക്ക് പരിണമിച്ചത്.

വളരെ സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകവും സംഭവ ബഹുലമായ ഒരു ചരിത്ര പശ്ചാത്തലവും പറയാനില്ലാത്ത, കഷ്ടിച്ച് അര നൂറ്റാണ്ടിനപ്പുറത്തു തുടങ്ങുന്ന അന്നത്തെ സാമൂഹ്യജീവിതം ആദ്യ കാലത്ത് കടുത്ത വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. അതി ശൈത്യത്തിൽ നിന്നു രക്ഷ പ്രാപിക്കാൻ മരക്കമ്പുകൾ കത്തിച്ചുണ്ടാക്കുന്ന ആഴിയും, നാടൻ മദ്യങ്ങളും സഹായിച്ചിരുന്നു. അവയൊന്നും അടിസ്ഥാന പരിഹാരമായിരുന്നില്ല. കാട്ടുജന്തുക്കളെ വേട്ടയാടിപ്പിടിക്കുന്നതിൽ വിരുതു കാട്ടിയിരുന്നെങ്കിലും കാട്ടാനകൾ പേടിസ്വപ്നമായിരുന്നു. മരക്കാലുകളിൽ കെട്ടിയുണ്ടാക്കുന്ന ഏറ്റുമാടങ്ങളും, പുരക്കു ചുറ്റും കുഴിക്കുന്ന ട്രഞ്ചുകളും കാട്ടാനകളിൽ നിന്നും സംരക്ഷിച്ചു പോന്നിരുന്നു.

എന്നാൽ മണ്ണിനോടു പടവെട്ടി നട്ടുവളർത്തുന്ന ദേഹണ്ഡങ്ങൾ പലപ്പോഴും കാട്ടാനകൾ ചവുട്ടിമെതിക്കുകപതിവായിരുന്നു. 1957-ൽ ഇന്ന് പഞ്ചായത്താഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഉണ്ടായിരുന്ന ഒരു വെള്ളീട്ടിയിൽ ഏറ്റു മാടം കെട്ടി താമസിച്ചിരുന്നപ്പോൾ അഞ്ചു വർഷക്കാലം തുടർച്ചയായുണ്ടായ ആന ശല്ല്യത്തെ കുറിച്ച് നെടിയ കാലായിൽ ശ്രീ. നാരായണൻ അവർകൾ ഓർത്തു പറഞ്ഞതിങ്ങനെ.

"കുട്ടി മുതൽ കൊമ്പൻ വരെയുള്ള ഒൻപതോളം വരുന്ന ആനകൂട്ടമായിരുണ പതിവായി വരാറുള്ളത്. ഏറ്റു മാടം കെട്ടിയിരുന്ന മരം കുത്തിമറിക്കാൻ ശ്രമിച്ചെങ്കിലും കുറെ ഭാഗം അടർന്നു വീണതല്ലാതെ മറ്റ് ഒന്നും സംഭവിച്ചില്ല. തേക്ക് കീറിയുണങ്ങി പച്ച കമ്പിൽ കമ്പി കൊണ്ട് കെട്ടി കത്തിച്ചു വെക്കുന്ന ചൂട്ടുകറ്റകൾ ആനയെ തുരത്താൻ ഉപയോഗിച്ച മാർഗങ്ങളിലൊന്നാണ്. മണ്ണ് നീക്കി വയലുകളുണ്ടാക്കി നെൽകൃഷി ചെയ്തിരുന്നത് നശിപ്പിക്കുന്ന ആനയെ ഓടിക്കാൻ പന്തവുമായി പോയപ്പോൾ ആന തിരിച്ചോടിച്ചെന്നും മകൾ ഓടി വന്ന് കെട്ടി പിടിച്ചുകരഞ്ഞപ്പോൾ ഭാഗ്യം കൊണ്ട് ആന തിരികെ പോയത് അത്ഭുതകരമായിരുന്നു. അല്ലിയാർ ഭാഗത്ത് മരിച്ചു പോയ ശ്രീ. കൊച്ചറ രാഘവന്റെ സഹോദരി ഭാർഗവിയുടെ മകനെ ആനകുത്തി കൊന്നതായും ബ്ലോക്കിൽ താമസിച്ചുകൊണ്ടിരുന്നു ശ്രീ. കുഞ്ഞുചെറുക്കനെ ആന ഓടിച്ചപ്പോൾ വീണു കൈയൊടിഞ്ഞതായും ഇദ്ദേഹം ഓർമ്മിക്കുന്നു."

കാര്യമായ രോഗങ്ങൾ പിടിപെട്ടിരുന്നില്ലായെന്നാണ് പഴമക്കാർ പറയുന്നത്. എന്നിരുന്നാലും മലമ്പനി പ്രധാന രോഗമായിരുന്നു. അന്നു മുണ്ടിയെരുമയിലായിരുന്നു ആശുപത്രിയുണ്ടായിരുന്നത്. വളരെ കഴിഞ്ഞാണ് തേർഡ് ക്യാമ്പിൽ ആയുർവേദാശുപത്രി നിലവിൽ വന്നത്. വർണ്ണനാതീതമായ ഈ ക്ലേശങ്ങൾ താങ്ങാനാകാതെ കന്നി മണ്ണിലെ കനക സ്വപ്നങ്ങൾ ഉപേക്ഷിച്ചു തിരികെ നാട്ടിലെത്തിയവർ ധാരാളം. കാട്ടാനകളുടെ ചവിട്ടടിയിൽ ചതഞ്ഞു മരിച്ചവരുടെ വേർപാടിന്റെ നൊമ്പരങ്ങളുമായി ദൃഢചിത്തരായി അതി ജീവനം ചെയ്തവരും നമുക്ക് വഴിതെളിച്ചവർ. നാളേറെചെന്നപ്പോൾ സമ്പന്നരായി കാടിന്റെ മാറിൽ നിന്ന് നാടു തേടി പോയവരു മുണ്ട്. പട്ടിണി പാവങ്ങളായി ഒരു തുണ്ടു ഭൂമിയിൽ ജീവിച്ച നാട്ടിൻപുറത്തുകാർ സെന്റുകൾ വിറ്റ്, ഏക്കറുകൾ സമ്പാദിച്ച് ജീവിതത്തിനർത്ഥം കാണാനിടം തേടി എത്തിയതും ഇവിടെത്തന്നെ. ഇങ്ങനെ കൊണ്ടും കൊടുത്തും, ഒരു പുത്തൻ ജനസംസ്കൃതി ഇവിടെ ഉദയം കൊള്ളുകയായിരുന്നു.

ഭക്ഷ്യക്ഷാമം രൂക്ഷമായിരുന്ന കുടിയേറ്റ നാളുകളിൽ കിളച്ചു പാകപ്പെടുത്തിയ മണ്ണിൽ കപ്പ, കാച്ചിൽ, ചേന, തിന, വാഴ തുടങ്ങിയവയാണ് കൃഷിയിറക്കിയത്. കന്നി മണ്ണിൽ വിളവു നൂറുമേനിയും നൽകി ചിലയിടങ്ങളിൽ പിന്നീട് നെൽകൃഷി ആരംഭിച്ചു. ഒരു വർഷത്തിനു ശേഷം കപ്പ വീണ്ടും നെല്ല് എന്ന രീതി സ്ഥിര പ്രതിഷ്ഠ നേടി. ക്രമേണ നാണ്യവിളകളിലേക്ക് ശ്രദ്ധ തിരിച്ചു തുടങ്ങുകയും. കേരളത്തിലെ കുരുമുളകു ഉല്പാദനത്തിൽ കൂട്ടാർ തൂക്കുപാലം പ്രദേശങ്ങൾ ശ്രദ്ധാകേന്ദ്രങ്ങൾ ആകുകയും ചെയ്തു. ഭക്ഷ്യോല്പാദനരംഗത്തുണ്ടായ പിന്നോക്കാവസ്ഥയിൽ നിന്നും പുനരുജ്ജീവിപ്പിക്കാൻ കഴിയാത്ത വണ്ണം കൃഷി ഭൂമിയുടെ സിംഹഭാഗവും നാണ്യവിളകൾ കയ്യടക്കിയിരുന്നു. ഇന്നു നാം കപ്പക്കും ഭക്ഷ്യധാന്യങ്ങൾക്കും മറ്റ് സംസ്ഥാനങ്ങളെ അമിതമായി ആശ്രയിക്കേണ്ടി വന്നിരിക്കുകയാണ്. നാണ്യവിളകളുടെ നാശവും വിലയിടിവും രൂക്ഷമായി തീർന്നപ്പോൾ നിത്യവൃത്തിക്കായി കാലിവളർത്തലിൽ തത്പരരായി ഗണ്യമായ കാർഷിക ജനത.

കോളനി ലഭിച്ചിരുന്നവർക്ക് സർക്കാരിന്റെ ശ്രദ്ധയും സഹായങ്ങളും ലഭിച്ചിരുന്നിട്ടും, ജീവിത പ്രശ്നങ്ങൾക്കും പദ്ധതി നടത്തിപ്പിന്റെ പോരായ്മകൾക്കുമെതിരായി അവരുടെ സംഘശക്തി സമര രൂപങ്ങൾ കൈവരിച്ച നിരവധി മുഹൂർത്തങ്ങൾ ഉണ്ടായിട്ടുണ്ട്. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കൾ നേതൃത്വം നൽകിയ പട്ടിണി മാർച്ച് അതിലെടുത്തു പറയാവുന്ന ഒന്നാണ്. കോളനി ലഭിച്ചവർക്ക് അനുവദിച്ച വായ്പ തുകകൾ യഥാകാലം ലഭിക്കാതിരുന്നപ്പോൾ വായ്പ തുകയുടെ വർദ്ധനവിനും വിതരണത്തിലുള്ള ക്രമക്കേടുകൾ അവസാനിപ്പിക്കാനും 25 പേരുള്ള സംഘം തിരുവനന്തപുരത്തേക്ക് മാർച്ച് നയിച്ചു. അന്ന് ശ്രീ. ഇ. എം. എസ്. മുഖ്യമന്ത്രിയായിരുന്നു. കോട്ടയ

ത്തുവച്ച് മാർച്ച് അവസാനിപ്പിച്ച് തിരുവനന്തപുരത്ത് എത്താൻ കമ്മ്യൂണിസ്റ്റ് പാർട്ടി കോട്ടയം ജില്ലാ കമ്മറ്റി പണം പിരിച്ചു നൽകി സഹായിച്ചു. തിരുവനന്തപുരത്ത് എത്തിയ സംഘത്തിന് തൃപ്തികരമായി പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് തയ്യാറായി അന്നത്തെ വകുപ്പ് മന്ത്രി. ശ്രീ. ചാത്തൻ മാസ്റ്ററെയായിരുന്നു അതിനുവേണ്ടി ചുമതലപ്പെടുത്തിയത്. ആനുകൂല്യങ്ങളും സഹായങ്ങളും ലഭിച്ചിട്ടും അവരുടെ പ്രയാസങ്ങൾ വളരെയായിരുന്നു. കോളനി കേന്ദ്രീകരിച്ചു നടന്ന പോരാട്ടങ്ങളുടെയും പ്രവർത്തനങ്ങളുടെയും നേട്ടങ്ങൾ ഭൂമി പതിച്ചു കിട്ടിയവർ അനുഭവിക്കുമ്പോൾ നിരാശരായി മോഹങ്ങളും പേറി നിന്നവർ ഇന്നും ദുരിതത്തിലാണ്. 1957-ൽ പട്ടം കോളനി ഉൾപ്പെടുന്ന പ്രദേശത്ത് നിയമസഭയിൽ പ്രതിനിധീകരിച്ചത് ശ്രീമതി റോസമ്മ പുന്നൂസാണ്. അവർ കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയായിരുന്നു.

ഇ. എം. എസ് ഗവൺമെന്റ് കൈവശ ഭൂമിക്ക് ആദ്യമായി പട്ടയം നൽകി. ശ്രീമതി കെ. ആർ. ഗൗരിയമ്മയായിരുന്നു അന്നത്തെ വകുപ്പ് മന്ത്രി. ഭൂമി പാട്ടത്തിനും, വാരത്തിനും, കൊടുത്തിരുന്നവർക്ക് ഉടമസ്ഥാവകാശം തെളിയിക്കാൻ കഴിയാതിരുന്നതിനാൽ പട്ടയം ലഭിച്ചില്ല. ഇന്നും പട്ടയ പ്രശ്നം കൃഷിക്കാരന് ആകാശപുഷ്പമാണ്. കൈവശ ഭൂമിക്കു പട്ടയം ലഭിക്കുന്നതിനുള്ള നിരവധി സമരങ്ങളിൽ ഇവിടുത്തുകാരും പങ്കെടുത്തിട്ടുണ്ട്. 1986-ഡിസംബറിൽ പട്ടയത്തിനു വേണ്ടി നെടുങ്കണ്ടത്തു കർഷ സംഘടനകളുടെ നേതൃത്വത്തിൽ നടത്തിയ നിരാഹാര പന്തലിൽ പോലീസ് നടത്തിയ ലാത്തി ചാർജിൽ മർദ്ദനം അനുഭവിച്ചവരുടെ കൂട്ടത്തിൽ പ്രസിദ്ധരല്ലെങ്കിലും ശ്രീ. ഒ. സി. രവീന്ദ്രൻ ഓരത്തേൽ കുഴിക്കണ്ടം, അലിയാരുകുഞ്ഞ് തൂക്കുപാലം, രാജേന്ദ്രൻ പുതുവൽ പുത്തൻവീട്, കുമാരൻ മഠത്തുവിള, സുകുമാരൻ, കതിരോലിൽ, മോഹനൻ തള്ളത്തുപ്പാറ എന്നിവർ ഉണ്ടായിരുന്നു. ഇവർ പീരുമേട് സബ് ജയിലിൽ 15 ദിവസം തടവിലാക്കപ്പെട്ടു.

പഞ്ചായത്തിലെ പഴയ മലമ്പാതകൾ വികസിപ്പിച്ച തടക്കം മുഴുവൻ റോഡുകളും ഓരോ കാലഘട്ടങ്ങളിൽ ജനങ്ങൾ കൂട്ടായി നിർമ്മിച്ചിട്ടുള്ളവയാണ്. അവയിൽ ഇപ്പോൾ കാണുന്ന ആധുനികവൽക്കരണം വിവിധ സർക്കാർ പദ്ധതികൾ പ്രകാരമുള്ളതുമാണ്. ചികിത്സാ കേന്ദ്രങ്ങൾ കാര്യമായി നമുക്കിന്നും നേടാൻ കഴിഞ്ഞിട്ടില്ല. 1982-ൽ സ്ഥാപിക്കപ്പെട്ട IPP സെന്ററാണ് ഏക ചികിത്സാ കേന്ദ്രം ഏതാനും കിടക്കളുള്ള ഈ ആശുപത്രി ഒരു ചികിത്സാ കേന്ദ്രത്തിന്റെ നിലവാരത്തിലേക്ക് പ്രാധാന്യം നേടിയിട്ടില്ല. ഇതിന്റെ സബ് സെന്ററുകളായി ഏതാനും ആരോഗ്യ കേന്ദ്രങ്ങൾ കൂടി പ്രവർത്തിച്ചു വരുന്നുമുണ്ട്. അടുത്ത കാലത്താണ് ഒരു മൃഗാശുപത്രി പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടത്. 1960-കൾക്കു ശേഷമാണ് ഏതാനും പ്രാഥമിക തല സ്കൂളുകൾ നമുക്കുണ്ടായത്. എന്നാൽ പട്ടം കോളനിയുടെ ആവിർഭാവത്തിനുശേഷം നടന്നിട്ടുള്ള ചില സംഘടിത പ്രവർത്തനങ്ങളുടെ ഭാഗമായി 1957ൽ സ്ഥാപിക്കപ്പെട്ട വിവിധോദ്ദേശസഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചതാണ് സി. എസ്. യു. പി. സ്കൂൾ. ആദ്യം കൂട്ടാർ കേന്ദ്രമായി അനുവദിച്ച എൻ. എസ്. എസ്. ഹൈസ്ക്കൂൾ സ്ഥാപിക്കപ്പെട്ടത് 1976-ൽ ആണ്. ഇതേ വർഷം കുഴിത്തൊളു ദീപാ ഹൈസ്ക്കൂളും സ്ഥാപിക്കപ്പെട്ടു. 1970കളിലാണ് വായ്പാ സഹകരണസംഘങ്ങൾ രൂപീകരിക്കപ്പെട്ടത്. ആദ്യത്തെ വായനശാല 1960-ൽ സ്ഥാപിക്കപ്പെട്ട മന്തിപ്പാറ ഗ്രാമീണ വായനശാലയാണ്. സർവ്വ ശ്രീ. പി. റ്റി. ഏബ്രഹാം, പുതിയിടത്ത്, കൃഷ്ണൻനായർ, തെക്കെമഠത്തിൽ, സി. സി. ശാമുവേൽ ജീരകത്തിനാൽ വി. വി. ജോൺ, വാണിയാപ്പുര, റ്റി. സി. എബ്രഹാം തടത്തിൽ തുടങ്ങിയവരാണ് നേതൃത്വം നൽകി സ്ഥാപിച്ചത്.

കാഞ്ഞിരപ്പള്ളി, മീനച്ചിൽ താലൂക്കുകളിൽ നിന്നാരംഭിച്ച കുടിയേറ്റ ജനതയിൽ നാനാ ജാതി മതസ്ഥരായിട്ടുള്ളവരുണ്ട്. ഇന്ന് സംസ്ഥാനത്തിന്റെ ഒട്ടു മിക്ക ദേശങ്ങളിൽ നിന്നുമുള്ളവർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഏതാണ്ട് പൂർണ്ണമായും കാർഷിക പ്രധാനമായ നമ്മുടെ പഞ്ചായത്തിന്റെ ഭൗതിക വളർച്ച അതിവേഗമായിരുന്നു. പട്ടിണിയും ദാരിദ്ര്യവും ക്ഷാമവും സമ്മാനിച്ച ജീവിത പ്രാരാബ്ധങ്ങൾ ക്കറുതി തേടിയെത്തിയ ത്യാഗ ധനന്മാർ കെട്ടിപ്പൊക്കിയ സാമൂഹ്യ ഒസ്യത്തുക്കളിൽ നിന്നും ബീജാവാപം ചെയ്ത സാംസ്കാരികത്തനിമയിൽ നിന്നും ഉയിർ കൊണ്ട നമ്മുടെ സാമൂഹ്യ രാഷ്ട്രിയ സാമ്പത്തിക അടിത്തറയിൽ കാലിടറാതെ ഒരു പുത്തൻ വികസന സംസ്ക്കാരത്തിന്റെ കർമ്മപഥങ്ങളിലേക്ക് നമുക്ക് മുന്നേറാം.

1962-ൽ രൂപീകരിക്കപ്പെട്ട പാമ്പാടുംപാറ പഞ്ചായത്തിന്റെ മൂന്നു വാർഡുകളായിരുന്നു ഇന്നത്തെ പഞ്ചായത്ത് പ്രദേശം. അന്നത്തെ പഞ്ചായത്ത് കമ്മറ്റിയിൽ. ശ്രീ. വി. എം. സ്കറിയ, കെ. എ. തോമസ്, പി. എം. മൈതീൻ എന്നിവരായിരുന്നു ഈ വാർഡുകളെ പ്രതിനിധീകരിച്ചിരുന്നത്.

1976-ൽG. O. MS. 205/1/76. L.A & SWD-സർക്കാർ ഉത്തരവ് പ്രകാരം 28-8-76-ൽ പാമ്പാടും പാറ പഞ്ചായത്തിൽ നിന്ന് ഇന്നത്തെ പഞ്ചായത്ത് പ്രദേശങ്ങളെ വിഭജിച്ച് കരുണാപുരം പഞ്ചായത്ത് രൂപീകരിക്കാൻ തീരുമാനമായി. സർവ്വ ശ്രീ. വി. എം. സ്കറിയാ, 2 പി. എസ്. മൈതീൻ 3. എം. എസ്. ജനാർദ്ദനൻ ആചാരി 4. രാമൻകുട്ടി 5. കെ. എ. ജോസഫ് 6. പി. എം. ഇബ്രഹാംറാവുത്തർ 7. കെ. എ. തോമസ് 8. അന്നമ്മ സ്കറിയ എന്നിവരായിരുന്നു ആദ്യമായി നോമിനേറ്റ് ചെയ്യപ്പെട്ട ഭരണസമിതി. ശ്രീ. കെ. എ. തോമസ് പ്രസിഡന്റും ശ്രീ. വി. എം. സ്കറിയ വൈസ്പ്രസിഡന്റുമായിരുന്നു. 1976 ആഗസ്റ്റ് 16-ാം തീയതിയാണ് ഈ ഭരണസമിതി അധികാരമേറ്റത്.

പതിനാറു കൊല്ലത്തെ ഇടവേളക്കുശേഷം കേരള

ത്തിൽ 1979 സെപ്തംബർ 29-ാം തീയതി നടന്ന തെരഞ്ഞെടുപ്പിനൊപ്പം നമ്മുടെ പഞ്ചായത്തിലും തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതി നിലവിൽ വരാൻ സാഹചര്യമൊരുങ്ങി. ശ്രീ. പി. എൻ. വാസവൻ പ്രസിഡന്റായി ഒൻപതംഗങ്ങളുള്ള ഭരണസമിതിയായിരുന്നു അന്നുണ്ടായിരുന്നത്. സർവ്വ ശ്രീ. കെ. ആർ. സുകുമാരൻനായർ 2. എൻ. വി. വിശ്വദേവ് 3. നന്ദകുമാർ 4. എം. ആർ. പ്രഭാകരൻനായർ 5. വി. എം. സ്കറിയ 6. എ. കെ. ശാന്തമ്മ 7. അഗസ്റ്റിൻ വട്ടക്കാവുങ്കൽ 8 കെ. ശശിധരൻപിള്ള എന്നിവരായിരുന്നു മറ്റംഗങ്ങൾ. ശ്രീ. വി. എം. സ്കറിയ ഈ ഭരണസമിതിയിലും വൈസ് പ്രസിഡന്റായി തുടർന്നു.

24-10-84 ലെ നോട്ടീസ് പ്രകാരം 30-10-84 മുതൽ 88 ജനുവരി 12-ാം തീയതി വരെ താലൂക്ക് പഞ്ചായത്ത് ആഫീസറായിരുന്നു ഭരണം നടത്തിയിരുന്നത്.

1988 ജനു 23 ന് നടന്ന തെരഞ്ഞെടുപ്പിൽ വാർഡുകൾ പുനഃസംഘടിപ്പിക്കപ്പെട്ടതിന്റെ ഫലമായി 12 വാർഡുകളായി പഞ്ചായത്ത് വിഭജിക്കപ്പെട്ടു. ശ്രീ. പി. എൻ. വാസവന്റെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന ഭരണസമിതിയിൽ സർവ്വ ശ്രീ. 1. കെ. ആർ. മുരളീധരൻ പിള്ള (വൈസ്. പ്രസിഡന്റ്) 2. രാജൻ ബാബു 3. കെ. ആർ. സുകുമാരൻനായർ 4. എൻ. ഇ. രാജപ്പൻ 5. സാറാമ്മ കുര്യൻ 6. അന്നമ്മ ഫിലിപ്പ് 7. ടി. പി. ജോസ് 8. എസ്. കെ. വാസു. 9. ജോസ് എ. വട്ടത്തറ 10. റ്റി. വി. രാജേന്ദ്രൻ 11. പി. കെ. ശ്രീധരൻ എന്നിവർ അംഗങ്ങളുമായിരുന്നു.

കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ നമ്മുടെ സംസ്ഥാനത്തും പഞ്ചായത്ത് രാജ് നിയമം പാസാക്കിയതിനെത്തുടർന്ന് 1995 സെപ്തംബർ മാസം 22-ാം തീയതി നടന്ന തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന ഇപ്പോഴത്തെ ഭരണസമിതി 95 ഒക്ടോബർ രണ്ടിന് അധികാരമേറ്റു.

ആദ്യ പഞ്ചായത്തു ഭരണസമിതികൾക്ക് സ്വന്തമായി കെട്ടിടവും വേണ്ടത്ര ജീവനക്കാരുമില്ലായിരുന്നു. പരിമിത സൗകര്യങ്ങളോടു കൂടി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന നമ്മുടെ പഞ്ചായത്തിന്റെ ആസ്ഥാ ന മന്ദിരം 1989. ൽ പണി കഴിപ്പിച്ചു. 29-12-90 ൽ പ്രവർത്തനം ഈ കെട്ടിടത്തിലേക്ക് മാറ്റുകയും ചെയ്തു. ശ്രീ. നെടിയകാലായിൽ നാരായണൻ മാർക്കറ്റിനു വേണ്ടി സംഭാവന ചെയ്ത 35 സെന്റ് സ്ഥലമാണ് ഇതിന് ഉപയോഗപ്പെടുത്തിയത്. അവിഭക്ത പാമ്പാടും പാറ പഞ്ചായത്തിന്റെ ഭരണസമിതിയിൽ തുടങ്ങി കരുണാപുരം പഞ്ചായത്തിന്റെ ആരംഭത്തിൽ നോമിനേറ്റ് ചെയ്ത കമ്മറ്റിയിൽ വൈസ് പ്രസിഡന്റായും 79 മുതൽ 84 വരെ വീണ്ടും വൈസ് പ്രസിഡന്റായി പ്രവർത്തിക്കുകയും പഞ്ചായത്ത് പ്രവർത്തന രംഗത്ത് 21 വർഷക്കാലം സേവനം നൽകി നാട്ടിൻപുറത്തുകാരന്റെ നിഷ്ക്കളങ്കതയും കുടിയേറ്റക്കാരന്റെ കാര്യശേഷിയുംകൊണ്ട് ജനമനസ്സുകളിൽ നിറഞ്ഞു നിന്ന പരേതനായ ശ്രീ. വി. എം. സ്കറിയ പഞ്ചായത്തിന് നൽകിയിട്ടുള്ള സേവനങ്ങൾ നന്ദിപൂർവ്വം സ്മരിക്കേണ്ടതാണ്. ആ പുണ്യാത്മാവിന് ആദരാഞ്ജലികൾ.

4

ഭൂപ്രകൃതി ജലപ്രകൃതി

കേരളത്തിന്റെ കിഴക്കൻ പർവ്വത പ്രദേശങ്ങളുടെ ഭാഗമായി തമിഴ്നാടിനടുത്ത് സ്ഥിതിചെയ്യുന്ന ഒരു മല യോര ഗ്രാമമാണ് കരുണാപുരം. ഇടുക്കി ജില്ലയുടെ കിഴക്ക നതുത്തിയുടെ ഏതാണ്ട് മദ്ധ്യ ഭാഗം ചേർന്നാണു കിടക്കു ന്നത്. ഏറ്റവും ഉയർന്ന കിഴക്ക് തെക്കൻ പ്രദേശങ്ങളും വടക്ക് കിഴക്കും സമതലങ്ങളും കുഴിത്തൊളു മുതൽ കൂട്ടാർ വരെയും കൂട്ടാർ മുതൽ കരുണാപുരം കൊച്ചു പ്ലാമൂട്, പ്രകാശഗ്രാം, തൂക്കുപാലം വരെയും ഉയർന്ന ചരി വുകളും താഴ്വരകളും, പോത്തുംകണ്ടം, ചാലക്കുടിമേട് കുഴിക്കണ്ടം രാമക്കൽമെട്ട്, തുടങ്ങിയ പ്രദേശങ്ങൾ ചെറിയ ചരിവുള്ള പ്രദേശങ്ങളുമാണ്. കിഴക്കരുകിൽ തെക്കു വടക്കായി ഇടമുറിയാത്ത ഉയർന്ന മല നിരകൾ കൈകോർത്തു നിൽക്കുന്നു. അവിടെ നിന്നും പടിഞ്ഞാറോ ട്ടു ചരിഞ്ഞു കിടക്കുന്ന താഴ്വാരങ്ങൾ മലമടക്കുകൾ കൊണ്ട് വേർതിരിക്കപ്പെട്ടിട്ടുണ്ട്. പടിഞ്ഞാറത്തുത്തിയിൽ ആമയാർ തോടിന്റെ എതിർ കർ കുറെ ഭാഗം പാമ്പാടും പാറ പഞ്ചായത്താണ്. അന്യാർതൊളുവിനു സമീപം മുതൽ കൂട്ടാർ വരെയുള്ള 11-ാം വാർഡിന്റെ ഒരു ഭാഗം പ്രധാന കരയിൽ നിന്നും വേറിട്ടു നിൽക്കുന്നു. ആമയാർ മുറിച്ചൊഴു കുന്ന അരല്ലിയാർ മുതലുള്ള സ്ഥലങ്ങളാണിത്. കൊച്ചറയാറും, ആമയാറും പഞ്ചായത്തിനെ മൂന്ന് ഭൂവിഭാഗ ങ്ങളായി തിരിച്ചുകൊണ്ടാണ് ഒഴുകുന്നത്.

കൂട്ടാർ, പ്രകാശ്ഗ്രാം. കൊച്ചു പ്ലാമൂട്, തമിഴ്നാട തുത്തി പ്രദേശങ്ങൾ, ശൂലപാറ, പ്രദേശങ്ങളിലും വലിയ തും ചെറുതുമായ കരിങ്കൽ മലകളും പാറകൂട്ടങ്ങളും കാണാം.

പൊതുവെ വളക്കൂറുള്ള കറുത്തമണ്ണാണ് ഏറിയ കൂറും കാണുന്നത്. ചെമന്ന മണ്ണും, കളിമണ്ണും കുറഞ്ഞ പ്രദേശങ്ങളിലുണ്ട്. എല്ലാത്തരം മണ്ണിനും വകഭേദങ്ങൾ മണൽ കലർപ്പിന്റെ ഏറ്റകുറച്ചിലിൽ കണാവുന്നതാണ്. ഫലഭൂയിഷ്ഠമായിരുന്ന മണ്ണിന്റെ പൂർവ്വഘടനയിൽ വലിയ അന്തരങ്ങൾ ഉണ്ടായിട്ടുണ്ട്.

ജലപ്രകൃതി

പഞ്ചായത്തിന്റെ ഭൂപ്രകൃതിയിൽ ഏറ്റവും ഉയർന്ന പ്രദേശമാണെങ്കിലും തെക്ക് പടിഞ്ഞാറൻ മേഖലകളിലും വടക്കേ അറ്റത്തുമാണ് ജലലഭ്യതയുള്ളത്. ഇതിൽ തന്നെ തെക്ക് പടിഞ്ഞാറ് പോത്തിൻ കണ്ടം. ചാലക്കുടിമേട്, കുഴി ത്തൊളു വരെയുള്ള പ്രദേശങ്ങളിൽ ജലലഭ്യത സമൃദ്ധമാ ണ്. ഏതാണ്ട് പത്ത് പതിനഞ്ച് കി. മീറ്റർ നീളമുള്ള പുഴയോ രവും, മറ്റ് ചെറിയ നിരവധി നീർചാലുകളും, നൂറിൽ പരം പ്രധാന കുളങ്ങ ളും ധാരാളം ചെറിയ ഓലികളും കിണറുക ളും പഞ്ചായത്തിന്റെ ജലസ്രോതസ്സുകളാണ്. ചെറിയ അരു വിക ളും മറ്റും എട്ട്, പത്ത് മാസക്കാലം വരെയെ നിലനിൽ ക്കുന്നുള്ളൂ. പൊതുവെ ഉയർന്ന പ്രദേശങ്ങളിലും പാറ ക്കെട്ടു നിറഞ്ഞ ഭൂവിഭാഗങ്ങളിലും രണ്ടു മൂന്നു മാസക്കാലം വെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

കാലാവസ്ഥ

മഴ ലഭ്യത ഏകദേശം 200 സെന്റി. മീറ്ററിനടുത്താണ്. മൺസൂൺ കാലത്താണ് ഏറ്റവും കൂടുതൽ മഴ. പൊതുവെ മഴക്കാലങ്ങളിൽ അന്തരീക്ഷ താപനില വളരെ താഴോട്ടു പോകുന്ന തരത്തിലാണ്. ജനുവരിക്കുശേഷം ഒന്നു രണ്ടു മാസങ്ങളിൽ കിഴക്കു നിന്നും ഉഷ്ണക്കാറ്റ് വീശുന്ന പതിവു ണ്ട്. വിശാലമായ മരങ്ങളി ല്ലാത്ത താഴ്വര പ്രദേശങ്ങളായ തമിഴ്നാടിന്റെ സാമിപ്യമാണിതിന് കാരണം. ഡിസംബർ മുതൽ ശൈത്യം ശക്തമാണ്. മുൻകാലങ്ങളിലുണ്ടായിരുന്ന അതിശൈത്യവും കോടമഞ്ഞും അപ്രത്യക്ഷമായിട്ടുണ്ട്. ആദ്യകാലങ്ങളിൽ മൂന്നോ നാലോ മാസങ്ങളിലൊഴികെ യുള്ള ഒൻപത് മാസക്കാലവും മഞ്ഞും, ചാറ്റൽ മഴയും,

കൊടും തണുപ്പും ശക്തമായ കാറ്റും വീശിയിരുന്നതായിപ്പറയുന്നു.

ഇപ്പോൾ വരൾച്ച അധികമായി അനുഭവപ്പെട്ടു വരുന്നു..കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടയിൽ കാലാവസ്ഥയിൽ ഗണ്യമായ മാറ്റം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു.

ഇടതൂർന്നു വളർന്നിരുന്ന മരക്കാനങ്ങളും ഹരിതാഭമായിരുന്ന പുൽമേടുകളും നിറഞ്ഞു നിന്നിരുന്ന ഭൂതലങ്ങളിൽ, ആന മുതലുള്ള ഒട്ടുമിക്ക ജന്തുക്കളുമുണ്ടായിരുന്നു. 1980 കൾ വരെ ഏലക്കാടുകളിലെങ്കിലും ഏതാനും ജന്തുജാതികൾ കാണപ്പെട്ടിരുന്നു. വൈവിധ്യമാർന്ന കാനന ഭംഗിയില്ലെങ്കിലും, നാട്ടുപ്ലാവുകളും, ഫലവൃക്ഷങ്ങളും, കാർഷികവിളകളും ചേർന്ന് ദൂരെ നിന്നാൽ കാനനഭംഗി തോന്നിക്കുന്ന പഞ്ചായത്തിന്റെ ജൈവഘടനയിലും, ജീവജാലങ്ങളുടെ ആവാസ സ്ഥിതിക്കും മാറ്റമുണ്ടായിട്ടുണ്ട്.

ജനവികൃതി

ഏറ്റവും പുതിയ കണക്കുകൾ ലഭ്യമായിട്ടില്ല. 1991 സെൻസസ് പ്രകാരം കരുണാപുരത്തെ ആകെ ജനസംഖ്യ 25,582 ആണ്. ഇതിൽ 12, 943 പുരുഷന്മാരാണ്. സ്ത്രീകൾ 12, 639. ആറു വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 3171. ഇതിൽ ആൺകുട്ടികൾ 1645, പെൺകുട്ടികൾ 1526. സാക്ഷരതാനിരക്ക് 82.6 ശതമാനമാണ്. സാക്ഷരതയിൽ പുരുഷന്മാരാണ് മുമ്പിൽ 10876, സ്ത്രീകളുടെ എണ്ണം 10280ഉം പട്ടികജാതിയിൽ പുരുഷന്മാർ 888 ഉം സ്ത്രീകൾ 835 ഉം അടക്കം ആകെ 1743 പേരാണുള്ളത്. പട്ടികവർഗ്ഗത്തിലുള്ളവർ വളരെ ചെറിയ ഒരു വിഭാഗമേയുള്ളൂ. 27 പുരുഷന്മാരും 17 സ്ത്രീകളും ചേർന്ന് മൊത്തം 76 പേരാണുള്ളത്. ആകെ 53959 വീടുകളുണ്ട്. ജനസാന്ദ്രത ചതു. കി. മീറ്ററിന് 487 പേരാണ്.

വിദ്യാഭ്യാസ രംഗത്ത് വളരെയേറെ മുമ്പിൽ എത്തിയെന്നു പറയാൻ കഴിയുന്നത്. കുടിയേറ്റ മേഖലയിൽ ആദ്യകാലങ്ങളിലുണ്ടായിരുന്ന പരിതസ്ഥിതികൾ കൂടി കണക്കിലെടുത്താണ്. എന്നാൽ നിലവാരത്തിൽ വളരെ പിന്നിലാണ്. ഉന്നത വിദ്യാഭ്യാസ മേഖലകളിലേക്ക് വേണ്ടത്ര പഠന സൗകര്യങ്ങളിന്നില്ല. തൊഴിലില്ലായ്മ രൂക്ഷമല്ല. ഇത് സംസ്ഥാന നിലവാരവുമായിട്ടുള്ള താരതമ്യമാണെങ്കിലും. ജീവിത നിലവാരം കൂടുതലുള്ള പഞ്ചായത്തിന്റെ ധനാഗമ പ്രവർത്തനങ്ങളെ വച്ചു നോക്കിയാലും കാർഷിക രംഗത്തിന്റെ മുൻകാല പ്രവണതകൾ അടിസ്ഥാനമാക്കിയും പരിശോധിച്ചാൽ തൊഴിലില്ലായ്മ വർദ്ധിച്ചു വരുന്നതായി കാണാം. അഭ്യസ്ത വിദ്യരിൽ കുറെയേറെ പേർ അക്കാദമിക് പ്രവർത്തനങ്ങളാണിഷ്ടപ്പെടുന്നത്. ഈ വിഭാഗങ്ങളും ഉദ്യോഗം തേടിയിരിക്കുന്നവരും കൃഷിപണികളിലും മറ്റും താത്പര്യമുള്ളവരല്ല, ആ നില വച്ചു പരിശോധിച്ചാലും തൊഴിലില്ലായ്മ പ്രതിഫലിച്ചു കാണാവുന്നതാണ്.

തൊഴിലും ജനതയും

തൊഴിൽ മേഖല	പുരു.	സ്ത്രീകൾ	ആകെ
1. ആകെ തൊഴിൽ ചെയ്യുന്നവർ	6288	1105	7393
2. കൃഷിക്കാർ	1318	103	1421
3. കർഷകതൊഴിലാളികൾ	1304	302	1606
4. തോട്ടം തൊഴിൽ കന്നുകാലി വളർത്തൽ മറ്റ് ജോലികൾ	2403	374	2777
5. പാറപൊട്ടിക്കൽ. മൈനിംഗ്	10	4	14
6. കൈതൊഴിൽ ചെറുകിട വ്യവസായമേഖല	107	3	110
7. നിർമ്മാണതൊഴിൽ	92	4	96
8. വ്യാപാര വ്യവസായ രംഗം	411	31	442
9. ഗതാഗത വാർത്താ വിനിമയരംഗം	150	8	158
10. മറ്റ് സർവ്വീസ് മേഖലകൾ	454	266	720
11. ഭാഗികമായി തൊഴിലുള്ളവർ	662	1140	1802
12. തൊഴിലില്ലാത്തവർ	5993	10,394	16,387

പ്രാകൃതികസത്യങ്ങളോട് മല്ലടിച്ചു ജീവിക്കേണ്ടി വരികയും. കൂട്ടായ്മയും സംഘബോധവും കൊണ്ടു മാത്രം തങ്ങളുടെ മുന്നിലുള്ള പ്രതിസന്ധികളെ നേരിടാനും അതിജീവിക്കാനും കഴിയുമായിരുന്ന പഴയകാലത്തുണ്ടായിരുന്ന ഐക്യ ബോധം സാമൂഹ്യമായി ഇന്നില്ലെന്നു പലരും പറഞ്ഞു കേൾക്കുന്നതിൽ അതിശയോക്തിയില്ല. പരിഷ്കൃതരെന്നു ഭാവിച്ചാലും അകത്തുള്ള ജാതി മത ചിന്താഗതികളും മനോഭാവങ്ങളും കുറെശ്ശെയായി തിരിച്ചറിയാൻ കഴിയുന്ന സന്ദർഭങ്ങളുണ്ട്. എന്നിരുന്നാലും പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളും, സാംസ്കാരിക കലാ പ്രസ്ഥാനങ്ങളും ഈ സാമൂഹ്യ വിപത്തിന്റെ വർദ്ധിത ശ്രമങ്ങൾക്കിടയിൽ തുരുത്തുകളായി നിൽക്കുന്നു. പൊതുവെ സമാധാനത്തിലും പരസ്പര വിശ്വാസത്തിലും കഴിയുന്ന ഒരു ജനതയാണിവിടെ എന്നു സാമാന്യമായി പറയാം.


നെടുംകണ്ടം പഞ്ചായത്ത്
N
W
E
S
തൂക്കുപാലം
വട്ടിപ്പാറ
കോമ്പമുക്ക്
ചോറ്റുപാറ
കുരുവിക്കാനം
ഇടത്തറമുക്ക്
കട്ടാര
കരുണാപുരം
പറക്കടവ്
കുഴികണ്ടം
പോത്തിൻകണ്ടം
ചാലക്കുടിമേട്
മുങ്കിപ്പള്ളം
P.W.D.റോഡ്
വണ്ടൻമേട് പഞ്ചായത്ത്

സാമൂഹിക സാമ്പത്തിക മേഖലകൾ

കരുണാപുരം - പാറക്കടവ്റോഡിന്റെ ഉത്ഘാടനം ശ്രീമതി സരസ്സമ്മ ടീച്ചർ നിർവ്വഹിക്കുന്നു. പഞ്ചായത്ത് സ്ഥാപക പ്രസിഡന്റ് ശ്രീ കെ.എ. തോമസ്, കൊങ്ങമല സമീപം



5 കൃഷിയും ജലസേചനവും

പൂർണ്ണമായും കാർഷിക പ്രധാനമായ പഞ്ചായത്താണ് കരുണാപുരം. വടക്ക് പടിഞ്ഞാറ് കുട്ടാർ മുതൽ തൂക്കുപാലം വരെ കല്ലാർ അതിരിടുന്നു. തെക്ക് വടക്ക് നീണ്ടുകിടക്കുന്ന ഈ ഭൂവിഭാഗത്തിന്റെ കിഴക്ക് പൂർണ്ണമായും തമിഴ്നാടിന്റെ വന മേഖലയാണ്. കിഴക്ക് വടക്കോട്ടായി പടിഞ്ഞാറോട്ട് പ്രധാനമായി ചരിവുള്ള മലനിരകളാൽ നിബിഡമായ പൊതു ഭൂപ്രകൃതിയാണുള്ളത്.

കുരുമുളക്, ഏലം, കാപ്പി, തെയില, നെല്ല്, തെങ്ങ്, കമുക് എന്നീ പ്രധാന വിളകളും, ഇഞ്ചി, മഞ്ഞൾ, വാഴ തുടങ്ങിയ ഇടവിളകൾക്കും പുറമേ നേരിയ തോതിൽ കപ്പ, കാച്ചിൽ ചേന തുടങ്ങിയ ഭക്ഷ്യവിളകളും കൃഷി ചെയ്യുന്നു. പ്ലാവ്, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും ധാരാളമായി വച്ച് പിടിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിലെ കാർഷിക വിള വിന്യാസത്തെ പൊതുവേ ഇങ്ങനെ വിവരിക്കാമെങ്കിലും, ഭൂതല പ്രത്യേകതകളും മൺതരങ്ങളും കാലാവസ്ഥയും പരിഗണിച്ചുള്ള കൃഷി രീതികൾ വൈവിധ്യമാർന്നതാണ്.

തെക്കൻ പ്രദേശങ്ങളിൽ തേയിലയും നെല്ലും തനി വിളയായും ഏലവും കുരുമുളകും തോട്ടവിളയായും മിശ്രവിളയായും കാണപ്പെടുന്നു. തെങ്ങ്, കമുക് എന്നിവ വടക്കു നിന്നും തെക്കോട്ട് പോകുന്തോറും ക്രമേണ കുറഞ്ഞ് കുറഞ്ഞ് ആ പ്രത്യക്ഷമാകുന്നതായും അനുഭവപ്പെടുന്നു. ഇഞ്ചി, മഞ്ഞൾ പച്ചക്കറികൾ പയർ തുടങ്ങിയ കൃഷികൾ സമതല പ്രദേശങ്ങളിലാണ് കൂടുതൽ. കുഴിത്തൊളു മുതൽ തൂക്കുപാലം വരെയുള്ള സ്ഥലങ്ങളിലെ താഴ്ന്ന പ്രദേശങ്ങളിൽ തെങ്ങ് കൃഷി അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. നീരൊഴുക്ക് പ്രദേശങ്ങളിലും ആറ്റോരങ്ങളിലുമാണ് തെങ്ങ് സമൃദ്ധമായി വളരുകയും ഫലം നൽകുകയും ചെയ്തു കാണുന്നത്. കേരളത്തിൽ പൊതുവേ കാണുന്ന ഏതാണ്ട് എല്ലാ കൃഷികളും പേരിനെങ്കിലും പഞ്ചായത്തിന്റെ ഏത് മേഖലയിലും കാണാൻ കഴിയുമെന്ന പ്രത്യേകതയുമുണ്ട്.

സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 1200 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്തിന്റെ നിമ്നോന്നത പരിതസ്ഥിതികൾ സങ്കീർണ്ണമാണ്. പൊതുവേ കിഴക്കു നിന്നും വടക്കു പടിഞ്ഞാറ് ദിശയിൽ ചരിഞ്ഞ് കിടക്കുന്ന വലുതും ചെറുതുമായ മലകളും ഇടുങ്ങിയ താഴ്വരകളും കുന്നിൻ മുകളിൽ സമതലങ്ങൾ കൊണ്ട് നിബിഡമായ പഞ്ചായത്തിന്റെ ഭൂതല വിസ്തീർണ്ണം 53.21 കിലോമീറ്റാണ്. പഞ്ചായത്തിന്റെ ഏറ്റവും ഉയർന്ന തെക്കൻ പ്രദേശം പൊക്കം കുറഞ്ഞ കുന്നിൻ ചരിവുകളും വിസ്തൃത സമതലങ്ങളും കൊണ്ട് താരതമ്യേന നിരപ്പേറിയ പ്രദേശമാണ്. വടക്ക് രാമക്കൽമേടിനും സമീപ പ്രദേശങ്ങൾക്കും സമാന ഭൂപ്രകൃതി ഉണ്ടെങ്കിലും തമിഴ്നാടിന്റെ സാമീപ്യം വരൾച്ച കൂടുതലാകാൻ കാരണമായിട്ടുണ്ട്.

വണ്ടൻമേട് പഞ്ചായത്തിലെ ആമയാർ, കുളത്തിൻമേട് ഭാഗം മുതൽ നമ്മുടെ പഞ്ചായത്തതിർത്തിയിൽ പ്രവേശിച്ച് അല്ലിയാർ എന്ന പേരിൽ 11-ാം വാർഡിലൂടെ സഞ്ചരിച്ച് കുട്ടാറ്റിൽ കൊച്ചറ ആറുമായി ചേരുന്നു. XI, VI വാർഡുകൾ അതിരിട്ടൊഴുകുന്ന കുട്ടാർ തൂക്കുപാലം വരെ കരുണാപുരം പാമ്പാടും പാറ പഞ്ചായത്തതിർത്തിയിലൂടെ കല്ലാർ എന്ന പേരിൽ ഒഴുകുന്നു. കുട്ടാറിന്റെ കൈവഴിയായി കൊച്ചറയാറും വണ്ടൻമേട് പഞ്ചായത്തിൽ നിന്നും ഉത്ഭവിച്ച് നിരവധി ചെറിനീർച്ചോലകളും കൈവഴികളുമായി സന്ധിച്ചാണ് ആമയാറുമായി ചേരുന്നത്. നമ്മുടെ പഞ്ചായത്തിന്റെ മിക്ക വാർഡുകളിൽ നിന്നും ഉത്ഭവിക്കുന്ന നീരൊഴുക്കുകളും തോടുകളും ഈ പ്രധാന ആറ്റിലേക്കാണ് വന്ന് ചേരുന്നത്. ഇവയിലൊന്നിലും ആണ്ടവസാനം വരെ ജലലഭ്യതയുള്ളവയല്ല. മഴക്കാലത്ത് സജീവ

മാകുന്ന ഈ നീർച്ചോലകൾ ഒൻപത് പത്ത് മാസക്കാലത്തിനുശേഷം ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വറ്റി വരണ്ട് പോകുന്നവയാണ്.

ഭൂഉടമസ്ഥതയിൽ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകൾക്കിടയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. കുടുംബങ്ങൾ വിഭജിക്കപ്പെട്ടതും മറ്റ് സാഹചര്യങ്ങളാലും പുരയിടങ്ങൾ മുറിച്ച് വിൽക്കാനിടയായതും ഇതിന് വഴി വെച്ച ഘടകങ്ങളാണ്. ഇപ്പോഴും ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുന്നു. ബഹുഭൂരിപക്ഷവും ഒന്നരയേക്കറിൽ താഴെ ഭൂമി കൈവശമുള്ളവരാണ്. അഞ്ചേക്കറിനുമേൽ ഭൂമിയുള്ളത് നാൽപ്പത്തിഅഞ്ചോളം കുടുംബങ്ങൾക്കാണ്. ഏകദേശം പകുതിയോളം കുടുംബങ്ങൾ അൻപത് സെന്റിന് താഴെ സ്ഥലമുള്ളവരാണ്.

കുടിയേറ്റ കാലത്ത് പൊതുവേ ഭക്ഷ്യവിള കൃഷിക്കായിരുന്നു പ്രാധാന്യം. കര കൃഷിയായി നെല്ലും കൊയ്ത്തിന് ശേഷം കപ്പ, നെല്ല്, കപ്പ ഇങ്ങനെയുള്ള വിള പരിക്രമണ രീതിയായിരുന്നു അവലംബിച്ച് വന്നത്. ക്രമേണ നാണ്യവിളകളിലേക്ക് കാർഷിക രീതികൾ മാറി.

യുദ്ധാനന്തരം അനുഭവപ്പെട്ട ഭക്ഷ്യക്ഷാമവും ദാരിദ്ര്യവും നിമിത്തം കുടിയേറിയവർക്ക് തോട്ടവിള കൃഷികളിൽ പരിചയവും ഉണ്ടായിരുന്നില്ല. ഹരിതാഭമായിരുന്ന സഹ്യസാനുക്കളിലെ തേക്ക്, വീട്ടി തുടങ്ങിയ വൻമരങ്ങൾ മിക്കവാറും തമിഴ്നാട്ടിലെ ആങ്കൂർ റാവുത്തറുടെ ഭൃത്യസംഘങ്ങൾ മുറിച്ചുകടത്തിയിരുന്നു. അവിടവിടയായി കാണപ്പെട്ടിരുന്ന പാഴ്മരങ്ങളിലാണ് ആദ്യമായി കുരുമുളക് വള്ളികൾ പടർത്താൻ തുടങ്ങിയത്. ഇക്കാലത്തുതന്നെ തോവാള, അയ്യപ്പൻ കോവിൽ, കട്ടപ്പന തുടങ്ങിയ പ്രദേശങ്ങളിൽ കുരുമുളക് കൃഷി മുന്നേറിക്കഴിഞ്ഞിരുന്നു. അവിടെ നിന്നും കൊണ്ടു വന്ന മുരിക്കൻ കമ്പുകൾ നട്ടു പിടിപ്പിച്ച് കരുമുളക് വള്ളികൾ ഇവിടെയും കൃഷി ചെയ്ത് തുടങ്ങി. കൃഷിയിടങ്ങൾ ഒന്നൊന്നായി കുരുമുളക് തോട്ടങ്ങളായി മാറിയതിങ്ങനെയാണ്. കാർഷിക രംഗത്ത് ഈ മാറ്റങ്ങൾ ഉണ്ടായെങ്കിലും ജലലഭ്യതയുമായി ബന്ധപ്പെട്ട് ചെറുതും വലുതുമായി നെൽകൃഷി ചെയ്ത് വന്നിരുന്ന നിലങ്ങൾ നിലനിർത്തുന്നതിൽ ലാഭചേതങ്ങൾ ഒരു കാരണമായി പരിഗണിക്കപ്പെട്ടിരുന്നില്ല. അരിക്കുവേണ്ടി പൂർണ്ണമായും തമിഴ്നാടിനെയായിരുന്നു ആശ്രയിച്ചിരുന്നത്. കേരളീയർ ഏറെ ഇഷ്ടപ്പെടുന്ന നാടൻ കുത്തരി അവിടെ ലഭിക്കാതിരുന്നത് ഇതിന് പ്രേരകമായിരുന്നിരിക്കും. ആദ്യകാല ഭക്ഷ്യവിളകളായി കപ്പ, കാച്ചിൽ, ചേന തുടങ്ങിയവ ധാരാളമായി സമീപകാലം വരെ കൃഷി ചെയ്തിരുന്നു. ഇന്ന് അതെല്ലാം അപൂർവ്വമായി. പുരയിടങ്ങളിലെ ഏറ്റവും ഉയർന്ന ചരിവുകളിൽ മരച്ചീനി കൃഷിക്കായി ഒഴിവാക്കിയിടുന്ന പതിവുണ്ടായിരുന്നു. അന്ന് കപ്പ നമ്മുടെ ഭക്ഷണത്തിലെ ഒഴിച്ചു കൂടാൻ കഴിയാത്തത്ര പ്രാധാന്യം നേടിയിരുന്നു. എൺപത് എൺപത്തിരണ്ടുവരെ കപ്പ കൃഷി സജീവമായിരുന്നു. സ്വന്തം ആവശ്യം കഴിഞ്ഞുള്ള മിച്ചം തമിഴ്നാട്ടിലെ ചെമ്പട്ടി, പളനി, ചെല്ലപ്പൻ പെട്ടി എന്നിവിടങ്ങളിലെ ഫാക്ടറികളിലേക്ക് കയറ്റി അയയ്ക്കുകയായിരുന്നു ചെയ്തിരുന്നത്. അവിടുത്തെ മാർക്കറ്റും വിലയും തിരിച്ചറിയാൻ കഴിയാതിരുന്ന കൃഷിക്കാരെ ഏജന്റുമാരും കച്ചവടക്കാരും വമ്പിച്ച ചൂഷണത്തിന് വിധേയമാക്കിയിരുന്നു. കപ്പയുടെ വിലയിലുള്ള പോരായ്മ ഒരു വശത്തും കുരുമുളകിന്റെ സമൃദ്ധിയും വിലയും ആകർഷണീയമായതും മറുവശത്തും മരച്ചീനി കൃഷിയുടെ തിരോധാനത്തിന് വഴിയൊരുക്കി. കുരുമുളക് കൃഷിയുടെ സാന്ദ്രതയിലും അളവിലും കുത്തനെയുള്ള വളർച്ച പ്രകടമായി.

ആദ്യകാലയളവിൽ ഭൂഉടമസ്ഥത ഉയർന്ന തോതിലായിരുന്നു. അന്നത്തെ കൃഷിക്കാരിൽ ചിലർ പരക്കെ അറിയപ്പെടുന്നവരായിരുന്നു. കൂടുതൽ ഭൂമി കൈവശമു

ഭൂഉടമസ്ഥത സ്ഥിതി വിവരങ്ങൾ

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം	വിസ്തീർണ്ണം ഏക്കറിൽ
1	1 മുതൽ 10 സെന്റ് വരെ	641	ലഭ്യമല്ല
2	10 മുതൽ 25 സെന്റ് വരെ	623	
3	25 മുതൽ 50 സെന്റ് വരെ	874	
4	50 മുതൽ 100 സെന്റ് വരെ	1309	
5	1 എക്കർ മുതൽ 2 എക്കർ വരെ	1135	
6	2 എക്കർ മുതൽ 5 എക്കർ വരെ	905	
7	5 എക്കറിനുമേൽ	45	

ണ്ടായിരുന്ന അവരായിരുന്നു പഞ്ചായത്തിന്റെ സാമ്പത്തിക കേന്ദ്രങ്ങൾ.

തികച്ചും പ്രകൃതിയെ ആശ്രയിച്ചുള്ള കൃഷിരീതികളായിരുന്നു അവലംബിച്ച് വന്നിരുന്നത്. അതിനിപ്പോഴും എടുത്തു പറയത്തക്കമാറ്റങ്ങൾ വന്നിട്ടില്ലെന്നു പറയാം. എന്നാൽ ഏലം കൃഷിക്ക് പ്രാധാന്യമുള്ള പ്രദേശങ്ങളിൽ ഏതാനും വർഷങ്ങളായി ജലസേചനമടക്കമുള്ള നൂതന കൃഷിരീതികൾ പുരോഗമിച്ചിട്ടുണ്ട്. സ്പ്രൈസസ് ബോർഡിന്റെയും മറ്റ് ഏജൻസികളുടെയും പദ്ധതികളും സഹായങ്ങളും പ്രയോജനപ്പെടുത്തി ചില സമ്പന്ന കൃഷിക്കാരാണ് ജലസേചന രീതികളും നൂതന കൃഷി സംരഭങ്ങളിലും ആരംഭിച്ചത് ക്രമേണയായി മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥയുടെയും മണ്ണിളക്കിയുള്ള തുടർകൃഷിയും ഉയർന്ന സസ്യാവരണങ്ങളുടെ നശീകരണവും വനസസ്യമായ കുരുമുളകിന്റെ നിലനിൽപ്പിന് ഭീഷണിയായിത്തീർന്നു. എഴുപത്തിയഞ്ചിനുശേഷം കുരുമുളക് വിപണികളിലെ വില വർദ്ധനവ് കുരുമുളക് കൃഷിയിലേക്ക് ശ്രദ്ധ പതിപ്പിക്കാൻ കൃഷിക്കാരെ പ്രേരിപ്പിച്ചു.

മറ്റ് കൃഷികളുടെ സ്ഥാനത്ത് പകരമായി ആവർത്തന കൃഷിയിലൂടെയും കുരുമുളക് കൃഷിയുടെ വ്യാപനം ശക്തമായി. ഏതാണ്ട് ഇതേ കാലയളവിൽ ഭൂവിനിയോഗത്തിലും കാർഷിക വൈവിധ്യത്തിലും പിന്നിലായിരുന്ന തെക്കൻ പ്രദേശങ്ങളിലും കുരുമുളക് സ്ഥാനം പിടിച്ചു. കൃഷിക്കാരുടെ പൊതുവേ വളർന്നു വന്ന സാമ്പത്തിക നിലക്കൊപ്പം ജനസാന്ദ്രതയും വളരുകയായിരുന്നു. ജീവിത സാഹചര്യങ്ങളിലും പടിപടിയായി പുരോഗതി വന്നു തുടങ്ങി. കൂട്ടായ്മയോടുകൂടിയുള്ള പരിശ്രമങ്ങളുടെ ഫലമായി ഗതാഗതയാത്രാ സൗകര്യങ്ങൾ മെച്ചപ്പെടാൻ തുടങ്ങി. ഇതര പ്രദേശങ്ങളുമായുള്ള ബന്ധങ്ങൾ വളരുകയും വ്യാപാരസ്ഥാപനങ്ങളുടെ വിപുലീകരണം ബാങ്കിംഗ് വൈദ്യുതീകരണം എന്നീ സൗകര്യങ്ങൾ ലഭ്യമായതും പഞ്ചായത്തിന്റെ സാമൂഹ്യ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കാർഷിക രംഗത്തും ഇതിന്റെ ചെറുചലനങ്ങൾ - ദൃശ്യമാണ്. മറ്റു സ്ഥലങ്ങളിൽ നിന്നും കൊണ്ടു വന്നാണ് തെങ്ങ്, കമുക്, കൊക്കോ തുടങ്ങിയ കൃഷികൾ ഇവിടെ സ്ഥായിയായത്.

മെയ് മാസത്തിൽ തുടങ്ങി രണ്ടു ഘട്ടങ്ങളിലായി ഏതാണ്ട് ഡിസംബർ വരെ തുടരുന്ന മഴ ലഭ്യത കാർഷിക അഭിവൃദ്ധിയെ കണക്കറ്റ് സഹായിച്ചിട്ടുണ്ട്. മഴയുടെ രണ്ട് ഘട്ടങ്ങൾക്കിടവേള ഹ്രസ്വമായിരുന്നു. തുലാവർഷം ശക്തമാകുമ്പെങ്കിൽ മിതമായിപ്പെയ്യുന്ന ദീർഘകാല മഴയാണ് കൃഷിയേയും ഭൂഗർഭ ജല നിലവാരത്തെയും സമ്പന്നമാക്കിയിരുന്നത്. വൃശ്ചികച്ചന്നൽ എന്നറിയപ്പെടുന്ന വർഷപാതം തീരെയില്ലന്നായിട്ടുണ്ട്.

ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തി ഒൻപത് കാലത്ത് മൂന്നാഴ്ചക്കാലം തുടർച്ചയായി മഴ പെയ്ത് അന്തരീക്ഷം മൂടിക്കെട്ടി സൂര്യനെ കാണാത്ത ദിനങ്ങൾ സ്മരണകളിൽ സൂക്ഷിക്കുന്ന കാർഷിക കാരണവന്മാർ ഇപ്പോഴുമുണ്ട്. എൺപതുകളുടെ തുടക്കം മുതൽ ഈ സ്ഥിതി മാറാൻ തുടങ്ങി എൺപത്തിരണ്ടിന് ശേഷം എൺപത്തി ഒൻപത് തൊണ്ണൂറ്റി രണ്ട് കാലയളവിൽ ഉണ്ടായ കൊടുംവരൾച്ചയും എൺപത്തിനാലിലെ തകർത്തു പെയ്ത മഴയും പ്രളയക്കെടുതികളും എൺപത്തി ഒൻപതിലെ ചുഴലിക്കാറ്റും കാർഷിക മേഖലയിൽ നടുക്കവും നാശനഷ്ടമുണ്ടാക്കിയ സംഭവങ്ങളാണ്. ആയിരത്തി തൊള്ളായിരത്തി എൺപത്തി എട്ടിൽ നെടുങ്കണ്ടം കേന്ദ്രമാക്കി അനുഭവപ്പെട്ട ഭൂചലനം നമ്മുടെ പഞ്ചായത്തിലും വ്യാപകമായിരുന്നു. ജനങ്ങൾ പരിഭ്രാന്തരായിരുന്നെങ്കിലും കാര്യമായി കെടുതികൾ ഒന്നും ഉണ്ടായില്ല.

അരുവികളും, വലരികളും, തോടുകളും കൊണ്ട് സമൃദ്ധമായിരുന്ന ഈ ഭൂവിഭാഗത്തിന്റെ ജലസാമിപ്യം വളരെയേറെ മാറിപ്പോയിരിക്കുന്നു. വേനൽക്കാല വരൾച്ച തുടർച്ചയായി അനുഭവപ്പെടുകയാണിന്ന്. പഞ്ചായത്തിലൂടെ ഒഴുകിയെത്തുന്ന കൂട്ടാറിന്റെ പ്രഭവ സ്ഥാനങ്ങളിൽത്തന്നെ തോട്ടം കൃഷിക്കാർ ആറ്റിലെ വെള്ളം ഭീമൻ കുളങ്ങൾ നിർമ്മിച്ച് അതിലേക്ക് തിരിച്ചുവിട്ടും ജലവിതാനം കുറയുമ്പോൾ താത്കാലിക തടയണകൾ നിർമ്മിച്ചും നിരവധി കൂറ്റൻ പമ്പുസെറ്റുകൾ സ്ഥാപിച്ചും തോട്ടങ്ങൾ നനക്കുന്ന സംവിധാനം നിലവിൽ വന്നതോടെ പഞ്ചായത്ത് പ്രദേശങ്ങളിലെ ജലസ്രോതസ്സുകൾ ദുർബലപ്പെടുകയും, വേനൽക്കാലത്ത് ആറ്റിലെ നീരൊഴുക്കിന് തുടർച്ച നഷ്ടപ്പെട്ടു വരുന്നതും വിപരീതഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്.

വാസഗൃഹങ്ങളുടെ പരിഷ്കരണത്തിന്റെ ഫലമായി ജലസ്രോതസുകളുടെ നിലനിൽപ്പും ഭൂഗർഭജല സംരക്ഷണത്തിലും പ്രത്യാഘാതങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് പറഞ്ഞാൽ അത്ഭുതപ്പെട്ടേക്കാം. പുല്ലു മേഞ്ഞ മേൽക്കൂരയും തഴുതൽ മറയും മൺചുവരുകളുമായി വൃത്തവും ചതുരവുമില്ലാതെ നിർമ്മിച്ചിരുന്ന പഴയ ഗ്രാമീണ മാതൃകയിലുള്ള വീടുകൾ അപ്രത്യക്ഷമായി പകരം ആധുനിക തച്ചുശാസ്ത്ര നിർമ്മാണ ചാതുര്യം തുളുമ്പുന്ന വീടുകൾ സ്ഥാനം പിടിച്ചു. ഫലമോ വീടുമേയാൻ അനിവാര്യമായ മേച്ചിൽപ്പുല്ലുകൾ സംരക്ഷിച്ചു നിർത്തിയിരുന്ന പുൽമേടുകൾ തുടച്ചു നീക്കപ്പെട്ടു. അവിടെയും മറ്റ് കൃഷികൾ സ്ഥാനം പിടിച്ചു. പുരയിടങ്ങളിലെ ചരിവുകളിൽ കോണ്ടൂർ ബണ്ടുകളിലും അതിരുകളിലും വച്ചുപിടിപ്പിച്ചിരുന്ന പുല്ലുകൾ അപ്രത്യക്ഷമായി. തത്ഫലമായി മലമുകളിൽ പെയ്ത വെള്ളം മണ്ണിലേക്ക് കിനിഞ്ഞിറങ്ങാനുള്ള സാഹചര്യമില്ലാതെയായി. മഴവെള്ളം താഴോട്ട് തല്ലിയൊഴുകാൻ തുടങ്ങി. ഇടവരമ്പുകളും തടസ്സങ്ങളുമില്ലാത്ത പറമ്പുകളിലെ വള മണ്ണിൽ വിള്ളലുകൾ ഉണ്ടായി. താഴ്വാരങ്ങളിൽ പലയിടത്തും നെൽവയലുകൾ നികന്നു പോകാനും ഇത് ഇടയാക്കിയിട്ടുണ്ട്. അവശേഷിച്ചിരുന്ന ചോലമരങ്ങൾകൂടി വീടുകളുടെ

മഴലഭ്യതയുടെ അളവുകൾ

(മില്ലിമീറ്ററിൽ)

വർഷം	ജനു.	ഫെബ്രു.	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗ.	സെപ്.	ഒക്ടോ.	നവം.	ഡിസം.
1992	3	-	-	161.6	121.4	321.4	402.7	255.7	-	197.4	373.6	33.4
1993	-	84.2	3.2	22	98.2	242	348.1	214.2	67.2	215.2	323	49.4
1994	18.6	29	5.2	252.7	73.3	373	394	297.6	180.0	453.8	166.8	6
1995	26	8	488	92.5	258.3	222.8	310.2	323.8	242.2	162	137.2	-
1996	99	106	4.6	233.4	-	355.6	152.2	223.7	-	-	-	-

നിർമ്മാണത്തിനായി വെട്ടപ്പെട്ടതോടെ മണ്ണിനും മനുഷ്യനും സംരക്ഷണം നൽകിയിരുന്ന സസ്യാവരണങ്ങൾ നഷ്ടമായി. പരിസ്ഥിതി പ്രശ്നങ്ങൾ രൂക്ഷമാകാൻ ഇത് വഴിയൊരുക്കി.

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാവണം വർത്തമാനകാലത്തിന്റെ കാർഷിക പ്രശ്നങ്ങളെ വിലയിരുത്തേണ്ടത്. വളരെ സാവധാനത്തിലും, എന്നാൽ പെട്ടെന്ന് അനുഭവങ്ങൾ സൃഷ്ടിച്ചിട്ടുള്ള പ്രശ്ന പരമ്പരയുടെ ഒരു സംയോജന കുറിപ്പായിരിക്കും നമുക്ക് ലഭിക്കുക.

വിള സസ്യങ്ങൾക്കും കൃഷികൾക്കും നിലനില്പ് പ്രയാസകരമായി കുരുമുളകിന്റെ ഇലയും തണ്ടും പച്ചപ്പ് നഷ്ടപ്പെട്ട് മുറിഞ്ഞ് തുടങ്ങി വാട്ടരോഗങ്ങളും കീടശല്യങ്ങളും വർദ്ധിച്ചു. വിവിധ കാലയളവിൽ വ്യത്യസ്ഥങ്ങളായ രോഗങ്ങൾ കൃഷിയെ ആക്രമിക്കുന്നതിൽ നിന്നും അവയെ സംരക്ഷിക്കുന്നതിൽ കാര്യമായ ശ്രദ്ധ ഉണ്ടായില്ല.

ആയിരത്തിതൊള്ളായിരത്തി എൺപത്തി ഏഴു മുതൽ പഞ്ചായത്തിൽ കൃഷിഭവൻ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. ഇടുക്കി, വയനാട് ജില്ലകളെ സുഗന്ധവ്യജ്ഞന വിള ജില്ലകളായി പ്രഖ്യാപിക്കുകയും, സാവധാന ദ്രുത വാട്ടത്തിനെതിരെ സംയോജിത പരിപാടിയിലൂടെയും കുരുമുളക് സംരക്ഷണസമിതിയുടെ പ്രവർത്തനങ്ങളും ശാസ്ത്രീയ രോഗനിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങളിൽ കുറെയേറെ കൃഷിക്കാർ ശ്രദ്ധ തിരിക്കാൻ കാരണമായി. അതിന് ഗുണഫലങ്ങളും കാണാൻ കഴിഞ്ഞിട്ടുണ്ട്.

താരതമ്യേന സാമ്പത്തിക ഭദ്രതയുള്ള സമ്പന്ന കൃഷിക്കാരും ഏലം കൃഷിയിലൂടെ സസ്യസംരക്ഷണ രംഗത്ത് നൂതന രീതികൾ പരിചയപ്പെട്ട കൃഷിക്കാരാണ് ഈ സഹായ പദ്ധതികളും പശ്ചാത്തല സൗകര്യവും പ്രയോജനപ്പെടുത്തുന്നത്. കുരുമുളക് സമിതിയുടെ പ്രവർത്തനങ്ങൾ അതിന്റെ ലക്ഷ്യങ്ങളിൽ നിന്ന് അകന്ന് പോയതും ഇടത്തരം പരിമിത കൃഷിക്കാരെയടക്കം ബോധവത്ക്കരിക്കാനും സന്നദ്ധസേവനം വഴി കുരുമുളക് തോട്ടങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ശ്രദ്ധ വച്ചില്ല. സമിതികൾക്ക് കൃഷി വകുപ്പ് നൽകിയിട്ടുള്ള ഉപകരണങ്ങളും ഉപാധികളും കൃഷിക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ച് ലഭ്യമാക്കുന്നതിനും പല സ്ഥലങ്ങളിലും കഴിയുന്നില്ല. കൃഷിക്കാർക്കനുവദിക്കുന്ന സസ്യസംരക്ഷണ വസ്തുക്കളും ആവർത്തനകൃഷിക്കുള്ള സഹായങ്ങളും പൂർണ്ണമായ അളവിലും തോതിലും അവരുടെ കൈകളിൽ എത്തുന്നില്ല എന്ന പരാതികളും ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്.

എന്നാൽ ഇതിനെല്ലാം അപവാദമായി പ്രവർത്തിക്കുന്ന ചില സമിതികളും ഇല്ലാതില്ല. ഈ രംഗത്തെ പ്രവർത്തനങ്ങൾ അർത്ഥവത്തായും സജീവമാക്കേണ്ടതാണ്.

ഓരോ കാലത്തും വ്യത്യസ്ത ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിൽ ലഭിക്കുന്ന വർദ്ധിച്ച വിലയിൽ ആകർഷിക്കപ്പെട്ട് സ്വന്തം കൃഷിയിടങ്ങളിലെ തനത് കൃഷി നശിപ്പിച്ച് മറ്റൊന്നിലേക്ക് മാറ്റാനുള്ള പ്രവണതയും, മണ്ണും പ്രകൃതിയും മനസ്സിലാക്കാതെയുള്ള കാർഷികാനുകരണങ്ങളും ഇവിടുത്തെ കൃഷിക്കാരുടെ പൊതു സ്വഭാവമായിക്കാണുന്നുണ്ട്.

വ്യാപകമായിട്ടുണ്ടായിരുന്ന നമ്മുടെ മണ്ണിനും പ്രകൃതിക്കും കാര്യമായ ഊനം തട്ടാത്തതുമായ ഒരു വിളയായിരുന്ന കാപ്പി. പ്രത്യേക കാർഷിക പരിചരണ മുറകൾ ആവശ്യമില്ലാതിരുന്നിട്ടു കൂടി ഇതിൽ ഏറിയകൂറും വെട്ടി നശിപ്പിക്കുകയുണ്ടായി. രണ്ടു വർഷത്തിന് മുൻപ് കാപ്പിയുടെ മെച്ചപ്പെട്ട വില നിലവാരം വീണ്ടും കാപ്പി കൃഷി ചെയ്യുന്നതിലേക്ക് പലരേയും ആകർഷിച്ചതായി കാണാം. ഏലക്കാട്ടിലെ മരങ്ങൾ വരെ വെട്ടി നശിപ്പിച്ച് പകരം കുരുമുളകും മറ്റൊരവസരത്തിൽ വീണ്ടും ഏലവും മാറി മാറി കൃഷി നടത്തുന്ന തുഗ്ലക് കൃഷി രീതി അസംതൃപ്തമായ ഈ മേഖലയുടെ വ്യഗ്രതയെന്തെന്ന് നമ്മെ ചിന്തിപ്പിക്കാൻ പോന്നതാണ്.

കിട്ടിയതെല്ലാം ആർഭാടമായി ആസ്വദിച്ചും അനുഭവിച്ചു തീർത്തും നാളത്തേക്ക് കരുതി ജീവിതം ചിട്ടപ്പെടുത്തി പോകാനുമുള്ള പ്രേരണയില്ലാതെ പ്രാരാബ്ധങ്ങൾ കൊണ്ടും അലസരായും നിരാശത പൂണ്ടും ജീവിതം നയിക്കുന്ന ചിലരെയെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയും. നമ്മുടെ കാർഷിക സമൃദ്ധി സ്ഥായിയാണെന്ന് തെറ്റി

ദ്ധരിച്ചുപോയവരാണിത്തരക്കാർ.

കാർഷിക സമ്പദ്ഘടനയുടെ തകർച്ചയും ഉത്പാദനക്ഷമത നശിച്ചതും ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചയും ഒരു ഭാഗത്തും ജീവിത ചെലവുകളുടെ ആധിക്യവും മറ്റ് സാമ്പത്തിക ആവശ്യങ്ങളും മറുവശത്തും കൃഷിക്കാരനെ ഒരു ദ്വിമുഖ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്.

മണ്ണിന്റെ കരുത്ത് കുറവും കാലാവസ്ഥാ പ്രശ്നവും നിമിത്തം ആദി കുടിയേറ്റക്കാർ അവഗണിച്ചിരുന്ന തെക്ക് കിഴക്കൻ മേഖലകൾ ഇതിൽ നിന്നും ഭിന്നമാണെന്നു കാണാം. കരിമ്പും, കപ്പയും നെല്ലും കൃഷി ചെയ്തിരുന്ന ഇവിടുത്തെ കൃഷിക്കാരുടെ മടിശ്ശീലയും ദുർബലമായിരുന്നു. കാര്യമായ വാണിജ്യ വിള കരിമ്പു മാത്രമായിരുന്നു. അതിന്റെ വിലയും ആദായവും നിശ്ചിതവും മിതവുമായിരുന്നു. എഴുപതുകളുടെ അവസാനത്തോടുകൂടി പല കാരണങ്ങളാലും കരിമ്പു കൃഷിയും നിലച്ചു. താരതമ്യേന 78-79 കാലത്താണ് കുരുമുളക് കൃഷി ഈ പ്രദേശത്ത് വ്യാപിച്ച് തുടങ്ങിയത്. അധികം മണ്ണാലിപ്പില്ലാത്ത ഭൂപ്രകൃതിയും നൂതന സസ്യസംരക്ഷണ നടപടികൾ പ്രയോഗിക്കാൻ തുടങ്ങിയതിനാലും ഇവിടുത്തെ കുരുമുളക് ചെടികൾ ഒരു സമ്പൂർണ്ണ നാശത്തെ നേരിടേണ്ടി വന്നിട്ടില്ല. എന്നാൽ കുരുമുളകിന്റെ ഉത്പാദനക്ഷമത താഴ്ന്ന നിലവാരത്തിലാണ്.

നമ്മുടെ വിള ക്രമത്തിൽ നാണ്യവിളകളുടെ പ്രാമുഖ്യം നിമിത്തം പച്ചക്കറികൾ, മുട്ട, മാംസം തുടങ്ങിയ ഒട്ടു മിക്ക ഭക്ഷ്യവസ്തുക്കളും ഇറക്കുമതി ചെയ്യേണ്ട ഗുരുതരാവസ്ഥയിലാണ് എത്തി നിൽക്കുന്നത്. നമ്മുടെ കാർഷിക വരുമാനവും ഉപഭോക്തൃ ചെലവും പൊരുത്തപ്പെടുന്നതല്ല. നാം ഇറക്കുമതി ചെയ്യുന്ന പല ഉത്പന്നങ്ങളും നമുക്കിവിടെ ഉത്പാദിപ്പിക്കാൻ കഴിയും. എന്നിട്ടും ആരോഗ്യത്തിന് ഹാനികരമായിട്ടുള്ള കീടനാശിനികളുടെ വിവേചനമില്ലാത്ത പ്രയോഗത്തിൽ വിളയിച്ചെടുക്കുന്നവയാണ് നാം വാങ്ങി ഉപയോഗിക്കുന്നത്. പ്രതിവർഷം 600 കോടി രൂപയാണ് നമ്മുടെ സംസ്ഥാനത്തും നിന്നും പച്ചക്കറികൾക്കു വേണ്ടി പുറത്തേക്കൊഴുകുന്നത്. ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് നമ്മുടെ പഞ്ചായത്തടക്കമുള്ള ഹൈറേഞ്ച് മേഖലയാണ്. പച്ചക്കറിയുടെ കാര്യത്തിലെങ്കിലും കുടുംബങ്ങളുടെ സ്വയം പര്യാപ്തത എന്ന ആശയത്തിന് പ്രാധാന്യമേറുകയാണ് നമ്മുടെ കാർഷിക രീതിയിലും ഭൂവിനിയോഗത്തിലും വിള ക്രമത്തിലും ഒരു പുതിയ പാത വെട്ടിത്തുറക്കേണ്ടിയിരിക്കുന്നു.

സമുദ്ര നിരപ്പിൽ നിന്നും ഉള്ള ഉയരം, മഴയുടെ അളവ്, മൺതരം ഭൂതലത്തിന്റെ നിമ്നോന്നത സ്ഥിതി എന്നിവയാണ് ഒരു പ്രദേശത്തിന് അനുയോജ്യമായ വിള ഏതെന്ന് നിശ്ചയിക്കുന്ന ശാസ്ത്രീയമായ അളവുകോൽ. ഇവ നമുക്ക് മാറ്റിമറിക്കാൻ കഴിയുന്നതല്ല.

വിള രോഗങ്ങൾ, രോഗപ്രതിരോധത്തിനും നിവാരണത്തിനും ലഭ്യമായിട്ടുള്ള മാർഗ്ഗങ്ങൾ, വിത്തിനങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയ സങ്കേതങ്ങളെയും ഉൽപ്പന്നത്തിന്റെ ആവശ്യം വില ലാഭം എന്നീ കാര്യങ്ങളിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ തുടങ്ങിയ സാമ്പത്തിക കാര്യങ്ങളും കണക്കിലെടുത്ത് ഏത് സാമ്പത്തികാവസ്ഥയിലും നമ്മുടെ വ്യക്തിഗത കുടുംബവരുമാനത്തിന്റെ തോത് സ്ഥിരമായി നിർത്താൻ കഴിയുന്ന ഹ്രസ്വകാലവിളകൾ (നെല്ല്, പയർ, പച്ചക്കറികൾ, കൂൺ കൃഷി, ഉദ്യാനകൃഷി) വാർഷിക വിളകൾ (കരിമ്പ്, മരച്ചീനി, വാഴ, ഇഞ്ചി, മഞ്ഞൾ മുതലായവ) ഇടക്കാലവിളകൾ (കൊക്കൊ, കമുങ്ങ് തുടങ്ങിയവ) ദീർഘകാലവിളകൾ (കുരുമുളക്, ഏലം, തെങ്ങ് മുതലായവ) എന്നീ കാർഷിക രീതികൾ നേരത്തേ സൂചിപ്പിച്ചിട്ടുള്ള അളവുകോൽ അടിസ്ഥാനമാക്കിയും ഭൂഉടമസ്ഥതാ നിലവാരം മുൻനിർത്തിയും നടപ്പിലാക്കുന്നത് നല്ലതായിരിക്കും.

നമ്മുടെ നെൽവയലുകൾ അടുക്കള പരിസരങ്ങൾ മറ്റ് ലഭ്യമായ സ്ഥലങ്ങൾ ആസൂത്രിതമായി ഉപയോഗപ്പെടുത്താൻ ഈ സമ്പ്രദായത്തിന് കഴിയും. പോത്തിൻകണ്ടം കമ്പംമെട്ട് ആറാം വാർഡിന്റെ ചില പ്രദേശങ്ങൾ രാമക്കൽമേടിന്റെ ചില ഭാഗങ്ങൾ ഇവിടെയെല്ലാം ഭൂമി രൂപപ്പെടുത്തി (Reclamation) അനുയോജ്യമാക്കിയാൽ നെൽകൃഷിക്കും മറ്റ് ഹ്രസ്വകാല വിളകളുടെ വർദ്ധനവിലും ശ്രദ്ധേയമായ സംഭാവന ചെയ്യാൻ കഴിയും.

കുറ്റമറ്റ ആസൂത്രണവും വിഭവ സമാഹരണവും കൂടിയായാൽ മുൻഗണനാക്രമത്തിൽ ചെയ്ത് തീർക്കാൻ സാമൂഹ്യ അദ്ധ്വാനവും ഉപയോഗപ്പെടുത്താവുന്ന ഒരു സംരഭമായിരിക്കുമിത്.

ഉത്പാദനക്ഷമത (ഏക്കറിൽ)	
കുരുമുളക്	3 കിന്റൽ
ഏലം	2 കിന്റൽ
തെങ്ങ്	120 തേങ്ങ (തെങ്ങൊന്നിന് പ്രതിവർഷം)
കാപ്പി	5 കിന്റൽ
നെല്ല്	3.75 കിന്റൽ

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 10880.37 ഏക്കറാണ്. 6087.97 പുരയിടവും 183.63 ഏക്കർ നിലവും 490.57 കുത്തകപ്പാട്ടവും 4106.06 ഏക്കർ പുറമ്പോക്കും (കൈവശം) 12.25 ഏക്കർ തരിശുമായിട്ടാണ് കരുണാപുരം വില്ലേജ് ആഫീസ് കണക്കുകൾ കാണുന്നത്. ഇതിൽ ഭൂരിപക്ഷം ചരിഞ്ഞ കുന്നിൻ പ്രദേശങ്ങൾ മല മുകളിലെ സമതലങ്ങൾ താഴ്വര കൾ എന്നിങ്ങനെ കാണപ്പെടുന്നു. പൊതുവെ ഹൈ റേഞ്ചിൽ കാണപ്പെടുന്ന ചെമ്മണ്ണ ലോം

മണ്ണാണ് പരക്കെയുള്ളത് എന്നാൽ പുഴയോരങ്ങളിൽ ചില താഴ്ന്ന പ്രദേശങ്ങളിലും നെല്ല്, കരിമ്പ്, തെങ്ങ് എന്നിവയ്ക്ക് അനുയോജ്യമായ അലൂവിയം മണ്ണും കാണാവുന്നതാണ്. ചരിവു പ്രദേശങ്ങളിൽ ലൈവാംശമുള്ള കറുത്ത മണ്ണും. താഴ്വരകളിൽ ചെളി കലർന്ന മണൽ മണ്ണും മേട്ടിൻപുറങ്ങളിൽ മണൽ കലർന്ന കറുത്ത മണ്ണും മാറി മാറി വ്യത്യസ്തത കാണുന്നു. ചില പ്രദേശങ്ങളിൽ പൊതുവേ ചെമന്ന മണ്ണാണ് കാണുന്നത്. കുന്നിൻ മുകൾ അടിവാരങ്ങൾ എന്നിവടങ്ങളിൽ മണൽക്കലർപ്പ് കൂടിയിരിക്കുമെന്ന് മാത്രം. അവിടവിടെ പാറക്കെട്ടുകളും അവയോടു ചേർന്നുള്ള തരിശുകളും കാണാൻ കഴിയും.

ആകെ വിസ്തൃതിയുടെ ഗണ്യമായ ഭാഗത്തും കുരുമുളകാണ് പ്രധാന വിള ഏലവും തേയിലയും കാപ്പിയും, നെല്ലും എന്ന ക്രമത്തിലാണ് മറ്റ് പ്രധാന വിളകൾ അപൂർവ്വമായി തനി വിളകളുണ്ടെങ്കിലും ഭൂരിപക്ഷം പ്രദേശത്തും മിശ്ര വിള കൃഷിയാണ് കാണുന്നത്. ഇടവിളകൾ സർവ്വ സാധാരണമാണ്. കമുക്, തെങ്ങ്, കൊക്കൊ എന്നിവയും ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയുമാണ് ഇടവിളകൾ. പച്ചക്കറി നാമമാത്രമാണ്. പ്രധാന വിളയെന്തായിരുന്നാലും പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും വാഴ ഇടവിളയായി കാണാം. ഓരോ വിളവിഭാഗത്തിന്റെയും വിസ്തൃതി നിർണ്ണയിക്കാൻ ഈ സമ്പ്രദായം കാരണം വിഷമകരമാണ്.

പത്തോളം ഭൂവിഭാഗങ്ങളിലായി പരന്നു കിടക്കുന്ന പഞ്ചായത്തിലെ ഏറ്റവും കൂടുതൽ നെൽകൃഷി പോത്തിൻകണ്ടം പത്താം വാർഡിലാണ്. 183.63 ഏക്കർ നെൽകൃഷി ഉണ്ടായിരുന്നതായി സർക്കാർ കണക്കുകളിൽ കാണുന്നുണ്ടെങ്കിലും ഏകദേശം 100 ഏക്കറിൽ താഴെ മാത്രമാണ് നിലനിൽക്കുന്നത്. ബാക്കി ഭാഗങ്ങൾ നികത്തിയും കാനകീറി നിർവാർച്ചയുണ്ടാക്കിയും മറ്റ് കൃഷികൾക്കായി ഉപയോഗിച്ചു വരുന്നു. നെൽകൃഷി കൂടുതലും ഒരു പൂവാണ്. കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ അപൂർവ്വമായി പയർ കൃഷി നടത്താറുണ്ടെങ്കിലും അതൊരു പതിവാക്കിയിട്ടില്ല. ചില സ്ഥലങ്ങളിൽ പാവൽ കൃഷി വാണിജ്യടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. വയലുകളും അനുയോജ്യമായ മറ്റ് സ്ഥലങ്ങളും പച്ചക്കറി കൃഷിയ്ക്കും മറ്റ് ഹ്രസ്വകാലവിളകൾക്കുമായി ഉപയോഗപ്പെടുത്തുന്നില്ല.

കുരുമുളകിന്റെ ദ്രുത - സാവധാനവാട്ടം പൊള്ളുവണ്ട്. തിരിപൊഴിച്ചിൽ, ഇല കരിച്ചിൽ തുടങ്ങിയ രോഗങ്ങൾ ഉത്പാദന തകർച്ചക്ക് പ്രധാനകാരണമാണ്. മണ്ണിന്റെയും, കാലാവസ്ഥയുടെയും പ്രതികൂലപ്രവണതകളും മറ്റ് കാരണങ്ങളാണ്. വേനൽക്കാല വരൾച്ച കൂടുതലായനുഭവപ്പെട്ടു വരുന്നതും മറ്റൊരു കാരണമാണ്. ഈ പ്രതിസന്ധികൾക്ക് പരിഹാരനടപടികൾ സ്വീകരിക്കാതെ ഉത്പാദന നിലവാരം പ്രതീക്ഷകൾക്കനുസരിച്ച് മെച്ചപ്പെടുത്താൻ കഴിയില്ല. ജലസേചനം, മണ്ണുസംരക്ഷണം, ജലസംഭരണം എന്നീ മാർഗ്ഗങ്ങൾ അവലംബിക്കാതിരിക്കുക. വേനൽക്കാല പരിചരണമുറകളും മുൻകരുതലും എടുക്കാതിരിക്കൽ ഇവയെല്ലാം പോരായ്മയായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഏലത്തിന്റെ ഉത്പാദനം മാത്രമല്ല, ഉത്പ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയുന്നത്ര ശ്രമങ്ങൾ വൻകിട ചെറുകിട വ്യത്യാസമില്ലാതെ നടത്തുന്നുണ്ട്. ജലസേചനം, വളപ്രയോഗം, മണ്ണൊരുക്കൽ കീടനിയന്ത്രണം സർവ്വോപരി മെച്ചപ്പെട്ട ഇനങ്ങൾ കൃഷിക്കാർ തന്നെ കണ്ടെത്തി അഭിവൃദ്ധി പെടുത്തൽ ഇവയെല്ലാം ഏലം മേഖലയിലെ അനുകരണീയ മാതൃകകളാണ്. മൈലാടുംപാറയിലുള്ള ഇൻഡ്യൻ ഏലം ഗവേഷണ സ്ഥാപനത്തിന്റെയും കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ പാമ്പാടുംപാറയിലുള്ള ഏലം ഗവേഷണ കേന്ദ്രത്തിന്റെയും ഗവേഷണപ്രവർത്തനങ്ങളും സ്പൈസസ് ബോർഡിന്റെ സഹായങ്ങളും ഈ കൃഷിയെ പുഷ്ടിപ്പെടുത്തുന്നതിൽ താങ്ങും തണലുമായി നിൽക്കുന്നു. എന്നാൽ സ്പൈസസ് ബോർഡിന്റെ നിലപാടുകളും വ്യവസ്ഥകളും സാധാരണ, ചെറുകിട കൃഷിക്കാരന് സഹായകരമല്ല. കീടരോഗബാധയും മാർക്കറ്റിംഗ് പോരായ്മയും ഈ രംഗത്തെ വെല്ലുവിളികളായി നിലനിൽക്കുന്നു. അഴുകൽ, മൂട്ചീയൽ, കറ്റെ, മുരടിപ്പ്, മൊസൈയ്ക്ക് തുടങ്ങിയ വ്യാധികൾ നിരന്തരമായി ഏലത്തിന്റെ ഉത്പാദന വർദ്ധനവിലുള്ള എല്ലാ ശ്രമങ്ങളെയും നിഷ്പ്രഭമാക്കുന്നു. ആവർത്തന കൃഷി ഒരു തുടർ പ്രക്രിയയായിത്തീരുകയും സംരക്ഷണ പ്രവർത്തനങ്ങൾ അധികരിച്ച് ചെയ്യേണ്ടിയും വരുന്നതിനാൽ കൃഷി ചെലവുകൾ ക്രമാതീതമായി ഉയരുന്നു. ഏലത്തിന്റെ മാർക്കറ്റിംഗ് ഏറെ സങ്കീർണ്ണമായ നടപടികളിൽ കുരുങ്ങിക്കിടക്കുകയാണ്. വൻകിട തോട്ടമുടമകളുടെ ഈ രംഗത്തുള്ള സ്വാധീനം ചെറുകിടക്കാരുടെമേൽ ചൂഷണത്തിന് വഴിയൊരുക്കുന്നു. ഏലക്കായ, ലേലത്തിൽ ഒട്ടനവധി കൗശലങ്ങളും വഞ്ചനയും നിലനിൽക്കുന്നതായി പരാതിയുണ്ട്.

മെച്ചപ്പെട്ട വില ഉത്പാദനചെലവിന് ആനുപാതികമായെങ്കിലും ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ആവശ്യമായിരിക്കുന്നു. ഉത്പന്നത്തിന്റെ വില നിശ്ചയിക്കുന്ന രീതി സുതാര്യമാക്കി പരിഷ്ക്കരിക്കുന്നതിനുള്ള സമ്മർദ്ദ തന്ത്രങ്ങളും പോംവഴികളും സർക്കാർ തലത്തിൽ അടിയന്തിക പ്രാധാന്യമുള്ള ഒരു മുൻഗണനാ പ്രശ്നമായി പരിഗണിക്കേണ്ടതാണ്.

തേയില കൃഷി ആറാം വാർഡു മുതൽ ഒൻപതാം വാർഡുവരെയാണ് കണ്ടു വരുന്നത്. നെൽകൃഷിയുടെ രംഗത്തുള്ള സമാനത ഇവിടെയും കാണാം. ഏറ്റവും കൂടുതൽ തേയില കൃഷി പത്താം വാർഡിലാണ് ഉള്ളത്. തൊട്ടടുത്ത് യഥാക്രമം XI, IX, VIII വാർഡുകളും മറ്റ് വാർഡുകളിൽ ഏതാനും വ്യക്തികൾക്കുമാത്രമാണുള്ളത്. ദീർഘകാലമായി ആരാലും ശ്രദ്ധിക്കപ്പെടാതെ ഈ കാർഷികരംഗം തകർന്നുപോയിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ചാറു കൊല്ലമായി വിലയിൽ വലിയ മാറ്റങ്ങൾ പ്രകടമായതിനെത്തു

ടർന്ന് കൃഷിക്കാർ ഉത്സാഹഭരിതരായി രംഗത്തു വന്നു. ചില പുതിയ മേഖലയിൽ കൂടി പുതിയ ഇനം നടീൽ വസ്തുക്കൾ (stump) പരീക്ഷിക്കാൻ തയ്യാറായി. പഴയ കൃഷി പുനരുദ്ധരിക്കുന്നതിനും പരിചരിക്കുന്നതിലും താത്പര്യം കാണിക്കുന്നുണ്ട്. പ്രാദേശികമായി പ്രവർത്തിക്കുന്ന തേയില ഫാക്ടറി ഉടമകളാണ് വില നിയന്ത്രിക്കുന്നത്. സംഭരണത്തിനായി ഏർപ്പെടുത്തിയിരിക്കുന്ന ഏജന്റുമാരുടെ ചൂഷണവും ശക്തമാണ്. പക്ഷെ ഈ പ്രശ്നങ്ങളൊന്നും കൃഷിക്കാർ കാര്യമായി പരിഗണിക്കാറേയില്ല. തേയില കൃഷിക്കനുയോജ്യമായ നിരവധി സാധ്യതകൾ ഇനിയും പ്രയോജനപ്പെടുത്തിയിട്ടില്ല.

കാറ്റിന്റെ ശക്തിയും ഗതിവേഗവും അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ചെയ്യാവുന്ന ഒരു വാണിജ്യവിള എന്ന നിലയിൽ അനുയോജ്യമായ മേഖലയിൽ കൃഷി വ്യാപനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. ഏലം, കുരുമുളക് രംഗം നേരിടുന്ന നിരവധി പ്രതിസന്ധികൾ തേയിലക്ക് ബാധകമല്ലാത്തതും ചെലവു കുറഞ്ഞ പരിചരണ മുറകളും ഈ കൃഷിയെ ശ്രദ്ധേയമാക്കുന്നു. പക്ഷെ തേയില കൊളുന്ത് നുള്ളുന്നതിനുള്ള വൈദഗദ്ധ്യം ഈ രംഗത്തുള്ള തൊഴിലാളികൾക്കുള്ളതായി കാണുന്നില്ല. അത്യാവശ്യം ചെയ്യേണ്ട ശാസ്ത്രീയ കൃഷി മുറകൾ സ്വീകരിച്ചു കാണുന്നില്ല. മണ്ണു സംരക്ഷണ രീതികൾ മറ്റ് വിളകൾക്കെന്നപോലെ തന്നെ അനുകരിക്കുന്നതും അഭിലഷണീയമല്ല. തേയിലക്കൊതുക്, ഇല പൊള്ളൽ തുടങ്ങിയ രോഗങ്ങൾ ഈ കൃഷിയെ ബാധിക്കുന്നു.

തെങ്ങ് കൃഷി അനുദിനം അഭിവൃദ്ധി പ്രാപിക്കുന്നുണ്ടെങ്കിലും പഴയ തെങ്ങുകൾക്ക് പലയിടങ്ങളിലും കാറ്റു വീഴ്ച ശക്തിയായിത്തന്നെ ബാധിച്ചിട്ടുണ്ട്. അത്തരം തെങ്ങുകൾ അടിയന്തിരമായി നീക്കം ചെയ്യാത്ത പക്ഷം ആരംഭ ദശയിൽത്തന്നെ ഈ കൃഷി നാമവശേഷമാകാനിടയുണ്ട്. വളരെ ക്കാലം കാത്തിരുന്ന് ആദായം കിട്ടിത്തുടങ്ങുന്നതും ഫലം നൽകിത്തുടങ്ങിയാൽ അനേക ക്കാലം ആദായം ലഭിക്കുന്നതുമായ ഈ ഫലവൃക്ഷ കൃഷിയെ ആ ഉൾക്കാഴ്ചയോടെ സമീപിക്കുകയും, സംരക്ഷിക്കുകയും ചെയ്യാൻ വമ്പിച്ച ബോധവൽക്കരണവും മേൽനോട്ട പരിശോധനാ നടപടിയും ഏർപ്പെടുത്തണം. മെച്ചപ്പെട്ട ഇനങ്ങൾ കൃഷി ചെയ്യാനും അനുയോജ്യമായ മണ്ണിൽ മാത്രം കൃഷി പ്രോൽസാഹിപ്പിക്കാനും ശ്രമിക്കണം.

പൊഴിച്ചിൽ, കൂമ്പുചീയൽ, ചെന്നീരൊലിപ്പ് എന്നീ രോഗങ്ങളും ചെല്ലികുത്തുമാണ് പ്രധാന പ്രശ്നങ്ങൾ. നിരന്തരമായും ശ്രദ്ധാപൂർവ്വവുമായ കൃഷിമുറകൾ മണ്ണ് പരിശോധിച്ചു നടപ്പിലാക്കേണ്ടിയിരിക്കുന്നു. ചില സ്ഥലങ്ങളിൽ കുലകൾ പേടായി പോകുന്നതും, കാമ്പിനു ബലമില്ലാതിരിക്കുന്നതും ഗവേഷണ വിധേയമാക്കേണ്ടതാണ്.

ഇടവിളയായി കമുക്കൃഷിയും പരിചരണവും ശ്രദ്ധയുമില്ലാതെ മറ്റ് കൃഷിപ്പണിയുടെ പരോക്ഷഫലം സ്വീകരിച്ചു വളർന്നു ഫലം തരുന്നു. അപൂർവ്വം ചിലർ നനച്ചു പരിചരിച്ചു ശ്രദ്ധയായി കൃഷി ചെയ്യുന്നുമുണ്ട്. അനവധി തവണകളായി ആദായം ലഭിക്കുന്ന ഈ കൃഷി കുരുമുളകിന് താങ്ങുമരമായി സ്വീകരിക്കുന്ന ദ്വിതല കൃഷി സമ്പ്രദായം കുരുമുളക് കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങൾക്ക് അനുയോജ്യമാണ്. വലിയ രോഗബാധ കാണുന്നില്ലെങ്കിലും ബോഡ്ഡോ മിശ്രിതം കൃത്യമായി തളിച്ച് പരിഹാരം കാണാൻ കഴിയുന്ന പ്രശ്നങ്ങളെ കമുകിനെ ബാധിച്ചു കാണുന്നുള്ളൂ. നല്ലയിനങ്ങൾ ജലസേചനം നൽകി കൃഷി ചെയ്യാൻ കഴിഞ്ഞാൽ സാമ്പത്തിക ഭദ്രതക്കുള്ള നല്ല സംഭാവന പ്രദാനം ചെയ്യാൻ കഴിയും.

നാമമാത്രമായി കൃഷി ചെയ്യുന്ന കപ്പ, കാച്ചിൽ, ചേമ്പ്, ചേന തുടങ്ങിയ ഭക്ഷ്യവിളകൾ നേരിടുന്ന പ്രധാന പ്രശ്നം എലി ശല്യമാണ്. ഇതിനായി പ്രത്യേക സ്ഥലം നീക്കിവയ്ക്കേണ്ട കാര്യമില്ലെങ്കിലും മറ്റ് കാർഷിക വിളകൾക്കൊപ്പം കൃഷിക്ക് യോജിച്ച ഇനം വികസിപ്പിച്ചു ലഭ്യമാക്കേണ്ടതുണ്ട്. ഇട കൃഷികൾ പോഷിപ്പിക്കാനും വിളവുകാലം കുറച്ചുകൊണ്ടും വരുന്നതിന് കഴിവുമുള്ള ഇനങ്ങളും കൃഷി ചെയ്ത് തുടങ്ങണം.

വളം - കീടനാശിനികൾ - കൃഷിരീതികൾ

ഏലം മേഖലയിൽ മാത്രമാണ് കാര്യക്ഷമമായ വള പ്രയോഗവും കീടനാശിനി ഉപയോഗവും നിലവിലുള്ളത്. മണ്ണു പരിശോധിക്കാതെയുള്ള വള പ്രയോഗ രീതി കർഷകന് സാമ്പത്തിക നഷ്ടം വരുത്താനിടയുള്ള ഒന്നാണ്. കൂടുതലായി രാസവളങ്ങളാണ് ഉപയോഗിച്ചു വരുന്നത്. എന്നാൽ ഇപ്പോൾ സാർവ്വത്രികമായി ആണ്ടിടവിട്ട് കോഴിവളം, ചാണകം, ആട്ടിൻ കാഷ്ഠം എന്നിവയും ഉപയോഗിക്കുന്നു. തമിഴ്നാട്ടിൽ നിന്നും ചകിരിച്ചോറ് ചിലർ വാങ്ങി പുതയിടാൻ ആരംഭിച്ചിരുന്നു. എന്നാൽ ഈ പരീക്ഷണം തുടർന്നതായി കണ്ടില്ല. അമിതമായി കീടനാശിനി പ്രയോഗം മണ്ണിന്റെ സൂഷ്മാണു പ്രവർത്തനങ്ങളെയും ജൈവപ്രക്രിയയേയും സാരവത്തായി ബാധിച്ചിട്ടുണ്ട്. വീര്യം കൂടിയതും ഉപയോഗിക്കാൻ പാടില്ലാത്തതുമായ ബി. എച്ച്. സി.യുടെ ഉപയോഗം കൂടി വരുന്നതായി കാണുന്നു. ഫുറഡാൻ, ഫോറേറ്റ് എന്നിവയുടെ ഉപയോഗവും ദോഷകരമാണ്. ജൈവ കാർഷിക രീതിയിലേക്ക് നഷ്ടം കൂടാതെ തിരികെ പോകാൻ കൃഷിക്കാർക്ക് മാതൃകാത്തോട്ടങ്ങൾ വഴി വ്യക്തമാക്കിക്കൊടുക്കാനും പരിശീലിപ്പിക്കുന്നതിനും ശ്രമിക്കണം. കുരുമുളകിനും മറ്റ് കൃഷികൾക്കും രാസവള പ്രയോഗം പൊതുവേ കാണുന്നില്ല. കാലി വളം കഴിയുന്ത്ര ഉപയോഗിക്കുന്നുണ്ട്. കന്നുകാലി സംരക്ഷണവും കറവമാടുവളർത്തലും പ്രചാരത്തിലായി കഴിഞ്ഞിട്ടുള്ളതാണ് ഇതിനു മുഖ്യ കാരണം.

കുരുമുളക് കൃഷിക്ക് വളരെ പ്രയോജനം കണ്ടിട്ടുള്ള ഒന്നാണ് ജൈവവള പ്രയോഗം ഇതു കൂടാതെ ചില

കമ്പനികളുടെ ജൈവവളങ്ങളും വാങ്ങി ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. കീടനാശിനി പ്രയോഗം വിരളമാണ്. coc, തുരിശ് തുടങ്ങിയവയുടെ (ബോഡോ മിശ്രിതം) പ്രയോഗം സാവധാനത്തിൽ പ്രചാരത്തിലായിട്ടുണ്ട്. ഈ രംഗത്തും ഏലം, കുരുമുളക്, സമ്മിശ്രകൃഷി മേഖല ശ്രദ്ധ ചെലുത്തുന്നുണ്ട്. നെൽ വയലുകളിലും അടി വള പ്രയോഗമുണ്ട്. ചാണകമാണിതിന് ഉപയോഗിക്കുന്നത്. നാമമാത്രമായി രാസവളം ഉപയോഗിക്കുന്നു. രോഗലക്ഷണങ്ങളോ കീടശല്യമോ പ്രത്യക്ഷപെട്ടാൽ മാത്രം കീടനാശിനി ഉപയോഗിക്കുന്ന പതിവാണുള്ളത്. പഞ്ചായത്തിൽ പട്ടംകോളനി SCB ൽ മാത്രമാണ് വളം കീടനാശിനി വില്പനയുള്ളത്. കുട്ടാർ SCB വില്പനയുണ്ടെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും പ്രത്യക്ഷമായി വില്പനശാല എവിടെയെങ്കിലും പ്രവർത്തിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല. മറ്റ് സ്വകാര്യ സംരഭങ്ങൾ ഏറെയില്ല. ഈ രംഗത്തെ ആവശ്യങ്ങൾ വണ്ടന്മേട്ടിലുള്ള സ്വകാര്യ സഹകരണ വ്യാപാര സ്ഥാപനങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്.

നൂതനകൃഷി സമ്പ്രദായങ്ങൾ നമ്മുടെ നാട്ടിൽ പ്രാവർത്തികമാക്കേണ്ടതാണ്. ചെരിവു പ്രദേശങ്ങളിൽ ഇടതടവില്ലാതെ മണ്ണിളക്കി പണികൾ ചെയ്യുന്ന രീതിയാണിന്നുള്ളത്. മണ്ണിന്റെ ജൈവാംശം അനേകമടങ്ങ് വർദ്ധിപ്പിച്ച് ജലസംഭരണശേഷി നിലനിർത്തണം. വേനൽക്കാലത്ത് തടങ്ങൾ തുറന്ന് പുതയിടുന്ന സമ്പ്രദായം ഉപേക്ഷിച്ച മട്ടാണ്. മഴ അവസാനിക്കുന്ന മുറയ്ക്ക് മണ്ണിളക്കിയിടുകയും തുടർന്ന് കളകൾ തുമ്പാ ഉപയോഗിച്ച് ചെത്തി നീക്കുകയും ചെയ്യുകയാണിപ്പോൾ ചെയ്ത് വരുന്നത്. മെയ് മാസത്തിൽ ചാണകം ഉണക്കി ചേർക്കുന്നു. പ്രധാന കൃഷികൾക്ക് മാത്രമാണ് സംരക്ഷണ പ്രവർത്തനങ്ങൾ. ഇടവിളയെകൂടി പരിഗണിച്ചുള്ള കൃഷിപ്പണികൾ ശീലിക്കേണ്ടതുണ്ട്. പച്ചില വളകൃഷി ഒരു സ്ഥിരം ഏർപ്പാടാക്കേണ്ടതാണ്. ഏലക്കാട്ടിലെ വൻമരങ്ങൾ വെട്ടി നശിപ്പിച്ചുള്ള പുനഃകൃഷി രീതി വളരെ പഴക്കം ചെന്ന ഏലത്തോട്ടങ്ങളിൽ വരെ പുതിയ പ്രശ്നങ്ങൾക്കിടയാക്കിയിട്ടുണ്ട്. ഇവയൊന്നും കൃഷിയെ ബാധിക്കുന്ന പ്രശ്നങ്ങളാണെന്ന് സമ്മതിച്ചുകൊടുക്കുവാൻ കൃഷിക്കാർ തയ്യാറാകുമോ. എന്ന് സംശയമാണ്. തോട്ടങ്ങളിലെ തണലിന്റെ ക്രമീകരണരീതി സ്പൈസസ് ബോർഡിന്റെ പ്രേരണമൂലം നടപ്പാക്കി തുടങ്ങിയതാണ്.

വ്യത്യസ്ത ഇനങ്ങളിലും ജാതിയിലും പെട്ടിരുന്ന വൈവിധ്യമാർന്ന മരകൂട്ടങ്ങൾ ഒന്നൊന്നായി നശിപ്പിച്ചാണ് പകരം ഒന്നോ രണ്ടോ ഇനങ്ങളിലുള്ള മരം തണലിനായി വളർത്തുന്നത്. മിക്കവാറും പ്ലാവാണിതിനായി ഉപയോഗിച്ചു കാണുന്നത്. ഇത് ഏലത്തോട്ടങ്ങളുടെ വന്യത നഷ്ടപ്പെടുത്തുകയും, മണ്ണിലെ ജൈവസമ്പത്തിനും ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയ്ക്കും കെടുതികളുണ്ടാക്കുന്നു. ക്രിമികീടങ്ങളുടെയും രോഗ വ്യാപനത്തിന്റെയും കാരണങ്ങൾ ഇവയൊക്കെയല്ലേ എന്നു നാം ചിന്തിക്കേണ്ടതുണ്ട്. കൃഷിയെന്നാൽ മണ്ണ് സംരക്ഷണവും പരുവപ്പെടുത്തലും, ജല ആഗമന നിർഗമഗന സംവിധാനത്തിലുള്ള ക്രമപ്പെടുത്തലും, ചിട്ടപ്പെടുത്തി ഉപയോഗിക്കലും ആയതിനുള്ള പശ്ചാത്തലമൊരുക്കലും എന്ന അർത്ഥത്തിൽ കാണാൻ ശ്രമിക്കണം. വിള സംരക്ഷണം എന്ന ആശയത്തിന് ഈ അടിസ്ഥാനത്തിൽ തുടക്കം കുറിയ്ക്കാൻ കഴിഞ്ഞാൽ തന്നെ പ്രശ്ന പരിഹാരത്തിന് സാദ്ധ്യത കൈവന്നു കഴിയും.

കാർഷിക ജനകീയ സമിതികളും സേവനവും

1987-ൽ നിലവിൽ വന്ന കൃഷിഭവൻ സ്ഥാപിച്ചത് പഞ്ചായത്തിന്റെ ഒന്നാം വാർഡിലാണ് അന്നു മുതൽക്ക് തന്നെ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും ഈ സർക്കാർ സ്ഥാപനത്തിന്റെ സജീവ പരിഗണന ലഭിച്ചിരുന്നില്ല. കൃഷിക്കാർക്കുള്ള സന്ദേശങ്ങൾ മാത്രമല്ല സഹായങ്ങളും തൂക്കുപാലത്ത് കേന്ദ്രീകരിക്കുകയാണുണ്ടായത്. കൃഷിഭവൻ കേന്ദ്രം പഞ്ചായത്തിന്റെ ഭൂമിശാസ്ത്രത്തിനനുയോജ്യമായി മാറ്റി സ്ഥാപിച്ചുകൊണ്ടല്ലാതെ ഈ കുറവു പരിഹരിക്കാൻ കഴിയില്ല.

പഞ്ചായത്തിൽ ആകെ 16 കുരുമുളക് സംരക്ഷണ സമിതികളും പഞ്ചായത്ത് തലത്തിൽ ഒരു കേര സംരക്ഷണ സമിതിയും നിലവിലുണ്ട്. ഇവയിൽ കുരുമുളക് സമിതിയിൽ 4000 അംഗങ്ങളും തെങ്ങ് സംരക്ഷണ സമിതിയിൽ 1500 അംഗങ്ങളും സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. കൃഷിഭവൻ ബന്ധം കുറെയെങ്കിലും ഈ സമിതികൾ വഴി നിലനിൽക്കുന്നു. എന്നാൽ ഈ സമിതികൾ ഉദ്യോഗസ്ഥന്മാർക്കും കൃഷിക്കാർക്കുമിടയിലെ ഒരു ഏജൻസിയേ പോലെ തരംതാണു പോയിട്ടുണ്ടെന്ന് തോന്നുന്നു. ചില സമിതികൾ വിമർശനങ്ങളില്ലാതെ പ്രവർത്തിക്കുന്നു എന്ന തോന്നൽ ഉണ്ടാക്കിയിട്ടുണ്ട്. അവയുടെ നേതൃത്വം വഹിക്കുന്നവരുടെ വ്യക്തിത്വഗുണം കൊണ്ടാണ് അങ്ങനെ തോന്നുന്നതെങ്കിലും ഉള്ളടക്കത്തിലും മറ്റും മുഴുവൻ സമിതികളും സമാനമായിട്ടാണ് നിലകൊള്ളുന്നത്. കുരുമുളക് സമിതികൾകൊണ്ട് ലക്ഷ്യമിട്ടിരുന്നത് നാളിതു വരെ സാധിച്ചിട്ടില്ല. പല സ്ഥലങ്ങളിലും മുഴുവൻ കൃഷിക്കാരെയും അംഗങ്ങളാക്കാൻ കൂട്ടാക്കുന്നില്ല. എല്ലാ കുരുമുളക് തോട്ടങ്ങളെയും ഒരേ തരത്തിലുള്ള പ്രവർത്തനങ്ങൾ വഴി രോഗവിമുക്തമാക്കുക എന്ന ലക്ഷ്യം നിറവേറ്റാൻ കഴിയാത്തതിനുള്ള മുഖ്യ കാരണം പ്രവർത്തനത്തിലുള്ള വ്യതിചലനവും ഉത്തരവാദിത്തമില്ലായ്മയുമാണ്. സന്നദ്ധ സേനകളെ രൂപീകരിച്ച് ഒരേ കാലയളവിൽ ഘട്ടങ്ങളായി മരുന്നുതളിയ്ക്കൽ മറ്റ് രോഗ പ്രതിരോധം രോഗ നിവാരണ പ്രവർത്തനങ്ങൾ ഇവയൊക്കെ ലക്ഷ്യമിട്ടിരുന്നെങ്കിലും കൃഷിക്കാർക്ക് കാര്യങ്ങളൊന്നും വ്യക്തമല്ല. ഒൻപത് റോക്കർ സ്പ്രേയറുകളും അനുബന്ധ സാമിഗ്രികളും ഉണ്ടെങ്കിലും ഇവയൊന്നും കൃഷിക്കാ

രന് സഹായകരമായി ഉപയോഗിക്കാൻ ലഭിക്കാറില്ല എന്ന പരാതി ചിലയേടത്തെങ്കിലുമുണ്ട്. ആരംഭകാലത്ത് ഏതെങ്കിലും പൊതു സ്ഥലത്താരംഭിച്ചിരുന്ന സമിതികൾ ചിലത് ഭാരവാഹികൾക്ക് ചുറ്റുമായി ഒതുങ്ങിയിരിക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിച്ചേ മതിയാകൂ. ജനാധിപത്യം പുനഃസ്ഥാപിച്ച് സൂതാര്യ പ്രവർത്തനങ്ങളും നടപടികളും ഈ സമിതികളുടെ തേജസ്സ് വീണ്ടെടുക്കാൻ സഹായിക്കും. ഈ രംഗത്തുള്ള കടുത്ത ചൂഷണവും സ്ഥായിയായി അവസാനിപ്പിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച കുറവുകളും വിമർശനങ്ങളും തെങ്ങ് സമിതിക്കും ഇണങ്ങുന്നതായിരിക്കും. ഇതിന്റെ ഭാരവാഹികളിൽ ഒരാൾ വണ്ടന്മേട്ടിലും മറ്റൊരാൾ പാമ്പാടുംപാറ പഞ്ചായത്തിലും താമസക്കാരാണെന്ന പരാതിയും ഉയർന്നിട്ടുണ്ട്. തെങ്ങ് ഉണ്ടോ എന്നു നോക്കിയൊന്നുമല്ല ഇതിന്റെ പ്രവർത്തനങ്ങൾ. തെങ്ങു കൃഷിയില്ലാത്ത ഇടങ്ങളിലും ഇതിന്റെ പ്രതിനിധികളായി ചിലർ പ്രവർത്തിക്കുന്നതായി പറഞ്ഞുകേൾക്കുന്നു. ഇതിലൂടെ നടക്കുന്നതെന്താണ്, നടക്കേണ്ടതെന്താണെന്ന് ബഹുജനങ്ങൾക്ക് ബോധ്യമാകുന്ന തരത്തിൽ അദ്യശ്യത അവസാനിപ്പിച്ച് തുറന്ന പ്രവർത്തനത്തിലേക്ക് നയിക്കണം.

ഇതു കൂടാതെ പോത്തുംകണ്ടം കേന്ദ്രമാക്കി രണ്ട് നെല്ല് ഉത്പാദക സമിതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ കാണാൻ കഴിയുന്നവയല്ല. ഒരേ പാടശേഖരങ്ങൾ പ്രവർത്തനമേഖലയാക്കി ഒരേ സ്ഥലമുടമസ്ഥരോ അവരുടെ കുടുംബാംഗങ്ങളേയോ അംഗങ്ങളാക്കിയിട്ടുള്ള "ഒരേ തൂവൽപക്ഷികൾ"! ഇവയുടെ പ്രവർത്തനം പരിശോധനാ വിധേയമാക്കേണ്ടതാണ്. സർക്കാരിന്റെ പദ്ധതികൾ യാതൊരു നീതികരണവും മനസ്സാക്ഷിക്കുത്തുമില്ലാതെ ദുരുപയോഗം ചെയ്യുന്ന നടപടികൾ പദ്ധതികൾക്കുതന്നെ ഭീഷണിയാണ്. ഒരു ട്രില്ലർ ഒരു സമിതിക്കുണ്ട് കൃഷിക്കാർക്ക് അത് വാടകയ്ക്ക് നൽകുന്നുണ്ട്.

തൊഴിലും കൂലിയും

അഭ്യസ്ത വിദ്യരായിട്ടുള്ള യുവതീയുവാക്കൾക്ക് കാർഷികവും അനുബന്ധ പ്രവർത്തനങ്ങളും താത് പര്യമില്ലാത്ത ഒന്നായിത്തീർന്നിട്ടുണ്ട്. യുവാക്കളിലാണ് ഈ ആഭിമുഖ്യ കുറവ് മുഖ്യമായി കണ്ടു വരുന്നത്. തൊഴിലാളികൾ കാർഷികരംഗത്ത് കുറഞ്ഞുവരുകയാണ്. ചില പ്രദേശങ്ങളിൽ തൊഴിലാളികളെ ലഭിക്കാതെ വരുന്നതായി പറയുന്നു. കാർഷികമേഖലയ്ക്ക് പൊതുവേ തൊഴിലാളികൾക്ക് മിനിമം വാർഷിക തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ കെല്പില്ല എന്ന യാഥാർത്ഥ്യത്തിലേക്കാണ് ഇതിന്റെ അന്വേഷണം നമ്മെ കൊണ്ടു ചെന്നെത്തിക്കുന്നത്. കാർഷിക തകർച്ചയും തജന്യമായ പ്രശ്നങ്ങളും അവശ്യവസ്തുക്കൾ ഒന്നൊഴിയാതെ വില കൊടുത്തു വാങ്ങേണ്ട വിധത്തിലുള്ള നമ്മുടെ അധഃപതനവും ഇതിന് വഴി വെച്ചിട്ടുണ്ട്. കൂടുതൽ വേതനവും ജോലിയും ലഭിക്കുന്നിടത്തേക്ക് തൊഴിലാളികൾ മാറിപ്പോകുന്നതും കാരണം തന്നെ. എന്നാൽ തോട്ടം മേഖലയിൽ ഈ പ്രതിസന്ധിയില്ല. ചില സീസൺ സമയത്തു മാത്രമാണ് തൊഴിലാളികളെ കിട്ടാനില്ല എന്ന മുറവിളി ഉയർന്നു കേൾക്കുന്നത്. വിദ്യാഭ്യാസ പുരോഗതിയും കറവമാടുവളർത്തൽ പുരോഗമിച്ചതും ഈ തൊഴിലാളി ദാരിദ്ര്യ പ്രശ്നത്തെ സ്വാധീനിച്ചിട്ടുള്ള സംഗതികളാണ്. മുൻകാലങ്ങളിൽ മറ്റ് ജില്ലകളിൽ നിന്ന് തൊഴിലാളികൾ തുടർച്ചയായി തൊഴിലിനായി ഇവിടെ വന്നിരുന്നു. ഇന്ന് ആ പ്രവണത നിലച്ചുപോയിരിക്കുന്നു. നാട്ടിൻ പുറങ്ങളിലെ സേവന വേതന നിലവാരം മെച്ചപ്പെട്ടതാണിതിനൊരു കാരണം. ഇവിടെ നിന്നും പുറത്തേക്ക് ജോലി തേടി പോകാനുള്ള

കൂലി നിരക്ക് ഒറ്റനോട്ടത്തിൽ

കൂലി മേഖല	പുരു.	സ്ത്രീ
തോട്ടം മേഖല	53.13	53.13
കാർഷിക മേഖല	60	45
നിർമ്മാണതൊഴിൽ	125	75
മരപ്പണി	125	
കൽപ്പണി	125	

കാരണവും ഇതു തന്നെ. മുൻകാലങ്ങളിൽ കർഷക തൊഴിലാളികൾക്ക് മൂന്നു നേരം ഭക്ഷണവും പുറമേ ശമ്പളവും നൽകിയിരുന്ന പതിവ് ഇന്നില്ലെന്ന് പറയാം. കൂലി നിരക്ക് പല നിലയിലാണെങ്കിലും പുരുഷ തൊഴിലാളിക്ക് 50 മുതൽ 60 വരെയും സ്ത്രീ തൊഴിലാളിക്ക് 40 രൂപയുമാണ് തോട്ടങ്ങളിൽ വേതനമായി 53.13 രൂപാ സ്ത്രീ പുരുഷ ഭേദമന്യേ ലഭിക്കും.

ഇന്ന് പഞ്ചായത്തിൽ 1606 കർഷക തൊഴിലാളികളാണുള്ളത്. സ്വന്തം കൃഷിയിടങ്ങളിൽ ജോലി ചെയ്യുകയും മറ്റ് സമയങ്ങളിൽ അന്യർക്കുവേണ്ടി കൂലിപ്പണിക്കു പോകുന്നവരും, സ്വന്തം പറമ്പുകളിൽ സീസൺ സമയത്തു മാത്രം തൊഴിലാളികളെ വച്ചു ജോലി ചെയ്യിക്കുന്നവരും, അല്ലാതെയുള്ള അവസരത്തിൽ സ്വന്തമായി കൃഷി ചെയ്ത് ഉപജീവനം നടത്തുന്നവരുമെന്ന നിലയിൽ വേർതിരിവ് ജനങ്ങളുടെ തൊഴിലുമായി ബന്ധപ്പെട്ട് കാണാം.

കാർഷിക വായ്പാ സംഘങ്ങൾ

രണ്ട് സഹകരണ ബാങ്കുകളടക്കം 4 വായ്പാ ബാങ്കുകളാണ് പഞ്ചായത്തിന്റെ പ്രവർത്തനപരിധിയിൽ പ്രവർത്തിക്കുന്നത്. ഇതിൽ സ്റ്റേറ്റ് ബാങ്കിന്റെ ശാഖ പാമ്പാടുംപാറ പഞ്ചായത്തിലാണ്. നെടുങ്കണ്ടം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മലനാട് കാർഷികവികസന ബാങ്ക്, വണ്ട

കാർഷിക വായ്പ തുക കഴിഞ്ഞ മൂന്നു വർഷത്തിൽ

നമ്പർ	സ്ഥാപനത്തിന്റെ പേര്	1993-94	1994-95	1995-96
1.	SCB പട്ടംകോളനി	3736919	5569063	5805985
2.	SCB കൂട്ടാർ	7158648	6730428	7943470
3.	SBI കൂട്ടാർ	892518.28	12,48,300.67	15,15,647.00
4.	SBT തൂക്കുപാലം			

മേഖലയിലുള്ള യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യാ എന്നിവയെയും വായ്പാ ആവശ്യത്തിനായി ആശ്രയിക്കുന്നുണ്ട്. സഹകരണ ബാങ്കിന്റെ വായ്പാ തിരിച്ചടവിൽ വലിയ പോരായ്മകൾ നിലനിൽക്കുന്നു. വായ്പകൾ അതിന്റെ ഉദ്ദേശ്യങ്ങൾക്കായി വിനിയോഗിക്കുന്നില്ലായെന്ന ആക്ഷേപം പരക്കെയുണ്ട്. IRDP പോലുള്ള വായ്പകളിലും ബാങ്കുകൾ പൊതുവേ താത്പര്യം കാണിക്കുന്നില്ല. കാർഷികാനുബന്ധ പ്രവർത്തനങ്ങൾക്കുള്ള പ്രവർത്തന പുരോഗതിയെ ഇത് ബാധിക്കുന്നുണ്ട്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന പഞ്ചായത്തിലെ സ്ഥാപനങ്ങൾ കൂടാതെ തൂക്കുപാലം, കട്ടപ്പന തുടങ്ങിയ സ്ഥലങ്ങളിലെ ധനകാര്യസ്ഥാപനങ്ങളെയും കർഷകർ ആശ്രയിക്കുന്നു.

തോടുകൾ നീരൊഴുക്കുകൾ

നമ്പർ	വാർഡ്	ഉത്ഭവിച്ചൊഴുകുന്ന സ്ഥലം	ദൂരം	ജലലഭ്യത
1	I	തുരുത്തിയിൽ ശേഖരന്റെ സ്ഥലത്തു നിന്നും ഉത്ഭവിച്ച് 5, 1 വാർഡു അതൃത്തിയിലൂടെ കൊച്ചു മൂട്ട് വഴി കല്ലാറ്റിൽ പതിക്കുന്നു. ഏകദേശം 7 മാസം വരെ ജലലഭ്യതയുള്ള മഴക്കാല നീരൊഴുക്കുകൾ 9 എണ്ണം വേറെയുമുണ്ട്.	1 K M.	8 മാസം 7 മാസം
2	II	കോമ്പമുക്കിൽ നിന്നും പാമ്പുംമുക്കിലേക്ക് ഒഴുകുന്ന തോട്	4 KM.	
3		പൈലിക്കാനത്തു നിന്നും ആരംഭിച്ചു ചോറ്റുപാറതോട്ടിൽ ചേരുന്ന ചെറിയ തോട്	1.500 KM.	
4	III	കൃഷ്ണപുരം, കുരുവിക്കാനത്തു നിന്നും ആരംഭിച്ച് കോമ്പമുക്കിൽ എത്തുന്നു.	3 KM.	10 മാസം
5	IV	കുരുവിക്കാനം - ചുമ്മാരുകട - കൂട്ടാർ തോട്	3 KM.	6 മാസം
6		കുട്ടച്ചൻ പടി തിരുവല്ലാകട - കൂട്ടാർ തോട്	1.500 KM.	"
7	V	ചുമ്മാരുകട - കൂട്ടാർ1 KM.	"	
8		കുരുവിക്കാനം താഴ്വശത്തു നിന്നാരംഭിച്ച് പ്ലാമൂട് വഴി തേർഡ്ക്യാമ്പു കല്ലാറ്റിൽ പതിക്കുന്നു.	2 KM.	10 മാസം
9	VI	ഊളയ്ക്കൽ മുതൽ കുട്ടച്ചൻപടി വരെ		
10		S. N. D. P. പടി മുതൽ പാറക്കടവ് വരെ		
11	VIII	കൊച്ചേറ ആറ് 9.500 KM.	12 മാസം	
12	IX	പോത്തുംകണ്ടം ആറ്റിൻകര തോട്	1.500 KM.	10 മാസം
13	X	പോത്തുംകണ്ടം തണ്ടാശ്ശേരിപ്പടി ആറ്റിൻകര തോട്	.500 KM	"
14	XI	ശൂലപ്പാറ പോത്തുംകണ്ടം	1.500 KM	"
15	X	കുളത്തുംമേട് പോത്തുംകണ്ടം	2 KM.	"

ജലസേചനം

മഴയെ മാത്രം ആശ്രയിച്ചുള്ള കാർഷികരീതിക്ക് നാളെറേയായിട്ടും മാറ്റങ്ങൾ കാര്യമായി ഉണ്ടായിട്ടില്ല. മെയ് മുതൽ ആരംഭിച്ച് ഹ്രസ്വമായ ഇടവേളക്കുശേഷം തുടങ്ങുന്ന രണ്ട് ഘട്ടങ്ങളിലുള്ള മഴ നവംബർ ഡിസംബർ വരെ ലഭിക്കും. മഴക്കാലത്ത് സാവധാനം പെയ്യുന്ന മഴ ദീർഘ കാലം പെയ്ത് വെള്ളം മണ്ണിൽ ആഴ്ന്നിറങ്ങാൻ സഹായക രമായിരുന്നു. കൂടുതൽ വെള്ളവും ലഭിക്കുമായിരുന്നു. എന്നാൽ ആ നിലക്ക് മാറ്റം വന്നിരിക്കുന്നു. മഴക്ക് കുറവി ല്ലെന്നു തോന്നിക്കുമെങ്കിലും ആകെ മഴയിൽ നിന്നു ലഭി ക്കുന്ന വെള്ളത്തിന്റെ ലഭ്യതയ്ക്ക് കുറവുണ്ട്. മഴയുടെ രീതിക്ക് മാറ്റം വന്നതിന്റെ ഫലമായി ശക്തമായ മഴ മണ്ണിനും കെടുതികൾ ഉണ്ടാക്കുന്നു.

ജലസേചനത്തിനുള്ള സ്രോതസ്സുകളുണ്ടെങ്കിലും അവ ഉപയോഗപ്പെടുത്തിയുള്ള കൃഷി രീതി പൊതുവേ ഏല കൃഷി രംഗത്തേ കാണുന്നുള്ളൂ. കുരുമുളകിനും മറ്റ് കൃഷികൾക്കും ഇത് ബാധകമാക്കണം. മൈനർ ഇറിഗേ ഷന്റെ നിരവധി കുളങ്ങൾ ഏതാനും വർഷങ്ങൾക്കു മുൻപ് നിർമ്മിച്ചതിൽ ഭൂരിപക്ഷവും X, IX, XI വാർഡുകളിലാണ് ഇവയെല്ലാം സ്വകാര്യ വ്യക്തികളുടെ ഉപയോഗത്തിലാണ്. ജലസേചനത്തിനാവശ്യമായ സങ്കേതിക പശ്ചാത്തല സംവിധാനങ്ങൾക്ക് ഇവിടെ കൂടുതൽ പണം മുടക്കേണ്ടി വരുന്നു എന്നതും തടസ്സങ്ങളാണ്. അവയ്ക്കെല്ലാം പരിഹാ രമുണ്ടാക്കണം. ആറുകൾ, വറ്റാത്ത കുളങ്ങൾ ഇവ ചിലയി ടങ്ങളിൽ ഉപയോഗപ്പെടുത്തുന്നതേയില്ല. ധനകാര്യസ്ഥാപ നങ്ങൾ, കൃഷി വകുപ്പ് എന്നിവയുടെ സഹായം ഈ രംഗത്ത് അടിയന്തിരമായി ആവശ്യമുണ്ട്. പൊതുക്കുളങ്ങ ളും ജല സ്രോതസ്സുകളും ആസൂത്രിതമായി പ്രയോജനപ്പെ ടുത്താൻ പദ്ധതിയുണ്ടാകണം.

താഴ്ന്ന നിരന്ന പ്രദേശങ്ങളും വയലുകളും ഏല കൃഷിയിടങ്ങളിലെ ഉയർന്ന സസ്യാവരണങ്ങളും, താഴെ തട്ടിലെ കൃഷിയും, കുന്നിൻമുകളിലും മറ്റുമുള്ള പ്രദേശങ്ങ ളിൽ തേയില കൃഷിയായതുകൊണ്ടും തൊട്ടടുത്തു കിട ക്കുന്ന പഞ്ചായത്തിൽ തുടർച്ചയായി ഏലക്കാടുക ളായതിനാലുമാകണം പഞ്ചായത്തിന്റെ തെക്കു പടിഞ്ഞാ റൻ മേഖലകളിൽ ജല ലഭ്യതയിൽ സമൃദ്ധമായിരിക്കുന്നത്.

തോടുകൾ

പഞ്ചായത്തിലെ തോടുകളും നീരുറവകളുമായി പ്രധാനമായും 23 എണ്ണമുണ്ട്. അവയുടെ ആകെ നീളം 32 k. m. ആണ്. ഇവയിൽ ഭൂരിപക്ഷവും മഴക്കാലത്തു മാത്രം

നവംബർ-1 "പുനർജ്ജനി" പദ്ധതിയുടെ ഉദ്ഘാടനം.

പേരുകുഴി-കുട്ടാർറോഡ് അറ്റകുറ്റപ്പണിക്ക് പോയതുകൊണ്ട് തുടക്കം കുറിച്ചുകൊണ്ട് ശ്രീ. സി.കെ. കൃഷ്ണൻ കുട്ടി. ജില്ലാ പഞ്ചായത്താഗം. നിർവഹിക്കുന്നു.

കുളങ്ങൾ കിണറുകൾ പട്ടിക

വാർഡ് -I

നമ്പർ	സ്ഥിതിചെയ്യുന്ന സ്ഥലം	ഉടമസ്ഥത	പദ്ധതി	ജലലഭ്യത
1	ബ്ലോക്ക് 402ൽ മുത്തോലപുരം അഗസ്തി വക സ്ഥലം	സ്വകാര്യം		പരിമിതം
2	ശാന്തിഗിരി ആശ്രമത്തിനു സമീപം		EAS	
	വളൂർ സാലി വക സ്ഥലം	സാമൂഹ്യം	നെടുങ്കണ്ടം	സമൃദ്ധം
3	ബ്ലോക്ക് നമ്പർ 410 ഗംഗാധരൻ വക സ്ഥലം (ചെറുത്)	സ്വകാര്യം	ബ്ലോക്ക്	പരിമിതം
4	തൂക്കുപാലം പഞ്ചായത്ത് കിണർ, മാർക്കറ്റിനു സമീപം	സാമൂഹ്യം	പഞ്ചായത്ത്	പരിമിതം

(ചെറുതും വലുതുമായി 200 ഓളം കിണറുകളും ഓലികളും ഉണ്ട്)

വാർഡ് -II

1	കുരുവിക്കാനം ചക്കക്കാനം ഷാജി വക സ്ഥലം	സാമൂഹ്യം	EAS
			നെടുങ്കണ്ടം ബ്ലോക്ക്
2	കുരുവിക്കാനം	സ്വകാര്യം	MDS
3	ചോറ്റുപാറ	സാമൂഹ്യം	നെടുങ്കണ്ടം ബ്ലോക്ക്
4	മാവോലിപ്പടി	സാമൂഹ്യം	നെടുങ്കണ്ടം ബ്ലോക്ക്

വാർഡ് -III കിണറുകൾ

1	രാമക്കൽമേട് ഈട്ടിക്കൽപ്പടി			
2	അബ്ദുൾസലാം പടി			
3	അച്ചുതൻ പടി			
4	കൊച്ചാപ്പി പടി			
5	മാളിയക്കൽ പടി			
6	പീരുമുഹമ്മദ് പടി			
7	കുരുവിക്കാനം ഇളംബലക്കാട്			
8	കൃഷ്ണൻകുട്ടി പടി			
9	കുരുവിക്കാനം ചെക്ക് ഡാം രണ്ടേണ്ണം			പരിമിതം
10	രാമക്കൽമേട് തങ്കച്ചൻ പടി	സാമൂഹ്യം	EAS	
11	അന്നപൂർണ്ണേശ്വരി ക്ഷേത്രത്തിന് സമീപം	സാമൂഹ്യം	EAS	
12	ബംഗ്ലാദേശ് റോഡ് സൈഡ്	സാമൂഹ്യം	MWS	

സജീവമായി ഒഴുകുന്നു. ജനുവരി ഫെബ്രുവരി മാസങ്ങൾ ആകുമ്പോൾ വറ്റിപ്പോകുന്നവയുമാണ്. ഇവയുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ കാണാം.

ചെക്ക്ഡാമുകൾ 5 എണ്ണം നിർമ്മിച്ചിട്ടുണ്ട് ഇവയിൽ 4 എണ്ണത്തിലും വേനൽക്കാലത്ത് വെള്ള മുണ്ടാകാറില്ല. പോത്തുംകണ്ടത്തിലുള്ള ഒരു ചെക്ക് ഡാം ജനുവരിക്ക് മുമ്പ്തന്നെ വരണ്ടുപോകുന്നു. അനുയോജ്യമായ സ്ഥലത്തല്ല ഇത് നിർമ്മിച്ചിട്ടുള്ളത്. കൃഷിക്കും മറ്റാവശ്യങ്ങൾക്കും ഇവയിലെ ജലം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

കുളങ്ങൾ

പഞ്ചായത്തിൽ ആകെയുള്ള നൂറിലേറെ

കുളങ്ങളുണ്ട് ഇതിൽ ഇരുപതെണ്ണം പൊതു കുളങ്ങളും, ഇതിൽത്തന്നെ പഞ്ചായത്തിന്റെതായി ആറെണ്ണവുമുണ്ട് പ്രത്യേക പദ്ധതി പ്രകാരം സ്വകാര്യവ്യക്തികൾക്കായി നിർമ്മിച്ചിട്ടുള്ളത് രണ്ടും പൊതുലക്ഷ്യങ്ങൾക്കായി പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ളത് പതിനാറാണ്.

കുളത്തിൽ നിന്നും വെള്ളം ജലസേചനത്തിനായി ഉപയോഗപ്പെടുത്തുന്നത്. മൂന്നണ്ണമുണ്ട്. ഉപ യോഗശൂന്യമായി സംരക്ഷിക്കപ്പെടാതെ രണ്ടു കുള ങ്ങളുണ്ട്. ജലസമൃദ്ധമാണെങ്കിലും ഒട്ടും ഉപയോഗിക്കാതെ രണ്ട് കുളങ്ങളുണ്ട്. കുളങ്ങൾ, കിണറുകൾ തുടങ്ങിയവ മിക്കതും സംരക്ഷിക്കപ്പെടുന്നവയാണ്. എന്നാൽ തൂക്കുപാലം മാർക്കറ്റിനടുത്തുള്ള പഞ്ചായത്ത് കിണർ ചപ്പു ചവറുകളിട്ട് സംരക്ഷിക്കാതെ ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇവയൊക്കെ കൂടാതെ ജനവാസമുള്ള സ്ഥലങ്ങളിലെല്ലാം കിണറുകളും ഓലികളും ജലലഭ്യത യ്ക്കനുസരിച്ച് നിർമ്മിക്കപ്പെട്ടിട്ടുണ്ട്. പൊതുവെ വെള്ളം ലഭിക്കുന്നവയാണെല്ലാം എങ്കിലും ജലവിതാനം ഭൂപ്രകൃ തിയെ ആശ്രയിച്ചിരിക്കുന്നതിനാൽ സമൃദ്ധമായത് എണ്ണ ത്തിൽ കുറവായിരിക്കും.

മണ്ണ് സംരക്ഷണം

നമ്മുടെ പഞ്ചായത്തിന്റെ ഏകദേശം മുപ്പതു മുതൽ അൻപതു ശതമാനം വരെ ചരിവുള്ള പ്രദേശങ്ങളാണ്. അതുകൊണ്ടു തന്നെ ശാസ്ത്രീയ അടിസ്ഥാനത്തിൽ തന്നെ മണ്ണ് ജലസംരക്ഷണ പ്രവർത്തങ്ങൾ നടപ്പാക്കേണ്ടതാണ്. എന്നാൽ ബോധപൂർവ്വമായ യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ലെന്നു മാത്രമല്ല മണ്ണിന്റെ സംരക്ഷണത്തിനുത കിയിരുന്ന പ്രകൃത്യായുള്ള സാഹചര്യങ്ങളും നശിപ്പിക്കുക യാണ് ചെയ്യുന്നത്. കയ്യാലകൾ ചില സ്ഥലങ്ങളിൽ കാണാ

വാർഡ് -IV

1	കുരുവിക്കാനം	സാമൂഹ്യം	മൈനർ ഇറിഗേഷൻ	
2	ഉന്നത്തോലിൽ രാമകൃഷ്ണൻ വക	സ്വകാര്യം		സമൃദ്ധം
3	എം. എൻ. ഗംഗാധരൻ വക	സ്വകാര്യം		സമൃദ്ധം
4	കെ. എൻ. സുകുമാരൻ വക			
5	രാഘവൻ. പേഴുകാട്ടിൽ			
6	കുട്ടച്ചൻ പൂച്ചാലിൽ			
7	സദാശിവൻ കാരണശ്ശേരിയിൽ	സ്വകാര്യം		

വാർഡ് -V

1	എൻ. വിജയൻ പ്ലാമൂട്	സ്വകാര്യം		സമൃദ്ധം
2	ശിവരാജൻ ആചാരി വക	സ്വകാര്യം		സമൃദ്ധം
3	സുകുമാരപണിക്കർ വക	സ്വകാര്യം		സമൃദ്ധം

വാർഡ് -VII

നമ്പർ	സ്ഥിതിചെയ്യുന്ന സ്ഥലം	ഉടമസ്ഥത	പദ്ധതി	ജലലഭ്യത
1	കുടുക്കാ പള്ളിക്കുളം കംബംവെട്ട്	സാമൂഹ്യം	മൈനർ	പരിമിതം
			ഇറിഗേഷൻ	
2	വർഗ്ഗീസ് കൊച്ചുവീട്ടിൽ വക സ്ഥലം			സമൃദ്ധം
3	ബേബി ഫിലിപ്പ് വടക്കേടത്ത്	സ്വകാര്യം		സമൃദ്ധം
4	തങ്കച്ചൻ കുറിയന്നൂർ വക സ്ഥലം	സ്വകാര്യം		പരിമിതം
5	മുങ്കിപ്പള്ളം കാക്കല്ലിൽ ചാക്കോ വക	സാമൂഹ്യം	പഞ്ചായത്ത്	സമൃദ്ധം
6	ബേബി വടക്കേടത്ത് സ്വകാര്യം			സമൃദ്ധം
7	കമ്പംമെട്ട് കള്ളിവയലിൽസാമൂഹ്യം	പഞ്ചായത്ത്	ദരിദ്രം	

വാർഡ് -VIII

നമ്പർ	സ്ഥിതിചെയ്യുന്ന സ്ഥലം	ഉടമസ്ഥത	പദ്ധതി	ജലലഭ്യത
1	ആശാൻ കട ശ്രീവിലാസം ചെല്ലപ്പൻപിള്ള വക	സ്വകാര്യം	സ്പൈസസ് ബോർഡ്	സമൃദ്ധം
2	സുൽത്താൻമേട് കളത്തൂർ സെബാസ്റ്റ്യൻ വക	സ്വകാര്യം		സമൃദ്ധം
3	അച്ചക്കട പയ്യംപള്ളി ബേബി വക സ്ഥലം	സ്വകാര്യം		സമൃദ്ധം
4	മന്തിപ്പാറ തെക്കേക്കര ഫിലിപ്പോസ് വക	സ്വകാര്യം		സമൃദ്ധം
5	പുതിയിടം ജോർജ്ജ് വക സ്ഥലം (ചെക്ക് ഡാം)			സമൃദ്ധം
6	മമ്പുഴ നാരായണൻനായർ വക സ്ഥലത്ത്			സമൃദ്ധം
7	പഴയകൊച്ചറ ആലഞ്ചേരിൽ ഗോപാലകൃഷ്ണൻ നായർ			
8	ആറ്റിൻകര ചന്ദ്രിക വക സ്ഥലത്ത് (കിണർ)			
9	ആശാൻ കട കുഞ്ഞേപ്പ് തെള്ളിയിൽ വക സ്ഥലം	സ്വകാര്യം	P. D. S.	
10	മുങ്കിപ്പള്ളം രാഘവൻ വലിമറ്റത്ത് (കല്ല്കെട്ടാത്തത്)			
11	തങ്കച്ചൻ കട സതീശൻ കാങ്കോലിൽ	സാമൂഹ്യം	പഞ്ചായത്ത്	സമൃദ്ധം
12	വയലാർ നഗർ ജോസഫ് താലാനിക്കൽ	സാമൂഹ്യം	പഞ്ചായത്ത്	സമൃദ്ധം
13	പഴയ കൊച്ചറ പറപ്പള്ളിൽ ജോസഫ് വക സ്ഥലത്ത്	സാമൂഹ്യം	പഞ്ചായത്ത്	സമൃദ്ധം
14	അച്ചക്കട വള്ളിപ്പറമ്പിൽ സേവ്യർ വക സ്ഥലത്തിന് സമീപം	സാമൂഹ്യം	പഞ്ചായത്ത്	സമൃദ്ധം
15	ഇടശ്ശേരിൽ മാത്തൻ വക	സ്വകാര്യം		സമൃദ്ധം

വാർഡ് -IX

നമ്പർ	സ്ഥിതിചെയ്യുന്ന സ്ഥലം	ഉടമസ്ഥത	പദ്ധതി	ജലലഭ്യത
1	ചീനിക്കാലായിൽ അഴകൻ വക സ്ഥലം	സാമൂഹ്യം	EAS നെടുങ്കണ്ടം ബ്ലോക്ക്	സമൃദ്ധം
2	ചാക്കോ ചാക്കോ നന്ദികാട്ട് വക സ്ഥലം	സാമൂഹ്യം	മൈനർ ഇറിഗേഷൻ	സമൃദ്ധം
3	തോപ്പിൽ എമ്മാനുവൽ വക സ്ഥലത്ത്	സ്വകാര്യം	അഗ്രിക്കൾച്ചർ ഡിപ്പാർട്ട്	സമൃദ്ധം
4	കൊച്ചറ സെന്റ് സേവ്യേഴ്സ് പള്ളി വക സ്ഥലം	സ്വകാര്യം		സമൃദ്ധം
5	അരിമറ്റത്ത് ചാക്കോ വക സ്ഥലം	സ്വകാര്യം		സമൃദ്ധം
6	ഉലഹന്നാൻ തുണ്ടിയിൽ വക സ്ഥലം	സ്വകാര്യം		സമൃദ്ധം
7	പാപ്പച്ചൻ ആക്കാട്ടു മുണ്ടയിൽ വക സ്ഥലത്ത്	സ്വകാര്യം		സമൃദ്ധം
8	മാണി ജോസഫ് തൊമ്മിത്താഴത്ത്	സ്വകാര്യം		സമൃദ്ധം
9	ശിവരാമൻ കോച്ചാപ്പള്ളി വക സ്ഥലം	സ്വകാര്യം		സമൃദ്ധം
10	റ്റി. വി. രാജേന്ദ്രൻ തണ്ടാശ്ശേരിയിൽ	സ്വകാര്യം		സമൃദ്ധം
11	ചാലക്കുടിമേട് സിറ്റിക്ക് സമീപം	സാമൂഹ്യം	പഞ്ചായത്ത്	സമൃദ്ധം
12	വി. ആർ. പത്മനാഭൻ പ്രേംനിവാസ്	സ്വകാര്യം		സമൃദ്ധം
13	എം. എൻ. കുട്ടപ്പൻ ശശീന്ദ്രവിലാസം പാറക്കടവ്	സ്വകാര്യം		പരിമിതം
14	കുഴിത്തൊളും, ചീരംവേലിൽ കടക്ക് സമീപം (കിണർ)	സാമൂഹ്യം	പഞ്ചായത്ത്	സമൃദ്ധം
15	കൊച്ചറ പള്ളിക്കിണർ	സ്വകാര്യം		പരിമിതം

വാർഡ് -X

നമ്പർ	സ്ഥിതിചെയ്യുന്ന സ്ഥലം	ഉടമസ്ഥത	പദ്ധതി	ജലലഭ്യത
1	പോത്തിൻകണ്ടം കുമ്പളന്താനം പ്രഭാകരൻ	സ്വകാര്യം		സമൃദ്ധം
2	പരപ്പനങ്ങാടി തോമസ് (പോത്തിൻകണ്ടം)			പരിമിതം
3	ജോസഫ് പി. എം. (മുട്ടാർ) പോത്തിൻകണ്ടം			സമൃദ്ധം
4	പാറശാല അജ്ഞനാംപറമ്പിൽ വീടിന് സമീപം			സമൃദ്ധം
5	ജോസ് മഞ്ഞാടിയിൽ	സ്വകാര്യം		പരിമിതം
6	കെ. എ. ആന്റണി കളപ്പുരയിൽ (നടുത്തൊട്ടി)	സാമൂഹ്യം	മൈനർ ഇറിഗേഷൻ	സമൃദ്ധം
7	മേച്ചേരിൽ ജോയി വക നെൽപ്പാടത്ത് (നെല്ലിമലക്കണ്ടം)	സാമൂഹ്യം	EAS	സമൃദ്ധം
8	കുന്നേൽ രവി വക നെൽപ്പാടത്ത് (നെല്ലിമലക്കണ്ടം)	സ്വകാര്യം		സമൃദ്ധം
9	ജോസ് തച്ചേടത്തുവക (മാസ്)			
10	വി. ജി. പ്രഭാകരൻ, വകവയലിൽ	സ്വകാര്യം		സമൃദ്ധം
11	വെട്ടിക്കൽവക	"		സമൃദ്ധം
12	എബ്രഹാം കാഞ്ഞരത്തുംമൂട്ടിൽ	"		
	(നെൽപ്പാടത്ത്) പോത്തിൻകണ്ടം			സമൃദ്ധം
13	എബ്രഹാം കാഞ്ഞരത്തുമൂട്ടിൽ വക	"		
	കുട്ടായിടെ വീടിന് സമീപം			സമൃദ്ധം
14	പ്രഭാകരൻ കുമ്പളന്താനത്തിന്റെ സ്ഥലത്തിന്റെ സമീപം			
	പറപ്പള്ളിൽ വക (ചെക്ക്ഡാം)			സമൃദ്ധം
15	കളപ്പുരയിൽ റെജി വക	സ്വകാര്യം		സമൃദ്ധം
16	ജോജോ വക സ്ഥലത്ത് (പള്ളിക്കുന്നേൽ)	സ്വകാര്യം		സമൃദ്ധം
17	കുറുമുള്ളിൽ പുരുഷൻ വക സ്ഥലം	"		
	നിരപ്പേൽക്കട ഭാഗത്ത്			സമൃദ്ധം
18	മാത്യു സെബാസ്റ്റൻ പഴൂർ വക സ്ഥലത്ത്	"		സമൃദ്ധം
19	കുറുമുള്ളിൽ രാഘവൻ വക സ്ഥലം	"		സമൃദ്ധം
20	സ്രാംബിക്കൽ ടോമി വക സ്ഥലം	"		
	കുഴിത്തൊളുവിന് സമീപം (ചെറുത്)			സമൃദ്ധം
21	അപ്പാപ്പിക്കട ഭാഗത്ത്	"		
	പള്ളിക്കുന്നേൽ മാത്യു വക സ്ഥലത്ത്			പരിമിതം
22	അപ്പാപ്പിക്കട പി. പി. ശശാങ്കൻ വക സ്ഥലത്ത് (ചെറുത്)	"		സമൃദ്ധം
23	കൊച്ചുകുഞ്ഞ് വാഴക്കാലായിൽ	സാമൂഹ്യം	ST Block	വെള്ളമില്ല
24	വേലായുധൻ നെടുർ, പോത്തിൻകണ്ടം	സ്വകാര്യം		സമൃദ്ധം
25	മാത്യു പറപ്പള്ളിൽ	"		സമൃദ്ധം
26	തേവർകാട്ടിൽ പടിയ്ക്കു സമീപം	സ്വകാര്യം		സമൃദ്ധം
27	ആപ്പാംതാനം മണി വക സ്ഥലത്ത് (ചെറിയകുളം)	സ്വകാര്യം		സമൃദ്ധം
28	വിശ്വനാഥൻ എം. എൻ. ന്റെ വക സ്ഥലത്ത്			
	ഒരു ചെറിയ കുളംസ്പൈസസ് ബോർഡ്			സമൃദ്ധം

വാർഡ് -XI

നമ്പർ	സ്ഥിതിചെയ്യുന്ന സ്ഥലം	ഉടമസ്ഥത	പദ്ധതി	ജലലഭ്യത
1	പരപ്പനങ്ങാടി ദിവാകരൻ തോണിക്കുഴി			
2	സ്കറിയ വാതല്ലൂർ വക സ്ഥലം	സ്വകാര്യം		സമൃദ്ധം
3	മധു പാമ്പാടിയിൽ	"		പരിമിതം
4	തോമസ് വള്ളിക്കുന്നേൽ	സ്വകാര്യം		പരിമിതം
5	തോമസ് ചാക്കോ കളപ്പുരയ്ക്കൽ	സ്വകാര്യം		സമൃദ്ധം
6	കെ. സി. ചാക്കോ കളപ്പുരയ്ക്കൽ (രണ്ടെണ്ണം)	സ്വകാര്യം		സമൃദ്ധം
7	അച്ചാമ്മ കുട്ടിയാനിക്കൽ	സ്വകാര്യം		സമൃദ്ധം
8	രാമൻകുട്ടി ഈഴപ്പറമ്പിൽ	സ്വകാര്യം		സമൃദ്ധം
9	കുരിയിക്കാട്ട് തോമസ് വക (2 കുളങ്ങൾ) കുഴിക്കണ്ടത്ത്	സ്വകാര്യം		സമൃദ്ധം
10	വക്കച്ചൻ വട്ടക്കാവുകൽ (2 കുളങ്ങൾ)	സ്വകാര്യം		സമൃദ്ധം
11	ആന്റണി കളപ്പുരയിൽ	സ്വകാര്യം		പരിമിതം
12	തങ്കച്ചൻ വക സ്ഥലത്ത്			സമൃദ്ധം
13	P. H. C. കുഴിത്തൊളുസാമൂഹ്യം		ദരിദ്രം	
14	കുഴിക്കണ്ടം SC/ST കോളനി	സാമൂഹ്യം	മൈനർ ഇറിഗേഷൻ	സമൃദ്ധം
15	സി. എം. സുകുമാരൻനായർ	സാമൂഹ്യം		സമൃദ്ധം
16	കൃഷ്ണൻകുട്ടി പടിഞ്ഞാറെക്കുന്നിൽ	സ്വകാര്യം		സമൃദ്ധം
17	മാത്യു കലവനാൽ അല്ലിയാർ (2 കുളം)	"		സമൃദ്ധം
18	അല്ലിയാർ കാർഡമം എസ്റ്റേറ്റ്	സ്വകാര്യം		സമൃദ്ധം
19	ജോസഫ് കാഞ്ഞിരത്തുംമൂട്ടിൽ	സ്വകാര്യം		സമൃദ്ധം
20	വാസുപിള്ള ലക്ഷ്മി വിലാസം			
21	അനിയാച്ചൻ വാണിയപ്പുരയ്ക്കൽ വീടിന് സമീപം	സ്വകാര്യം		സമൃദ്ധം
22	പി. കെ. ശ്രീധരൻ പ്ലാമൂറിയിൽ	സ്വകാര്യം		പരിമിതം
23	ഉണ്ണി പ്ലാമൂറിയിൽ	"		പരിമിതം
24	സുരേന്ദ്രൻ പ്ലാമൂറിയിൽ (2 എണ്ണം)	സ്വകാര്യം		സമൃദ്ധം
25	പാപ്പച്ചി	"		സമൃദ്ധം
26	പരമേശ്വരൻപിള്ള പനങ്ങോട്ട്	സ്വകാര്യം		സമൃദ്ധം
27	ഭാസ്കരൻ ഉള്ളാട്ടിൽ	സ്വകാര്യം		സമൃദ്ധം
28	വേലായുധൻ ഉള്ളാട്ടിൽ	സ്വകാര്യം		സമൃദ്ധം
29	ജോൺ വാണിയപ്പുരയ്ക്കൽ	സ്വകാര്യം		സമൃദ്ധം
30	പി. ഡി. തോമസ് പൊട്ടാനാനിയിൽ	സ്വകാര്യം		സമൃദ്ധം
31	കുട്ടൻ പള്ളിപ്പറമ്പിൽസ്വകാര്യം		സമൃദ്ധം	
32	ഷാനവാസ് അന്യാർതൊളു	സ്വകാര്യം		സമൃദ്ധം
33	പി. പി. നാരായണപിള്ള പുതുപ്പറമ്പിൽ	സ്വകാര്യം		സമൃദ്ധം

മെങ്കിലും പരക്കെയില്ല. മണ്ണിളക്കിയിട്ടാണ് സാധാരണ ജല സംരക്ഷണം സാധ്യമാക്കുന്നത്. ചില പുരയിടങ്ങളിൽ കുഴികളുമുണ്ട്. നമ്മുടെ പഞ്ചായത്തിലെ മുഴുവൻ നീരൊഴുക്കുകളും കല്ലാർ നദിയിലേക്കാണ് ചേരുന്നത്. ഇടുക്കി പദ്ധതിയുടെ സബ് ക്യാച്ച്മെന്റ് ഏരിയായാണ് കല്ലാർ. കൃഷിരീതിയുടെ അശാസ്ത്രീയതയും വനനശീകരണവും വരുത്തിവെച്ചിട്ടുള്ള രൂക്ഷമായ മണ്ണൊലിപ്പ് കൃഷിഭൂമിയുടെ ഫലഭൂയിഷ്ഠത കുറയ്ക്കുക മാത്രമല്ല, ഡാമുകളുടെ ജല സംഭരണശേഷിയിലും ആയുസ്സിലും കുറവു വരുത്തുന്നു എന്ന ഭീഷണമായ സത്യം മനസ്സിലാക്കേണ്ടതാണ്. ഈ ദേശീയ നഷ്ടവും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ വഴിയെ തടയാൻ കഴിയൂ.

ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഒൻപതു സബ് ക്യാച്ച്മെന്റ് മേഖലകളിൽ ഒന്നായ കല്ലാറിലേക്ക് നീരൊഴുക്കിൽ ഒട്ടു മിക്കവയും നമ്മുടെ പഞ്ചായത്തിൽ നിന്നുമുള്ളതാണ്. ഈ മേഖലയുടെ മൊത്തം വിസ്തീർണ്ണം പതിനെണ്ണായിരത്തിഎഴുനൂറ് ഹെക്ടർ ആണ്. ഇവയിൽ വെറും അറുനൂറ് ഹെക്ടർ മാത്രമാണ് സർക്കാർ ഡിപ്പാർട്ടുമെന്റുവഴി അല്പമെങ്കിലും മണ്ണുസംരക്ഷണ നടപടികൾ സ്വീകരിച്ചിട്ടുള്ളു. അകെയുള്ള വിസ്തീർണ്ണവുമായി തട്ടിച്ചു നോക്കിയാൽ നാമമാത്രമായ പ്രദേശങ്ങളിൽ മാത്രമാണ് ഈ പ്രവർത്തനം നടത്തിയത് എന്നു കാണാം. അടിയന്തിര പരിഹാരം കാണേണ്ട ഒരു വെല്ലുവിളിയായി ഇതിനെ കണക്കാക്കേണ്ടതാണ്.

പഞ്ചായത്തിലെ നീരൊഴുക്കുകളെ അടിസ്ഥാനമാക്കി വിവിധങ്ങളായ നീർമറി(water shed) കളായി തിരിച്ച് ആയതിന് മുൻഗണനാക്രമം നൽകി അടിയന്തിര മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്. മൃഗ പരിപാലനം മറ്റ് കാർഷീക നൂതന സംരഭങ്ങൾ ഇവയെല്ലാം സമന്വയിപ്പിക്കുന്ന കൂട്ടായ്മയിലൂടെയുള്ള പ്രവർത്തനമായിരിക്കണം ഇതിനായി ആസൂത്രണം ചെയ്യേണ്ടത്.

ഇടുക്കി ഡാമിന്റെ വൃഷ്ടിപ്രദേശങ്ങളുടെ ഭൂരിഭാഗവും സ്ഥിതി ചെയ്യുന്നത് നമ്മുടെ പഞ്ചായത്തിലാണ്. ഇവിടെ ശാസ്ത്രീയമായ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുക വഴി ഭൂഗർഭജലത്തിന്റെ നിരപ്പ് ഉയർത്തികൊണ്ടു വരാൻ സാധിക്കും. കൃഷിയില്ലാത്ത പ്രദേശങ്ങളിൽ അടക്കം നീരൊഴുക്കിന്റെ കരകളിലും സ്വാഭാവിക വനം വളരാൻ അനുവദിക്കേണ്ടതാണ്. കുത്തിയോഴുകിയെത്തുന്ന വെള്ളം ഘട്ടം ഘട്ടമായി നിയന്ത്രിച്ചു നിർത്തുന്നതിനുള്ള ചെക്കു ഡാമുകൾ, മുൾച്ചുകൾ, ചീപ്പുകൾ തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തണം. ഇതുമൂലം ജലത്തിന്റെ ഒഴുക്ക് വേഗത കുറയുകയും ചെയ്യുന്നു. പറമ്പുകൾക്ക് കുറുകെയുള്ള കയ്യാലകളും, കാനകളും, വിളജലസേചനഘടകങ്ങൾ ജലസംഭരണക്കുഴികൾ തുടങ്ങിയ കാർഷിക ഇൻജിനിയറിംഗ് (മരാമത്തു പണികൾ) പ്രവർത്തനങ്ങളും സംഘടിപ്പിക്കണം. പുൽകൃഷി സോഷ്യൽ ഫോറസ്റ്ററി തുടങ്ങി സ്വയം പ്രവർത്തന ലക്ഷ്യത്തിലേക്കു കൃഷിക്കാരെ സന്നദ്ധമാക്കി ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ലക്ഷ്യമിടേണ്ടതാണ്.

കൃഷിഭവൻ

1987-ൽ തൂക്കുപാലത്ത് പ്രവർത്തനം ആരംഭിച്ചു. ജനങ്ങളുടെ പ്രതീക്ഷകൾക്കനുസരിച്ച് പ്രയോജനം ലഭിക്കുന്നില്ല. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളെയും കണക്കിലെടുത്തുള്ള നീതിപൂർവ്വമായ പ്രവർത്തനം ചിട്ടപ്പെടുത്തണം. ഒരു കൃഷി ആഫീസറും മൂന്ന് അസിസ്റ്റന്റുമാരും പ്രവർത്തിക്കുന്ന ഈ സ്ഥാപനം പഞ്ചായത്തിന്റെ ആസ്ഥാനവുമായി ബന്ധപ്പെടുത്തി പ്രവർത്തികേണ്ടതാണ്.

പ്രശ്നങ്ങൾ

1. മണ്ണു പരിശോധന, മണ്ണു സംരക്ഷണം ഇവയെ അവഗണിക്കുന്ന കൃഷിരീതികൾ.
2. വേനൽക്കാല വരൾച്ച, പ്രകൃതിക്ഷോഭങ്ങൾ
3. ജല സ്രോതസ്സുകളെ ജലസേചനത്തിനായി പ്രയോജനപ്പെടുത്താനുള്ള സങ്കേതങ്ങൾ നിലവിലില്ല.
4. സുഗന്ധ വ്യജ്ഞന ബോർഡിന്റെ പ്രവർത്തനം ഏലകൃഷിയിൽ മാത്രം ശ്രദ്ധീകരിച്ചിരിക്കുന്നു.
5. ഉല്പാദനക്കുറവ്, ഉല്പാദനചെലവിന്റെ വർദ്ധന, വിലത കർച്ച, വിപണന സൗകര്യം പഞ്ചായത്തിന്റെ അത്യത്തിയിൽ ഒരിടത്തു മാത്രം.
6. ഇടനില ചൂഷണം വിപണനത്തിൽ.
7. അശാസ്ത്രീയമായ കൃഷിരീതിയും മണ്ണിന്റെ ഫലഭൂയിഷ്ഠത കുറവും.
8. വളപ്രയോഗത്തിന്റെ അഭാവവും ലഭ്യതാ പ്രശ്നവും
9. മണ്ണിനും പ്രകൃതിയ്ക്കും അനുയോജ്യമല്ലാത്ത വിളകൾ
10. പലതവണ ആദായം ലഭിക്കുന്ന ദീർഘകാല വിളകളും ഹൃസ്വകാല വിളകളും കൃഷി ചെയ്യുന്നില്ല.
11. മെച്ചപ്പെട്ട നടീൽ വസ്തുക്കൾ ലഭിക്കുന്നില്ല.
12. ഭൂമിയുടെ വിഭജനം.
13. രോഗ കീടബാധയും പ്രകൃതിക്ഷോഭങ്ങളും
14. സർക്കാർ പദ്ധതികളുടെ പ്രയോജനം സമ്പന്ന വിഭാഗങ്ങൾക്കു മാത്രം ലഭ്യമാകുന്നു.
15. വിള ഇൻഷുറൻസ് അപര്യാപ്തതയും പ്രശ്നങ്ങളും

നിർദ്ദേശങ്ങൾ

- പഞ്ചായത്തിലെ മുഴുവൻ കൃഷിയിടങ്ങളിലെയും മണ്ണു പരിശോധിക്കാൻ അടിയന്തര നടപടിക ളുണ്ടാക്കുക. ഇതിനായുള്ള സ്ഥിരം ഏർപ്പാടുകൾ പഞ്ചായത്തിലേർപ്പെടുത്തുക.

- മണ്ണിന്റേയും ഭൂപ്രകൃതിയുടേയും സ്വഭാവം, ഘടന പോരായ്മകൾ, യോജിച്ച വിളപ്രയോഗരീതി, യോജിച്ച വിളകൾ, ഇവ തിട്ടപ്പെടുത്തി ശാസ്ത്രീയമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തി കൃഷിക്കാരെ ബോധവൽക്കരിക്കുക.

- കാർഷിക കാലാവസ്ഥ, മൺതരങ്ങൾ, ജലസ്രോത സ്സുകൾ ഭൂപ്രകൃതി, ഭൂതല പ്രത്യേകതകൾ ആസ്പദമാ ക്കിയുള്ള കാർഷിക മേഖലകൾ (അഗ്രിക്കൾച്ചറൽ സോൺ) നിർണ്ണയിക്കുക.

- കുരുമുളക് സംരക്ഷണ സമിതിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ വിപുലീകരിച്ച് കാർഷിക ജനബന്ധം ശക്തിപ്പെടുത്തുക. ഓരോ സമിതിയോടുമനു ബന്ധിച്ച് അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുക. കൃഷി ഉപകരണങ്ങൾ അത്യാവശ്യ കാർഷിക രോഗ ചികിത്സ, പരിശോധന സംവിധാനങ്ങളും ലാബോറട്ട റികളും ഏർപ്പെടുത്തുക.

- ഉല്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക. മെച്ചപ്പെട്ട വില ലഭിക്കുന്നതിന് ഉറപ്പുണ്ടാക്കുക. ഉത്പന്നങ്ങളുടെ സംസ്കരണം ശാസ്ത്രീയമാക്കുക. ഈ ലക്ഷ്യങ്ങൾക്കായി സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പരിപാടികൾ ആസൂത്രണം ചെയ്യുക. (സഹകരണ മേഖലയിൽ ഇതിന്റെ കൂടുതൽ വിശദീ കരണം ശ്രദ്ധിക്കുക) വിപണനം ക്രയവിക്രയം സാദ്ധ്യതകൾ വിപുലപ്പെടുത്തുക.

- പുതിയതായി മാർക്കറ്റുകൾ സ്ഥാപിക്കുക (പോത്തി ൻ കണ്ടം, ചേറ്റുകുഴി പ്രദേശങ്ങളിൽ സാധ്യതയുണ്ട്)

- ജലസ്രോതസുകളെ കേന്ദ്രീകരിക്കുകയും ജലസേ ചന സങ്കേതങ്ങൾ രൂപപ്പെടുത്തി ജലസേചന സഹാ യത്തോടെയുള്ള കൃഷി പരിചയിപ്പിക്കുക. നിലവി ലുള്ള ചെക്ക് ഡാമുകളിലെ വെള്ളം ഉപയോഗിക്കുന്ന തിനുള്ള ശ്രമങ്ങൾ നടത്തുക. സർക്കാർ പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള പൊതു ഉപയോഗത്തിനുള്ള കുളങ്ങളെ സമീപവാസികളുടെ കൃഷി മെച്ചപ്പെടു ത്തുന്നതിനുവേണ്ടി കൂടി ഉപയുക്തമാക്കാൻ പദ്ധതി കൾ രൂപപ്പെടുത്തുക.

- കമ്പംമെട്ട്, തോൽക്കണ്ടം പ്രദേശങ്ങളിലെ ചതുപ്പു നിലങ്ങളും നിലവിലുള്ള നെൽപ്പാടങ്ങളുടെ കര പ്രദേശങ്ങളും നെൽകൃഷിക്കനുയോജ്യമാക്കിയെടു ക്കുന്നതിനുള്ള റിക്ലമേഷൻ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക.

- മണ്ണു സംരക്ഷണത്തിനുള്ള ജനകീയ പദ്ധതി ആവി ഷ്കരിക്കുക. കയ്യാലകൾക്കു പുറമേ, വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക. കൊണ്ടൂർ ബണ്ടുകൾ, ട്രഞ്ചുകൾ തുടങ്ങിയ പ്രവർത്തനങ്ങളും കാലിത്തീറ്റക്കും മറ്റ് ഉപയോഗ മൂല്യ വൃക്ഷങ്ങളും വച്ചു പിടിപ്പിക്കുക. കുരുമുളക് ചെടിയുടെ വളർച്ചക്കനുയോജ്യമായി വന സാഹചര്യങ്ങൾ ഒരുക്കുക. പച്ചില വള കൃഷി കരയിലും പാടത്തും വൃക്ഷങ്ങൾക്കിടയിൽ കുന്നിൻ മുകളിൽ തെരുവകൃഷിയും ആരംഭിക്കുക. അതിർ വേലികൾക്ക് ശീമക്കൊന്ന വച്ചു പിടിപ്പിക്കുക. ഇവ യ്ക്കെല്ലാം പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതി കൾ കൊണ്ടുവരുക. ആറ്റുകരകൾ തിട്ടയിടിച്ചിൽ ജീവികളുടെ ആവാസ വ്യവസ്ഥയുടെ നിലനില്പ്. ഇവസാധ്യമാക്കാൻ സഹായിക്കുന്ന തരത്തിൽ ഇരു കരകളിൽ ഈറ്റ തുടർച്ചയായി വെച്ചുപിടിപ്പിക്കുക. ആറ്റു വഞ്ചി, നീർമരുത് മറ്റ് ബ്രഷ് വുഡ് ഇനങ്ങളും വച്ചുപിടിപ്പിക്കുക. ഈറ്റ പഞ്ചായത്തിന്റെ വിഭവശേ ഷിയേയും, തൊഴിൽ ലഭ്യതയെയും സഹായിക്കുന്ന മുൻ പിൻ ബന്ധ പദ്ധതികൾക്കും സഹായകരമാണ്.

- കുഴിത്തൊളു, കൂട്ടാർ, തൂക്കുപാലം പ്രദേശങ്ങളിൽ കൊക്കോ, കമുക്, സമ്മിശ്രകൃഷി ഊർജ്ജിതപ്പെടു ത്താവുന്നതാണ്. മലമുകളിലും, കാറ്റു വീശുന്ന സ്ഥല ങ്ങളിലും വൃക്ഷങ്ങളും, ഇഞ്ചിപ്പുൽ, തീറ്റപ്പുൽ സംയോജിത കൃഷി വ്യാപിപ്പിക്കുക.

- ഉദ്യാന സസ്യങ്ങൾ നെൽകൃഷി തേനീച്ച വളർത്തൽ സംയുക്ത സംരഭങ്ങൾ ആരംഭിക്കുക. മാർക്കറ്റ് കണ്ടെത്തി പരിപോഷിപ്പിക്കുക.

- സെറിക്കൾച്ചർ പുനഃരുജ്ജീവിപ്പിക്കുക, കൊക്കൂൺ റീലിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് പ്രതിസന്ധിക്കു പരി ഹാരം കാണാൻ കഴിയും. ഈ രംഗത്തുള്ള സഹകര ണസംഘം പ്രവർത്തനക്ഷമമാക്കുക.

- കുരുമുളക് കൃഷിക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനം സ്പൈസസ് ബോർഡിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം. അവരുടെ ഫീൽഡ് ഓഫീസിന്റെ പെപ്പർ, വിഭാഗം പ്രത്യേകം കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തിക്കുക.

- നെൽകൃഷി വ്യാപനത്തിനുള്ള ശ്രമങ്ങൾ നടത്തുക. നെൽവയൽ നികത്തി മറ്റ് വിളകൾക്ക് ഉപയോഗിക്കു ന്നത് നിരുത്സാഹപ്പെടുത്തുക. ഈ രംഗത്ത് കർഷക രുടെ യോജിച്ച പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. നെല്ലുല്പാദക സമിതിയുടെ പ്രവർത്തനങ്ങൾ പരി ശോധിച്ച് സംയോജിപ്പിക്കുക.

- എല്ലാ കൃഷിക്കൾക്കുമുള്ള സംരക്ഷണ പരിചരണ മുറകൾ ഏകകാലാടിസ്ഥാനത്തിൽ രൂപപ്പെടുത്തി

ചെയ്യുക. ബോധവൽക്കരണത്തിലൂടെയും മാതൃകാ പ്രവൃത്തി പരിചയത്തിലൂടെയും പരിശീലനം നൽകുക.

- വളം കീടനാശിനികൾ കാർഷികോപകരണങ്ങളുടെ ലഭ്യതക്കുള്ള ഏജൻസികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ഗുണമേന്മയുള്ള ജൈവവളങ്ങൾ, തദ്ദേശീയമായി ലഭ്യമാക്കാവുന്ന അസംസ്കൃത വിഭവങ്ങൾ അടിസ്ഥാനമാക്കി നിർമ്മിക്കാൻ ഫാക്ടറി സ്ഥാപിക്കുക.

- ജൈവകീടനാശിനികൾ, മണ്ണിരകമ്പോസ്റ്റ് എന്നീ ശൈലികൾ കൃഷിയിടങ്ങളിൽ പ്രവർത്തിപഥത്തിൽ കൊണ്ടു വരാൻ സന്നദ്ധ ജനകീയ പ്രവർത്തനങ്ങൾ സഹകരണ കാർഷിക പ്രസ്ഥാനങ്ങളെ സഹകരിപ്പിച്ചു പ്ലാൻ ചെയ്യുക.

- നമ്മുടെ പ്രാദേശികാവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന നടീൽ, വസ്തുക്കൾ, വിത്തുകൾ (പച്ചക്കറി പച്ചില വളം മുതലായവ) തൈകൾ എന്നിവ ഉത്പാദിപ്പിക്കാൻ നേഴ്സറികൾ സ്ഥാപിക്കുക. കൃഷി ശാസ്ത്രജ്ഞന്മാരുടെ ഉപദേശ മേൽനോട്ടങ്ങൾ ഇതിന് ലഭ്യമാക്കണം. കാർഷിക ബന്ധസമിതികൾക്ക് ഇതിന് കാര്യമായ സഹായം നൽകാൻ കഴിയും.

- വീട്ടുവളപ്പുകളിൽ എല്ലാ മാസങ്ങളിലും പച്ചക്കറി ലഭിക്കുന്ന തരത്തിൽ വിവിധയിനം പച്ചക്കറി വിളകൾ അടുക്കളതോട്ടമായി കൃഷി ചെയ്യുന്നതിനുള്ള പദ്ധതികളും, പാടത്തും കരപ്രദേശങ്ങളിലും വാണിജ്യ പച്ചക്കറികളും കാരറ്റ്, ബീറ്റ്റൂട്ട്, ഉരുളക്കിഴങ്ങ്, നിലക്കടല കൃഷിയും പ്രചരിപ്പിക്കുകയും വേണം.

- കാർഷിക പദ്ധതിയിലും മറ്റും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സാമൂഹ്യ തീരുമാനങ്ങൾ അടിസ്ഥാനമാക്കണം. വികസനപദ്ധതികൾ, കാർഷിക കൂട്ടായ്മ വഴിയും, ബഹുജന സംഘടനകൾ വഴിയും ആലോചനകൾ നടത്തി നടപ്പിലാക്കുക.

- പരിചരണവും ശ്രദ്ധയുമില്ലാതെ ഒട്ടുമിക്ക പറമ്പുകളിലുമുള്ള ഫലവൃക്ഷങ്ങളെ സംരക്ഷിക്കാൻ പ്രേരിപ്പിക്കുകയും അവയുടെ ഉത്പന്നത്തെ അടിസ്ഥാനമാക്കി ഫല സംസ്കരണം, അച്ചാറുകൾ തുടങ്ങിയ ചെറു യൂണിറ്റുകൾ ആരംഭിക്കണം.

- ഇടവിളകൾക്ക് മെച്ചപ്പെട്ട പരിചരണമുറപ്പിക്കൽ മിശ്ര വിളകൾക്ക് പരസ്പരപൂരകങ്ങളായ വള പ്രയോഗവും കാർഷിക മുറകളും വികസിപ്പിക്കുക.

- കുരുമുളകിന്റെ ഇടവിളയായി ശീമക്കൊന്ന വേലി നിർമ്മിച്ച് വാനില കൃഷി നടത്തുവാൻ കൃഷിക്കാരെ പ്രോൽസാഹിപ്പിക്കുക. ICRI മൈലാടുംപാറയുടെ സഹായപദ്ധതികൾ ഇതിനായി പ്രയോജനപ്പെടുത്താം. ഉത്പന്നങ്ങൾ ICRI തന്നെ വില നൽകി സ്വീകരിക്കും. ഇതിനുള്ള പ്രദേശങ്ങൾ തെരഞ്ഞെടുത്ത് പദ്ധതികൾ ആസൂത്രണം ചെയ്യുക.

- വൈദ്യുതി മുഴുവൻ പ്രദേശങ്ങളിലും എത്തിക്കുക. കാർഷികാവശ്യത്തിനുള്ള വൈദ്യുതി നിരക്ക് കുറയ്ക്കുക. വിള ഇൻഷുറൻസ് വ്യവസ്ഥകൾ പുനഃസംവിധാനം ചെയ്യുക. ഓരോ ഭൂമിയിലേയും വിളകൾ മൂല്യനിർണ്ണയം നടത്തി ഇൻഷ്വർ ചെയ്യുകയും, രോഗകീടബാധയാലുള്ള നഷ്ടവും ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരികയും ചെയ്യുക. ഓരോ പറമ്പിനെയും അടിസ്ഥാനമാക്കി വിള രജിസ്റ്റർ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ തയ്യാറാക്കുക.

- പച്ച കുരുമുളക് അടിസ്ഥാനമാക്കിയുള്ള ഉല്പന്ന നിർമ്മാണ ഫാക്ടറികൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.

- അതാതു വർഷങ്ങളിൽ ഓരോ കാർഷിക മേഖലയുടെയും ഉദ്പാദനം ഉദ്പാദനക്ഷമത കാർഷിക പൊതുസ്ഥിതി ഇവ പഠിച്ച് രേഖപ്പെടുത്തുകയും വിശകലനം ചെയ്യുകയും, അതിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ അടുത്ത പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമാക്കുകയും വേണം. സമിതികൾ മുഖാന്തിരമോ മറ്റ് ഏജൻസികൾ വച്ചോ ഈ പ്രവർത്തനം സംഘടിപ്പിക്കണം. ഇതിനുള്ള സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിച്ച് പ്രവർത്തിപ്പിക്കുകയുമാവാം.

- എല്ലാ സഹകരണ സംഘങ്ങളും കേന്ദ്രീകരിച്ചുള്ള കാർഷിക മേളകൾ സ്ഥിരമായി സംഘടിപ്പിക്കുക. കാർഷിക ഉല്പന്നങ്ങളെ ആസ്പദമാക്കിയുള്ള മത്സരങ്ങളും, ക്വിസും, സ്പോർട്ട്സ് പരിപാടികളും ആസൂത്രണം ചെയ്യുക. കർഷകരെ തെരഞ്ഞെടുത്ത് അവാർഡുകൾ നൽകിയും, സമ്മാനങ്ങൾ നൽകിയും പ്രോത്സാഹിപ്പിക്കുക. കാർഷിക ഉത്പന്നങ്ങൾക്ക് ഇൻസന്റീവ് ബോണസ് ഏർപ്പെടുത്തുക. അഗ്രോക്ലിനിക്കുകൾ, പരിശീലന കേന്ദ്രങ്ങൾ മറ്റ് പ്രോത്സാഹന പദ്ധതികൾ, പുതിയ കൃഷി സമീപനങ്ങൾ കാർഷിക ലാബോറട്ടറി സൗകര്യങ്ങൾ കൃഷിഭവന്റെ കാര്യക്ഷമത, സഹകരണ കാർഷിക കൂട്ടായ്മ സന്നദ്ധ പ്രവർത്തനങ്ങൾ ഏകോപിച്ച് ഒരു കാർഷിക തന്ത്രം കെട്ടിപ്പടുത്തു കൊണ്ട് കാർഷിക മേഖലയുടെ വെല്ലുവിളികൾക്ക് പരിഹാരം കാണാൻ കഴിയുമെന്ന വിശ്വാസം നമ്മിൽ വളരണം. അതിനുള്ള പടവുകൾ ജനകീയാസൂത്രണ പ്രസ്ഥാനം നമ്മിലൂടെ കെട്ടിപ്പടുക്കുവാൻ നമുക്ക് ഒന്നായിച്ചേരാം.

6

മൃഗസംരക്ഷണം

കാനനവാസം വെടിഞ്ഞ പ്രാചീനമനുഷ്യന്റെ സാംസ്ക്കാരിക ചരിത്രം നദീതടങ്ങളിൽ നിന്നാരംഭിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. അവിടെയാണ് കൃഷി ആരംഭിച്ചത്. കൃഷിയോടൊപ്പം തന്നെ കന്നുകാലികളെ വളർത്തിയിരുന്നതായും മത്സ്യബന്ധനം നടത്തിയിരുന്നതായും ചരിത്രതാളുകളിൽ നാം വായിക്കുന്നു.

അന്നാരംഭിച്ച കൃഷിയും കന്നുകാലി വളർത്തലും തമ്മിലുള്ള പരസ്പരബന്ധത്തിന്റെ നൂലിഴകൾ നൂറ്റാണ്ടുകൾക്കുശേഷവും ഇഴപിരിയാതെ തുടരുന്നു. പുരോഗതിയുടെ പടവുകൾ ഒന്നൊന്നായി കീഴടക്കിയ മനുഷ്യൻ മറ്റുരംഗത്തുണ്ടാക്കിയ നേട്ടങ്ങൾ പോലെ മൃഗപരിപാലനരംഗത്തും അത്ഭുതങ്ങൾ രചിക്കുകയായിരുന്നു.

"നാഴൂരിപാലുകൊണ്ടു നാടാകെ കല്യാണം" പാൽ തരുന്ന പശുവിന്റെ ഉല്പാദനശേഷിയെപ്പറ്റി സൂചനയുള്ള കവിസങ്കല്പത്തിൽ നിന്നും എത്രമാത്രം ഈ രംഗം മുന്നേറിയിരിക്കുന്നു എന്നേവർക്കും അറിയാം. നാഴിയും ഇടങ്ങഴിയും ഒന്നരപ്പാലും ചുരത്തുന്ന വെച്ചൂർ പശുവിന്റേയും, നാടൻ പശുക്കളുടേയും നാട്ടിൽ ദിനംപ്രതി ഇരുപത്, മുപ്പത് ലിറ്റർ പാൽ നൽകുന്ന സങ്കരയിനം പശുക്കൾ അക്ഷരാർത്ഥത്തിൽ സൃഷ്ടിക്കപ്പെട്ടു എന്നു പറയുന്നതാണ് ശരി. കാളയെ ഇണചേർത്തിരുന്ന സ്ഥാനത്ത് കൃത്രിമ ബീജാധാന പരിപാടി ആരംഭിച്ചപ്പോൾ അത്ഭുതം കൂറിയ നമുക്കു മുമ്പിൽ ഭ്രൂണമാറ്റമെന്ന അത്യാധുനിക പ്രജനനസമ്പ്രദായം വരെ സാധ്യമായിരിക്കുന്നു.

മേൽ പ്രസ്താവിച്ച യാഥാർത്ഥ്യങ്ങൾ മുന്നിൽ നിൽക്കുമ്പോൾ മൃഗസംരക്ഷണരംഗത്ത് നമ്മുടെ പ്രവർത്തനങ്ങളിലും അവയുടെ ഫലത്തിലും നാം സന്തുഷ്ടരാണോ? തീർച്ചയായും നിക്ഷേധാർത്ഥത്തിലെ ഉത്തരം കിട്ടു. പുരോഗതിയും നേട്ടങ്ങളും പിന്നിൽ നിന്ന് വിലയിരുത്തി തുടങ്ങാവുന്നതേയുള്ളൂ.

കുടിയേറ്റ മേഖലയുടെ മൊത്തം ചരിത്രത്തിലേക്ക് പോകേണ്ട കാര്യമില്ല. അന്ന് പല കാരണം കൊണ്ടും കാലി വളർത്തലിനുള്ള സാഹചര്യം ഉണ്ടായിരുന്നില്ലെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

കേരളത്തിൽ തന്നെ കാലി സമ്പത്തിന്റെ ആധുനിക വൽക്കരണത്തിന്റെ തുടക്കം അറുപതുകൾക്കു ശേഷമാണ് ഹൈറേഞ്ചിൽ കന്നു കാലി വളർത്തൽ ആരംഭിച്ചത് വ്യത്യസ്തസാഹചര്യത്തിലാണ് കുടിയേറ്റത്തിന്റെ കഠിന സാഹചര്യത്തിൽ ഏതാണ്ടൊട്ടൊക്കെ ഒഴിവായി ജനസാന്ദ്രതയേറി വരുകയും കാട്ടുമൃഗങ്ങളുടെയും മറ്റും സാന്നിധ്യം കുറയുകയും ദീർഘകാല വിളകൾ മണ്ണിൽ സ്ഥാനം പിടിച്ചതിന്ശേഷമാണ് പതുക്കെ പതുക്കെ കാലിവളർത്തൽ ആരംഭിച്ചത്. കാർഷിക പണികൾക്ക് ഇടവേളകൾ ഉണ്ടാകാൻ തുടങ്ങിയതിന്ശേഷമാണന്നർത്ഥം. നമ്മുടെ പഞ്ചായത്തിൽ തൊട്ടടുത്തുള്ള തമിഴ്നാട്ടിൽ നിന്നുള്ള പശുക്കളെയാണ് ആദ്യമാദ്യം വാങ്ങി വളർത്തി വന്നത്. അവിടുത്തെ നാടൻ ജനുസ്സുകളിലുള്ള കാങ്കയം പശുക്കളായിരുന്നു അധികവും. അറുപതുകൾക്കുശേഷം മീനച്ചിൽ താലൂക്കിൽ കുറവിലങ്ങാട് പ്രദേശങ്ങളിലായിരുന്നു കൃത്രിമ ബീജധാന പരിപാടി ആരംഭിച്ചത്.

സിറ്റ്സർലൻഡിന്റെ സഹായത്തോടുകൂടി മാട്ടുപെട്ടിയിൽ ആരംഭിച്ച ഇൻഡോ സ്വിസ് പ്രോജക്റ്റിന്റെ ആവിർഭാവം ഇടുക്കി ജില്ലയിലും കന്നുകാലി വികസന രംഗത്ത് പുതിയ യുഗത്തിന് തുടക്കം കുറിച്ചു. ഈ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ചെടുത്ത നമ്മുടെ ജില്ലയുടെ കാലാവസ്ഥയ്ക്ക് യോജിച്ച ഇനമാണ് ബ്രൗൺസ്വിസ് ഇനം പശുക്കൾ. ഇൻഡോ സ്വിസ് പ്രോജക്റ്റിന്റെ ഭാഗമായി കൃത്രിമ ബീജസങ്കലന പരിപാടി നാടിന്റെ നാനഭാഗങ്ങളിലും ആരംഭിച്ചതിന്റെ ഭാഗമായി കൂട്ടാറ്റിലും ഇൻസെമെനേഷൻ കേന്ദ്രം ആരംഭിച്ചു. 1995 വരെ അതു പ്രവർത്തിച്ചിരുന്നു. ഈ സൗകര്യങ്ങൾ കൈവന്നതോടുകൂടി അടുത്ത തലമുറ പാലിന്റെ ഉത്പാദനത്തിൽ മെച്ചപ്പെട്ടുവരികയായിരുന്നു. രണ്ട് മൂന്ന് തലമുറകൾകൊണ്ട് തന്നെ അഭൂതപൂർവ്വമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞു. രണ്ടോ മൂന്നോ ലിറ്റർ പാൽ ലഭിച്ചിരുന്ന സ്ഥാനത്ത് അഞ്ച് ആറ് ലിറ്റർ വരെയായി. ബ്രൗൺസ്വിസിന്റെ സ്ഥാനത്ത് ജഴ്സിയും, സുനന്ദിനിയുമായി. ഹോൾസ്റ്റീൻ ഫ്രീഷ്യൻ വരെയുള്ള അത്യുല്പാദനശേഷിയുള്ള വിവിധ ഇനം പശുക്കളുടെ സമൃദ്ധമായ ഒരു മേഖലയാണ് കരുണാപുരം പഞ്ചായത്ത്. എഴുപതുകളുടെ അവസാനം ക്ഷീരവികസന വകുപ്പിന്റെ മേൽനോട്ടത്തിൽ ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് പാൽ സംഭരണ വിപണന രംഗത്ത് ഒരു സംഘടിത ശ്രമം ആരംഭിച്ചു. ഇതിന്റെ ഭാഗമായി 1979-ൽ കരുണാപുരം ക്ഷീര വ്യവസായ സംഘം ആരംഭിച്ചു. തൊട്ടടുത്തവർഷം അന്യാർതൊളുവിൽ ആരംഭിച്ച ക്ഷീരസംഘത്തിന്റെ പ്രവർത്തന മേഖലയിൽ പഞ്ചായത്തിന്റെ 10, 11 വാർഡുകൾ ഉൾപ്പെടുന്നു. അന്ന് പാൽ വിപണന ഏജൻസിയായി പ്രവർത്തിച്ചിരുന്നത്. KLD &MM ബോർഡ് ആയിരുന്നു. മിൽമ എന്ന വാണിജ്യനാമത്തിൽ അറിയപ്പെട്ടിരുന്ന പ്രസ്തുത സ്ഥാപനം പിന്നീട് സഹകരണ മേഖലയിലേക്ക് മാറി പ്രവർത്തിച്ചെങ്കിലും ഇത് തുടക്കമായിരുന്നു. പാൽ സംഘങ്ങളുടെ വളർച്ചയിൽ സർക്കാർ വകുപ്പുകൾ നടത്തി വന്നിരുന്ന സ്ഥാപനങ്ങൾ സഹകരണ മേഖലയിലേക്ക് മാറ്റിയതിന്റെ ഫലമായി, ക്ഷീരോദ്പാദന വിപണന മേഖലയിൽ ഉണ്ടായിരുന്ന പ്രതിസന്ധിക്ക് തെല്ല് പരിഹാരമായി. ആദ്യകാലങ്ങളിൽ സംഘങ്ങളിൽ പാൽ നൽകിയിരുന്നവരിൽ വില ലഭിക്കാത്തവർ ഇന്നും ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

സുശക്തമായ ഒരു മാർക്കറ്റും. അത് ഉണ്ടാക്കി എടുക്കുന്നതിനുള്ള ഒരു വിപണന തന്ത്രവും അന്ന് ഉണ്ടായിരുന്നില്ല മഴക്കാലത്ത് ഇടപ്പള്ളി തോട്ടിലൂടെ പാൽ ഒഴുക്കി കളഞ്ഞിരുന്ന കഥകൾ വരെ പത്രങ്ങളുടെ തല കെട്ടായിരുന്നു. പാൽ സംഘങ്ങൾ തുടർച്ചയായി സംഘടിപ്പിയ്ക്കപ്പെടുകയും ധവള വിപ്ലവ പരിപാടിയും ഓപ്പറേഷൻ ഫ്ലഡ് പരിപാടിയും തുടർന്നു വന്നു. ഗുജറാത്തിലെ ആനന്ദ് മാതൃകയിലായിരുന്നു (APCOS) പിന്നീട് സംഘങ്ങൾ സ്ഥാപിക്കപ്പെട്ടത്. പാൽ വിപണന സംസ്ക്കരണ രംഗത്ത് കേരളത്തിലെ പ്രധാന ഏജൻസിയായി മിൽമ ബഹുദൂരം താണ്ടി കേരളത്തിന്റെ പാൽ ഉൽപാദക കേന്ദ്രങ്ങളിൽ പ്രഥമ സ്ഥാനം ഇടുക്കി ജില്ലയ്ക്കാണ്.

അതിൽ തന്നെ ഹൈറേഞ്ച് മേഖലയാണ് മുന്നിൽ. പ്രൈമറി സംഘങ്ങളുടെ അപ്പക്സ് സംഘമായ എറണാകുളം മേഖല യൂണിയന്റെ പ്രവർത്തന പരിധിയിൽ തൃശൂർ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളാണ്. ഈ മേഖലയിലെ ക്ഷീരസഹകരണ സംഘങ്ങളിൽ ദിനംപ്രതി സംഭരിക്കുന്ന പാലിന്റെ കണക്ക് നോക്കിയാൽ ഏറ്റവും കൂടുതൽ പാൽ സംഭരിക്കുന്ന സംഘം നമ്മുടെ പഞ്ചായത്തിൽ മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന രാമക്കൽമേട് ആപ്കോസ് സംഘമാണ്. നമ്മുടെ സംസ്ഥാനത്തിൽ ഏറ്റവും കൂടുതൽ കറവമാടുകളെ ഇൻഷ്വർ ചെയ്തിട്ടുള്ളതും ഈ സംഘമാണ്. (പ്രതിദിന ഉല്പാദനം 2650 ലിറ്റർ) നമ്മുടെ ഗ്രാമ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. പി. ജി. രവീന്ദ്രനാണ് സംഘം പ്രസിഡന്റ്.

കന്നുകാലി വികസന ബോർഡിന്റെ അനുബന്ധ പരിപാടികളും പ്രജനന പദ്ധതിയും ക്ഷീര വികസന വകുപ്പിന്റെ ആ രംഗത്തുള്ള പ്രവർത്തനങ്ങളും മിൽമയുടെ സംഭരണ വിപണന സംസ്ക്കരണ പദ്ധതികളും നമ്മുടെ പ്രദേശങ്ങളിൽ വളരെ അനുകൂലസാഹചര്യങ്ങളും കാലി വളർത്തൽ അഭിവൃദ്ധിപ്പെടാൻ കാരണമായി.

തികച്ചും കാർഷിക മേഖലയായ, നമ്മുടെ നാട്ടിലെ കാർഷിക തകർച്ചയും പ്രശ്നങ്ങളും കൃഷി അനുബന്ധ തൊഴിൽ എന്ന നിലയിൽ ആരംഭിച്ച ഈ പ്രവർത്തനം കൃഷിക്കു തുല്യമോ ചിലർക്ക് അതിനേക്കാൾ സ്വീകാര്യമോ ആയ ഒരു മുഖ്യ തൊഴിൽ എന്ന നില കൈവരിച്ചിട്ടുണ്ട്. നമ്മുടെ പുരയിടങ്ങളിലും, മേട്ടുകളിലും തരിശു ഭൂമിയിലും വളരുന്ന സമൃദ്ധമായ കളകളും പുല്ലും ആദായകരമായ കാലി സംരക്ഷണത്തിന് അനുകൂലഘടകമായിരുന്നു. എന്നാൽ നമ്മുടെ കുടുംബങ്ങളിൽ ഏതാണ്ട് 75% പേർക്കും കന്നുകാലി

വളർത്തൽ ഉള്ളതുകൊണ്ട് പഴയതു പോലെ പച്ചപ്പുല്ലിന് അന്യന്റെ പറമ്പിനെ ആശ്രയിക്കാൻ കഴിയാതായിട്ടുണ്ട്. വളർച്ചയ്ക്കൊപ്പം പ്രതിസന്ധികളും ഈ രംഗത്തു നേരിടുന്നു.

മറ്റേതൊരു ഉല്പന്നത്തിനും കൃഷിക്കാരന് വില നിശ്ചയിക്കാൻ അവകാശമില്ല. എന്നാൽ നേരിട്ടല്ലെങ്കിലും തന്റെ പ്രതിനിധികളായി തെരഞ്ഞെടുക്കപ്പെടുന്നവരാണ്, കേരളത്തിലെ പാൽ വില രണ്ട് രംഗത്തും (ഉല്പാദനം, വില്പന) നിശ്ചയിക്കുന്നത് മറ്റെല്ലാ ഉല്പന്നങ്ങളുടെയും വില തകർച്ചയെ നേരിടുമ്പോഴും സ്ഥിരമായി നിൽക്കുകയും പടി പടിയായി വില വർദ്ധിക്കുകയും ചെയ്തിട്ടുള്ള കൃഷിക്കാരന്റെ ഏക ഉല്പന്നം പാൽ മാത്രമാണെന്ന കാര്യം നാം ഓർക്കാറുണ്ടോ എന്ന് സംശയമാണ്. അതുപോലെ തന്നെ മുമ്പൊക്കെ അനുഭവപ്പെട്ടിരുന്ന (flesh season) അധിക ഉല്പാദന സമയത്തെ (ലിമിറ്റേഷൻ) സംഭരണത്തിലെ നിയന്ത്രണങ്ങൾ ഇന്നില്ല. ഇതൊക്കെയാണ് ഇന്നലകളുടെ നേട്ടങ്ങൾ എന്നിരുന്നാലും നിരവധി പ്രശ്നങ്ങൾ കൃഷിക്കാരെ അലട്ടികൊണ്ടിരിക്കുന്നു. ക്ഷീരോല്പാദന ക്കുത്തുള്ള പ്രധാന വിഷയവും കാലി സംരക്ഷണ ചെലവുകൾ തന്നെയാണ്. പാൽ കൂടുതൽ തരുന്ന അത്യുല്പാദനശേഷിയുള്ള പശുവിന്റെ സംരക്ഷണവും ചെലവേറിയതാണ്. പുല്ലിനും വൈക്കോലിനുമൊപ്പം സന്തുലിതാഹാരം കൃത്യമായി നൽകണം ആയതിനാൽ ഇന്നു കൃഷികാർ കമ്പോളത്തിലെ കാലിതീറ്റയെ കൂടുതൽ ആശ്രയിക്കുന്നു. മിൽമയുടെ സബ്സിഡി നിരക്കിലുള്ള കാലിതീറ്റ ഉപയോഗിച്ചാലും പിണ്ണാക്ക് മറ്റ് ധാന്യവസ്തുക്കൾ ഇവയെല്ലാം വാങ്ങിക്കൊടുക്കുന്ന രീതിയാണുള്ളത്. ഈ കാലി തീറ്റകൾക്കെല്ലാം വില വളരെ കൂടുതലാണ്. അതുപോലെ പശുക്കൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ, അവയ്ക്കുള്ള ചികിത്സയും ചെലവേറിയതാണ്. തൊടികളിലും തെങ്ങിൻ ചുവട്ടിലും രണ്ടു നേരം മാറ്റി കെട്ടി ഭക്ഷ്യവസ്തുക്കൾ കഴുകിയ വെള്ളവും കഞ്ഞിക്കാടിയും നൽകി വളർത്തിയിരുന്ന പശുക്കളുടെ പരിചരണം പോരാ, പുതിയ ഇനം പശുക്കൾക്ക്. ഒരാൾ ദിവസം മുഴുവൻ പണി ചെയ്താലേ ഒരു പശുവിനെ സംരക്ഷിക്കാൻ കഴിയൂ. സംരക്ഷണ ചെലവിനൊപ്പം മനുഷ്യാദ്ധ്വാനത്തിനുള്ള കൂലിയും പരിഗണിക്കേണ്ടതുണ്ട്. ഇവയെല്ലാം പാൽ വിലയുമായി വേണ്ട അളവിൽ പൊരുത്തമുള്ളവയല്ല.

എന്നാൽ പാൽ വിലയും ഉല്പാദന ചെലവും തമ്മിൽ സാമാന്യപൊരുത്തമുണ്ടാക്കാൻ പാൽ വില വർദ്ധിപ്പിക്കുക എന്ന ഏക പക്ഷീയ നടപടികൾ കൊണ്ട് മാത്രം കഴിയില്ല എന്ന യാഥാർത്ഥ്യം നമുക്ക് സ്വീകാര്യമല്ലെങ്കിലും അത് പഠന വിധേയമാക്കേണ്ട മൗലിക പ്രശ്നമാണ്. വിൽക്കുന്നവരെ പോലെ പാൽ വാങ്ങുന്നവരിലും ജീവിത പ്രശ്നങ്ങളിൽ ഉത്തരം തേടുന്നവരാണ് ഭൂരിപക്ഷം. മാത്രമല്ല മറ്റ് അവശ്യ വസ്തുക്കളുടെ വില പാൽ വില മുൻനിർത്തിയല്ല നിശ്ചയിക്കുന്നത് എന്നതും കാണാതിരുന്നു കൂടാ. ഒരു പോക്ഷകാഹാർമെന്ന നിലയിൽ പാവപ്പെട്ടവനും രോഗികൾക്കും വാങ്ങി ഉപയോഗിക്കാൻ കഴിയാത്ത വില നിലവാരം ധാർമ്മികമായി എത്ര ക്രൂരമായിരിക്കുമെന്നോർക്കുക. പാൽ വില നിശ്ചയിക്കാൻ നമുക്ക് തന്നെ കഴിയുന്നുണ്ട്. നമുക്കുള്ള സാഹചര്യവും ശക്തമായ ആഭ്യന്തര വിപണിയും സംഭരണ വിതരണ രംഗത്തുള്ള കുത്തക നിയന്ത്രണവും മൂലമാണ് അതിന് കഴിയുന്നത്. വിവേചനപൂർവ്വം വിവേകത്തോടു കൂടി മാത്രമേ ഈ അവകാശം വിനിയോഗിക്കാൻ പാടുള്ളൂ.

ഈ വേദാന്തമൊന്നും വേദനാജനകമായ നമ്മുടെ പ്രശ്നങ്ങളെ ലഘൂകരിക്കുന്നവയല്ലെങ്കിലും ഇതും നമ്മുടെ മുമ്പിലുള്ള വെല്ലുവിളി തന്നെ.

കന്നുകാലി സംരക്ഷണത്തിനുള്ള ചെലവുകൾ കുറക്കുക, ഉല്പാദനശേഷി കൂടിയ ഇനങ്ങളെ വളർത്തുക. രോഗ ചികിത്സക്ക് പകരം സംരക്ഷണ മുറകൾ ശാസ്ത്രീയമായി പരിശീലിച്ച് ചെയ്തു രോഗം വരാതെ ശ്രദ്ധിക്കുക.

നമുക്ക് ചുറ്റുമുള്ള കാർഷിക കാർഷികേതര ഉല്പന്നങ്ങൾ പശുകൾക്ക് തീറ്റയായി നൽകി പരിശീലിപ്പിക്കുക. സുബബൂൾ (പീലിവാക) ശീമക്കൊന്ന, അഗത്തി തുടങ്ങിയവ അതിരിലും ഇടക്കയ്യാലകളിലും വച്ചു പിടിപ്പിക്കുക. കഴിയുന്നത്ര പുല്ലിനങ്ങൾ വെച്ചു പിടിപ്പിക്കുക. സാധാരണയായി നാം പശുക്കൾക്ക് കൊടുക്കുന്ന പുല്ലിന്റെ അളവിന് യാതൊരു ക്രമീകരണവും ഇല്ല. സമൃദ്ധമായി പുല്ല് ഉള്ളപ്പോൾ അവയിൽ ഒരു ഭാഗം വ്യത്തിയായി ഉണക്കി സൂക്ഷിക്കുന്നത് നല്ലതാണ്. ദിനംപ്രതി 35 മുതൽ 40 കിലോ വരെ പുല്ല് രണ്ട് നേരമായി കൊടുത്താൽ മതിയാകും. സന്തുലിതാഹാരം വെള്ളത്തിൽ കലക്കികൊടുക്കുന്ന ഇന്നത്തെ രീതി ആശാസ്യമല്ല. ദിവസവും രണ്ട് നേരമായി കാലിതീറ്റ കുഴച്ച് കൊടുക്കുകയും കുടിക്കാൻ ആവശ്യത്തിന് ശുദ്ധജലം നൽകുകയും ചെയ്യുക. വലിയ വില കൊടുത്തു വാങ്ങുന്ന കാലിതീറ്റകൾ അളവില്ലാതെ നൽകിയത് കൊണ്ട് പ്രത്യേക പ്രയോജനം

ഉണ്ടാവുന്നില്ല. പശുവിന്റെ പാല് ഉല്പാദനശേഷിയെ ആശ്രയിച്ചു മാത്രമേ ആദായം ലഭിക്കൂ. കമ്പോളത്തിൽ കിട്ടാവുന്ന ഏറ്റവും നല്ല കാലിത്തീറ്റ മിൽമയുടെതാണ്. അതു വാങ്ങി പശുക്കൾക്ക് നൽകാൻ കൃഷിക്കാർ തയ്യാറാവണം കാലിതീറ്റ നൽകുമ്പോൾ പശുവിന്റെ ശരീരഭാരവും ചുരുത്തുന്ന പാലിന്റെ അളവും കണക്കിൽ എടുത്ത് ആനുപാതികമായി വേണം കാലിത്തീറ്റ നൽകാൻ.

നമ്മുടെ പഞ്ചായത്തിലെ പാൽ ഉല്പാദനം പ്രധാനമായും പശുക്കളെ ആശ്രയിച്ചാണ്. ധാരാളം ആടുകളെ വളർത്തുന്നുണ്ടെങ്കിലും പാൽ ഉൽപ്പാദനം ലക്ഷ്യമല്ല തമിഴ്നാട്ടിലെ മാർക്കറ്റിനെ മുന്നിൽ കണ്ടു കൊണ്ടാണിതിനെ വളർത്തുന്നത്. എന്നാൽ പാവപ്പെട്ടവന്റെ പശു എന്ന നിലയിൽ പ്രാധാന്യം നൽകി നല്ല ഇനം ആടുകളെ നല്ല പരിചരണം നൽകി വളർത്താൻ നമുക്ക് നല്ല ചുറ്റുപാടുകൾ ഉണ്ട്. നമുക്ക് തമിഴ്നാട് അതിർത്തി പ്രദേശങ്ങളിലും രാമക്കൽമേട് പ്രദേശങ്ങളിലും പഞ്ചായത്തിന്റെ ദൈർഘ്യമേറിയ നിരത്തുവക്കുകളിൽ പ്ലാവും മറ്റ് വൃക്ഷങ്ങളും വെച്ചു പിടിപ്പിച്ചാൽ വ്യാപകമായി ആടു വളർത്താൻ ഭൂവിസ്തൃതിയില്ലാത്തവരെയും സഹായിക്കാൻ കഴിയും. ഇത്തരം ആടുവളർത്തൽ സംരഭങ്ങൾ രണ്ടെണ്ണം നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

നമ്മുടെ പഞ്ചായത്തിൽ ആകെ 8 ആപ്കോസ് സംഘങ്ങളും M.D.S വഴിയും പ്രതിദിനം 11,996 ലിറ്റർ പാൽ സംഭരിക്കപ്പെടുന്നു. ഉല്പാദിപ്പിക്കുന്ന പാലിന്റെ 68% സഹകരണ മേഖലയിലൂടെയാണ് വിറ്റഴിക്കുന്നത്.

32% M.D.S സംഘങ്ങൾ വഴിയും വിറ്റഴിക്കുന്നു. മുൻ കാലത്തെക്കാൾ ഈ രംഗത്ത് ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്. മിൽമയുടെ വെറ്റിനറി റൂട്ട് സേവനം ഫലപ്രദമല്ല ആഴ്ചയിൽ ഒരു പ്രാവശ്യം സംഘങ്ങൾ തോറും ലഭ്യമായിരുന്ന ഈ സേവനം കറവമാടുകളുടെ എണ്ണത്തിലും സംഘങ്ങളുടെ എണ്ണത്തിലും വന്നിട്ടുള്ള വളർച്ചക്ക് ആനുപാതികമായി ശക്തിപ്പെടുത്തുന്നതിന് പകരം മാസത്തിൽ രണ്ട് തവണയാക്കി പരിമിതപ്പെടുത്തുകയാണ് ഉണ്ടായത്. പല അവസരങ്ങളിലും കൃഷിക്കാർ മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കാൻ നിർബന്ധിതരാകുന്നു. കൂടുതൽ പണചെലവ് വരുത്തി വയ്ക്കുന്ന ഈ വീഴ്ച പരിഹരിച്ച് പഞ്ചായത്തുകൾ കേന്ദ്രീകരിച്ചുള്ള വെറ്റിനറി സേവനം ലഭ്യമാക്കാൻ പഞ്ചായത്തിലെ 8 സൊസൈറ്റികൾ കൂട്ടായി സംവിധാനമേർപ്പെടുത്തേണ്ടതാണ്. നിലവിലുള്ള ആശുപത്രിയിൽ ഒരു ഡോക്ടറെ കൂടി നിയമിച്ചും പഞ്ചായത്തിലെ മുഴുവൻ APCOS സംഘങ്ങളിലും വിസിറ്റിംഗ് പരിപാടികൾ സ്ഥിരമായി ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിനും സംഘങ്ങൾ കൂട്ടായി ഒരു മിക്സിംഗ് യൂണിറ്റോ, കാലിതീറ്റ ഫാക്ടറിയോ സ്ഥാപിക്കുക. ഇതിനായി ഇടുക്കി ജില്ലാ ബാങ്കിന്റെയും വ്യവസായ ബാങ്കുകളുടെയും, ക്ഷീരവികസന വകുപ്പിന്റെ നടപ്പു പദ്ധതിയുടെയും, സഹായം ലഭ്യമാക്കാൻ കഴിയണം. ഇവിടെ കോഴിതീറ്റ ഉല്പാദിപ്പിക്കുകയും ചെയ്യാം. കാലി വളർത്തലിനോടൊപ്പം നമ്മുടെ ഗാർഹിക ഊർജ്ജ ഉപയോഗത്തിന് കുറെയേറെ സഹായകമാകുന്നു ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ സഹകരണ സംഘങ്ങൾ വഴി കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയേണ്ടതാണ്. ഈ പരിപാടി എം. ഡി. എസ്.ലൂടെയാണിപ്പോൾ നടന്നു വരുന്നത്. സർക്കാരിന്റെ ഇതിനായുള്ള പരിപാടികൾ സഹകരണ മേഖലയിലൂടെ നടപ്പിലാക്കണമെന്ന് നിർബന്ധിക്കേണ്ടതാണ്. വീട്ടുപറമ്പുകളിലെ പുൽകൃഷിയിടങ്ങൾക്ക് സ്ലൈറി ഉപയോഗിക്കാൻ ഈ സംവിധാനം പ്രയോജനപ്പെടുത്താൻ കഴിയും.

നല്ലയിനം ജനുസുകളിലെ പശുക്കളെ ലഭ്യമല്ലയെന്ന വാദഗതി തെറ്റിദ്ധാരണാജനകമാണ്. അതിനുള്ള പ്രധാന കാരണം കന്നുകുട്ടി പരിചരണത്തിൽ ശ്രദ്ധ വെയ്ക്കാത്തതാണ്. നമ്മുട ബീജാധാന കേന്ദ്രത്തിലെല്ലാം തന്നെ കൂടുതൽ ഉല്പാദനശേഷിയുള്ള ഇനങ്ങളുടെ വർഗ്ഗോദ്ധാരണം ലക്ഷ്യം വച്ചുള്ള പ്രജനന സംവിധാനങ്ങളാണുള്ളത്. കന്നുകുട്ടികളെ മൂന്നു മാസക്കാലം ശരിയായി പാൽ കുടിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തുക. സമീകൃതാഹാരം കറവ പശുക്കൾക്ക് മാത്രമെ സാധാരണയായി നൽകാറുള്ളൂ. അതുപോരാ കിടാകൾക്ക് മൂന്ന് മാസം മുതൽ സന്തുലിത കാലി തീറ്റ നൽകി പരിചരിക്കണം. വിര ശല്യം സർവ്വ സാധാരണമാണ്. ഇതിനുള്ള പ്രത്യേക മുൻ കരുതലുകളും വിരയിളക്കലും കൃത്യസമയത്തിനുള്ളിൽ നടത്തണം. ഇങ്ങനെ നന്നായി പരിചരിച്ചു വളർത്തുന്ന സമ്പ്രദായം അവഗണിക്കുന്നതുകൊണ്ട് വലിയ സാമ്പത്തിക നഷ്ടമുണ്ടാകുന്നു. കൃത്യസമയത്ത് പശുക്കൾക്ക് ചന പിടിക്കാതെ വരുന്നു. സംരക്ഷണ ചെലവുകൾ അധിക ചിലവുകളായി നിർവ്വഹിക്കേണ്ടി

പഞ്ചായത്തിലെ ക്ഷീരസംഭരണ വ്യവസ്ഥയും സ്ഥാപനങ്ങളും സ്ഥിതി വിവരങ്ങൾ

	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	അംഗങ്ങൾ	ഓഹരി മൂലധനം	പിരിഞ്ഞ് കിട്ടിയത്	പ്രതിദിന സംഭരണം	പ്രാദേശിക വില്പന	കയറ്റി അയയ്ക്കുന്നത്
1	തൂക്കുപാലം ക്ഷീരോല്പാദ സഹകരണ സംഘം APCOS	1985	900	10,000	9000	960	237	715
2	ചോറ്റുപ്പാറ ക്ഷീരോല്പാദക സഹകരണ സംഘം APCOS	1991	435	10,000	4350	600	15	585
3	രാമക്കൽമേട് ക്ഷീരോല്പാദക സഹകരണ സംഘം APCOS	1980	984	10,000	10,000	2650	300	2350
4	കരുണാപുരം ക്ഷീരോല്പാദക സഹകരണസംഘം APCOS	1979	926	50,000	9930	517	13.5	503.5
5	കമ്പംമെട്ട് ക്ഷീരോല്പാദക സഹകരണ സംഘം APCOS	1995	409	10,000	4090	550	30	520
6	മന്തിപ്പാറ ക്ഷീരോല്പാദക സഹകരണ സംഘം APCOS		538	10,000	5380	960	30	900
7	ചേറ്റുക്കുഴി ക്ഷീരോല്പാദക സഹകരണ സംഘം APCOS	1985	496	10,000	4960	300	100	200
8	അന്യാർ തൊളു ക്ഷീരോല്പാദക സഹകരണ സംഘം APCOS	1980	886	10,000	8860	1155	75	1080

M. D. S സംഘങ്ങൾ

	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	അംഗങ്ങൾ	ഓഹരി മൂലധനം	പിരിഞ്ഞ് കിട്ടിയത്	പ്രതിദിന സംഭരണം	പ്രാദേശിക വില്പന	കയറ്റി അയയ്ക്കുന്നത്
1	കരുണാപുരം	1994	2.43	1,68,600	1,68,600	1100	35	1065
2	കൂട്ടാർ	1994	160	50,000	32,000	500	60	440
3	കുഴിത്തൊളു	1994	200	40,000	40,000	800	20	780
4	ചേറ്റുക്കുഴി	1994	77		11550	354	30	324
5	ചോറ്റുപ്പാറ							
6	മുങ്കിപ്പള്ളം	1995	110	12,000	4800	240	3	237
7	കൊച്ചറ	1995	100		2000	300		300

വരുന്നു. പാൽ ഉല്പാദനം കുറയുന്നു. അതുകൊണ്ട് നല്ലയിനം കന്നുകുട്ടികളെ ഉല്പാദിപ്പിച്ചാൽ മാത്രം പോരാ നല്ല സംരക്ഷണം ശ്രദ്ധാപൂർവ്വം നല്കി വളർത്തുക കൂടി ചെയ്യണം. ആയതിനാൽ 16-18 മാസക്കാലം കൊണ്ട് കിടാരികൾ മദിയിളകുമെന്ന കാര്യം നിസ്തർക്കമാണ്. എന്നാൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സൊസൈറ്റികൾക്ക് ഇക്കാര്യത്തിൽ കൃഷിക്കാരെ സഹായിക്കാൻ കഴിയും. സ്വന്തമായി ഡയറി ഫാമുകൾ ആരംഭിക്കുകയും നല്ലയിനം പശുക്കളെ സംരക്ഷിച്ചു പ്രജനനം നടത്തി സംരക്ഷിച്ചു വളർത്തി. ലഭ്യമാക്കാൻ കഴിയുന്ന ഒരു പരിപാടി സൊസൈറ്റികൾക്ക് കൂട്ടായി നടപ്പാക്കാവുന്നതാണ്.

ഈ മേഖലയിലേക്കുള്ള വായ്പാ സംവിധാനങ്ങളെല്ലാം തന്നെ സഹകരണ സംഘങ്ങൾ വഴി നൽകുന്നതിനുള്ള പരിഷ്ക്കരണങ്ങൾ നിയമത്തിലും പദ്ധതിയിലും നിശ്ചയിച്ച് കറവമാട് വളർത്തൽ വ്യാപിക്കാനും പ്രോത്സാഹിപ്പിക്കാനും കഴിയേണ്ടതാണ്.

പുൽകൃഷി രംഗത്ത് K. L. D. ബോർഡിന്റെയും ക്ഷീരവികസന വകുപ്പിന്റെയും സ്ഥിരമായ പരിശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. കയ്യാല നിർമ്മിച്ച് പുൽ പിടിപ്പിക്കുന്ന പദ്ധതി K.L.D.ബോർഡിന്റെ അണക്കര യൂണിറ്റിന്റെ സഹായത്താൽ നമ്മുടെ പഞ്ചായത്തിലെ ഏതാണ്ട് മുഴുവൻ പാൽ സഹകരണസംഘങ്ങൾ വഴി ദീർഘകാലമായി നടത്തി വരുന്നു. പുൽ വിത്ത് നല്ല വില നൽകി ബോർഡുതന്നെ തിരിച്ചെടുക്കുന്ന ഒരു പദ്ധതി കൂടിയായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി സഹായങ്ങൾ പ്രയോജനപ്പെടുത്തിയവർ ഉണ്ടെങ്കിലും അതിന് നാമമാത്രമായ ഫലങ്ങൾ മാത്രമേ കാണുന്നുള്ളൂ.

ക്ഷീരവികസന വകുപ്പിന്റെ ഈ രംഗത്തുള്ള സംരഭങ്ങളും ശ്രദ്ധേയമായിരുന്നു. കരുണാപുരം അന്യാർത്തൊളു സംഘങ്ങളിലൂടെ ബൃഹത്തായ വാണിജ്യപുൽകൃഷി തോട്ടങ്ങൾ സ്ഥാപിക്കുകയുണ്ടായി ഇവ രണ്ടും ഇന്ന് സംഘത്തിന്റെ അധീനതയിലല്ല. പാട്ടത്തിനെടുത്ത ഭൂമി തിരികെ നൽകേണ്ടിവന്നെങ്കിലും ഇന്നും ഈ തോട്ടങ്ങളിൽ തീറ്റപുൽ ഉല്പാദിപ്പിച്ച് വിൽപ്പന നടത്തി വരുന്നു. ഈ രംഗത്ത് സംഘങ്ങൾ സ്വന്തമായി ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. തരിശു പ്രദേശങ്ങളും കാറ്റു കാരണം മറ്റ് കൃഷിക്ക് അനുയോജ്യമല്ലാത്ത സ്ഥലങ്ങൾ വില നൽകിയോ പാട്ടത്തിന് എടുത്തോ വാണിജ്യ പുൽകൃഷി വിപുലപ്പെടുത്താനുള്ള സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം മൺ കയ്യാല പദ്ധതിയും പുൽകൃഷിയും ഇന്നു വ്യാപകമായിട്ടുണ്ടെങ്കിലും പുനഃരുദ്ധാരണം ആവശ്യമായവ കണ്ടുപിടിച്ച് വിപുലീകരിക്കണം. മഴക്കാലത്ത് കിട്ടുന്ന അനുയോജ്യമായ കളകളും പുല്ലും സൈലേജ് (പുല്ലച്ചാർ) നിർമ്മാണത്തിന് പ്രയോജനപ്പെടുത്തി വേനൽക്കാല പുല്ല് ദാരിദ്ര്യം പരിഹരിക്കാവുന്നതും, പുല്ലിന്റെ തന്നെ പോഷക സമൃദ്ധിയും ലഭ്യതയും ഇതിലൂടെ പ്രദാനം ചെയ്യാനും കഴിയും. ഈ പദ്ധതി നേരത്തെ ഡയറി വകുപ്പ് നടപ്പാക്കിയെങ്കിലും ഇതിന്റെ നിർമ്മാണത്തിലുള്ള സങ്കീർണ്ണതയും വൈദഗ്ധ്യ പ്രശ്നവും നിമിത്തമാകണം കൃഷിക്കാർ വേണ്ടവണ്ണം ആകർഷിക്കപ്പെടുന്നില്ല. ഇതിനോടൊപ്പം വൈയ്ക്കോലിന്റെ സംപുഷ്ടീകരണ പ്ലാന്റുകളും എല്ലാ കാലിവളർത്തൽ ഗൃഹങ്ങളിലും സ്ഥാപിച്ചു നൽകുന്നതിനുള്ള പദ്ധതികളും ഉണ്ടാക്കേണ്ടതാണ്.

പാൽ ഉല്പന്ന നിർമ്മാണ രംഗത്ത് പരിശീലനം നേടിയവരുണ്ടെങ്കിലും അവരുടെ സേവനം ഉപയോഗപ്പെടുത്തി യൂണിറ്റുകൾ സ്ഥാപിച്ച് പ്രവർത്തിക്കാൻ, കേന്ദ്രീകൃത സംഘടനാ സംവിധാനങ്ങളുണ്ടാക്കി കൂട്ടായി നടത്തേണ്ടതുണ്ട്. വനിതകളുടെ സംരംഭങ്ങളായി ഇതാരംഭിക്കുകയും പ്രധാന കേന്ദ്രങ്ങളിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുകയും വേണം.

പാൽ ഉല്പന്നങ്ങൾ ഭക്ഷണശീലമാക്കുകയും വ്യാപകമായ ബോധവൽക്കരണവും പ്രചരണങ്ങളും സംഘടിപ്പിക്കേണ്ടതുമാണ്.

കൃഷിക്ക് ആവശ്യമായ ജൈവവളം, വീട്ടാവശ്യത്തിനായി പാചക വാതകം, വെളിച്ചം പോഷക മൂല്യമുള്ള ശുദ്ധമായ പാൽ, വീടിനു വരുമാനം, ഇങ്ങനെ വമ്പിച്ച സാദ്ധ്യതയുള്ള ഈ രംഗം മുൻ - പിൻ ബന്ധമുള്ള ഒരു തൊഴിൽ എന്ന നിലയിൽ പാലിന്റെ വില ലഭ്യത മാത്രം മാനദണ്ഡമാക്കാതെ പരിശോധിച്ചാൽ ഒരു നഷ്ടകച്ചവടമല്ലെന്ന് ആരും സമ്മതിക്കും. ആയതിനാൽ എല്ലാ ഏജൻസികളെയും, സഹായകേന്ദ്രങ്ങളെയും .ഒരേ ചരടിൽ കോർത്തിണക്കി ഈ രംഗത്തിന്റെ സജീവമായ അനുകൂല്യങ്ങൾ നിലനിർത്തുകയും സാധ്യതകൾ പരമാവധി ചൂഷണം ചെയ്തു കൊണ്ടുള്ള പുരോഗതിയും കാർഷിക ചുറ്റുപാടുമായി കൂട്ടിയിണക്കി ആസൂത്രണം ചെയ്യേണ്ടതാണ്. ഒരു രാജ്യത്തിന്റെ കാർഷിക സമ്പദ്ഘടനയിൽ അവിടുത്തെ കാലി സമ്പത്തിന്റെ വ്യാപ്തിക്കും പ്രാപ്തിക്കും വമ്പിച്ച സ്വാധീനമുണ്ട്.

പഞ്ചായത്തിൽ ശ്രദ്ധ ചെലുത്തേണ്ട മറ്റ് പ്രധാനപ്പെട്ട മേഖലകളാണ് കോഴി കൃഷി, പന്നി വളർത്തൽ, മുയൽ വളർത്തൽ എന്നിവ.

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പേവിഷബാധ പ്രതിരോധവും ചികിത്സയും	Nil	Nil	Nil	50	Nil	Nil
കുത്തിവയ്പു നൽകിയവയുടെ എണ്ണം						
കടിയേറ്റ ശേഷം കുത്തിവയ്പുകൾ നൽകിയവ						

കൃത്രിമ ബീജ സങ്കലനം

വളർത്തു മൃഗം ഇനം നടത്തിയവ	ആകെ എണ്ണം	ബീജ സങ്കലനം	ഒന്നിലധികം തവണ ബീജസങ്കലനം നടത്തിയവ
പശു		254	29
കിടാവ്	367	110	29
എരുമ		3	

കോഴി വളർത്തൽ വാണിജ്യാടിസ്ഥാനത്തിൽ നിലവിൽ ഇല്ല. വീട്ടുവളപ്പിലെ ചെറിയ യൂണിറ്റുകളാണ് ഉള്ളത്. ഈ രീതി കഴിയുന്നത്ര പ്രദേശങ്ങളിൽ ഇനിയും പ്രോത്സാഹിപ്പിക്കുകയും, മുട്ട വിപണനം കേന്ദ്രീകൃതവും സംഘടിതവുമാക്കി തീർക്കണം ആദ്യ പടിയായി പാൽ സംഘങ്ങൾ വഴി ഈ മുട്ട സംഭരിക്കുകയും പഞ്ചായത്തു തല കേന്ദ്ര സഹകരണ സംഘങ്ങൾ രൂപീകരിച്ച് അത് വിപണനം ചെയ്യുകയും വേണം. പാൽ സംഘങ്ങളെ ഈ രംഗത്തും പ്രവർത്തിക്കുന്ന സംഘങ്ങളാക്കാൻ വേണ്ട പരിഷ്ക്കാരങ്ങൾ ഉണ്ടാക്കുകയും, കുറഞ്ഞ വിലയിൽ കോഴി തീറ്റ ഉല്പാദിപ്പിച്ചു നൽകുകയും വേണം. കോഴി വളർത്തൽ യൂണിറ്റുകൾ ഘട്ടം ഘട്ടമായി പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിലോ, സ്വകാര്യ സംരംഭങ്ങളായോ ആരംഭിക്കണം. അനാരോഗ്യപരമായ മത്സരം ഉണ്ടാകാതിരിക്കാൻ കുത്തക സംഭരണ വിപണന സമ്പ്രദായം പാൽ രംഗത്ത് ഉള്ളത് പോലെ കൊണ്ടുവരണം. ഇറച്ചി കോഴി വളർത്തൽ കട്ടപ്പന, നെടുംകണ്ടം, തൂക്കുപാലം മാർക്കറ്റുകളെ ലക്ഷ്യമാക്കിയും ഒന്നോ രണ്ടോ മതി. മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയുടെ മാതൃകയിലുള്ള സഹകരണസ്ഥാപനം പഞ്ചായത്തിൽ സ്ഥാപിച്ച് മാംസ ഉൽപാദനം സ്ഥാപനവൽക്കരിക്കുകയും, പഞ്ചായത്തിന് പുറത്തും സ്റ്റോറുകൾ സ്ഥാപിച്ച് വില്പന നടത്തുകയും ചെയ്യണം. കാളകുട്ടികളെയും, പോത്തിൻ കുട്ടികളെയും കൃഷികാർക്ക് മൂന്ന് മാസത്തെ ഫീഡിംഗ് ഇൻസന്റീവ് നൽകി ദത്ത് എടുക്കുകയും മാംസത്തിനായി വളർത്തി വിൽക്കുന്ന ഒരു പദ്ധതിക്കും രൂപം നൽകുക. സംരക്ഷണ ചെലവ് കഴിച്ചുള്ള തുകയുടെ ബാക്കി തുക പ്രത്യേക വ്യവസ്ഥകൾ പ്രകാരം നീതിപൂർവ്വകമായി വിഭജനം നടത്തുക. ഈ പദ്ധതി സഹകരണ മേഖലയിൽ നടപ്പാക്കുകയും ചെയ്യാം.

മുയൽ വളർത്തൽ വ്യവസായാടിസ്ഥാനത്തിൽ വിജയകരമായി നടത്താൻ സാഹചര്യങ്ങൾ ഉണ്ടോയെന്ന് വിപുലമായി പഠിക്കേണ്ടിയിരിക്കുന്നു. വീടുകളിലെ സ്വന്തം ആവശ്യത്തിനായി ചെറിയ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതായിരിക്കും ഉചിതം. മാംസത്തിന് വേണ്ടത്ര മാർക്കറ്റ് കാണുന്നില്ല. മാട്ടിറച്ചി സംസ്ക്കരണ പരിപാടിയുടെ ഭാഗമായി ഗൃഹാന്തരീഷത്തിലുള്ള യൂണിറ്റുകളെ ആ സംസ്കരണ വിപണന ശൃംഖലയുമായി ബന്ധിപ്പിക്കാവുന്നതാണ്.

കാർഷിക മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ തിരക്കുകളില്ലാത്തവർക്കും വനിതകൾക്കും യോജിച്ച ഒന്നാണിത്.

കാട പക്ഷി വളർത്തലിൽ മുട്ടക്കും, മാംസത്തിനും മാർക്കറ്റ് ലഭ്യമാവുക എന്നതാണ് പ്രധാനം. ഇതിനായുള്ള തീറ്റ ചെലവേറിയതാണ്. ആവശ്യത്തിന് കുഞ്ഞുങ്ങളെ പ്രാദേശികമായി ലഭ്യമാക്കുന്നതിനുള്ള പരിപാടിയും, അതിനുള്ള സൗകര്യങ്ങൾ പ്രബലപ്പെടുത്തിയും മാർക്കറ്റ് ഉറപ്പ് വരുത്തികൊണ്ടും മാത്രമേ ഈ കൃഷി സംരംഭങ്ങൾ ആരംഭിക്കാൻ കഴിയൂ. വളരെ കുറഞ്ഞ സ്ഥലവും മുതൽ മുടക്കും ആയാസരഹിതമായ പരിചരിക്കാനും കഴിയുന്ന ഈ രംഗം സജീവമായി പരിഗണിക്കപ്പെടേണ്ടതാണ്.

ഒരു കാലത്ത് വളരെ ശ്രദ്ധയാകർഷിച്ചു വന്ന പന്നി വളർത്തൽ ഹൈറേഞ്ചിന്റെ പ്രത്യേക കാർഷിക വ്യതിയാനത്തിന്റെ ഫലമായി കുറഞ്ഞു പോയിട്ടുണ്ട്. മരച്ചീനി കൃഷിയുടെ തിരോധാനവും കുടുംബാംഗങ്ങളുടെ എണ്ണത്തിൽ വന്ന മാറ്റവും കാർഷികാനുബന്ധ വസ്തുക്കളുടെ ലഭ്യത കുറവും നിമിത്തമാണിങ്ങനെ സംഭവിച്ചിട്ടുള്ളത്. ഇന്ന് വില നൽകി തീറ്റ വാങ്ങി പന്നിയെ പോറ്റേണ്ടി വരുന്നതിനാൽ മാംസത്തിനായുള്ള വളർത്തൽ ലാഭകരമാണെന്ന് തോന്നു

ന്നില്ല. എന്നാൽ പ്രജനന ക്ഷമത കണക്കിലെടുത്താൽ കുഞ്ഞുങ്ങളെ വിൽക്കുവാനുള്ള സാദ്ധ്യതയുണ്ടെങ്കിൽ ലാഭകരമാണ്. ഇറച്ചി കോഴി വളർത്തൽ കേന്ദ്രങ്ങൾ, കശാപ്പുശാലകൾ, പട്ടണ പ്രദേശങ്ങളിലെ ഹോട്ടലുകൾ തുടങ്ങിയവയെ അടിസ്ഥാനമാക്കിയും തീറ്റ ലഭ്യത പരിഗണിച്ചും; മുയൽ വളർത്തൽ മാതൃ സ്ഥാപനത്തിന്റെ അടിസ്ഥാനത്തിലും വിപുലീകരിക്കാവുന്ന ഒരു പരിപാടിയാണിത്.

നമ്മുടെ പഞ്ചായത്തിൽ വളരെ താമസിച്ചാണ് ഒരു മൃഗാശുപത്രി സ്ഥാപിക്കപ്പെട്ടത്. ആയതു കൊണ്ടു പഞ്ചായത്തിലെ മൃഗസമ്പത്തിന്റെ ഒരു പൊതു വിവരം ശേഖരിക്കാൻ മറ്റ് മാർഗ്ഗങ്ങളില്ല. 95-96 വർഷം കൂട്ടാർ മൃഗാശുപത്രിയിൽ റിപ്പോർട്ടു ചെയ്യപ്പെട്ട മൃഗരോഗങ്ങളുടെയും മറ്റും സ്ഥിതി വിവരങ്ങൾ ആ രംഗത്തെ പ്രശ്നപരിഹാരത്തിന് അവലംബിക്കാൻ ബുദ്ധിമുട്ടാണ്

മത്സ്യകൃഷി

നമ്മുടെ പഞ്ചായത്തിൽ ഒട്ടും തന്നെ ചൂഷണം ചെയ്യപ്പെടാത്ത ഒരു മേഖലയാണിത്. പ്രതിദിനം ശരാശരി 750-800 കിലോഗ്രാം പച്ച മത്സ്യം നമ്മുടെ പഞ്ചായത്തിൽ വിൽക്കപ്പെടുന്നുണ്ട്. ഇതു മുഴുവനും പുറത്തു നിന്നും വരുകയാണ്. മത്സ്യോത്പാദനത്തിന് അനുകൂലമായ രീതിയിൽ ധാരാളം സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. സ്വകാര്യ വ്യക്തികളുടെ വകയായും പഞ്ചായത്തുവകയായും നൂറിലേറെ കുളങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. (വിശദാംശങ്ങൾക്ക് കുളങ്ങളെ സംബന്ധിച്ച പട്ടിക കാണുക) ഇതു കൂടാതെ പുതുതായി പണി കഴിപ്പിച്ചു വരുന്നവയും നിരവധിയുണ്ട്. ഇവയിൽ ഒന്നും തന്നെ ഗൗരവമായി മത്സ്യം വളർത്തൽ നടത്തുന്നില്ല. വളരെ ചെലവു കുറഞ്ഞതും, ഏറെ സംരക്ഷണ മുറകൾ ആവശ്യമില്ലാത്തുമായ മേഖലയാണിത്. കുളങ്ങൾ കൂടാതെ പഞ്ചായത്തിലൂടെ ഒഴുകുന്ന നിരവധി അരുവികളും തോടുകളുമുണ്ട്. ഈ തോടുകളിലും, സമൃദ്ധിയായി നീരൊഴുക്കുള്ള സമയങ്ങളിൽ ചെറിയ ബണ്ടുകൾ തീർത്താൽ മത്സ്യം വളർത്താൻ സൗകര്യമുണ്ട്. ജല ലഭ്യത കുറയുന്ന സമയങ്ങളിൽ വിള വെടുക്കത്തക്ക രീതിയിലുള്ള ഇനങ്ങൾ സുലഭമാണ്. വാണിജ്യാടിസ്ഥാനത്തിലുള്ള മത്സ്യകൃഷിക്ക് ശ്രമിച്ചില്ലെങ്കിലും ഗാർഹിക ഉപഭോഗത്തിനുള്ള മത്സ്യത്തിന്റെ ഒരു ഭാഗമെങ്കിലും ഈ രീതിയിൽ നമുക്ക് ഉത്പാദിപ്പിക്കാനാകും. താല്പര്യമെടുത്ത് ആളുകൾ രംഗത്തു വന്നാൽ, ഫിഷറീസ് ഡിപ്പാർട്ട്മെന്റും മറ്റ് നിരവധി ഏജൻസികളും സഹായത്തിനെത്തും. ഇങ്ങനെ നീസ്സാരമെന്നു തോന്നാവുന്ന നിരവധി മേഖലകളിലേക്ക് നമ്മുടെ കൃഷികൾ വൈവിധ്യവൽക്കരിച്ചാലേ, കാർഷികരംഗത്തെ ബഹുമുഖമായ പ്രതിസന്ധികളെ നമുക്ക് നേരിടാൻ കഴിയൂ.

പ്രശ്നങ്ങൾ

- രോഗ പ്രതിരോധ നിവാരണ സംവിധാനങ്ങൾ പരിമിതം
- മരുന്നുകളുടെ അമിത വില
- ബീജാധാന സൗകര്യങ്ങൾ പരിമിതം
- പുല്ലിന്റെ ലഭ്യതകുറവ്, വേനൽക്കാല സംരക്ഷണം
- കാലിതീറ്റയുടെ അമിത വില
- പശുക്കളുടെ ഉല്പാദന ക്ഷമത തൃപ്തികരമല്ല
- നല്ല ജനുസ്സിലുള്ള പശുക്കളെ ലഭിക്കാൻ ബുദ്ധിമുട്ട്
- ധനകാര്യമായ രംഗങ്ങളിലെ പോരായ്മകൾ
- കാലിത്തൊഴുത്തുകൾ ശുചിത്വമുള്ളവയല്ല
- ഗോബർഗ്യാസ് പ്ലാന്റുകൾ സാർവ്വത്രികമല്ല.
- കന്നുകാലി സംരക്ഷണമൊഴികെ മറ്റ് മൃഗപരിപാലന പ്രവർത്തനങ്ങൾ പരിചയമില്ല.
- ഉല്പന്നങ്ങൾക്ക് തുറന്ന വിപണികൾ ഇല്ല.
- ശുചിത്വമില്ലാത്ത അറവുശാലകൾ
- വിവേചനമില്ലാതെ യഥേഷ്ടം കന്നുകാലികളെ പരിശോധനയില്ലാതെ ഇറക്കുമതി ചെയ്യുന്നു.

പൊതുനിർദ്ദേശങ്ങൾ

- പഞ്ചായത്തിലെ മുഴുവൻ കന്നുകാലികളെയും പ്രതിരോധ കുത്തിവെയ്പുകൾക്കുള്ള പദ്ധതികൾ സംസ്ഥാനതല ഏജൻസികളുടെ സഹായത്തിൽ തുടരുക.
- ഇൻഷുറൻസ് പദ്ധതികൾ ഇന്നുള്ളവ ബഹുഭൂരിപക്ഷം കൃഷിക്കാരും താൽപര്യമെടുക്കാത്ത സ്ഥിതിയിൽ നിർബന്ധിതമാക്കണം. ആയതിനുള്ള സഹായങ്ങൾ പഞ്ചായത്ത് നൽകുക.
- മിൽമയുടെ ഈ രംഗത്തുള്ള ബൃഹത്തായ പദ്ധതിക്ക് പ്രചരണം നൽകണം. ഇൻഷൂർ ദിനങ്ങൾ സംഘടിപ്പിക്കുക.
- വ്യത്തിയുള്ളതും ശാസ്ത്രീയവും ചെലവു കുറഞ്ഞ

തുമായ കാലിത്തൊഴുത്ത് 100% നിർമ്മിക്കാൻ പദ്ധതിയിടുക. കെ. എൽ. ഡി. ബോർഡിന്റെ ഈ പരിപാടിക്കുള്ള ഇന്നത്തെ സഹായ തുക വർദ്ധിപ്പിക്കുക.

- ബാങ്കിന്റെ വായ്പാ പദ്ധതികളിലുള്ള തുകകൾ, കാലിത്തൊഴുത്തുകളുടെ നിർമ്മാണവും ഉൾക്കൊള്ളിച്ചു വിപുലമാക്കുക.
- നിർമ്മാണഘട്ടങ്ങൾ ബന്ധപ്പെട്ട വിദഗ്ദർ സഹകരണ പ്രസ്ഥാനങ്ങളുമായി സഹകരിച്ച് പരിശോധനയും മേൽനോട്ടവും വഹിക്കുക.
- കാലിത്തൊഴുത്തുകളുടെ സംരക്ഷണം, ശുചിത്വം ഇവ ഉറപ്പിക്കുന്നതിനുള്ള അണുനാശകങ്ങളും പശുക്കളെ വൃത്തിയാക്കുന്നതിനുള്ള ഉപകരണങ്ങളുമടങ്ങിയ കിറ്റുകൾ സംഘങ്ങൾ പതിവായി വിതരണം നടത്തുക. ഇതിനുള്ള പദ്ധതികൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ വിപുലപ്പെടുത്തണം.
- ഡയറി വായ്പകളുടെ പരിധി 12,000 രൂ. യായി വർദ്ധിപ്പിക്കുക.
- ഓരോ ക്ഷീര കർഷകന്റെയും ഊർജാവശ്യം ഗോബർഗ്യാസിലൂടെ എന്ന തത്വം അംഗീകരിച്ച്, പഞ്ചായത്തിൽ അഞ്ചു വർഷക്കാലം കൊണ്ട് മുഴുവൻ കന്നുകാലി കൃഷികാർക്കും പ്ലാന്റുകൾ നിർമ്മിക്കാൻ പദ്ധതികൾ കൊണ്ടു വരുക. ക്ഷീര സഹകരണ സംഘങ്ങളുടെയും സഹകരണ ബാങ്കുകളുടെയും പഞ്ചായത്തിന്റെയും സംയുക്ത പരിപാടിക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തിക്കുക.
- വെറ്റിനറി മരുന്നുകളുടെ ഇന്നത്തെ തള്ളികയറ്റം നിയന്ത്രിക്കുക. ഇവയുടെ ഗുണനിലവാരം, ആവശ്യകത ഇവ ശാസ്ത്രീയമായി നിർണ്ണയിച്ച് ബോധവൽക്കരണം നടത്തണം.
- മൃഗാശുപത്രികളുടെ സൗകര്യങ്ങൾ ആധുനികവൽക്കരിക്കുക. രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള ആധുനിക സംവിധാനങ്ങൾ കൊണ്ടു വരുക. ലഭ്യമല്ലെങ്കിൽ ബന്ധപ്പെട്ട വേദികളിൽ ബോധ്യപ്പെടുത്തുക.
- കന്നുകാലിക്കുള്ള ഇൻഷൂറൻസ് അവയുടെ വില്പനാന്തരം വാങ്ങുന്നയാളിന് കൈമാറിയതായി അംഗീകരിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തുക.
- സംസ്ഥാനത്തിനു പുറത്തുനിന്നുമുള്ള കന്നുകാലികളെ നടത്തി കൊണ്ടു വരുന്ന പതിവ് പഞ്ചായത്തിലെ കാലി സമ്പത്തിന്റെ രോഗവ്യാപന സാധ്യത പരിഗണിച്ചും സുരക്ഷാ കാരണങ്ങളാലും നിയന്ത്രിക്കുക.
- അതിർത്തിയിൽ ആധുനിക കശാപ്പുശാലകൾ സ്ഥാപിച്ച് ശുദ്ധമായ മാംസോല്പാദനത്തിനുള്ള കേന്ദ്രം തുറക്കുക. പഞ്ചായത്തിന്റെ ഏതു കേന്ദ്രങ്ങളിലും, നിയമപരമായി ഇത്തരം കേന്ദ്രങ്ങളിൽ മാംസം ഉല്പാദിപ്പിച്ചു വില്പന നടത്താൻ പാടുള്ളൂ എന്ന നിയമം പ്രവർത്തികമാക്കണം. ഇവയ്ക്കുള്ള അടിസ്ഥാന ഉല്പാദന യൂണിറ്റായി കാളക്കുട്ടികളുടെ ദത്ത് എടുത്തു വളർത്തൽ, പന്നി, മുയൽ, ആടു, കോഴി, വളർത്തൽ തുടങ്ങിയവ സ്ഥാപിക്കാൻ സഹായകമാകണം.
- തോൽ സംസ്ക്കരണം ഉല്പന്ന നിർമ്മാണം തുടങ്ങിയവയ്ക്കുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുക, എല്ലു പൊടി ഉല്പാദിപ്പിക്കുവാനും സാധ്യതകൾ നിലവിലുണ്ട്.
- അന്യപ്രദേശങ്ങളിൽ നിന്നും കന്നുകാലികളെ വാങ്ങി കൊണ്ടു വരുന്നതിന് പഞ്ചായത്ത് തലത്തിൽ നിയന്ത്രണങ്ങളും രോഗമില്ലാത്തതും മെച്ചപ്പെട്ടവയുമാണെന്നും ഉറപ്പുണ്ടാക്കാൻ നടപടിക്രമങ്ങൾ ലഘുവായിട്ടുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
- മുട്ട കോഴി വളർത്തൽ പ്രാദേശിക യൂണിറ്റുകളെ അടിസ്ഥാനമാക്കി വിപുലപ്പെടുത്തുക. കേന്ദ്ര സഹകരണ സംഘം പഞ്ചായത്തിൽ ഒന്നായി നിജപ്പെടുത്തുക. ക്ഷീരസംഘങ്ങളെ അംഗീകൃത പ്രാദേശിക സംഭരണ യൂണിറ്റുകളായും അംഗീകരിക്കുക.
- കന്നുകുട്ടി പരിചരണം ശക്തമാക്കുക. അവയ്ക്കുള്ള പ്രത്യേക (Feed) കാലിതീറ്റ (സ്റ്റാർട്ടർ) നിർമ്മിച്ച് ലഭ്യമാക്കുക.
- കന്നുകുട്ടികളെ ദത്തെടുത്തു മാംസത്തിനായി വളർത്തുന്ന പദ്ധതി പഞ്ചായത്തിൽ നടപ്പാക്കുക.
- കറവമാടുകളുടെ ഒരു സമ്പൂർണ്ണ രജിസ്റ്റർ സംഘത്തിൽ സൂക്ഷിക്കണം. അവയുടെ ഉല്പാദനക്ഷമതാ ചാർട്ടർ രോഗ ചികിത്സ മറ്റു വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാനുള്ള cattle Dairy സമ്പ്രദായം ഏർപ്പെടുത്തുകയും അവ പരിശോധിച്ച് രേഖപ്പെടുത്തുകയും ചെയ്യുക.

- പാൽ സഹകരണസംഘങ്ങളിൽ ഫീൽഡു സൂപ്പർവൈസിംഗിനായി പരിശീലനം ലഭിച്ചിട്ടുള്ള ഒരാളിനെ ഉപയോഗപ്പെടുത്തത്തക്ക രീതിയിൽ നിയമത്തിൽ പരിഷ്ക്കരണങ്ങൾ വരുത്തുക.
- വാണിജ്യപുൽകൃഷി സംരഭങ്ങൾ ആരംഭിക്കുക. സർക്കാർ വകസ്ഥലത്ത് ഇടതൂർന്ന് വളരുന്ന (Wildgrass) പുല്ല് ശേഖരിക്കാൻ സംവിധാനങ്ങൾ ഏർപ്പെടുത്തുക അങ്ങനെ ശേഖരിക്കുന്ന പുല്ല് മൊളാസസ്സ് ചേർത്ത് സംസ്ക്കരിച്ച് വേനൽകാലത്ത് സംഘങ്ങൾ വഴി വിതരണം ചെയ്യുക.
- പ്രാദേശികമായി ഉണക്കപുല്ല് (Hey) സൈലേജ്, വൈക്കോൽസംപുഷ്ടീകരണം, ഇവ സഹകരണാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിച്ച് നടപ്പാക്കുവാൻ പദ്ധതികൾ വേണം.
- ക്ഷീരരംഗത്തുള്ള മുഴുവൻ പദ്ധതികളും അനുബന്ധ വികസന പരിപാടികളും സഹകരണ സംഘങ്ങൾ വഴി മാത്രം നടപ്പിലാക്കുക.
- പരിമിത ദരിദ്ര വിഭാഗങ്ങൾക്ക് ആവശ്യമെങ്കിൽ ഉല്പാദനശേഷിയുള്ള പശുക്കളെ സമാഹരിച്ച് വിതരണം ചെയ്യുന്ന പരിപാടിയുടെ സാദ്ധ്യതപഠിച്ച് നടപ്പാക്കുക.

ലോകത്തിൽ ഏതൊരു വികസിത രാജ്യത്തിന്റെ കാര്യം എടുത്തു പരിശോധിച്ചാലും അവരുടെ സ്ഥായിയും ദ്രുതഗതിയിലുള്ളതുമായ വളർച്ചയ്ക്കു പിന്നിൽ വ്യാവസായിക രംഗത്തെ വികാസം പശ്ചാത്തലമായി ഉണ്ടായിരുന്നതായി കാണാം. എന്നാൽ നമ്മുടേതു പോലുള്ള രാജ്യങ്ങളിൽ വ്യവസായരംഗത്ത് ഉല്പാദനം ആരംഭിക്കുന്നതിനു മുമ്പുതന്നെ നമ്മുടെ വിഭവശേഷിയെക്കുറിച്ചും ഊർജ്ജലഭ്യതയെക്കുറിച്ചും വിപണന സാദ്ധ്യതകളേക്കുറിച്ചുമെല്ലാം വ്യക്തമായ ധാരണ ഉണ്ടാകേണ്ടത് ആവശ്യമാണ്. ഒരു വ്യവസായ സംരഭം എന്നാൽ മാനം മുട്ടെ ഉയർന്ന പുകക്കുഴലുകളും ആയിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്നതുമായ വൻതോതിൽ മുതൽ മുടക്ക് ആവശ്യമായ ഫാക്ടറികൾ എന്ന സങ്കല്പത്തിലാണ് ആദ്യം ചിന്തിക്കുന്നത്. എന്നാൽ നമ്മുടെ നാടിന്റെ മുൻകാല ചരിത്രം പരിശോധിച്ചാൽ കുടിൽ വ്യവസായങ്ങളും ചെറുകിടവ്യവസായങ്ങളും ചേർന്ന വലിയൊരു ശൃത്തെ ഇവിടുത്തെ ഗ്രാമങ്ങളെ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്നതായി കാണാം. വിദേശശക്തികളുടെ, പ്രത്യേകിച്ച് ബ്രിട്ടീഷുകാരുടെ ആഗമനത്തിനു മുമ്പ് ഇന്ത്യക്ക് വർണ്ണാഭമായ ഒരു വ്യവസായ ചരിത്രം ഉണ്ടായിരുന്നു. പട്ടു വസ്ത്രങ്ങൾ, മസ്ലീൻ, കൈത്തറി വസ്ത്രങ്ങൾ ഇവയ്ക്ക് അന്താരാഷ്ട്ര മാർക്കറ്റുകളിൽ വൻ ഡിമാന്റ് ഉണ്ടായിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. ഈജിപ്ഷ്യൻ പിരമിഡുകൾക്കുള്ളിൽ നിന്നും കണ്ടെടുക്കപ്പെട്ട നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു മമ്മിയിൽ ഇന്ത്യൻനിർമ്മിത ഡക്കാൻ മസ്ലീൻ വസ്ത്രം കണ്ടെടുത്തതായി ചരിത്രരേഖയുണ്ട്. നമുക്കുണ്ടായിരുന്ന അന്താരാഷ്ട്ര വാണിജ്യശൃംഖലയ്ക്ക് മകുടോദാഹരണമാണിത്. ഇംഗ്ലീഷുകാരുടെ ആഗമനത്തോടെ ഇന്ത്യയിലെ കുടിൽ വ്യവസായങ്ങൾ തകർച്ചയെ നേരിട്ടു തുടങ്ങി. ഇന്ത്യയിൽ നിന്നും അസംസ്കൃത പദാർത്ഥങ്ങൾ ശേഖരിച്ച് ബ്രിട്ടനിലെത്തിച്ച് യന്ത്രസഹായത്തോടെ ഉല്പന്നങ്ങൾ നിർമ്മിച്ച് ഇന്ത്യയിൽ വിൽക്കുകയായിരുന്നു ബ്രിട്ടീഷുകാരുടെ തന്ത്രം.

യന്ത്രവൽക്കൃത സാധനങ്ങളോട് വിലയിൽ മത്സരിക്കാൻ നമ്മുടെ കൈത്തറി സാധനങ്ങൾക്കായില്ല. തദ്ദേശ സാധനങ്ങളുടെ കയറ്റുമതി കൂടി നിരോധിച്ചത് നമ്മുടെ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അന്തകാഘാതമായി. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ രണ്ടാം പദ്ധതിമുതൽക്കാണ് വ്യവസായത്തിൽ വേണ്ട പ്രാധാന്യം ലഭിച്ചു തുടങ്ങിയത്. ഇതിനു മുമ്പേ ഇരുമ്പുരുക്കു വ്യവസായ രംഗത്തും പഞ്ചസാര ഉല്പാദന രംഗത്തുമൊക്കെ ചില സംരംഭങ്ങൾ സ്വകാര്യമേഖലയിലും സംയുക്ത മേഖലയിലുമെല്ലാം ആരംഭിച്ചിരുന്നു. 1951 മുതൽ വ്യവസായ മേഖലയെ പൊതു മേഖല, സംയുക്ത മേഖല, സ്വകാര്യമേഖല എന്നിങ്ങനെ മൂന്നായി തിരിച്ചു. വൻമുതൽ മുടക്കും സാങ്കേതിക വിദ്യയും ആവശ്യമുള്ളതും തന്ത്ര പ്രധാനവുമായ വ്യവസായങ്ങളെല്ലാം പൊതു മേഖലയിൽ ഗവൺമെന്റിന്റെ മേൽനോട്ടത്തിലായി. പിന്നീട് വിവിധ ഗവൺമെന്റുകളുടെ കാലത്തു വന്ന ഭേദഗതികളിലൂടെ ഈ ഘടനയുടെ പൊതു സ്വഭാവത്തിന് ഏറെ പരിവർത്തനം വന്നിട്ടുണ്ട്. 1991 മുതൽ ആരംഭിച്ച നവവ്യവസായ നയത്തിന്റെ ഫലമായി സ്വകാര്യ മുതൽ മുടക്കിനും വൈദേശിക മുതൽമുടക്കിനും പ്രാധാന്യം ഏറി. എന്നാൽ സ്വാതന്ത്ര്യാനന്തര ഭാരത്തിലെ വ്യവസായത്തെ പൊതുവെ വിലയിരുത്തുമ്പോൾ നാശോന്മുഖമായ നമ്മുടെ ചെറുകിട, കുടിൽ വ്യവസായങ്ങളെ ഫലപ്രദമായി പുനരുജ്ജീവിപ്പിക്കാൻ നമുക്ക് വേണ്ട പോലെ കഴിഞ്ഞിട്ടില്ല. നമ്മുടെ വ്യവസായ സ്വപ്നങ്ങൾ ഏറെയും വികസിത രാജ്യങ്ങളുടെ വ്യവസായ സമീപനത്തിന്റെ മാതൃകയിലായിരുന്നു.

കേരളത്തിലെ കാര്യവും ഇതിൽ നിന്നും ഏറെ വ്യത്യസ്തമല്ല. ഓട്, കളിമണ്ണ്, ഉല്പന്ന നിർമ്മാണം, തടി വ്യവ

സായം, കശുവണ്ടി വ്യവസായം, ലോഹ മണൽ സംസ്ക്കരണം തുടങ്ങിയ അനേകം വ്യവസായങ്ങൾ നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ച് അഭിവൃദ്ധിപ്പെട്ടു വരുന്നുണ്ട്. വളരെ രൂക്ഷമായിരിക്കുന്ന ഊർജ്ജ പ്രതിസന്ധി, സ്ഥലത്തിന്റെ വില ലഭ്യതക്കുറവ് മുതൽമുടക്കിനാവശ്യമായ മൂലധനം ലഭ്യമാക്കുന്നതിൽ ധനകാര്യസ്ഥാപനങ്ങൾ കാട്ടുന്ന അലംഭാവം, അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം, ഗതാഗത പ്രശ്നങ്ങൾ ഇവയെല്ലാം കേരളത്തിലെ വ്യവസായ രംഗം നേരിടുന്ന പ്രശ്നങ്ങളാണ്.

നമ്മുടെ നാട്ടിൽ ലഭ്യമാകുന്ന വിഭവങ്ങളെ പരമാവധി ചൂഷണം ചെയ്തു കൊണ്ടും ഊർജ്ജ ഉപഭോഗം കുറവുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു കൊണ്ടും കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകുവാൻ ശേഷിയുള്ള വ്യവസായ സംരഭങ്ങളാണ് നമുക്ക് വേണ്ടത്. ഉല്പന്നങ്ങളുടെ വിപണന സാധ്യതയും പ്രധാനമായും പരിഗണിക്കേണ്ട വസ്തുതയാണ്. ഇപ്രകാരം വസ്തുതാപരവും യാഥാർത്ഥ്യത്തിൽ അധിഷ്ഠിതവുമായ ഒരു വ്യവസായ സമീപനം ഉണ്ടായാലേ നമ്മുടെ നാട്ടിൽ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടൂ.

കഴിഞ്ഞ പത്തു വർഷക്കാലത്തിനുള്ളിൽ കന്നുകാലി വളർത്തലിന്റെ പ്രാധാന്യം നമ്മുടെ പഞ്ചായത്തിൽ മൂന്നിരട്ടിയെങ്കിലുമായി വർദ്ധിച്ചിട്ടുണ്ട്. വലിയൊരു വിഭാഗം ജനങ്ങളുടെ ഉപജീവന മാർഗ്ഗമായി ഇത് ഇന്നു വളർന്നിട്ടുണ്ട്. ഈ രംഗത്തെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട വ്യവസായ യൂണിറ്റുകളുടെ സാധ്യത വിപുലമാണ്. ഇതു വളരെയൊന്നും ചൂഷണം ചെയ്യപ്പെട്ടിട്ടില്ല. കാലിത്തീറ്റക്കായി തമിഴ്നാടിനെയാണ് നമ്മുടെ ആളുകൾ ഏറെയും ആശ്രയിക്കുന്നത്. ഇവിടെ നിന്നും ലഭിക്കുന്നവയാകട്ടെ നിലവാരം കുറഞ്ഞതും പോഷകാംശം കുറഞ്ഞതുമാണ്. ജൈവവിഭവങ്ങളെ ആസ്പദമാക്കിയുള്ള കാലിത്തീറ്റ നിർമ്മാണയൂണിറ്റുകൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്. സഹകരണമേഖലയിലും, പഞ്ചായത്ത് ഫണ്ടുപയോഗിച്ചും ഇവ ആരംഭിക്കേണ്ടതാണ്.

നമ്പർ	വ്യവസായ സ്ഥാപനത്തിന്റെ പേര്	വാർഡ്, സ്ഥലം	ഉൽപ്പന്നങ്ങൾ	ഉടമസ്ഥത, ധനസഹായം
1	ഐശ്വര്യാ വുമൻസ്	8	ഹോളോബ്രിക്സ്	DWCRA യൂണിറ്റ്
	വെൽഫയർ സൊസൈറ്റി	അച്ചക്കട		
2	സെന്റ് മേരീസ് ഹോളോ ബ്രിക്സ്	10 പോത്തുംകണ്ടം	ഹോളോബ്രിക്സ്	സ്വകാര്യം
3	റോയിൽ കയർ വുഡ്	1 തേഡ്ക്യാമ്പ്	കയർ, തടി	സ്വകാര്യം
	ഇൻസസ്ട്രീസ്	4 കരുണാപുരം	പ്ലാറ്റിക് ഉൽപന്നങ്ങൾ	സ്വകാര്യം
4	ത്രിവേണി പ്ലാസ്റ്റിക് ഇൻഡസ്ട്രീസ്	4 ശാന്തിപുരം	കാലിത്തീറ്റ	സ്വകാര്യം
5	കാലിതീറ്റ ഫാക്ടറി	I കരുണാപുരം,	കാലിത്തീറ്റ	സ്വകാര്യം
6	അൽഫോൻസാ കാർഡിൽ വർക്ക്സ്	II ചോറ്റുപാറ	മെഴുകുതിരി	സ്വകാര്യം
7	കുരുമുളക് സംസ്ക്കരണ ഫാക്ടറി	II കോമ്പമുക്ക്	വൈറ്റ്പെപ്പർ	സ്വകാര്യം

പ്രശ്നങ്ങളും സാധ്യതകളും

പൂർണ്ണമായി തന്നെ കൃഷിയേയും കന്നുകാലിവളർത്തലിനേയും ആശ്രയിച്ചു കഴിയുന്ന ഈ പഞ്ചായത്തിൽ ഈ മേഖലയെ ആശ്രയിച്ചുള്ള വ്യവസായ സംരഭങ്ങൾ കാര്യമായി ഒന്നും തന്നെയില്ല എന്നത് ഖേദകരമാണ്. ഇവിടെ ലഭ്യമാകുന്ന കാർഷിക വിഭവങ്ങളുടെ സംസ്കരണവും അതുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെ നിർമ്മാണവും നമ്മുടെ വ്യവസായ സ്ഥാപനങ്ങളുടെ ലക്ഷ്യമാകേണ്ടതാണ്.

കാലിത്തീറ്റ നിർമ്മാണം

വ്യവസായ രംഗത്തുള്ള നമ്മുടെ പഞ്ചായത്തിന്റെ പങ്കാളിത്തം ആശാവഹമല്ല. വളരെ കുറച്ച് വ്യവസായ സംരംഭങ്ങൾ മാത്രമേ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ. ആ സ്ഥാപനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ മുകളിൽ പട്ടികയിൽ കാണുക.

കുരുമുളക് സംസ്കരണ യൂണിറ്റുകൾ

നമ്മുടെ പഞ്ചായത്തിലെ പ്രധാന കാർഷിക വിളയാണ് കുരുമുളക്. ഇത് മൂഴുവനും തന്നെ സംസ്കരിക്കപ്പെടാതെ കറുത്ത കുരുമുളകായി വിൽക്കപ്പെടുകയാണ്. ഇതിനെ സംസ്കരിച്ച് താരതമ്യേന വില കൂടിയ വെള്ള കുരുമുളകാക്കി മാറ്റുന്നതിന് വളരെ സങ്കീർണ്ണമായ സാങ്കേതിക വിദ്യകളൊന്നും ആവശ്യമില്ല. അതുപോലെ തന്നെ പച്ച കുരുമുളക് സംസ്കരിച്ച് ചില ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് വമ്പിച്ച സാധ്യതകളുണ്ട്. പച്ച കുരുമുളകിന്റെ ലഭ്യതയാണ് ഏറ്റവും അനുകൂല ഘടകം. വൻ തോതിലുള്ള ഊർജ്ജ ഉപഭോഗം ഇല്ല എന്നുള്ളതും ഈ വ്യവസായത്തിന്റെ മേന്മയാണ്.

റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം

സ്ത്രീകൾക്കും തൊഴിൽ രഹിതരായ യുവാക്കൾക്കും ഏറെ മുതൽമുടക്കില്ലാതെ ആരംഭിക്കാവുന്ന യൂണിറ്റാണിത്. വായ്പാ സൗകര്യങ്ങളും ഈ മേഖലയ്ക്കുണ്ട്. വിപണന രംഗത്ത് അല്പം ശ്രദ്ധയും ജാഗ്രതയും പുലർത്തിയാൽ സുനിശ്ചിത വിജയം നേടാവുന്ന വ്യവസായ യൂണിറ്റാണിത്.

കരകൗശല വസ്തുക്കൾ

ചിരട്ട, കളിമണ്ണ്, വേര്, തടി തുടങ്ങിയവ ഉപയോഗിച്ചുള്ള ചാരുതയാർന്ന കൗതുക വസ്തുക്കൾ ഉണ്ടാക്കാനുള്ള ഏറെ വിഭവങ്ങൾ ഇവിടെ സുലഭമാണ്. ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഗവ. ഏജൻസികളും പ്രവർത്തിക്കുന്നുണ്ട്. തൽപ്പരരായ ആളുകളെ സംഘടിപ്പിച്ച് കുറഞ്ഞ മുതൽ മുടക്കിൽ ഈ യൂണിറ്റ് പഞ്ചായത്ത് തലത്തിൽ ആരംഭിക്കാവുന്നതാണ്.

അച്ചാറുകൾ, കറി പൗഡർ ഇവയുടെ നിർമ്മാണം

നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന ഇഞ്ചി, മാങ്ങ, കുരുമുളക്, നാരങ്ങ ഇവയുപയോഗിച്ചുകൊണ്ട് അച്ചാറുകൾ നിർമ്മിക്കുന്നതിനും, മുളക്, മല്ലി, മഞ്ഞൾ, മസാല തുടങ്ങിയ കറി പൗഡറുകൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് നമ്മുടെ പഞ്ചായത്തിൽ അനുകൂല സാഹചര്യമാണുള്ളത്. സ്ത്രീകൾക്ക് സ്വന്തമായി നടത്താവുന്ന ഈ യൂണിറ്റുകൾക്ക് DWCRA (Development of Women and Children in Rural Area) സ്കീം പ്രകാരം ലോൺ ലഭിക്കുന്നതിന് ഏറെ സാധ്യതകളുണ്ട്.

കോഴി വളർത്തൽ

പ്രതിവർഷം കോടിക്കണക്കിന് മുട്ട അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സ്ഥിതിയാണ് ഇന്ന് കേരളത്തിനുള്ളത്. ഈ രംഗത്തുള്ള വിപണന സാധ്യത ഇതു കൊണ്ടു തന്നെ വ്യക്തമാണല്ലോ. വ്യവസായികാടിസ്ഥാനത്തിൽ മുട്ടക്കോഴികളെ വളർത്തുന്ന യൂണിറ്റുകൾ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്. ശാസ്ത്രീയമായ പരിചരണരീതിയും ഭക്ഷ്യക്രമവും ശ്രദ്ധിക്കേണ്ട ഘടകങ്ങളാണ്.

ചുടുകട്ട നിർമ്മാണം

കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ വർഷംതോറും വർദ്ധിച്ചു വരുന്നതു കണക്കിലെടുത്ത്, ഇവക്കാവശ്യമായ ഇഷ്ടിക നിർമ്മിച്ച് നല്കുന്നതിന് വ്യാവസായികാടിസ്ഥാനത്തിൽ ശ്രമം നടത്തേണ്ടതുണ്ട്. PMRY സ്കീം അനുസരിച്ചുള്ള ഒരു ഇഷ്ടിക നിർമ്മാണ യൂണിറ്റ് കൂട്ടാർ കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്. ഈ രംഗത്ത് ഇനിയും ഇത്തരം ധാരാളം യൂണിറ്റുകൾക്ക് സാധ്യതയുണ്ട്. ഇതിനനുയോജ്യമായ മണ്ണ്, വിറക് മുതലായവ നമ്മുടെ പഞ്ചായത്തിൽ ധാരാളമായി ഉണ്ട്.

സിമന്റുപയോഗിച്ചുള്ള വ്യവസായങ്ങൾ

കെട്ടിട നിർമ്മാണത്തിലെ പുതിയ പ്രവണതകൾ കണക്കിലെടുത്തുകൊണ്ട് സിമന്റും ചിപ്സും ഉപയോഗിച്ചുള്ള ഹോളോ ബ്ലോക്കുകൾ, ജനലുകൾ മറ്റ് ഭവന നിർമ്മാണ സാമഗ്രികൾ ഇവകൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ഏതാനും എണ്ണം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ രംഗത്ത് ഇനിയും യൂണിറ്റുകൾക്ക് സാധ്യതയുണ്ട്. ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാകാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്. ഈ വ്യവസായത്തിന് വായ്പ ലഭിക്കുന്നതിനും സാധ്യതയുണ്ട്. ഇതു കൂടാതെ നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ വിഭവങ്ങളുപയോഗിച്ച് താഴെപ്പറയുന്ന വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സാധ്യതയുണ്ട്.

9 അച്ചടിശാലകൾ
10 പഴം, പച്ചക്കറി സംസ്കരണ യൂണിറ്റുകൾ
11 ഫർണിച്ചർ നിർമ്മാണം
12 ക്രഷർ ഉപയോഗിച്ചുള്ള മെറ്റൽ നിർമ്മാണം
13 കയർ വ്യവസായം
14 തേനീച്ച വളർത്തൽ
15 വ്യാവസായിക കൂൺ കൃഷി
16 ബേക്കറി സാധനങ്ങളുടെ നിർമ്മാണം
17 കാർഷികോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ
18 പട്ടുനൂൽപ്പുഴു വളർത്തൽ
19 സോഡാ നിർമ്മാണം
20 സോപ്പു നിർമ്മാണം

മേൽ വിവരിച്ച ഏതൊരു വ്യവസായ സ്ഥാപനം ആരംഭിക്കുമ്പോഴും സുപ്രധാനമായ രണ്ട് പ്രശ്നങ്ങൾ പൊന്തി വരുന്നു. ഒന്ന് മൂലധനമുടക്ക് രണ്ട് വിപണന സൗകര്യം. ഈ പ്രശ്നങ്ങൾക്ക് നമുക്ക് എങ്ങനെ പരിഹാരം കാണാനാകും എന്നതിനെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ പഞ്ചായത്തിന്റെ വ്യാവസായിക വളർച്ച. വ്യവസായങ്ങൾക്ക് മൂലധനം നല്കി സഹായിക്കാൻ സഹകരണമേഖലയ്ക്ക് ഏറെ കഴിയും. മറ്റ് ധനകാര്യസ്ഥാപനങ്ങളും ഈ രംഗത്ത് പ്രോത്സാഹനജനകമായ സമീപനം കൈക്കൊള്ളേണ്ടിയിരിക്കുന്നു. ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെ കീഴിലുള്ള വ്യവസായ പ്രോത്സാഹന സംരഭങ്ങളെക്കുറിച്ച് തൊഴിൽ രഹിതരായ യുവജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തേണ്ടതും അത്യാവശ്യമാണ്.

വിപണന രംഗത്തെ പ്രശ്നങ്ങൾക്ക് പൊതുവായ ഒരു പരിഹാരം നിർദ്ദേശിക്കുക സ്വീകാര്യമല്ല. എങ്കിലും പല ഉൽപ്പന്നങ്ങളുടെ കാര്യത്തിലും പഞ്ചായത്തു തലത്തിൽ സംഭരണ വിതരണ ശൃംഖലകൾ ആരംഭിക്കുക ദുഷ്കരമല്ല. ഈ രംഗത്ത് ഇച്ഛാശക്തിയോടെയുള്ള ക്രിയാത്മകപ്രവർത്തനങ്ങൾ വരുന്ന ഒൻപതാം പദ്ധതിക്കാലത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു. കർമ്മ കുശലരായ നമ്മുടെ നാട്ടിലെ ആളുകളെ തൊഴിൽ രഹിതരുടെ നീണ്ടനിരയിൽ നിന്നും രക്ഷപ്പെടുത്തി പഞ്ചായത്തു തലത്തിൽ തന്നെ വ്യവസായ സംരഭങ്ങൾ ആരംഭിക്കേണ്ടത് ഈ കാലത്തിന്റെ ആവശ്യമാണ്. ഈ നാടിന്റേയും.

8

വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് അഭിമാനാർഹങ്ങളായ അനവധി നേട്ടങ്ങളുണ്ടാക്കിയിട്ടുള്ള സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലും ഭൗതികസാഹചര്യങ്ങളുടെ കാര്യത്തിലും പരിശീലനം ലഭിച്ച അധ്യാപകരുടെ എണ്ണത്തിലും എല്ലാം ദേശീയ ശരാശരിക്ക് മുകളിലാണ് നമ്മുടെ സംസ്ഥാനം. സ്വതന്ത്ര്യലബ്ധിക്ക് ഏറെ മുമ്പ് തന്നെ കേരളത്തിലെത്തിയിരുന്ന മിഷനറിമാരും തദ്ദേശിയരായ സാമൂഹിക പ്രവർത്തകരും കൂടി വളർത്തിയെടുത്ത വിദ്യാഭ്യാസ സംസ്ക്കാരം നമ്മുടെ നാടിന്റെ ചാലകശക്തിയിലൊന്നാണ്. ഭരണഘടന വിഭാവനം ചെയ്യുന്ന സാർവ്വത്രിക വിദ്യാഭ്യാസം എന്ന ലക്ഷ്യം നമുക്ക് നേടാൻ കഴിഞ്ഞില്ല.

സാക്ഷരതാ പ്രസ്ഥാനത്തിലൂടെ നാം കൊളുത്തിവെച്ച അക്ഷരജ്യോതി ഇന്ത്യയിലൂടനീളം ഇന്ന് മാതൃകയാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളും സാക്ഷരത പരിപാടി നടപ്പിലാക്കി തുടങ്ങിയിരിക്കുന്നു. കേരള മോഡൽ ഇന്നലെയുടെ അനേക നേട്ടങ്ങളുടെ പട്ടിക നമുക്ക് നിരത്താനുണ്ടെങ്കിലും മറ്റു ചില ചോദ്യങ്ങൾക്ക് നേരെ നാം കണ്ണടച്ചു കൂടാ. അഖിലേന്ത്യാ മത്സര പരീക്ഷകളിൽ നമ്മുടെ സംസ്ഥാനം പിൻ തള്ളപ്പെട്ടുപോകുന്നതെന്തുകൊണ്ട്? നമ്മുടെ വിദ്യാഭ്യാസ രംഗത്ത് നിലവാര തകർച്ച അടിക്കടി ഉണ്ടായികൊണ്ടിരിക്കുന്നത് എന്തുകൊണ്ട്?

സ്വകാര്യ വിദ്യാലയങ്ങളിൽ അഡ്മിഷനുള്ള ക്യൂ നീളുമ്പോഴും സർക്കാർ സ്ക്കൂളുകൾ പലതും പൂട്ടി പോകുന്നത് എന്തുകൊണ്ട്? ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം കണ്ടെത്തുകയും ഇവയ്ക്കെല്ലാം സ്ഥിരവും ശാശ്വതവുമായ പരിഹാരമുണ്ടാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ജനകീയാസൂത്രണത്തിലൂടെ ഇതിന് ഒരു പരിധിവരെയെങ്കിലും സാധിച്ചാൽ നമുക്ക് അഭിമാനിക്കാം.

നമ്മുടെ പഞ്ചായത്തിലേക്ക്

കുടിയേറ്റ ജില്ലയായ ഇടുക്കിയുടെ കിഴക്ക് ഭാഗത്ത് തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിന് അര നൂറ്റാണ്ട് പോലും പഴക്കമായിട്ടില്ല. അറുപതുകൾക്ക് അപ്പുറം ഈ പഞ്ചായത്ത് പ്രദേശത്ത് കുടിയേറ്റം ആരംഭിച്ച കർഷകരുടെ മുന്നിൽ വിദ്യാഭ്യാസത്തിന് രണ്ടാം സ്ഥാനമേ ഉണ്ടായിരുന്നുള്ളൂ. വർഷങ്ങൾ കടന്നുപോകവെ വിദ്യാഭ്യാസം ഒരു ആവശ്യമായി ചിന്തിച്ചു തുടങ്ങിയപ്പോഴാവട്ടെ സ്കൂളുകളുടെ അഭാവം ഏറെ ശ്രദ്ധേയമായി. ഇപ്പോഴത്തെ കരുണാപുരം പഞ്ചായത്തിന്റെ അതിർത്തി പ്രദേശത്ത് ഉള്ളവർക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനായി ആശ്രയിക്കേണ്ടിയിരുന്നത് കല്ലാർ ഗവ. ഹൈസ്ക്കൂൾ, പുറ്റടി പഞ്ചായത്ത് സ്കൂൾ മുതലായവയായിരുന്നു. ഇവിടങ്ങളിൽ ചെന്നു എത്തണമെങ്കിലാകട്ടെ പത്തും പതിനഞ്ചും കിലോമീറ്ററുകൾ കാൽ നടയായി സഞ്ചരിക്കേണ്ടിയിരുന്നു.

നമ്മുടെ പഞ്ചായത്തിലെ മുതിർന്ന തലമുറയിലുള്ളവർക്ക് ഇപ്പോഴും ഇതേകുറിച്ച് ഏറെ പറയാനുണ്ട്. അന്ന് അവരുടെ മനസിൽ വിത്തു പാകിയ വിദ്യാഭ്യാസ സ്വപ്നങ്ങൾ തദ്ദേശിയമായ സ്കൂളുകളുടെ ആരംഭത്തിൽ കലാശിച്ചു. 1963-ലാണ് ഈ പഞ്ചായത്തിൽ ആദ്യമായി സ്കൂൾ ആരംഭിച്ചത്. തുടർന്ന് രാമക്കൽമേട് എസ്. എച്ച്. എൽ. പി. സ്കൂൾ, കൂട്ടാർ എസ്. എൻ. എൽ. പി. സ്കൂളും,

സ്കൂളുകൾ

	സ്കൂളിന്റെ പേര്	അധ്യാപകർ			കുട്ടികൾ			പൊതു കളിസ്ഥലം ഉണ്ടോ	ഫർണിച്ചർ പഠനോപകരണങ്ങൾ ആവശ്യത്തിന് ഉണ്ടോ	ദൃശ്യശ്രാവ്യ ഉപകരണങ്ങൾ			ലൈബ്രറി ഉണ്ടോ
		M	F	ആകെ	M	F	ആകെ			റേഡിയോ	ടി.വി.	ടേപ്പ്	
1	ദീപാ ഹൈസ്കൂൾ,	13	12	25	366	292	658	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
2	എസ്. എച്ച് ഹൈസ്കൂൾ, രാമക്കൽമേട്	8	23	31	539	514	1053	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
3	N. S. S. ഹൈസ്കൂൾ, കരുണാപുരം	12	13	25	249	238	487	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
4	C. S. U. P.S ചോറ്റുപാറ	4	8	12	178	152	330	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
5	S.N.U.P.S പോത്തിൻകണ്ടം	7	19	26	416	372	788	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
6	S. N. L.P.S കൂട്ടാർ	4	4	8	107	104	211	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
7	മെഡോണാ എൽ. പി. എസ്., കമ്പംമെട്ട്	-	10	10	194	188	382	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
8	St. സേവ്യേഴ്സ് എൽ. പി. എസ്, പഴയകൊച്ചറ	2	6	8	126	122	126	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
9	R. P. M. L. P. S., ചോറ്റുപാറ	1	3	4	61	57	118	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല

ചോറ്റുപാറ ആർ. പി. എം. സ്കൂളും അതിനെ തുടർന്ന് 1968-ൽ പോത്തിൻകണ്ടം എസ്. എൻ. എൽ. പി. സ്കൂൾ. അതേവർഷം തന്നെ കരുണാപുരം എൻ. എസ്. എസ്. യു. പി. സ്കൂൾ എന്നിവ ആരംഭിച്ചു. 1976-ൽകമ്പംമെട്ട് മഡോണ എൽ. പി. സ്കൂൾ പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്തിന്റെ അതിർത്തിയിൽ ഒരു ഹൈസ്ക്കൂൾ കുഴിത്തൊളുവിൽ ആരംഭിച്ചത് അതേ വർഷം തന്നെ കരുണാപുരം എൻ. എസ്. എസ്. എൽ. പി. സ്കൂൾ ഹൈസ്ക്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. 1982 ലാണ് രാമക്കൽമേട് സേക്രട്ട് ഹാർട്ട് ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടത്.

ഈ എയിഡഡ് സ്കൂളുകളുടെ ആരംഭത്തിന് മുമ്പ് തന്നെ കുഴിത്തൊളു, കരുണാപുരം, കട്ടേക്കാനം, പറക്കടവ്, പോത്തിൻക്കണ്ടം തുടങ്ങിയ സ്ഥലങ്ങളിൽ സാമൂഹ്യ സംഘടനകളുടെയും അല്ലാതെയും സ്വകാര്യ സ്കൂളുകൾ പരിമിതമായ സാഹചര്യങ്ങൾക്കുള്ളിലും പ്രവർത്തിച്ചിരുന്നു.

ഈ സ്കൂളുകൾ സ്ഥാപിക്കപ്പെട്ടതിന് പിന്നിൽ ഈ കുടിയേറ്റ ഗ്രാമത്തിലെ ജനങ്ങളുടെ കൂട്ടായ പരിശ്രമത്തിന്റെയും നിസ്വാർത്ഥമായ അധ്വാനത്തിന്റെയും ചരിത്രം കാണാൻ കഴിയും. ഇന്നത്തെ കരുണാപുരം ഗ്രാമപഞ്ചായത്തിനകത്തുള്ള പ്രദേശങ്ങളിൽ 1968 നു മുമ്പ് മൂന്ന് എൽ. പി. സ്കൂളുകൾ മാത്രമാണുണ്ടായിരുന്നത്. അപ്പർ പ്രൈമറി സ്കൂൾ ഒന്നും. 68 ലാണ് കൂട്ടാർ എൻ. എസ്. എസ്. യു. പി. സ്കൂളും പോത്തിൻകണ്ടം എസ്. എൻ. എൽ. പി. സ്കൂളും അനുവദിച്ചത്. ഹൈസ്ക്കൂൾ ഒന്നുമുണ്ടായിരുന്നില്ല. ഉപജീവനത്തിനായി കാടു കയറിയവരുടെ മുതിർന്ന മക്കൾ വിദ്യാഭ്യാസമില്ലാത്ത രണ്ടാം തലമുറക്കാരായി. അതിനുള്ള പരിഹാരം തേടി രക്ഷാകർത്താക്കളും നാട്ടുകാരും സംഘടനകളുണ്ടാക്കി പോരാടി. എൻ. എസ്. എസ്. യു. പി. സ്കൂളിന്റെ പ്രതിനിധിയായി കെ. എ. തോമസ് കൊങ്ങമലയും, എസ്. എൻ. യു. പി. സ്കൂളിനുവേണ്ടി കെ. റ്റി. തോമസ് കുരുവിക്കാട്ട്, കൺവീനറന്മാരായി പ്രക്ഷോഭണമാരംഭിച്ചു. സെക്രട്ടറിയേറ്റ് മാർച്ചടക്കമുള്ള സമര പരിപാടികൾ നടത്തുകയുണ്ടായി.

ഈ സമരം പരക്കെ ശ്രദ്ധയാകർഷിക്കുകയും ശ്രീ. വരകപള്ളിൽ നാരായണൻ നായർ (കൊച്ചുമ്മാവൻ) ചെയർമാനായി ഇടുക്കി ജില്ലാ വിദ്യാലയ സമരസമിതി രൂപീകരിക്കുന്നതിനുമിടയാക്കി. തുടർന്ന് ജില്ലയൊട്ടാകെ വിദ്യാലയങ്ങൾ ആരംഭിക്കണമെന്നും, നിലവിലുള്ളവ അപ്ഗ്രേഡു ചെയ്യണമെന്നുമുള്ള ആവശ്യങ്ങളുമായി മുന്നോട്ടുപോയി.

വൈകിയാണെങ്കിലും മേലധികാരികൾ ജില്ലയിലെ പിന്നോക്കാവസ്ഥ പഠിച്ച് കൂടുതൽ വിദ്യാലയങ്ങൾ ആരംഭിക്കുകയും ചെയ്തു.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ പൊതു വിദ്യാഭ്യാസാവശ്യത്തിന് മതിയായ സ്കൂളുകൾ എണ്ണത്തിലുണ്ട്. എന്നാൽ മൂന്നു ഹൈസ്ക്കൂളുകളുള്ള പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ഇല്ലായെന്ന പോരായ്മ പരിഹരിക്കേണ്ടതാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള ഒരു മാതൃകയായിട്ടായിരിക്കണം അതു സ്ഥാപിക്കേണ്ടത്.

(ചരിത്രപഠനം കേട്ടറിവ്) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിലും ഉള്ള സ്ഥാപനങ്ങളുടെ ഭൗതീക സാഹചര്യം നിലവാരം എന്നിവയുടെ കാര്യത്തിലും നമ്മുടെ പരാധീനതകൾ ഇനിയും പരിഹരിക്കപ്പെടേണ്ടതാണ്.

ദേശീയ തലത്തിലുള്ള വിദ്യാഭ്യാസ നയങ്ങളുടെ പരിമിതികളും പോരായ്മകളും നമ്മുടെ സകൂളുകളുടെ നിലവാരത്തെയും നേരിട്ട് ബാധിക്കുന്നു. വിദ്യാഭ്യാസ രംഗം പരിഷ്ക്കരിക്കുന്നതിന് ഏറ്റവും അവസാനം വന്നിട്ടുള്ള DPEP (District Primary Education Programe)- ജില്ലാ പ്രാഥമിക തല വിദ്യാഭ്യാസ പരിപാടി - വരെയുള്ള പദ്ധതികൾ ഒന്നും തന്നെ വിദ്യാഭ്യാസ പ്രക്രിയയുടെ അടിസ്ഥാന തലത്തിൽ വേണ്ടത്ര ചലനം സൃഷ്ടിച്ചിട്ടില്ല എന്ന് കാണാം. സ്കൂൾ വിദ്യാഭ്യാസ രംഗം പരിഷ്ക്കരിക്കുന്നതിന് വിദ്യാർത്ഥികളും അധ്യാപകരും, രക്ഷകർത്താക്കളും കൂട്ടായി പ്രവർത്തിച്ചേപറ്റൂ. പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന പഞ്ചായത്തു വിദ്യാഭ്യാസ സമിതിക്ക് ഇക്കാര്യത്തിൽ ഏറെ ചെയ്യാൻ കഴിയും.

ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ഉണ്ടായിട്ടുള്ള ജനമുന്നേറ്റം ഇപ്രകാരം ഒരു നവീകരണ പ്രസ്ഥാനമായി രൂപപ്പെടുത്താൻ നമുക്ക് കഴിയണം. സ്കൂൾ കോംപ്ലക്സുകൾ പുനരുജ്ജീവിപ്പിച്ച് പഠന പ്രക്രിയയും അധ്വാനവും ക്രിയാത്മകമാക്കാൻ നമുക്ക് കഴിയണം. പി. റ്റി. എ. കളും. മാതൃസംഗമങ്ങളും സജീവമാക്കാൻ നമുക്ക് കഴിയണം. ജാഗരൂകരായ രക്ഷകർത്താക്കളെയും അർപ്പണ ബോധമുള്ള അധ്യാപകരേയും വിദ്യാകാംഷികളായ വിദ്യാർത്ഥികളെയും വാർത്തെടുക്കുവാൻ ഈ നവജനമുന്നേറ്റത്തിന് കഴിയണം.

ഔപചാരിക വിദ്യാഭ്യാസം

നമ്മുടെ പഞ്ചായത്തിൽ ഒൻപത് സ്കൂളുകളാണ് ഉള്ളത്. പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗത്ത് 35 അംഗൻവാടികളും പ്രവർത്തിക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഈ ബ്ലോക്കിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടേതെന്ന് ഒട്ടും അഭിമാനകരമല്ല.

(a) അംഗൻവാടികൾ

ഈ പഞ്ചായത്തിൽ 35 അംഗീകൃത അംഗൻവാടികളും കൂടാതെ 15 സ്വകാര്യ നേഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നു. നവീന വിദ്യാഭ്യാസ പരിപാടിയിൽ (പദ്ധതിയിൽ)

വിദ്യാഭ്യാസ രംഗം

വാർഡ്	സ്കൂളുകൾ			പാരലൽ കോളജുകൾ	അംഗൻവാടി സ്ഥാപനം	സാങ്കേതിക	ഗ്രന്ഥശാലകൾ
	എൽ. പി.	യു. പി.	എച്ച്. എസ്				
I	Nil	Nil	Nil	1	2	Nil	1
II	1	1	Nil	Nil	3	1 Type writing	1
III	Nil	Nil 1 (I to X)	1	3	Nil	1	
IV	Nil	Nil	Nil	1	2	Nil	2
V	Nil	Nil	Nil	Nil	3	Nil	1
VI	1	Nil	1 (V to X)	1	3	1 (Type writing)	2
VII	1	Nil	Nil	Nil	2	Nil	Nil
VIII	Nil	Nil	Nil	Nil	5	Nil	3
IX	1	Nil	Nil	1	3	Nil	2
X	Nil	1 (I-VII)	Nil	Nil	3	Nil	1
IX	Nil	Nil	1	Nil	6	Nil	1
ആകെ	4	2	3	5	35	2	15

അംഗൻവാടികൾക്കുള്ള പങ്കിനെകുറിച്ച് ഇപ്പോഴും കൂടുതൽ ആളുകൾക്കും ശരിയായ ധാരണയില്ല. അംഗൻ വാടികളിൽ അക്ഷരപഠനത്തിന് ഏറെ പ്രാധാന്യം ഉദ്ദേശിക്കപ്പെട്ടിട്ടില്ല. പ്രഥമ വിദ്യാഭ്യാസത്തിനായി കുട്ടികളെ മാനസികമായും ശാരീരികമായും സജ്ജരാക്കുക, അച്ചടക്കം ക്രമീകൃത മായ സാമൂഹ്യജീവിതം ഇവയിൽ പരിശീലനം നൽകുക ഇവയാണ് അംഗൻവാടികളുടെ മുഖ്യധർമ്മം എന്നാൽ സ്വകാര്യ നഴ്സറി സ്കൂളുകൾ, അക്ഷര കളരികൾ എന്നിവിടങ്ങളിൽ നൽകി വരുന്ന അക്ഷര പഠനത്തിനുള്ള അമിത പ്രാധാന്യമാണ് 'അംഗൻവാടികളിൽ നിന്നും മാതാപിതാക്കൾ പ്രതീക്ഷിക്കുന്നത്. ഈ പ്രശ്നം ബോധവൽക്കരണത്തിലൂടെ പരിഹരിക്കപ്പെടേണ്ടതാണ്.

അംഗൻവാടികളുടെ ഭൗതീക സാഹചര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കെട്ടിടമില്ലാതെ, വാടകയ്ക്കു ലഭ്യമാകുന്ന പരിമിതമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന ഏറെ അംഗൻവാടികൾ നമുക്കുണ്ട്. ഇവയ്ക്കു കെട്ടിടമുണ്ടാക്കാൻ ലഭ്യമായ എല്ലാ വിഭവങ്ങളും ഉപയോഗിക്കേണ്ടതാണ്. അംഗൻവാടികൾ ആവശ്യത്തിനില്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുകയും വേണം.

(b) സ്കൂളുകളുടെ പൊതുസ്ഥിതി

സർക്കാർ വിദ്യാലയങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ ഇല്ല. പ്രവർത്തിക്കുന്ന മാനേജ്മെന്റ് സ്കൂളുകളിലാകട്ടെ പഠനനിലവാരം കുറഞ്ഞുവരുന്നു.

ഈ പഞ്ചായത്തിലെ മൂന്ന് ഹൈസ്ക്കൂളുകളിലെ കഴിഞ്ഞ ഏതാനും വർഷത്തെ എസ്. എസ്. എൽ. സി. വിജയ ശതമാനം പരിശോധിച്ചു നോക്കിയാൽ ഈ അവസ്ഥ മനസിലാകും. രക്ഷകർത്താക്കളുടെ അനാസ്ഥയും, അശാസ്ത്രീയമായ ബോധനരീതികൾ വിദ്യാലയങ്ങളിലെ സൗകര്യകുറവ്, സാമൂഹ്യ ചുറ്റുപാടുകൾ ഇവയെല്ലാം പഠന നിലവാരത്തെ ബാധിക്കും.

(c) സ്കൂളുകളുടെ ഭൗതിക സാഹചര്യം

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകൾക്കും സ്ഥിരം കെട്ടിടങ്ങളുണ്ട്. എന്നാൽ നിലവിലുള്ള കെട്ടിട സൗകര്യം തികയാത്ത സ്കൂളുകളുണ്ട്. രാമക്കൽമേട് എസ്. എച്ച്. ഹൈസ്ക്കൂൾ ഉദാഹരണമാണ്. ഈ സ്കൂളിൽ 65 കുട്ടികൾ വരെ ഒരു ക്ലാസ് മുറിയിൽ ഇരുന്ന് പഠിക്കേണ്ടി വരുന്നു. ഉപകരണങ്ങളുടെ കാര്യത്തിലും കുറവനുഭവപ്പെടുന്നുണ്ട്. പഠനോപകരണങ്ങൾ, വിനോദോപാധികൾ ഇവയുടെ കാര്യത്തിലും പോരായ്മ തന്നെ. പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന വിദ്യാഭ്യാസ സമിതി അതാത് സ്കൂളുകൾക്കുള്ള അധ്യാപക രക്ഷാകർത്തൃ സംഘടനകളുമായി യോജിച്ച് പ്രവർത്തിച്ച് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതാണ്.

(d) യാത്രാക്ലേശം

കരുണാപുരം പഞ്ചായത്തിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് ഒരു പ്രധാന കാരണം യാത്രാ പ്രശ്നമാണ്. ഈ പഞ്ചായത്തിൽ ലഭ്യമായ സ്കൂളുകളിൽ എത്തിച്ചേരാൻ കുട്ടികൾക്ക് 5 k.m. അധികം നടക്കേണ്ട സാഹചര്യമാണ് ഇന്ന് ഉള്ളത്. ഇതിനാൽ പല കുട്ടികൾക്കും വിദ്യ ഇന്നും അപ്രാപ്യമാണ് ഒന്നു മുതൽ അഞ്ചു വരെ വാർഡുകളിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി ആശ്രയിക്കാവുന്ന സ്ഥാപനങ്ങൾ എൻ. എസ്. എസ്. എച്ച്. എസ് കരുണാപുരം,

ദീപാ എച്ച്. എസ്. കുഴിത്തൊളു, എസ്. എച്ച്. എച്ച്. എസ്. രാമക്കൽമേട് മുതലായവയാണ്. ഇവിടങ്ങളിൽ എത്തിച്ചേരാൻ കിലോമീറ്ററോളം നടക്കേണ്ടി വരുന്നു. ഉന്നത പഠനത്തിനായി പഞ്ചായത്തിലോ സമീപ പ്രദേശങ്ങളിലോ അംഗീകൃത സ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ മറ്റു സ്ഥലങ്ങളിലെ കോളേജുകളെ ആശ്രയിക്കേണ്ടിവരുന്നു.

(f) വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക്

നമ്മുടെ പല സ്കൂളുകളിലും ഈ പ്രശ്നം നിലനിൽക്കുന്നു. വിദ്യാർത്ഥികളുടെ കുടുംബ സാഹചര്യം അദ്ധ്യാപക വിദ്യാർത്ഥി ബന്ധങ്ങളിലെ പൊരുത്തക്കേടുകൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള അജ്ഞത ഇവയെല്ലാം ഇതിനുള്ള കാരണങ്ങളാണ്. ഈ പ്രശ്നത്തിന്റെ രൂക്ഷതമൂലം ഡിവിഷനുകൾ നഷ്ടപ്പെട്ട സ്കൂളുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. പഠനം അവസാനിപ്പിച്ചവരെ കണ്ടെത്താൻ സർവ്വേ നടത്തണം. കാലം ചെല്ലുന്തോറും ജനനനിരക്കിലുണ്ടാകുന്ന കുറവും കുട്ടികളുടെ എണ്ണത്തെ ബാധിക്കുന്നു. 1973-74 -ൽ 25 അധ്യാപകരും 24 ഡിവിഷനുകളുമുണ്ടായിരുന്ന കൂട്ടാർ എസ്. എൻ. എൽ. പി. സ്കൂൾ ഇന്ന് 7 ഡിവിഷനുകളും 8 അധ്യാപകരുമായി ചുരുങ്ങിയിരിക്കുന്നത് ഉദാഹരണമായി ചൂണ്ടിക്കാട്ടാം.

(g) സ്വകാര്യ വിദ്യാലയങ്ങളുടെ സ്വാധീനം

അടുത്ത കാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള പ്രതിപത്തി വർദ്ധിച്ചിട്ടുണ്ട്. ഇത് മുതലെടുക്കുന്നതിന് വേണ്ടി ധാരാളം സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സമീപ പ്രദേശങ്ങളിൽ ഉയർന്നു വന്നിട്ടുണ്ട്. ഉയർന്ന ഫീസ് നൽകി ഇവിടങ്ങളിലേക്ക് കുട്ടികളെ അയയ്ക്കാൻ രക്ഷകർത്താക്കൾ അമിതമായ താൽപര്യം കാണിക്കുന്നു. മലയാളം മീഡിയം സ്കൂളുകളിൽ കുട്ടികൾ കുറയാൻ ഇത് ഒരു കാരണമാകുന്നു.

(h) സാങ്കേതിക വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം നമ്മുടെ പഞ്ചായത്തിലെ ഒരു പ്രധാന പ്രശ്നമാണ്. അനുദിനം പെരുകികൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയ്ക്കു പരിഹാരം തൊഴിൽ നേടുക എന്നതാണ്. ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ ഇതിനുള്ള സൗകര്യം ലഭ്യമല്ല.

ആകെയുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, രണ്ട് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, സന്നദ്ധ സംഘടനകൾ വഴി തയ്യൽ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ തന്നെയോ സമീപ പഞ്ചായത്തുകളുമായി യോജിച്ചോ തൊഴിൽ വിദ്യാഭ്യാസ കേന്ദ്രങ്ങൾ, ചെറുകിട വ്യവസായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവ സ്ഥാപിക്കേണ്ടതാണ്.

നെടുംകണ്ടം പഞ്ചായത്തിന്റെയും, പാമ്പാടുംപാറ പഞ്ചായത്തിന്റെയും, കരുണാപുരം പഞ്ചായത്തിന്റെയും അതിർത്തികളായ തൂക്കുപാലത്ത് ഒരു സ്ഥാപനം ആവശ്യമാണ്. കൂടാതെ വണ്ടൻമേട് കരുണാപുരം പഞ്ചായത്ത് അതിർത്തിയായ പഴയ കൊച്ചറയിലും ഒരു സ്ഥാപനം ആവശ്യമാണ്.

(i) ഏകാധ്യാപക വിദ്യാലയങ്ങൾ

രണ്ടര കിലോമീറ്ററിൽ കൂടുതൽ ദൂരം യാത്ര ചെയ്തു പ്രൈമറി സ്കൂളിൽ പോകേണ്ടിവരുന്നവർക്കായി ഏകാധ്യാപക വിദ്യാലയം തുടങ്ങാൻ ചട്ടമുണ്ട്. ഇതിലേറെ ദൂരം യാത്ര ചെയ്തു പോകുന്ന ധാരാളം കുട്ടികൾ ഉണ്ടെങ്കിലും ഇത്തരം സ്കൂളുകൾ ഒന്നും തന്നെ നമുക്കില്ല. ഏറെ യാത്രാദൂരം അനുഭവിക്കുന്ന നാല്, എട്ട്, പത്ത് വാർഡുകളിലെ കുട്ടികൾക്കായി യഥാക്രമം കട്ടേക്കാനം, മുങ്കിപ്പള്ളം, ശൂലപ്പാറ എന്നീ സ്ഥലങ്ങളിൽ ഇത്തരം സ്കൂളുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുക്കുകയും ബന്ധപ്പെട്ട ഓഫീസുകളിലേക്ക് മേൽനടപടിക്കായി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

(j) കലാ - കായികരംഗം

കലാ രംഗത്തും കായികരംഗത്തും അതിശയകരമായ മികവു പുലർത്തുന്ന ധാരാളം വിദ്യാർത്ഥികൾ നമ്മുടെ സ്കൂളുകളിലുണ്ട്. പരിമിതമായ പരിശീലന സാധ്യതകളുടെയും പ്രതികൂലമായ ഭൗതിക സാഹചര്യങ്ങളുടെയും മദ്ധ്യത്തിൽ നിന്നും ഇവർ നേടുന്ന വിജയത്തിന് മാറ്റ് കൂടുതലുണ്ട്. കായിക കേരളത്തിന് മികച്ച സംഭാവനകൾ നൽകിയ സ്കൂളുകളിലൊന്നാണ് രാമക്കൽമേട് എസ്. എച്ച്. ഹൈസ്കൂൾ. സ്കൂൾ യുവജനോത്സവങ്ങളിലും ദേശീയ മത്സരങ്ങളിലുമെല്ലാം സമ്മാനങ്ങൾ വാരി കൂട്ടിയ അനിൽലാൽ, വനിതാ വോളിബോൾ ടീമിലെ ഗീതാമോൾ, ഷീബ, ലേഖ, മിനി, അമ്പിളി, അനിത എന്നിവരും ത്രോ വിഭാഗത്തിലെ മിനി, ഇപ്പോൾ ഇന്ത്യൻ വോളിബോൾ ടീമിലേക്ക് സെലക്ഷൻ കിട്ടിയിരിക്കുന്ന അജി ജോർജ്, ജില്ലാതല ചെസ്സ് ജേതാവായ ഹരിക്കുട്ടൻ തുടങ്ങിയവരെപ്പോലെയുള്ള കുട്ടികൾ ഈ സ്കൂളിന്റെ സംഭാവനയാണ്. ഈ സ്കൂളിൽ കായിക പരിശീലനരംഗത്ത് അർപ്പണ ബുദ്ധിയോടെ പ്രവർത്തിച്ച ബെൻസുകുട്ടിസാറിന്റെ പേര് എടുത്തു പറയേണ്ടതാണ്. 1995-ലെ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ കവിതാരചനയ്ക്ക് ഒന്നാം സ്ഥാനം ലഭിച്ച ജിജോ മോൻ ജോർജ് കുഴിത്തൊളു, ദീപാ എച്ച്. എസിലെ വിദ്യാർത്ഥിയായിരുന്നു. ജില്ലാ സംസ്ഥാന മത്സരങ്ങളിൽ സമ്മാനങ്ങൾ നേടിയ അനേകം പേർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഈ രംഗത്ത് വൈദഗ്ദ്ധ്യമുള്ള പരിശീലകരുടെ അഭാവം ശ്രദ്ധേയമാണ്. കായിക പരിശീലനത്തിൽ കഴിവും താല്പര്യമുള്ള അധ്യാപകരെ നിയമിക്കേണ്ടതാണ്. അതുപോലെ തന്നെ പരിശീലനത്തിനുള്ള ഉപക

രണങ്ങളും സഹചര്യങ്ങളും ലഭ്യമാക്കേണ്ടതാണ്. മികവു തെളിയിക്കുന്ന കുട്ടികൾക്ക് വേണ്ടത്ര പ്രോത്സാഹനവും നൽകേണ്ടതാണ്.

അനൗപചാരിക വിദ്യാഭ്യാസം

ഔപചാരിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് പുറമെ, പഠനം പൂർത്തിയാക്കിയവർക്കും ഉദ്ദേശിച്ച രീതിയിൽ പൂർത്തിയാക്കാൻ കഴിയാത്തവർക്കും നവ സാക്ഷരർക്കുമെല്ലാം ആശ്രയിക്കാവുന്ന മേഖലയാണ് അനൗപചാരിക വിദ്യാഭ്യാസ മേഖല.

ഈ രംഗത്ത് നമ്മുടെ പഞ്ചായത്തിൽ കാര്യമായ പുരോഗതിയില്ല. പതിനഞ്ച് വായനശാലകൾ നമ്മുടെ പഞ്ചായത്തിൽ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രതിദിന വാനയുടെ കണക്ക് പരിശോധിച്ചാൽ മൊത്തം ജനസംഖ്യയുടെ 1% പേർ മാത്രമേ വായന ശാലകളെ ഗൗരമായ വായനക്കുള്ള ഉപാധിയായി കാണുന്നുള്ളു എന്ന് കാണാം.

സാക്ഷരതാ പ്രവർത്തനം

കേരളാ ഗവ. നടപ്പിലാക്കിയ അക്ഷര കേരളം പരിപാടി ആവേശത്തോടെയാണ് ഈ പഞ്ചായത്തിൽ നടപ്പാക്കിയത്. നിരക്ഷരരെ കണ്ടുപിടിക്കുന്നതിന് വേണ്ടി നടത്തപ്പെട്ട പഞ്ചായത്തു തല സർവ്വേയിൽ 2756 പേരെ നിരക്ഷരരായി കണ്ടെത്തി ഇവർക്കായി വിവിധ വാർഡുകളിലായി 256 സാക്ഷരതാ കേന്ദ്രങ്ങൾ പ്രവർത്തിച്ചു.

സന്നദ്ധ സേവനരംഗത്ത് യുവജനങ്ങളുടെ ആവേശകരമായ പങ്കാളിത്തം തെളിയിച്ച കാലയളവായിരുന്നു ഇത്. ഈ പരിപാടിയുടെ വിജയത്തിനായി 300 പേർ ഇൻസ്ട്രക്ടറായും 30 പേർ മാസ്റ്റർ ട്രയിനികളായും പ്രവർത്തിച്ചിരുന്നു. ഇടുക്കി ജില്ലയിൽ സമ്പൂർണ സാക്ഷരതാ പരിപാടി ഏറെ വിജയകരമായി പൂർത്തിയാക്കിയ പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടേത്.

എന്നാൽ സാക്ഷരതാ പരിപാടിയുടെ ബാക്കി പത്രം പരിശോധിക്കുമ്പോൾ നവസാക്ഷരായവരുടെ സാക്ഷരതാ നിലവാരം നിലനിർത്തുന്നതിനുള്ള ശ്രമങ്ങൾ നമ്മുടെ ഭാഗത്തു നിന്നും തുടർന്ന് ഉണ്ടായില്ലാ എന്നുള്ളത് ഖേദകരമാണ്. നവ സാക്ഷരിൽ ഏറെ പേരും തുടർ പ്രവർത്തനങ്ങളുടെ അഭാവത്താൽ വീണ്ടും നിരക്ഷരരായിട്ടുണ്ടെന്ന് കാണാം. അനൗപചാരിക വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന കാൻഫെഡ് പോലുള്ള പ്രസ്ഥാനങ്ങൾ യോജിപ്പിച്ച് ഈ രംഗത്ത് ഒരു പുനരുജ്ജീവനം ഉണ്ടാക്കാൻ ജനകീയാസൂത്രണ പരിപാടിയിലൂടെ നമുക്ക് കഴിയണം.

പരിഹാര നിർദ്ദേശങ്ങൾ

വിദ്യാഭ്യാസ രംഗത്തെ മുരടിപ്പും ശോഷണവും പരിഹരിക്കാൻ ഗ്രാമസഭകളിൽ നിന്നും നിരവധി നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

(a) സ്കൂളുകളിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന അദ്ധ്യാപക രക്ഷകർത്തൃ സമിതികളുടെ ഘടനയും പ്രവർത്തനരീതികളും നവീകരിക്കേണ്ടതുണ്ട്. അക്കാഡമിക് പാരാ അക്കാഡമിക് പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും, തീരുമാനങ്ങൾ എടുക്കുന്നതിനും അത് നടപ്പാക്കുന്നതിനും സമിതികൾക്ക് കഴിയണം.

(b) ഓരോ സ്കൂളുകളോടുമനുബന്ധിച്ച് പ്രാദേശിക വിദ്യാലയ സമിതികൾ ഉണ്ടാകണം. സ്കൂളുകളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിനും സ്കൂളുകളെ സംരക്ഷിക്കുന്നതിനും, സ്കൂളും അതു പ്രവർത്തിക്കുന്ന സമൂഹവുമായി ഊഷ്മളമായ പാരസ്പര്യം നിലനിർത്തുന്നതിനും ഇത് സഹായിക്കും.

(c) പ്രൈമറി തലം മുതൽ ഇപ്പോൾ നിലവിലിരിക്കുന്ന പ്രമോഷൻ സംവിധാനവും അശാസ്ത്രീയമായ പരീക്ഷാ മൂല്യനിർണ്ണയ സംവിധാനങ്ങളും പരിഷ്ക്കരിക്കണം. ഇത് പഞ്ചായത്ത് തലത്തിൽ മാത്രം പരിഹരിക്കുവാൻ സാധിക്കാത്ത കാര്യമായതിനാൽ വിദ്യാഭ്യാസ പരിഷ്കർത്താക്കളുടെയും ഗവൺമെന്റിന്റെയും ശ്രദ്ധ ഈക്കാര്യത്തിൽ പതിയണം.

(d) പഞ്ചായത്ത് തലത്തിൽ ഹെഡ്മാസ്റ്റർമാരുടെയും തുടർന്ന് അധ്യാപകരുടെയും യോഗങ്ങൾ വിളിച്ചു ചേർക്കണം. ഇതിൽ നിന്നും പഞ്ചായത്തു തലത്തിൽ ഒരു അക്കാഡമിക് സമിതി രൂപീകരിക്കണം. ഈ സമിതിയിൽ പഞ്ചായത്തിലെ സ്കൂളുകൾ സന്ദർശിക്കുകയും പ്രശ്നങ്ങൾ കണ്ടെത്തുകയും അവയ്ക്കു പരിഹാര മാർഗങ്ങൾ നൽകുകയും ചെയ്യണം. അതത് സ്കൂളുകൾക്ക് പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളാണെങ്കിൽ അത് പഞ്ചായത്ത് കമ്മറ്റിയുടെയും മറ്റ് ബന്ധപ്പെട്ട അധികാരികളുടെയും ശ്രദ്ധയിൽ കൊണ്ടുവരുകയും ചെയ്യണം.

(e) പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ കുട്ടികൾക്കായി പഠനോത്സവങ്ങൾ, പഠന യാത്രകൾ, ശില്പ ശാലകൾ മുതലായവ സംഘടിപ്പിക്കുന്നതും കുട്ടികളിൽ പഠനാഭിമുഖ്യം വളർത്താൻ ഉപകരിക്കും.

(f) പഞ്ചായത്ത് തലത്തിൽ കുട്ടികൾക്കായി മത്സരങ്ങൾ, പ്രദർശനങ്ങൾ, പ്രധാന (ലോക നേതാക്കൾ, മഹാന്മാർ, ദേശീയ നേതാക്കൾ തുടങ്ങിയവരുടെ ജന്മ -ചരമദിനങ്ങൾ, മറ്റ് ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ) ദിനാചരണങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കണം. കുട്ടികളിൽ സംഘബോധം,

നേതൃത്വ ഗുണം, സഹകരണ മനോഭാവം ഇവയെല്ലാം വളർത്താൻ ഈ പരിപാടികൾ ഉപകരിക്കും.

(g) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. പഞ്ചായത്ത് സമിതിയുടെ നേരിട്ടുള്ള പരിശോധന ഇതിനായി വേണം.

(h) മാനേജ്മെന്റ് സ്കൂളുകളിൽ ഗവ. നിശ്ചയിക്കുന്ന ഭൗതികാസാഹചര്യങ്ങളുടെ മാനദണ്ഡം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഈ നിർദ്ദേശങ്ങൾ ശരിയായി പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

(i) S. S. L. C വിജയ ശതമാനം ഉയർത്തുന്നതിനായി പ്രത്യേകം ശ്രദ്ധ കൊടുക്കേണ്ടതാണ്. പിന്നോക്കം നിൽക്കുന്ന വിഷയങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ പ്രത്യേക പരിശീലനം വിദ്യാർത്ഥികൾക്ക് നൽകുവാൻ സംവിധാനം ഉണ്ടായാൽ ഇത് വലിയൊരളവുവരെ മെച്ചപ്പെടും.

നാളെക്കളിലെ നമ്മുടെ ഭാവിയുടെ വിധാതാക്കൾ നമ്മൾ തന്നെ ആയതുകൊണ്ട് അതിന്റെ അടിസ്ഥാന ശിലകൾ ബലവത്താക്കാനുള്ള നിർദ്ദേശങ്ങളായി നമുക്കിവയെ കാണാം.

വിദ്യാഭ്യാസരംഗത്തെ പുത്തൻ പ്രവണതകളും പരിഷ്കാരങ്ങളും വരും നൂറ്റാണ്ടിൽ നമ്മുടെ നാടിന്റെ മുഖചരായ തന്നെ മാറ്റും എന്ന് നമുക്ക് പ്രത്യാശിക്കാം. ശുദ്ധീകരണ പ്രക്രിയകളെ പൂർത്തിയാക്കി കഴിയുമ്പോൾ ശുദ്ധീകൃത വസ്തു ബാക്കിയുണ്ടാവുമെന്ന് ഉറപ്പുവരുത്താൻ നാം ജാഗരൂകരായിരിക്കണം.





9

കുടിവെള്ളവും പൊതുജനാരോഗ്യവും

കരുണാപുരം പഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ് ഓലികൾ എന്ന് അറിയപ്പെടുന്ന അവികസിത കിണറുകളാണ് പഞ്ചായത്തിലെ (53959) വീടുകളിൽ 30% ളം വീടുകളിൽ സ്വന്തമായി കിണറുകൾ ഉണ്ട്. എന്നാൽ കിണറിന് അനുയോജ്യമല്ലാത്ത ഭൂപരമായ കാരണങ്ങളാൽ 70% വീടുകളിൽ സ്വന്തമായി കിണറുകൾ ഇല്ല. ഈ കുടുംബങ്ങൾ കുടിവെള്ളത്തിനായി മറ്റ് സൗകര്യങ്ങളെയാണ് ആശ്രയിക്കുന്നത്.

ജല ദൗർലഭ്യം പഞ്ചായത്തിലുടനീളം ഉണ്ട് പൊതു ജല വിതരണ സംവിധാനം പരിമിതമാണ്. കുന്നിൻ ചരിവുകളും മലമടക്കുകളും പാറക്കെട്ടുകളുമുള്ള പഞ്ചായത്തിൽ, ഒന്നു മുതൽ പതിനൊന്ന് വരെയുള്ള വാർഡുകളിൽ ജല ദൗർലഭ്യം സമാനമാണ്. പഞ്ചായത്തിലെ എല്ലാ മേഖലയിലും എത്തത്തക്കവിധത്തിൽ ഒരു ശുദ്ധജല പദ്ധതിയും നിലവിലില്ല. വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

പഞ്ചായത്തിലെ ഒന്നു മുതൽ പതിനൊന്ന് വരെയുള്ള വാർഡുകളിൽ അങ്ങിങ്ങായി നല്ല ജല സ്രോതസുകളുണ്ട്. വേനൽക്കാലത്ത് ശുദ്ധജലത്തിനായി ഗ്രാമീണർ ശരാശരി ഒരു കിലോമീറ്ററെങ്കിലും പോകേണ്ടതുണ്ട്. ജനുവരി മുതൽ മെയ് മാസം വരെ ഈ മലയോര പ്രദേശങ്ങളിൽ ശുദ്ധ ജല ക്ഷാമമാണ്.

അംബേദ്ക്കർ കോളനിയിൽ 30 ടാപ്പുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. 3-ാം വാർഡിൽ അംബേദ്ക്കർ കോളനിയിൽ മാത്രമാണ് ഭാഗീകമായി ജലവിതരണമുള്ളത്. തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന 1, 3, 4, 6, 7, 8 വാർഡുകളിൽ ജലക്ഷാമം രൂക്ഷമാണ്.

പ്രശ്നങ്ങൾ

വാർഡ് 1 — ഒന്നാം വാർഡിലെ അമ്പതേക്കർ ഭാഗത്ത് ജല ക്ഷാമമുണ്ട്. (അംഗൻവാടി പ്രദേശം)

വാർഡ് 2 — പന്ത്രണ്ട് മാസം കുടിവെള്ള ക്ഷാമം നേരിടുന്ന രണ്ടാം വാർഡിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി EAS സ്കീം അനുസരിച്ച് കുരുവിക്കാനത്ത് ഒരു കുളം കുഴിച്ചിട്ടുണ്ട്. ആവശ്യത്തിന് വെള്ളം ഉണ്ടെങ്കിലും ഇതുവരേയും വിതരണം ചെയ്തിട്ടില്ല. ഇഞ്ചക്കാനം ഭാഗത്തും, ശൂലപ്പാറ പ്രദേശത്തും പൈലിക്കാനം, തോവാളപ്പടി, ആലുങ്കൽപ്പടി, സ്കൂൾപടി, കട്ടപ്പനപ്പടി, വെസ്റ്റ്പ്പാറ, കോമ്പമുക്ക്, അംഗൻവാടി പ്രദേശത്തും കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 3 — ബാലൻപിള്ള സിറ്റി, ബംഗ്ലാദേശ്, രാമക്കൽമേട്, ത്യാഗരാജപ്പടി, ലക്ഷംവീട് എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 4 — വാർഡിലെ ഉയർന്ന പ്രദേശങ്ങളായ തണ്ണിപ്പാറ (പുരുഷൻമുക്ക്), കരുണാപുരം, ശാന്തിപുരം, ഈറ്റക്കാനം, ഇടത്തറമുക്ക്, ചേലമൂട് പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 5 — വാർഡിലെ പ്രകാശ്ഗ്രാം, നാലുമുക്ക്, കൊച്ചുപ്ലാമൂട്, കുരുവിക്കാനം, പുളിങ്കുന്നുമേട്, ചേലചുവട്, ഈറ്റക്കാനം, പൈലിക്കാനം തുടങ്ങിയ പ്രദേശങ്ങളിൽ കുടിവെള്ളത്തിന് ബുദ്ധിമുട്ടുണ്ട്.

വാർഡ് 6 ചെന്നാക്കുളം, എട്ട്ഏക്കർ, കരുണാപുരം, അഞ്ച്സെന്റ്, കൂട്ടാർ സ്കൂൾ സമീപം, മൊശപ്പാറ, ഇടവഴിയിൽ ജോസഫിന്റെ പുരയിടത്തിന് സമീപം എന്നിവിടങ്ങളിൽ കുടിവെള്ളത്തിന് ക്ഷാമമുണ്ട്.

വാർഡ് 7 വെള്ളിമലപ്പടി, കതിരോലിപ്പടി, അച്ചക്കട, മൂങ്കിപ്പള്ളം, തോൽക്കണ്ടം, പാറക്കട, തങ്കച്ചൻക്കട, കമ്പംമെട്ടിന്റെ പരിസര പ്രദേശങ്ങളിലും, കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 8 മന്തിപ്പാറ, ആശാൻകട, സുൽത്താൻമേട്, ആറ്റിൻകര പഴയകൊച്ചറ, തങ്കച്ചൻകട, മൂങ്കിപ്പള്ളം, തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 9 നെല്ലിയാനിമേട്, അമ്പലമേട്, പാറക്കടവ്, ചേറ്റുക്കുഴി, പഴയകൊച്ചറ, പ്രദേശങ്ങളിലും, പരപ്പനങ്ങാടി, ശങ്കരൻകാനം, സ്ഥലങ്ങളും കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 10 ശൂലപ്പാറ, ചാവിക്കാനം, കുളത്തുംമേട്, നെല്ലിമല, നെല്ലിമലകണ്ടം, ചേറ്റുകുഴി, പാറശാല, SC/ST കോളനി, പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്.

വാർഡ് 11 കുഴിക്കണ്ടം, നിരപ്പേൽക്കട, നളന്ദാസിറ്റി, തെക്കേകൂട്ടാർപടി, കുഴിക്കണ്ടം, SC/ കോളനി, കരുണാപുരം പി. എച്ച്. സെന്റർ (കുഴിത്തൊളു) എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്.

ഗ്രാമസഭയിൽ നിന്നുള്ള പരിഹാര നിർദ്ദേശങ്ങൾ

വാർഡ് I കൊച്ചുകരോട്ട് കെ. റ്റി. ജോർജ് വഴി കല്ലാറ്റിൽ അമ്പത് ഏക്കറിൽ ടാങ്ക് കെട്ടി വാട്ടർ സപ്ലൈ നടത്തുക.

വാർഡ് II കുരുവിക്കാനത്ത് EAS സ്കീം അനുസരിച്ച് നിർമ്മിച്ചിരിക്കുന്ന കുളത്തിൽ നിന്നും ജലം എത്തിക്കുവാൻ കഴിയും. ശൂലപ്പാറ പ്രദേശത്തുള്ള ജലസ്രോതസുകൾ പ്രയോജനപ്പെടുത്തുകയാണെങ്കിൽ ശൂലപ്പാറ, ചില്ലുപ്പാറ, ഉൾപ്പെടെ മിക്ക പ്രദേശങ്ങളിലും, കുടിവെള്ളം എത്തിക്കുവാൻ കഴിയും. (കാനം കുഞ്ഞപ്പി വക, സ്ഥലത്ത് ഒരു കുളം നിർമ്മിക്കുക)

വാർഡ് III E. A. S. പദ്ധതി പ്രകാരം, അന്ന പൂർണ്ണേശ്വരി ദേവീക്ഷേത്രവളപ്പിലെ കുളത്തിൽ നിന്നും എം. എച്ച്. പീരുമുഹമ്മദിന്റെ സ്ഥലത്ത് പൊതുജനസഹകരണത്തോടെ നിർമ്മിച്ച കിണറ്റിൽ നിന്നും ജലം ശേഖരിച്ച് അനുയോജ്യമായ സ്ഥലത്ത് ടാങ്ക് നിർമ്മിച്ചാൽ അൻപതിൽപ്പരം കുടുംബങ്ങൾക്ക് ആവശ്യമായ കുടിവെള്ളം എത്തിക്കുവാൻ കഴിയും.

ഇടത്തറമുക്ക് അംഗൻവാടി പ്രദേശത്ത് വെള്ളം ലഭിക്കുന്നതിന് വാട്ടർ അതോറിറ്റി പദ്ധതിപ്രകാരം കുളം നിർമ്മിച്ച് അനുയോജ്യമായ സ്ഥലത്ത് ടാങ്ക് നിർമ്മിച്ചാൽ 100 ൽപ്പരം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുവാൻ കഴിയും.

കൃഷ്ണപുരം ഭാഗത്ത് തൂവേണിമെട്ടിലും സ്വർഗത്തിമെട്ട്, കുഞ്ഞനൂർപാറ എന്നീ ഭാഗങ്ങളിലും കുഴൽ കിണറുകൾ നിർമ്മിച്ചാൽ മാത്രമേ, ആ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കപ്പെടുന്നുള്ളൂ.

വാർഡ് IV പുരുഷൻ മുക്കിൽ ഒരു ടാങ്ക് നിർമ്മിച്ച് വെള്ളമെത്തിച്ചാൽ 150ൽപ്പരം വീടുകൾക്ക് ജലം എത്തിക്കാൻ കഴിയും. കരുണാപുരം ഭാഗത്ത് ടാങ്ക് നിർമ്മിച്ച് വെള്ളമെത്തിച്ചാൽ, പഞ്ചായത്തിലെ IV, V, VI, VII വാർഡുകളിലായി ആയിരത്തിലധികം വീടുകളിൽ ശുദ്ധജലം എത്തിക്കുവാൻ കഴിയും. കാരണം പഞ്ചായത്തിലെ ഭൂമിശാസ്ത്രപരമായി ഉയർന്ന പ്രദേശമാണ് കരുണാപുരം.

ചേലമൂട്ടിൽ ടാങ്ക് പണിത് ജലം എത്തിച്ചാൽ 50-ൽ അധികം വീടുകൾക്ക് ശുദ്ധജലം എത്തിക്കാൻ കഴിയും. തണ്ണിപ്പാറ, കട്ടേക്കാനം, ഈറ്റക്കാനം എന്നിവിടങ്ങളിൽ പബ്ലിക്ക് കിണറുകൾ നിർമ്മിച്ചാൽ ആ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം. ശാന്തിപുരം ഇടത്തറമുക്ക് പ്രദേശങ്ങളിൽ കുഴൽ കിണറുകളാണ് അനുയോജ്യം.

വാർഡ് V കുഞ്ഞുരാമൻ മുക്ക് പൈലിക്കാനം ഭാഗത്ത് കുളം കുഴിച്ചാൽ പ്രകാശ്ഗ്രാം ഭാഗത്ത് നൂറോളം വീടുകൾക്ക് ജലം എത്തിക്കാൻ കഴിയും. ഈറ്റക്കാനത്ത് ചാരുവിളതമ്പി വക സ്ഥലത്തെ തൊണ്ടിയിൽ തങ്കപ്പനാചാരി, ഹമീദ്മെട്ട് എന്നീ പ്രദേശങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് ജലം എത്തിച്ചാൽ പുളികുന്നുമെട്ട്, നാലുമുക്ക്, കൂട്ടാർ വരെയുള്ള പ്രദേശങ്ങളിലെ 200-ൽ അധികം വീടുകൾക്ക് ജലം ലഭിക്കും. മൂന്നാം വാർഡിൽ നിലവിലുള്ള വാട്ടർ ടാങ്കിൽ നിന്നും അഞ്ചാം വാർഡിൽ കൂടി കടന്നു പോകുന്ന പൈപ്പിൽ ഒരു ടാപ്പ് പിടിച്ചാൽ ആ പ്രദേശത്തെ പതിനഞ്ചിലധികം വീടുകൾക്ക് പ്രയോജനം ലഭിക്കും.

വാർഡ് VI ശാന്തിപുരം, അഞ്ചുസെന്റ് ഭാഗത്ത് കുഴൽകിണർ കുത്തിയാൽ 50 വീടുകൾക്ക് വളരെ പ്രയോജനമാണ്. കൊങ്ങമല പുരയിടത്തിന് സമീപമോ, കമ്പംമെട്ട് എസ്. എൻ. ഡി. പി. ആഫീസിനു താഴ് ഭാഗത്തോ ഒരു കുളം കുഴിച്ച് വെള്ളം പമ്പ് ചെയ്ത് എട്ട് ഏക്കർ ഭാഗത്ത് എത്തിച്ചാൽ അനേകം വീടുകളിൽ ജലക്ഷാമം പരിഹരിക്കാനാവും. ചെന്നാക്കുളം, കരുണാപുരം, കൂട്ടാർ സ്കൂളിനു സമീപം, മൊശപ്പാറ എന്നീ സ്ഥലങ്ങളിൽ കുഴൽകിണറിനാണ് ഏറെ സാധ്യത.

ജല സ്രോതസുകളുള്ള സ്ഥലമുടമസ്ഥർ, കുളം കുഴിക്കാനുള്ള സ്ഥലം തരാൻ സന്നദ്ധരാണ്.

വാർഡ് VII തൊമ്മിതാഴെ പടി ഭാഗത്ത് കുളംകുത്തി വെള്ളം പമ്പ് ചെയ്തു കുന്നത്തറ ചന്ദ്രന്റെ ഭാഗത്ത് ടാങ്ക്

കെട്ടി വെള്ളം എത്തിച്ചാൽ കമ്പംമെട്ട്, അച്ചക്കട, മുങ്കിപ്പള്ളം; മണിയമ്പ്രാ തങ്കച്ചൻക്കട എന്നീ ഭാഗങ്ങളിൽ വെള്ളം എത്തിക്കാൻ കഴിയും. അച്ചക്കട പട്ടികജാതികോളനിയിലും പാറക്കടവ് ഭാഗത്തും ശുദ്ധജല വിതരണം നടത്താൻ കഴിയുന്ന ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കണം. അയ്യരുകാട് ഭാഗത്ത് കുഴൽ കിണറിനാണ് സാധ്യത. തോൽക്കണ്ടംഭാഗത്ത് പബ്ലിക്ക് കിണർ കുത്തുക.

വാർഡ് VIII മന്തിപ്പാറയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഏബ്രഹാം ജീരകത്തിനാലിന്റെ വക സ്ഥലത്ത് കുളം കുത്തി കഴുവാനിക്കുന്നേൽ രാഘവൻ നായരുടെ വക സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ ഇടുക. കുളത്തിനും, വാട്ടർടാങ്കിനുമുള്ള സ്ഥലങ്ങൾ ലഭിച്ചിട്ടുള്ളതാണ്. ആശാൻകട, സുൽത്താൻ മേട്, ആറ്റിൻകര, പഴയകൊച്ചറ, തങ്കച്ചൻക്കട, മുങ്കിപ്പള്ളം എന്നീ സ്ഥലങ്ങളിൽ കിണറുകളും, കുളങ്ങളും, നിർമ്മിച്ചാൽ വാർഡിലെ ജലക്ഷാമം പരിഹരിക്കാൻ കഴിയും. വാർഡിൽ ജല സ്രോതസുകളുള്ള സ്ഥലമുടമകൾ കുളം കുഴിക്കാനുള്ള സ്ഥലം തരാൻ സന്നദ്ധരാണ്.

വാർഡ് IX കുഴിത്തൊളു, അമ്പലമേട്, ചേറ്റുക്കുഴി, നെല്ലിയാനിമേട്, പഴയകൊച്ചറ, എൻ. സി. തോമസിന്റെ വീടിന്റെ ഭാഗം പരപ്പനങ്ങാടി എന്നിവിടങ്ങളിൽ കുളം, കുത്തി ടാങ്ക് നിർമ്മിച്ച് മോട്ടോർ ഉപയോഗിച്ച് ജലം പമ്പ് ചെയ്തു ശുദ്ധജലവിതരണം നടത്താം. ഈ പ്രദേശങ്ങളിൽ കിണറുകൾ, കുത്തി ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

വാർഡ് X ഉയർന്ന പ്രദേശങ്ങളിൽ ടാങ്ക് നിർമ്മിച്ച് നീർച്ചാലുകളുള്ള പ്രദേശങ്ങളിൽ കുളം കുഴിച്ച് വെള്ളം ടാങ്കിൽ എത്തിച്ചാൽ പൈപ്പ് ഉപയോഗിച്ച് ശുദ്ധജല വിതരണം നടത്താൻ പറ്റും.

വാർഡ് XI കുഴിക്കണ്ടത്ത് പട്ടികജാതി കോളനിയിലെ പഞ്ചായത്ത് കിണർ മെച്ചപ്പെടുത്തുക. വാർഡിന്റെ ഉയർന്ന പ്രദേശമായ കുഴിത്തൊളുവിൽ ടാങ്ക് നിർമ്മിച്ച് ജലം എത്തിച്ചാൽ പൈപ്പ് ഉപയോഗിച്ച് താഴ്ന്ന പ്രദേശങ്ങളായ പി. എച്ച്. സെന്റർ, നിരപ്പേൽക്കട, നളന്ദാസിറ്റി, കൂട്ടാർ, തെക്കേടത്ത് പടി എന്നീ പ്രദേശങ്ങളിൽ വെള്ളം എത്തിക്കാൻ കഴിയും. ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാനാവും.

ആരോഗ്യം

മനുഷ്യ ജീവിതത്തിന്റെ അടിസ്ഥാനഘടകമാണ് ആരോഗ്യം. ഒരു രാജ്യത്തിന്റെ സമ്പത്ത് എന്നു പറയുന്നത് ആരോഗ്യമുള്ള ജനതയാണ്. അത് മനുഷ്യന്റെ ജീവിതസൗകര്യം മെച്ചപ്പെടുത്തുന്നതിലൂടെയും ആതുര ശുശ്രൂഷാ രംഗം പരിപാലിക്കുന്നതിലൂടെയും കഴിയും. കഴിഞ്ഞ കാല ആരോഗ്യ ശുശ്രൂഷാ രംഗങ്ങളിൽ പഞ്ചായത്തിന് 50% പോലും നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വിദഗ്ധ ചികിത്സയ്ക്കുവേണ്ടി ശരാശരി 10 km അകലെ വരെ പോകേണ്ട സ്ഥിതിയാണ് ഈ പഞ്ചായത്തിലെ ജനങ്ങൾക്കുള്ളത്. പഞ്ചായത്തിലെ തന്നെ കുഴിത്തൊളു പബ്ലിക് ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം പൂർണ്ണമായി നടക്കുന്നില്ല. ഈ സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമായാൽ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും പ്രയോജനപ്പെടും. ഒപ്പം 2, 8, 10, 11 വാർഡുകളിലെ സബ് സെന്ററുകളിലേയും പ്രവർത്തനം തൃപ്തികരമല്ല..

പഞ്ചായത്തിൽ കമ്പംമെട്ടിലും കൂട്ടാറ്റിലും തുക്കുപാലത്തും നാമമാത്രമായി പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ഒപ്പം പഞ്ചായത്തിന്റെ മിക്ക വാർഡുകളിലും പാരമ്പര്യ ആയുർവ്വേദ ചികിത്സാരീതികളും നടന്നു വരുന്നു. എങ്കിലും പഞ്ചായത്തിലെ ജനങ്ങളുടെ ചികിത്സാവശ്യങ്ങളെ പൂർണ്ണമായും തൃപ്തിപ്പെടുത്താൻ ഇവയ്ക്ക് കഴിയുന്നില്ല.

പൊതുജനാരോഗ്യ കേന്ദ്രങ്ങൾ

1	P. H. സെന്റർ	കരുണാപുരം (കുഴിത്തൊളു)
2	I. P. P. സെന്റർ	കമ്പംമെട്ട്
3	I. P. P. സെന്റർ	ചോറ്റുപ്പാറ
4	I. P. P. സെന്റർ	കുഴിക്കണ്ടം
5	I. P. P. സെന്റർ	പൊത്തുംകണ്ടം

കുടുംബ ക്ഷേമ പദ്ധതിയുടെ പരിധിയിൽ വരുന്ന 60% ദമ്പതികളും സ്ഥിരമായ സന്താന നിയന്ത്രണ ഉപാധികൾ സ്വീകരിച്ചവരാണ്. കുട്ടികളുടെ എണ്ണം സംസ്ഥാന ശരാശരിയേക്കാൾ അല്പം കുറവാണ്. നാലോ അതിൽ അധികമോ കുട്ടികൾ ഉള്ള കുടുംബങ്ങൾ 30% ത്തിൽ താഴെയാണ്. ശിശുമരണനിരക്കു സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ എല്ലാ വർഷവും നേത്രരോഗങ്ങൾ, വയറിളക്കം, മഞ്ഞപ്പിത്തം, പനി എന്നിവ ഉണ്ടാകാറുണ്ട്.

തുറസ്സായ സ്ഥലങ്ങളിലെ മലമൂത്രവിസർജനം മൂലം കുടിവെള്ളം മലിനമാകുകയും സാംക്രമികരോഗങ്ങൾ വ്യാപകമായി പടർന്നു പിടിക്കാറുണ്ട്.

പഞ്ചായത്തിലെ 10% മാത്രം വീടുകൾക്കു മാത്രമേ കക്കൂസുകൾ ഉള്ളൂ ഇതിൽ തന്നെ മൂന്നു മുതൽ പതിനൊന്നു വരെയുള്ള വാർഡുകളിൽ കക്കൂസുകൾ വളരെ പരിമിതമാണ്. നമ്മുടെ പഞ്ചായത്തിൽ ചെലവ് കുറഞ്ഞ കക്കൂസുകൾ പ്രചരിപ്പിക്കണം. ചില പ്രദേശങ്ങളിൽ കരിങ്കൽ ടാങ്കോടു കൂടിയ പ്രത്യേകതരം കക്കൂസുകൾ തന്നെ വേണ്ടി വരും. ചെലവ് കുറഞ്ഞ കക്കൂസുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ബോധവൽക്കരണം തന്നെ ആവശ്യമു

ണ്ട്. sc/st വിഭാഗത്തിന് 70% പേർക്ക് കക്കൂസുകൾ നിർമ്മിക്കുന്നതിന് ഗവൺമെന്റിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 5% വീടുകളിൽ പോലും മലിനജലം നിയന്ത്രിക്കുന്നതിന് പ്രത്യേക സംവിധാനം ഇല്ല.

വ്യവസായശാലകൾ ഏറെ ഇല്ലാത്തത് കൊണ്ട് മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ ഇല്ല. തുറസ്സായ സ്ഥലങ്ങളിൽ മല, മൂത്രവിസർജനം മൂലം കിണറുകൾ മലിനമാകുന്നു.

മാലിന്യങ്ങൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുന്നതിന് കമ്പോസ്സു കുഴികൾ പറമ്പുകളിൽ സ്ഥാപിക്കാൻ നടപടിയുണ്ടാക്കണം.

ആരോഗ്യ രംഗം പൊതു സ്ഥിതി

1)	(a)	പഞ്ചായത്തിലെ ആകെ ജനസംഖ്യ	23263
	(b)	പുരുഷന്മാർ	10395
	(c)	സ്ത്രീകൾ	12868
2)	(a)	പട്ടികജാതി ജനസംഖ്യ	2287
	(b)	പട്ടിക വർഗ്ഗ ജനസംഖ്യ	
3)		അംഗൻവാടികളുടെ എണ്ണം	35
4)	(a)	ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾ	448
	(b)	1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	323
	(c)	2-3 "	393
	(d)	3-6 "	864
5)	(a)	പഞ്ചായത്തിലെ ആകെ ഗർഭിണികളുടെ എണ്ണം	206
	(b)	ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം	Nil
6)	(a)	മുലയൂട്ടുന്ന അമ്മമ്മാരുടെ എണ്ണം	195
		(6 മാസം വരെ പ്രായമുള്ള കുട്ടികളുടെ)	
7)	(a)	കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ	448
8)	(a)	ഒരു വയസ്സിൽ താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (1995-96)	Nil
	(b)	1-3 "	Nil
	(c)	3-5 "	Nil
9)	(a)	ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം	Nil
	(b)	മറ്റ് മരണങ്ങൾ	130
10)	(a)	അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം	2000
	(b)	" " ഗർഭിണികളുടെ എണ്ണം	200
	(c)	" " മുലയൂട്ടുന്ന അമ്മമ്മാരുടെ എണ്ണം	170

കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

കുട്ടികൾ	B. C. G.	D. P. T.				പോളിയോ				D. T.				മിസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 ൽ താഴെ	448	448	448	400		448	448	400					480	400
1-3 വയസ്സ്														
3-6 വയസ്സ്														

കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

പ്രായം	നോർമൽ		1-ാം ഗ്രേഡ്		2-ാം ഗ്രേഡ്		3-ാം ഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസ്സിൽ താഴെ	102	89	53	42	15	11		
1-3 വയസ്സ്	131	129	86	77	20	20		
3-6 വയസ്സ്	191	180	101	110	32	42		

കുഴിത്തൊളു P.H. സെന്ററിൽ നിന്നുള്ള വിവരങ്ങൾ

പകർച്ച വ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണി ജന്യരോഗങ്ങൾ	മറ്റുള്ളവ
1	2	3	4	5
1993-94	62	43	8	10
1994-95	60	41	1	9
1995-96	61	39	3	7

കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ

(ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

കുട്ടികൾ	Paymenant Method	Temparary Method
a) 1 കുട്ടി	2	420 (422)
b) 2 കുട്ടികൾ	1007	101 (1108)
c) 2 ൽ കൂടുതൽ	1119	101 (1220)

അമ്മമാരുടെ എണ്ണം

(ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

a) 1 കുട്ടി	596
b) 2 കുട്ടികൾ	1144
c) 2 ൽ കൂടുതൽ കുട്ടികൾ	1264

1-ാം ഗ്രേഡ്	ലഘുവായ പോഷണക്കുറവുള്ളവർ
2-ാം ഗ്രേഡ്	മിതമായ പോഷണക്കുറവുള്ളവർ
3-ാം ഗ്രേഡ്	ഗുരുതരമായ പോഷണക്കുറവുള്ളവർ

അവലംബം പ്രൈമറി ഹെൽത്ത് സെന്റർ കരുണാപുരം

ടെറ്റനസ് ടോക്സോയിഡ് (T.T)

	1D	2D	BD
ഗർഭിണികൾ	206	180	14

■ ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികൾ ലഭിച്ച ഗർഭിണികളുടെ എണ്ണം	155
■ ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികൾ ലഭിച്ച കുട്ടികളുടെ എണ്ണം	847
■ വിറ്റാമിൻ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം	238
■ ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം	448
■ വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം	Nil

PHC. KARUNAPURAM

കുഴിത്തൊളു PHC.

വർഷം	ഇൻ പേഷ്യന്റ് എണ്ണം	ഔട്ടം പേഷ്യന്റ് എണ്ണം	തൃക്ക് രോഗം	രോഗികളെ സംബന്ധിച്ച് വിവരം പ്രതിവർഷം (എണ്ണം)				
				വാത രോഗം എല്ലാ വിഭാഗവും	പകർച്ച വ്യാധികൾ	വിഷ ചികിത്സ (പാമ്പുകടി)	മറ്റുള്ള രോഗങ്ങൾ	ആകെ.
92-93	-	9780	1790	1386	205	-	6399	9780
93-94	-	9891	1798	1404	211	-	6480	9891
94-95	-	10000	1803	1427	221	-	6549	10000
95-96	-	14593	2875	1848	271	-	9599	14593
ആകെ	-	44264	8266	6063	908	-	29027	44264

10

ഗതാഗതം

പുരാതന മനുഷ്യന്റെ ആവശ്യങ്ങൾ പരിമിതവും പ്രശ്നങ്ങൾ അവനിൽത്തന്നെ ഒട്ടൊക്കെ പരിഹരിക്കാൻ കഴിയുന്നതുമായിരുന്നു. അതുകൊണ്ടു തന്നെ ചെറിയ ചെറിയ കൂട്ടങ്ങളായി ജീവിച്ചിരുന്ന ആവാസ വ്യവസ്ഥകൾ സ്വയം പര്യാപ്തമായിരുന്നതുകൊണ്ട് ഗതാഗതം ഒരു മുഖ്യ പ്രശ്നമായിരുന്നില്ല. എന്നാൽ മനുഷ്യൻ പ്രകൃതിയെ കീഴടക്കി ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ സ്വായത്തമാക്കി പരിഷ്കൃത ജീവിതം ആരംഭിച്ചപ്പോൾ ഗതാഗത സൗകര്യങ്ങൾ വികസിപ്പിക്കേണ്ടത് ആവശ്യമായിത്തീർന്നു. കരയിൽ ഓടാനും ജലത്തിൽ തുഴയാനും ആകാശത്തിൽ പറക്കാനും മനുഷ്യൻ സംവിധാനങ്ങളുണ്ടാക്കി. ഒരു മേഖലയിലുണ്ടാക്കുന്ന നേട്ടങ്ങൾ മറ്റ് മേഖലകളിലേക്കും പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് ഗതാഗതസൗകര്യങ്ങൾ അനിവാര്യമായിത്തീർന്നു. വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടപ്പോൾ അസംസ്കൃത സാധനങ്ങൾ കൊണ്ടുപോകുന്നതിനും ഉൽപ്പന്നങ്ങളെ വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനും റോഡുകളും മറ്റ് ഗതാഗത മാർഗ്ഗങ്ങളും വ്യാപകമായി തുറക്കപ്പെട്ടു.

നമ്മുടെ ഗ്രാമത്തിലെ കഥ പരിശോധിക്കുമ്പോൾ റെയിൽ, വ്യോമ, ജല മാർഗ്ഗങ്ങൾ ഒക്കെ അപ്രസക്തങ്ങളാണ്. ഗതാഗതമാർഗ്ഗമായി നമുക്കുള്ളത് റോഡുകളാണ്. റോഡുകൾ ഏതൊരു നാടിന്റെയും നാഡിഞരമ്പുകളാണ്. വികസനത്തിന്റെ ചംക്രമണമാർഗ്ഗത്തിൽ തടസ്സങ്ങൾ ഇല്ലാതാക്കുവാൻ റോഡു ശൃംഖലകൾ വിപുലവും കാര്യക്ഷമവുമാക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഗതാഗത യോഗ്യമായ റോഡുകൾ വളരെ പരിമിതമാണ്. ടാർ റോഡുകളും, മെറ്റലിങ്ങ് റോഡുകളും, മെറ്റൽ ചെയ്യാത്ത റോഡുകളുമുണ്ടെങ്കിലും സഞ്ചാര യോഗ്യമായ റോഡുകളുടെ എണ്ണം പരിമിതമാണ്. പി. ഡബ്ല്യൂ. ഡി. ഉടമസ്ഥതയിലുള്ള റോഡുകളിൽ യഥാസമയം മെയിന്റനൻസ് നടത്താത്തതിനാൽ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ടാർ റോഡുകളുണ്ടെങ്കിലും കാലകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്താത്തതിനാൽ ഈ റോഡുകളുടെ സ്ഥിതിയും പരമദയനീയമാണ്. ഏതാനും റോഡുകൾ ഭാഗികമായി മെറ്റൽ ചെയ്തിട്ടുണ്ടെങ്കിലും മെറ്റലിംഗ് പൂർത്തികരിക്കാത്തതുകൊണ്ട് കഴിയുന്നില്ലാ. ആകെ കൂടി പറഞ്ഞാൽ P.W.D. റോഡുകൾ മാത്രം ആണ് കുറെയെങ്കിലും ഗതാഗതത്തിന് ഉപകരിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ P.W.D. ഉടമസ്ഥതയിലുള്ള രാമക്കൽമേട് ശാന്തിപുരം ആറ് കിലോമീറ്റർ റോഡും, കൂട്ടാർ കമ്പംമെട്ടു വഴി മന്തിപ്പാറ പതിനൊന്നു കിലോമീറ്റർ റോഡും നെടുംകണ്ടം കരുണാപുരം പഞ്ചായത്തിലൂടെ കടന്നു പോകുന്ന തൂക്കുപാലം രാമക്കൽമേട് ഏഴ് കിലോമീറ്റർ റോഡും, വണ്ടൻമേട് കരുണാപുരം പഞ്ചായത്തു അതിർത്തിയിലൂടെ കടന്നുപോകുന്ന മന്തിപ്പാറ ആമയാർ റോഡിൽ ശൂലപ്പാറ വരെ നാല് കിലോമീറ്റർ റോഡും മാത്രമാണുള്ളത്. പഞ്ചായത്തിനുള്ളിൽ പതിനെഴു കിലോമീറ്ററും പഞ്ചായത്തതിർത്തികളിലൂടെ പതിനൊന്ന് കിലോമീറ്ററും മാത്രമേയുള്ളൂ കോമ്പമുക്ക് ചക്കകാനം അംബേദ്ക്കർ കോളനിയിലേക്കുള്ള റോഡ് ആരംഭവും അവസാനുമില്ലാതെ ഇടയ്ക്ക് 1 1/2 km. ടാർ ചെയ്തിട്ടുണ്ട്.

ചോറ്റുകുഴി കുഴിത്തൊളു പാറക്കടവ് 6 1/2 km റോഡ് ചേറ്റുകുഴി ചാലക്കുടി മേട് റോഡ് 1. km 300m തൂക്കുപാലം അൻപതേക്കർ 1km റോഡും കുഴിക്കണ്ടം കൂട്ടാർ റോഡിൽ ഏർത്ത് പടി വരെ 1km ഉം ബ്ലോക്കിൽ നിന്നും പല ഘട്ടങ്ങളിലായി ടാർ ചെയ്തവയാണ്.

അംബേദ്കർ പ്രകാശ്ഗ്രാം റോഡിൽ 2 km.

ചോറ്റുപാറ പൈലിക്കാനം 1 1/2 k.m. ഉം കൂട്ടാർ ഈറ്റക്കാനം റോഡിൽ 700 m ഉം കൂട്ടാർ തെക്കേ കൂട്ടാർ 1 km. ഉം കമ്പംമെട്ട് പാറക്കടവ് റോഡിൽ 200 m ഉം ചോറ്റുകുഴി ഉമ്മൻപടി മുതൽ ചാലക്കുടിമേട് വരെ 800 m ഉം എർത്ത്പടി കൂട്ടാർ റോഡിൽ 1 1/2 k.m. ഉം മെറ്റൽ ചെയ്ത റോഡുകൾ ആണ്. അച്ചക്കട മണിയമ്പ്ര കട റോഡിൽ 1 km. മെറ്റലിംഗിനുള്ള പണി നടക്കുന്നു.

വാഹനങ്ങൾ

കാലക്രമത്തിൽ കാട്ടുപാതകൾ മൺ റോഡുകളായും ചിലവ മെറ്റൽ റോഡുകളായും ടാർ റോഡുകളായും മാറി. റോഡുകളുടെ എണ്ണവും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനനുസരിച്ച് വാഹനങ്ങളുടെ എണ്ണവും വർദ്ധിച്ചു. ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് മുമ്പ് കിലോമീറ്ററുകളോളം നടന്നായിരുന്നു നമ്മുടെ ആളുകൾ യാത്ര ചെയ്തിരുന്നത്. കമ്പംമെട്ട് വരെ ആദ്യഘട്ടമുതലേ ബസ് സർവ്വീസ് കാര്യമായി ഉണ്ടാകുന്നത് എൺപതുകളുടെ ആദ്യ പകുതിയിലാണ്. ഇപ്പോൾ നാടിന്റെ വിവിധ ഭാഗങ്ങളിലേക്ക് ബസ് സർവ്വീസ് ഉണ്ട്. കൂട്ടാർ വഴി തന്നെ 44 സർവ്വീസുകൾ നടത്തുന്നതിന് പെർമിറ്റ് ഉണ്ട്. 18 ബസ്സുകളാണ് ഇവിടെ വരേണ്ടത്. എന്നാൽ പല ബസ്സുകളും സർവ്വീസ് മുടക്കിയിട്ടുണ്ട്. യാത്രക്കാർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാ

റോഡുകൾ വാർഡുക്രമത്തിൽ

വാർഡ് I

നമ്പർ	റോഡിന്റെ പേര്	ദൂരം	റോഡിന്റെ ഇനം
1	തൂക്കുപാലം-കൊച്ചുപ്ലാമൂട് (ആറ്റുതീരം വഴി)	4 കി. മീ.	മണ്ണ്
2	പാമ്പുമുക്ക് പ്രകാശഗ്രാം	2 കി.മീ.	മണ്ണ്
3	പാമ്പുമുക്ക് അമ്പതേക്കർ (പൈങ്കിളി മുക്കുവഴി SC/ST ലേതു	1 കി. മീ.	മണ്ണ്
4	അമ്പതേക്കർ പാലോടൻ പടി റോഡ് (SC/ST കോളനി വഴി)	1 കി. മീ.	
5	പ്രകാശ്ഗ്രാം കൊച്ചുപ്ലാമൂട്	1.800"	"
6	കുറുപ്പു പടി കൊച്ചുപ്ലാമൂട്	1 കി. മീ.	മണ്ണ്
7	തൂക്കുപാലം പ്രകാശ്ഗ്രാം		
	തൂക്കുപാലം കൊച്ചുപ്ലാമൂട് ലിങ്ക് റോഡ്	.500 കി. മീ.	മണ്ണ്
8	മുണ്ടാട്ട്ചുണ്ടയിൽ തോമസ് പടി ലിങ്ക് റോഡ്	1/2 കി. മീ	മണ്ണ്
9	തേർഡ് ക്യാമ്പ് -മുണ്ടക്കയം പടി റോഡ് (ഏറ്റുമാനൂർ പടി വഴി)	1.500 കിമീ.	മണ്ണ്
10	തൂക്കുപാലം അമ്പതേക്കർ	1 കി. മീ.	ടാർ
	അമ്പതേക്കർ പ്രകാശ്ഗ്രാം	2 കി.മീ.	സോളിംഗ്

വാർഡ് II

നമ്പർ	റോഡിന്റെ പേര്	ദൂരം	റോഡിന്റെ ഇനം
1	തൂക്കുപാലം-കൊച്ചുപ്ലാമൂട് (ആറ്റുതീരം വഴി)	4 കി. മീ.	മണ്ണ്
2	പാമ്പുമുക്ക് പ്രകാശഗ്രാം	2 കി.മീ.	മണ്ണ്
1	പാമ്പുമുക്ക് പ്രകാശഗ്രാം (ശൂലപ്പാറ വഴി)	2.150 കി.മീ.	മൺവെട്ട്
2	ഇല്ലിപാലം പ്രകാശ്ഗ്രാം	1.500"	"
3	വെസ്റ്റ്പാറ പ്രകാശ്ഗ്രാം റോഡ്	1.200"	"
4	വെസ്റ്റ്പാറ കുരിശുമല റോഡ്	1.500"	"
5	C. S. U. P സ്കൂൾ റോഡ്	.250"	"
6	ചോറ്റുപാറ പൈലിക്കാനം റോഡ്	2.420"	"
7	തോവാളപ്പടി962 Block റോഡ്	.600"	"
8	പ്രകാശ്ഗ്രാം - കട്ടേക്കാനം റോഡ്	1.700"	"
9	കോമ്പമുക്ക് ചക്കക്കാനം റോഡ് PRDS മന്ദിരം പടിഞ്ഞാറ്	2 km	"
10	കോമ്പമുക്ക് പൈലിക്കാനം റോഡ്	2.500 km	"

വാർഡ് III

നമ്പർ	റോഡിന്റെ പേര്	ദൂരം	റോഡിന്റെ ഇനം
1	കോമ്പമുക്ക് അംബേദ്ക്കർ കോളനി (ചക്കക്കാനം) (കുരുവിക്കാനം ഇടത്തറമുക്ക്)	1.500 കി. മീ.	ടാർ
2	കോമ്പമുക്ക് രാമക്കൽമേട്	1 കി. മീ.	ടാർ
3	രാമക്കൽമെട്ട് ഇടത്തറമുക്ക്	3.500 കി. മീ.	ടാർ
4	ബാലൻപിള്ള സിറ്റി (ബംഗ്ലാദേശ്) രാമക്കൽ മെട്ട്	2.500"	മൺറോഡ്
5	ലക്ഷംവീട് കോളനി രാമക്കൽമെട്ട്	2.750 കി. മീ.	മൺ റോഡ്
6	കോമ്പമുക്ക് ഇടത്തറമുക്ക് (ചക്കക്കാനം കുരുവിക്കാനം)	2 കി. മീ.	മൺ റോഡ്
7	അമ്പലപ്പടി സ്റ്റേറ്റ് ബൗഡറി	650 കി. മീ.	മൺ റോഡ്
8	അമ്പലപ്പടി 1019 പടി	2.500 കി. മീ.	മൺ റോഡ്
9	കൊങ്ങിണിപടി കുമളിപ്പടി ബൗണ്ടറി	450 കി. മീ.	മൺറോഡ്
10	മുസ്ലീം പള്ളി പടി നിരപ്പേൽപാറ	1.500 കി. മീ.	മൺറോഡ്
11	മുസ്ലീംപള്ളി പടി മുട്ടാർമെട്ട്	2 കി. മീ.	മൺറോഡ്
12	കിളിമാനൂർകട ഇടത്തറമുക്ക്	850 കി. മീ.	മൺ റോഡ്
13	കോമ്പമുക്ക് സുകുപ്പടി റോഡ് (കമ്പംമെട്ട് ബംഗ്ലാദേശ്)	650 കി.മീ.	മൺറോഡ്

വാർഡ് IV

നമ്പർ	റോഡിന്റെ പേര്	ദൂരം	റോഡിന്റെ ഇനം
1	PWD- ശാന്തിപുരം- കുരുവിക്കാനം	3km	ടാർ
2	ശാന്തിപുരം തണ്ണിപ്പാറ ബൗണ്ടറി	2.200km	മണ്ണ്
3	കട്ടേക്കാനം കുരുവിക്കാനം (ഈറ്റക്കാനം)	3 km	"
4	കട്ടേക്കാനം ഇടത്തറമുക്ക്	887 km	"
5	കട്ടേക്കാനം ചേലമൂട്	800 km	"
6	ശാന്തിപുരം തണ്ണിപ്പാറ	400 km	"
7	ഏപ്പുചേട്ടൻപടി പുരുഷൻമുക്ക് പടി	1 km	"
8	കരുണാപുരം പുഷ്പൻ പടി	400 മീ	മണ്ണ്

വാർഡ് V

നമ്പർ	റോഡിന്റെ പേര്	ദൂരം	റോഡിന്റെ ഇനം
1	കൂട്ടാർ ബാലാങ്കര റോഡ്	700 km	മെറ്റൽ
2	" "	1.500 km	"
3	ചുമ്മാരുകട കുരുവിക്കാനം	2.500 km	"
4	കുരുവിക്കാനം കുഞ്ഞിരാമൻ മുക്ക് പ്രകാശ്ഗ്രാം	2 km	മണ്ണ്
5	കൂട്ടാർ ചപ്പാത്ത് പ്ലാംമൂട്	1.500 km	"
6	പാറമേൽക്കാവ് കുരുവിക്കാനം	2 km	"
7	മൂന്നു മുക്ക് നാലുമുക്ക് പ്രകാശ്ഗ്രാം	2 km	"
8	തേർഡ് ക്യാമ്പ് പ്ലാമ്മൂട്	1.500	"
9	പ്രകാശ്ഗ്രാം മർക്കോസ് പടി	മെറ്റൽ	
10	കൂട്ടാർ ഹസൻപടി	700 km	"
11	കൂട്ടാർ മുതൽ ചപ്പാത്ത് വരെ	100 മീ.	ടാർ

വാർഡ് VI

നമ്പർ	റോഡിന്റെ പേര്	ദൂരം	റോഡിന്റെ ഇനം
1	കൂട്ടാർ കമ്പംമെട്ട് റോഡ് P.W.D.	4 KM	ടാർ
2	പുളിക്കൽപടി തിയേറ്റർ പടി P.W.D.	12.500 KM	മണ്ണ്
3	കുട്ടാർ പാറക്കടവ് വഴി കമ്പംമെട്ട്	4 km	"
4	അഞ്ചുസെന്റ്	തിയേറ്റർ പടി "	1 km
5	കരുണാപുരം	പാറക്കടവ്	" 1.500 km
6	കരുണാപുരം കുട്ടച്ചൻ പടി റോഡ്	1.500 km	
7	നിരപ്പേൽ 8 ഏക്കർ വഴി കമ്പംമെട്ട്	1.500 km	
8	കരുണാപുരം കൊങ്ങമല പടി കമ്പംമെട്ട്	2.500 km	
9	ചെന്നാക്കുളം മൊശപ്പാറവഴി തണ്ണിപ്പാറ റോഡ്	2 KM	
10	കരുണാപുരം ബാങ്കുപടിറോഡ്	1 KM	
11	ചെന്നാകുളം ശേഖരപിള്ള പടി വഴി	കമ്പംമെട്ട്	1.500km
12	കരുണാപുരം ഫിലോമോൻ പടി വഴി കമ്പംമെട്ട്	2km	

വാർഡ് VII

നമ്പർ	റോഡിന്റെ പേര്	ദൂരം	റോഡിന്റെ ഇനം
1	പാറക്കടവ് ആറ്റിൻകര	2.500 km	മണ്ണ്
2	മൂങ്കിപ്പള്ളം കമ്പംമെട്ട് (എസ്റ്റേറ്റ് വഴി)	2 km	മണ്ണ്
3	അച്ചക്കട അങ്ങാടിപ്പടി	1.250 km	"
4	കമ്പംമെട്ട് കടുക്കാക്കുളം മൂങ്കിപ്പള്ളം	2 km	"
5	അച്ചക്കട വരിക്കമാക്കൽപ്പടി പാറക്കടവ് റോഡ്	1km	"
6	തങ്കച്ചൻ കട കണ്ടത്തുംകര പടി		
7	അങ്ങാടിപ്പടി രവിമേട്	700 m	"

വാർഡ് VI

നമ്പർ	റോഡിന്റെ പേര്	ദൂരം	റോഡിന്റെ ഇനം
1	അച്ചക്കട ട്രഞ്ച്മേട്	3 km	മണ്ണ്
2	പാറക്കടവ് സുൽത്താൻമേട്	3 km	"
3	സുൽത്താൻമേട് ആറ്റിൻകര	1 km	"
4	കമ്പംമെട്ട് ചാലക്കുടിമേട്	3.400 km	"
5	കൊച്ചുകുടിപടി വടക്കേൽ പടി	850 m	"
6	തങ്കച്ചൻകട മന്തിപ്പാറ	2 km	"
7	മന്തിപ്പാറ സുൽത്താൻമേട്	1.800 km	"
8	മമ്പുഴപടി കടന്തോട്ടുപടി	1.250 km	"
9	ഹെൽത്ത് സെന്റർ പടി പാറയിൽ പടി റോഡ്	900 m	"
10	മന്തിപ്പാറ മുള്ളൻകുഴിപടി		
11	സിക്ക് പടി - തൊമ്മിത്താഴെപടി	1 km	"

വാർഡ് IX

നമ്പർ	റോഡിന്റെ പേര്	ദൂരം	റോഡിന്റെ ഇനം
1.	ചാലക്കുടിമേട് ചേറ്റുകുഴി	1.400 km	ടാർ
2	കുഴിത്തൊളു പാറക്കടവ്	2 km	"
3	ചേറ്റുകുഴി ചാലക്കുടിമേട് (ഉമ്മൻ പടി വഴി)	1 km	"
4	ചേറ്റുകുഴി ഉമ്മൻപടി കോളനി റോഡ്	2.500 km	മെറ്റൽ
5	ചാലക്കുടിമേട് ആറ്റിൻകര	1.500 km	മണ്ണ്.
6	പഴയകൊച്ചറ ചാലക്കുടിമേട്	2 km	"
7	ശങ്കരംകാനം ആറ്റിൻകര	2.400 km	മണ്ണ്
8	കുഴിത്തൊളു നെല്ലിയാനിമേട് ആറ്റിൻകര	2.100 km	"
9	ചേറ്റുകുഴി പോത്തുംകണ്ടം പട്ടികജാതി കോളനി വഴി കുഴിത്തൊളു	3 km	"
10.	ചാലക്കുടിമേട് പോത്തുംകണ്ടം	1.200 km	"
11	കുഴിത്തൊളു ചെമന്നകുഴി പടി വഴി ചാലക്കുടിമേട്		

വാർഡ് X

നമ്പർ	റോഡിന്റെ പേര്	ദൂരം	റോഡിന്റെ ഇനം
1	ചാലക്കുടിമേട് പോത്തിൻകണ്ടം	മെറ്റൽ	
2	പോത്തിൻകണ്ടം - കുഴിത്തൊളു	1km മണ്ണ്	
3	ഓലിക്കൽ - കല്ലോലിക്കൽ	300 m	"
4	പളിയൻകണ്ടം കുളത്തുംമേട്	1.500 km	"
5.	അപ്പാപ്പിക്കട കുളത്തുംമേട് (മഹിളാസമാജം റോഡ്)	1.500 km	"
6	ചേറ്റുകുഴി അപ്പാപ്പിക്കട കല്ലാത്തുപടി	300 m	"
7	കുട്ടായിപ്പടി നെല്ലിമലക്കണ്ടം	1.500 km	"
8	പോത്തിൻകണ്ടം - എസ്. എൻ. യു. പി. എസ്	300 m	"
9	പറപ്പള്ളിപ്പടി മലയാപിള്ളപ്പടി	800m	"
10	അപ്പാപ്പിക്കട കുളത്തുംമേട് (കുരിശു ജംഗ്ഷൻ)	1.500 km	"
11	തൂങ്കുഴിപ്പടി - പോത്തിൻകണ്ടം	1 km	
12	വട്ടുവട്ടാക്കുഴി ശൂലപ്പാറ	500m	"
13	അപ്പാപ്പിക്കട തേവർകാട്ടിൽപടി	500m	"
14	കൂടത്തിങ്കൽപടി സാജൻപടി	"	
15	തൂങ്കുഴി ജംഗ്ഷൻ പോത്തിൻകണ്ടം എസ്. എൻ. പടി	1.500 km	"
16	ചേറ്റുകുഴി കുഴിത്തൊളു പാറക്കട	6.500	ടാർ

വാർഡ് XI

നമ്പർ	റോഡിന്റെ പേര്	ദൂരം	റോഡിന്റെ ഇനം
1	കൂട്ടാർ അല്ലിയാർ	1.500 km	മണ്ണ്
2	കുഴിത്തൊളു പി. എച്ച്. സി. റോഡ്	1 km	
3	കുഴിത്തൊളു കൂട്ടാർ പുല്ലാന്തനാൽ പടി	2.500km	
4	കുഴിക്കണ്ടം ഹരിജൻപടി റോഡ്	1 km	
5	കൂട്ടാർ പരപ്പനങ്ങാടി	1.500 km	
6.	കൂട്ടാർ കുരിശുംമൂട്ടിൽ പടി കുഴിക്കണ്ടം	2 km	
7.	മേച്ചേരി ജംഗ്ഷൻ പള്ളിയങ്കണ്ടം	200 m	
8	കുഴിക്കണ്ടം പ്ലാമൂറിപടി	150m	
9	തൂങ്കുഴി രാജഗിരി എസ്റ്റേറ്റ്	1 km	

ക്കുന്ന ഈ കുഴപ്പം പരിഹരിച്ച് പെർമിറ്റുള്ള സ്ഥലം വരെ എല്ലാ ബസ്സുകളും വന്നു പോകുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

ബസ്സുകളുടെ അഭാവത്തിൽ സമാന്തര സർവ്വീസ് നടത്തുന്നതിനായി ധാരാളം ജീപ്പുകളും നമുക്കുണ്ട്. തൂക്കുപാലം, കൂട്ടാർ, ചേറ്റുകുഴി, കമ്പംമെട്ട് തുടങ്ങിയ സ്ഥലങ്ങളിലാണ് ടാക്സി ജീപ്പുകൾ ഏറെയുള്ളത്. നമ്മുടെ പഞ്ചായത്തിലെ വാഹന ഉടമസ്ഥരുടെ എണ്ണം കഴിഞ്ഞ പത്തു വർഷത്തിനകം രണ്ട് തവണയെങ്കിലും ഇരട്ടിച്ചിട്ടുണ്ട്. ചേറ്റുകുഴി, കൂട്ടാർ എന്നീ സ്ഥലങ്ങളിൽ ഓട്ടോറിക്ഷകളും നാമമാത്രമായി സർവ്വീസ് നടത്തുന്നുണ്ട്.

എന്നാൽ ആളുകളുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്ക് ഇനിയും വാഹന സൗകര്യങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. കൂടുതൽ ബസ്സ് സർവ്വീസുകളാണ് ആവശ്യം. കുഴിത്തൊളു, കൂട്ടാർ റോഡ്, കൂട്ടാർ, കമ്പംമെട്ട് റോഡ് ഇവ ഗതാഗതയോഗ്യമാക്കി ബസ്സ് സർവ്വീസ് ആരംഭിക്കേണ്ടതാണ്. അതുപോലെ തന്നെ ശാന്തിപുരം, കട്ടക്കാനം വഴി തൂക്കുപാലത്തിലുള്ള റോഡിലൂടെയും കൂടുതൽ ബസ്സ് സർവ്വീസ് ആരംഭിക്കേണ്ടതാണ്. കുഴിത്തൊളു, ചേറ്റുകുഴി റോഡിന്റെ അറ്റകുറ്റ പണികൾ പൂർത്തിയായാൽ ആ റൂട്ടിലും കൂടുതൽ ബസ്സുകൾ വരും. കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കേണ്ടതുണ്ട്. തമിഴ്നാട്ടിൽ നിന്നും കമ്പംമെട്ട്, നെടുംകണ്ടം, റൂട്ടിൽ കോർപ്പറേഷൻ വക ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇതുപോലെ കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഈ റൂട്ടിൽ സംസ്ഥാനന്തര സർവ്വീസ് തുടങ്ങുന്നതിന് സാധ്യതയുണ്ട്. നമ്മുടെ പഞ്ചായത്തിൽ കൂടി കെ. എസ്. ആർ. ടി. സി. വക ബസ്സുകൾ ഒന്നും തന്നെ ഓടുന്നില്ല. കട്ടപ്പനയിൽ അടിയന്തരമായി കെ. എസ്. ആർ. ടി.സി. ബസ്സ് ഡിപ്പോ ആരംഭിക്കേണ്ടതാണ്. അങ്ങനെ വന്നാൽ ഈ പ്രദേശങ്ങളിൽ കൂടി ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് സാധിക്കും. ഗതാഗത സൗകര്യങ്ങളുടെ വർദ്ധന എന്നത് റോഡുകളുടെ നിർമ്മാണം മാത്രമല്ല ലഭ്യമായ റോഡുകളിലൂടെ വാഹന സൗകര്യം ഏർപ്പെടുത്തുക കൂടിയാണ്.

പ്രശ്നങ്ങളും സാധ്യതകളും

- ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ പരസ്പരം ബന്ധിപ്പിക്കുന്ന റോഡുകൾ ഗതാഗതയോഗ്യമാക്കി തീർക്കേണ്ടതാണ്.
- ഈ പഞ്ചായത്തിൽ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ബസ്സ്റ്റാന്റുകൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ടാക്സി സ്റ്റാന്റും നിർമ്മിക്കേണ്ടതാണ്.

■ ബസ് സർവ്വീസുകൾ

- പ്രകാശ്ഗ്രാം വഴി ബസ് സർവ്വീസ് ആരംഭിക്കുക.
- രാമക്കൽമേട് ശാന്തിപുരം റോഡിൽ കൂടുതൽ ബസ് സർവ്വീസ് ആരംഭിക്കുക. ചാലക്കുടിമേട് വരെ വരുന്ന ബസുകൾ പോത്തിൻകണ്ടം വരെ നീട്ടുകയും കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുകയും ചെയ്യുക.
- കൂട്ടാർ ബാങ്കപടി വരെ സർവ്വീസുകൾ ആരംഭിക്കുക
- തൂക്കു പാലത്തു നിന്ന് കൂട്ടാർ കമ്പംമെട്ടു വഴി തിരുവന്തപുരത്തേക്കും എറണാകുളത്തേക്കും കെ. എസ്. ആർ. റ്റി. സി. ബസുകൾ സർവ്വീസ് ആരംഭിക്കുക.
- തമിഴ്നാടിന്റെ R.M.T.C. ബസുകൾ കമ്പംമെട്ട് കട്ടപ്പനയും നെടുംങ്കണ്ടവുമായി സർവ്വീസ് നടത്തുന്നുണ്ട്. ഈ റൂട്ടിൽ K.S.R.T.C. ബസുകൾ തമിഴ്നാട്ടിലുള്ള മധുര വേളാങ്കണ്ണി, പളനി നാഗപട്ടണം സർവ്വീസ് ആരംഭിക്കുക
- P.W.D. റോഡുകൾക്കും വേണ്ടത്ര ഓടകൾ ഇല്ല. മറ്റ് റോഡുകൾക്ക് ഓടകളേ ഇല്ല. റോഡുകൾ വളരെ വേഗം നശിക്കുന്നതിന് ഇതൊരു പ്രധാന കാരണമാണ്.
- ഈ പഞ്ചായത്തിലെ ബസ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡുകൾ ഇല്ല.
- അറ്റകുറ്റ പണികൾ സമയാസമയങ്ങളിൽ നടത്താറില്ല.
- വാർഡ് അടിസ്ഥാനത്തിൽ സന്നദ്ധ പ്രവർത്തകരെ സംഘടിപ്പിച്ചുകൊണ്ട് ഓടകൾ നിർമ്മിക്കാനും റോഡുകളുടെ അറ്റകുറ്റപണികൾ നടത്താനും സാധിക്കും.
- പ്രധാന റോഡുകൾ ടാർ ചെയ്യാൻ ഗ്രാമ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് ജില്ല പഞ്ചായത്തുകൾക്ക് കഴിയത്തക്ക രീതിയിൽ ക്രമീകരണം ഉണ്ടാകണം.
- റോഡ് സംരക്ഷണത്തിന് പ്രാദേശിക റോഡ് സംരക്ഷണ സമിതികൾ രൂപികരിക്കുക.
- നീർക്കെട്ട് ഒഴിവാക്കാൻ പഞ്ചായത്തു റോഡുകൾക്ക് ആവശ്യം ഉള്ള സ്ഥലങ്ങൾ കലുങ്ക് നിർമ്മിക്കുക.
- കൂട്ടാറ്റിൽ പണി കഴിപ്പിച്ചിരുന്ന ബസ് സ്റ്റാന്റ് എത്രയും വേഗം പ്രവർത്തനയോഗ്യമാക്കണം.
- റോഡു നിർമ്മാണത്തിലെ വിഭവ ചോർച്ച ഒഴിവാക്കുന്നതിന് റോഡു നിർമ്മാണ പ്രവർത്തനങ്ങൾ ജനകീയ സമിതികളെ ഏൽപ്പിക്കണം.
- റോഡ് നിർമ്മാണ സാമഗ്രികളുടെ മാർക്കറ്റ് വില വർദ്ധിക്കുന്നത് കണക്കിലെടുത്ത് സർക്കാർ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിശ്ചയിക്കുന്നവർക്ക് റേറ്റ് കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളിലെ അഴിമതിക്കുള്ള സാധ്യത കുറക്കുന്നതിന് ഇത് ഉപകരിക്കും.

11

ഊർജ്ജം

ഊർജ്ജ പ്രതിസന്ധിയുടെ കറുത്ത നാളുകളിലൂടെ നാം കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. വ്യാവസായികരംഗത്തും, കാർഷികരംഗത്തും ഗാർഹിക മേഖലയിലുമെല്ലാം ഉണ്ടാകുന്ന നവീന പ്രവണതകൾ ഊർജ്ജ ഉപഭോഗത്തെ വർദ്ധിപ്പിക്കുന്ന തരത്തിലുള്ളതാണ്. നമ്മുടെ നാട്ടിൽ ഏറെ വ്യവസായ സംരംഭങ്ങൾ ഉണ്ടാകാത്തതിന്റെ ഒരു പ്രധാന കാരണം ഊർജ്ജ ദൗർലഭ്യം തന്നെയാണ്. ഊർജ്ജാവശ്യത്തിനായി നാം ഇപ്പോഴും പരമ്പരാഗത ഊർജ്ജ സ്രോതസുകളെയാണ് ആശ്രയിക്കുന്നത്. കൃഷിയുടെ. യന്ത്രവൽക്കരണത്തിലൂടെ മുമ്പത്തെക്കാളുപരി മോട്ടോറുകളും പമ്പു സെറ്റുകളും ഉപയോഗിച്ചു തുടങ്ങിയതോടെ ആ രംഗത്തുള്ള ഊർജ്ജ ഉപയോഗവും വർദ്ധിതമായി. ആധുനിക സാങ്കേതിക വിദ്യകൾ സംഭാവന ചെയ്തിരിക്കുന്ന സൗകര്യങ്ങൾ നാം പ്രയോജനപ്പെടുത്താനാരംഭിച്ചപ്പോൾ അമ്മിക്കല്ലിന്റെ സ്ഥാനത്ത് മിക്സിയും അലക്കു കല്ലിന്റെ സ്ഥാനത്ത് വാഷിംഗ് മെഷിനും സ്ഥാനം പിടിച്ചു. വന നശീകരണ പ്രക്രിയ വ്യാപകമായതോടെ പാചകത്തിന് വിറക് സുലഭമായി ലഭ്യമാകുന്ന സാധ്യതയും വിരളമായി. ഇങ്ങനെ പാചക രംഗത്തും വൈദ്യുതോപകരണങ്ങളുടെ സ്വാധീനം പ്രബലമായി.

വിറക്, കൽക്കരി, എണ്ണ, വൈദ്യുതി എന്നീ നാലു മാർഗ്ഗങ്ങളാണ് ഊർജ്ജ സ്രോതസുകളായി നാം ഉപയോഗപ്പെടുത്തുന്നത്. സൂര്യപ്രകാശം, കാറ്റ് തുടങ്ങിയ പാരമ്പര്യേതര സ്രോതസുകളെ ചൂഷണം ചെയ്യുന്നതിനുള്ള സാധ്യതകളുണ്ടെങ്കിലും അവ വേണ്ട വണ്ണം ഉപയോഗപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നു കാണുന്നില്ല. ഊർജ്ജമെന്നാൽ വൈദ്യുതോർജ്ജം എന്ന സങ്കൽപ്പവും മാറേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ വൻകിട വൈദ്യുതോൽപാദന പദ്ധതികളിലേക്കുള്ള നമ്മുടെ ലക്ഷ്യവും വ്യതിചലിക്കേണ്ടിയിരിക്കുന്നു. ധാരാളം ജലലഭ്യതയുള്ള നദികൾ കേരളത്തിൽ ഉള്ളപ്പോൾ അവയെ ഉപയോഗപ്പെടുത്തുന്ന മിനി ജല വൈദ്യുത പദ്ധതികളാണ് നമുക്ക് ആവശ്യം. പദ്ധതി നടത്തിപ്പിലെ കാല താമസവും ലക്ഷ്യബോധമില്ലായ്മയും അപലപനീയമായ കെടുകാര്യസ്ഥതയും പദ്ധതികളെയെല്ലാം താറുമാറാക്കുന്നു. കാറ്റിൽ നിന്നു വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധ്യതകൾ ഏറെയുള്ള നാടാണ് നമ്മുടേത്. നമ്മുടെ സമീപ പ്രദേശത്തെ രാമക്കൽമേട് പദ്ധതിയുടെ കാര്യം തന്നെ ഉദാഹരണമായി. ചൂണ്ടിക്കാട്ടാം. അതുപോലെ തന്നെ തിരമാലയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ ഉള്ള സാധ്യതയും ഏറെയൊന്നും പരീക്ഷപ്പെട്ടിട്ടില്ല. നമ്മുടെ പഞ്ചായത്തിലെ വിവിധ മേഖലകളിലെ ഊർജ്ജ ഉപഭോഗത്തെക്കുറിച്ചും അവയുടെ പ്രശ്നങ്ങളെക്കുറിച്ചുമാണ് ഇനി പരിശോധിക്കുന്നത്.

വ്യവസായിക മേഖല

ഏറ്റവും കൂടുതൽ ഊർജ്ജ ഉപഭോഗമുള്ള മേഖലയാണല്ലോ ഇത്. നമ്മുടെ പഞ്ചായത്തിൽ നിർഭാഗ്യവശാൽ ഏറെ വ്യവസായ സംരംഭങ്ങൾ ഒന്നും തന്നെയില്ല. സിമന്റ് ഉൽപ്പന്നങ്ങൾ, പ്ലാസ്റ്റിക് ഉപകരണങ്ങൾ, കാലിത്തീറ്റ, കയർ മുതലായവ ഉൽപ്പാദിപ്പിക്കുന്ന ഏതാനും സ്ഥാപനങ്ങളെ നമുക്കുള്ളൂ. കൂടാതെ ധാന്യങ്ങൾ കുത്താനും പൊടിക്കാനുമുള്ള ഏതാനും മില്ലുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയൊന്നും തന്നെ വൻതോതിൽ വൈദ്യുതോർജ്ജം ഉപയോഗിക്കുന്നവയല്ല. കൂടുതൽ വ്യാവസായിക സംരഭങ്ങളെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ പ്രത്യേകം ശ്രദ്ധവയ്ക്കേണ്ടത് നമ്മുടെ ഊർജ്ജ ദൗർലഭ്യവുമായി സമരസപ്പെട്ടു പോകുന്ന വ്യവസായങ്ങൾ വേണം എന്നതാണ്.

കാർഷിക മേഖല

ആദ്യകാലത്ത് കൃഷിക്ക് പ്രാകൃത പരിചരണമുറകളായിരുന്നു പ്രയോഗിച്ചിരുന്നത്. കാലക്രമേണ നാണ്യവിളകളുടെ വില വർദ്ധന നല്കിയ പ്രചോദനം ഭക്ഷ്യവിളകളിൽ നിന്നും നാണ്യവിളകളിലേക്ക് കൃഷി രീതി മാറ്റുന്നതിന് കാരണമായി. ഏലം കൃഷി സ്വാഭാവിക ജല സ്രോതസുകളുടെ ചുറ്റുവട്ടത്തു നിന്നും താരതമ്യേന ജല ദൗർലഭ്യമുള്ള പ്രദേശങ്ങളിലേക്കും വ്യാപിച്ചു. ഈ പ്രദേശങ്ങളിൽ ജലസേചനം നടത്തുന്നതിനുവേണ്ടി പമ്പു സെറ്റുകളെ കർഷകർ ആശ്രയിച്ചു തുടങ്ങി. മണ്ണെണ്ണ ഉപയോഗിച്ചും വൈദ്യുതി ഉപയോഗിച്ചും പ്രവർത്തിപ്പിക്കുന്ന പമ്പുസെറ്റുകൾ ഇപ്പോൾ കൃഷിയിടങ്ങളിൽ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. നമ്മുടെ നാട്ടിലെ ഊർജ്ജ ഉപഭോഗക്രമത്തിലെ മാറ്റമാണ് ഇത് സൂചിപ്പിക്കുന്നത്.

ഗാർഹിക മേഖല

(a) വൈദ്യുതി

ജനസംഖ്യയിലുള്ള ക്രമാനുഗതമായ വർദ്ധന വീടുകളുടെ എണ്ണം വർദ്ധിക്കുന്നതിനു കാരണമായി. വീടുകളുടെ എണ്ണത്തിലുള്ള വർദ്ധനയാകട്ടെ ഊർജ്ജ ഉപഭോഗത്തിലും വർദ്ധന സൃഷ്ടിച്ച് വൈദ്യുതോർജ്ജം വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനു മാത്രമല്ല, വീട്ടാവശ്യത്തിനും കൃഷിക്കുമുള്ള വെള്ളം പമ്പു ചെയ്യുന്നതിനും മറ്റ് ഗാർഹിക വൈദ്യുതോപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നു. ഇനിയും വൈദ്യുതി എത്തിച്ചേരാത്ത പ്രദേശങ്ങളും വീടുകളുമുണ്ട്.

(b) വിറക്

പാചകാവശ്യത്തിന് ഭൂരിപക്ഷം വീടുകളിലും വിറകാണ് ഉപയോഗിക്കുന്നത്. വിറകിന്റെ ലഭ്യതയിൽ നാൾക്കു നാൾ കുറവ് അനുഭവപ്പെടുന്നുണ്ടെങ്കിലും വിറക് വിലക്കു വാങ്ങേണ്ട ഘട്ടത്തിലേക്ക് എത്തിയിട്ടില്ല. ഇന്ധന ഉപഭോഗം കുറവുള്ള അടുപ്പുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(c) പാചക വാതകം

പാചകവാതകം ഉപയോഗിക്കുന്ന ചുരുക്കം വീടുകൾ ഉണ്ടെങ്കിലും ഈ മാർഗ്ഗം വ്യാപകമല്ല. ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിലുള്ള കാലതാമസവും പ്രാരംഭ മൂലധനമുടക്കം സിലിണ്ടർ കൊണ്ടുവരുന്നതിലുള്ള അസൗകര്യങ്ങളും ഇതിൽ നിന്നും സാധാരണക്കാരെ പിന്തിരിപ്പിക്കുന്നു.

(d) ഗോബർഗ്യാസ്

കന്നുകാലി വളർത്തൽ വ്യാപകമായിരിക്കുന്ന നമ്മുടെ നാട്ടിൽ ഗോബർ ഗ്യാസ് പ്ലാന്റുകൾക്ക് വിപുലമായ സാധ്യതകളാണുള്ളത്. പാചകത്തിനുള്ള ഇന്ധനവും വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനുള്ള ഊർജ്ജവും ഇതിലൂടെ നേടാം. നിരന്തരമായി ഉണ്ടാകുന്ന വൈദ്യുത തകരാറുകളുടേയും പവർ കട്ടുകളുടേയും പശ്ചാത്തലത്തിൽ ഈ ഊർജ്ജ മേഖല വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

ചില സന്നദ്ധ സംഘടനകളുടെ ശ്രമ ഫലമായി ഈ രംഗത്ത് ചെറിയൊരു മുന്നേറ്റം ആരംഭിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ ഒൻപതാം വാർഡിൽപ്പെടുന്ന കുഴിത്തൊളു ഏറ്റവും കൂടുതൽ ബയോഗ്യാസ് പ്ലാന്റുകളുള്ള ബയോഗ്യാസ് ഗ്രാമമായി അടുത്തകാലത്ത് പ്രഖ്യാപിക്കപ്പെടുകയുണ്ടായി. പഞ്ചായത്തു തലത്തിൽ തയ്യാറാക്കുന്ന കർമ്മ പദ്ധതിയിൽ ഈ ഊർജ്ജ സ്രോതസു സാർവ്വത്രികമായി ഉപയോഗപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവണം.

(e) മണ്ണെണ്ണ

വിറകിന്റെ ദൗർലഭ്യം കണക്കിലെടുത്ത് മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്ന പതിവ് പല വീടുകളിലും കാണുന്നു. മണ്ണെണ്ണയുടെ വിലയും മാർക്കറ്റിൽ ലഭ്യമാകുന്ന മണ്ണെണ്ണയുടെ ഗുണനിലവാരവും ഈ രംഗത്തെ പ്രശ്നങ്ങളാണ്. വൈദ്യുതീകരിക്കപ്പെട്ട വീടുകൾക്ക് ലഭ്യമാകുന്ന റേഷൻ മണ്ണെണ്ണയുടെ അളവ് പരിമിതമാണ് എന്നതും പ്രശ്നമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

പ്രശ്നങ്ങളും സാധ്യതകളും

(1) നമ്മുടെ പഞ്ചായത്തിൽ ജനനിബിഡമായ പല പ്രദേശങ്ങളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുത ഉൽപാദനത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഇടുക്കി ജില്ലയിൽ വൈദ്യുതി എത്താത്ത ഗ്രാമങ്ങൾ ഇനിയും തുടരുന്നത് ആശാസ്യമല്ല. ഈ പ്രദേശങ്ങളിലെ ആളുകൾക്കായി പൊതു പദ്ധതി രൂപീകരിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള അടിയന്തര നടപടികൾ ഉണ്ടാകണം.

(2) വൈദ്യുതീകരണ പ്രക്രിയ പൂർത്തിയായിക്കഴിഞ്ഞ പല ഹരിജൻ കോളനികളും ഇനിയും വൈദ്യുതി എത്താതെയുണ്ട്. കോളനി വികസനത്തിന് തടസ്സമായി നിൽക്കുന്ന ഈ പ്രശ്നം എത്രയും വേഗം പരിഹരിക്കണം. ഇനിയും വൈദ്യുതീകരിക്കാത്ത കോളനികളിലെ വീടുകളിൽ IHDP പ്രകാരമോ അല്ലാതെയോ വൈദ്യുതീകരണം പൂർത്തിയാക്കണം.

(3) കുടിൽ ജ്യോതി പദ്ധതി പ്രകാരം സൗജന്യമായി വൈദ്യുതീകരിക്കപ്പെടുന്നതിനും വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനും അർഹരായവരെ കണ്ടെത്തുന്നതിന് പഞ്ചായത്തു തലത്തിൽ ഏകീകൃത മാനദണ്ഡങ്ങൾ വേണം. ദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുതലാളുകൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ പദ്ധതി പരിഷ്കരിക്കാൻ നിർദ്ദേശങ്ങൾ വേണം.

(4) വൈദ്യുതി ലഭ്യമാണെങ്കിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന ധാരാളം പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കട്ടപ്പന, നെടുംകണ്ടം എന്നീ രണ്ട് ഇലക്ട്രിസിറ്റി ഓഫീസുകൾക്കു കീഴിലാണ് നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്നത്. കൂടുതൽ ട്രാൻഫോർമറുകൾ സ്ഥിപിക്കുകയോ, ഉള്ള ട്രാൻഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയോ ചെയ്താൽ മാത്രമേ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. ത്രീ ഫേസ് ലൈനുകൾ ആവശ്യമായിടത്ത് അവ സ്ഥാപിക്കുകയും വേണം.

(5) ഇന്ധന ക്ഷാമത്തിന് പരിഹാരം കാണുന്നതിന് ദക്ഷത കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കേണ്ടതും സ്ഥാപിക്കേണ്ടതും ആവശ്യമാണ്. ശാസ്ത്ര സാഹിത്യ പരിഷത്ത് ANERT തുടങ്ങിയ ഏജൻസികൾ രൂപകൽപ്പന ചെയ്തിരിക്കുന്ന അടുപ്പുകൾ നമ്മുടെ നാട്ടിൽ പ്രയോജനം തെളിയിച്ചിട്ടുള്ളതാണ്. ഇത്തരം അടുപ്പുകൾ ചെലവു കുറഞ്ഞ രീതിയിൽ സ്ഥാപിക്കാം എന്നതു മാത്രമല്ല വലിയ അളവിൽ ഇന്ധന ലാഭം കൈവരുത്തുകയും ചെയ്യാം. പുകയുടെ ശല്യത്തിൽ നിന്നുള്ള മോചനവും ഈ അടുപ്പുകളുടെ സവിശേഷതയാണ്.

(6) നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പാതയോരങ്ങളിലും പൊതു സ്ഥലങ്ങളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും പ്രവർത്തിക്കുന്നില്ല. അതതു പ്രദേശങ്ങളിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ സംരക്ഷണവും തദ്ദേശിയരായവരെ എൽപ്പിച്ച് വേണ്ട അറ്റകുറ്റപണികൾ നടത്തി സ്ട്രീറ്റ് ലൈറ്റുകൾ എല്ലാം പ്രവർത്തിപ്പിക്കേണ്ടതാണ്.

(7) സൗരോർജ്ജസെല്ലുകൾ വൈദ്യുതി പ്രതിസന്ധിക്ക് മറ്റൊരു പരിഹാരമാണ്. നമ്മുടെ നാട്ടിൽ ഇത് ഒട്ടും തന്നെ പ്രയോജനപ്പെടുത്തിയിട്ടില്ല. ഈ രംഗത്തെ സാധ്യതകളെക്കുറിച്ച് പഠിക്കേണ്ടതാണ്.

(8) കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് ആവശ്യമായ അളവിൽ നിരന്തരം കാറ്റു ലഭിക്കുന്ന കുന്നിൻ മണ്ടകൾ നമ്മുടെ പഞ്ചായത്ത് പല സ്ഥലങ്ങളിലുമുണ്ട്. ഇത്തരം ചെറിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ സാധ്യതകളെക്കുറിച്ചും ഗൗരവമായ പഠനം നടത്തേണ്ടതാണ്.

(9) വൈദ്യുതി ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ സോളാർ സെല്ലുകൾ ഉപയോഗിച്ച് സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തിപ്പിക്കാവുന്നതാണ്. വലിയ മുതൽ മുടക്കു കൊണ്ടേ വൈദ്യുതി എത്തിക്കാൻ കഴിയൂ എന്നു വരുന്ന ഉൾപ്രദേശങ്ങളിലെ കാർഷിക ജലസേചനത്തിനുള്ള സോളാർ പമ്പു സെറ്റുകളും സ്ഥാപിച്ചു കൊടുക്കണം. ഇതിന് വരുന്ന പണ ചെലവ് ഏതെങ്കിലും ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തുക.

(10) ബയോഗ്യാസ് പ്ലാന്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട പ്രചാരണ പ്രവർത്തനങ്ങൾ പഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഇത്തരം പ്ലാന്റുകൾക്ക് ഇപ്പോൾ ലഭ്യമായ സബ്സിഡി നിരക്ക് പുതുക്കേണ്ടത് ആവശ്യമാണ്. പഞ്ചായത്തു തലത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രദേശങ്ങൾ യൂണിറ്റുകളായി തിരിച്ച് സന്നദ്ധ സംഘടനകൾ വഴിയോ പഞ്ചായത്തിനു നേരിട്ടോ ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്.

(11) ഊർജ്ജ ദുർവിനിയോഗം തടയുന്നതിന് ബോധവൽക്കരണം ആവശ്യമാണ്. പരിമിതമായ വിഭവങ്ങളെ അശ്രദ്ധമായി പാഴാക്കുന്ന മനോഭാവം നിരുത്സാഹപ്പെടുത്തേണ്ടതാണ്.

(12) വിറകിന്റെ ദൗർലഭ്യം വരും കാലങ്ങളിൽ രൂക്ഷമാകും എന്നുള്ളത് മുൻകൂട്ടി കണ്ടുകൊണ്ട് വിറകിനുപയുക്തമാക്കാവുന്ന വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കേണ്ടതാണ്. സാമൂഹ്യ വനവൽക്കരണ പരിപാടി വിപുലമാക്കിയും കൃഷിയിടങ്ങളിൽ തണൽ വൃക്ഷങ്ങൾ വെച്ചു പിടിപ്പിച്ചും പുറമ്പോക്കു ഭൂമിയിൽ മരങ്ങൾ വെച്ചു പിടിപ്പിച്ചും ഈ രംഗത്ത് ദീർഘ വീക്ഷണത്തോടെ പ്രവർത്തിക്കേണ്ടതാണ്.

(13) വൈദ്യുത ലൈനുകളുടെ സംരക്ഷണം സാമൂഹ്യ ബാദ്ധ്യതയായി ഏറ്റെടുക്കേണ്ടതാണ്. വൈദ്യുത ലൈനുകളിൽ വൃക്ഷ ശാഖകൾ മുട്ടിനിൽക്കുന്നതു കൊണ്ടുണ്ടാകുന്ന ഊർജ്ജ നഷ്ടം വിപുലമാണ്. പല പ്പോഴും വൈദ്യുത തകരാറുകൾ ഉണ്ടാകുന്നതിനു കാരണം ലൈനുകൾക്കു സമീപമുള്ള മരങ്ങൾത്തന്നെയാണ്. ഈ പ്രശ്നം ഓരോ വൈദ്യുതി ഉപഭോക്താവും ശ്രദ്ധിക്കേണ്ടതാണ്.

(14) അശാസ്ത്രീയമായ വയറിംഗ് രീതികൾ, വൈദ്യുതോപകരണങ്ങളുടെ ശ്രദ്ധയില്ലാത്ത ഉപയോഗം, വൈദ്യുതോപയോഗത്തിലെ ധാരാളിത്തം ഇതെല്ലാം ഊർജ്ജ പ്രതിസന്ധിക്ക് ആക്കം കൂട്ടുന്ന കാരണങ്ങളാണ്. ഇക്കാര്യത്തിൽ മിതത്വം പാലിക്കാൻ ഇന്നത്തെ സാഹചര്യത്തിൽ ഏവരും ശീലിക്കേണ്ടതാണ്.

പരമ്പരാഗത ഊർജ്ജസ്രോതസുകളുടെ ശോഷണം പുതിയ സങ്കേതങ്ങളിലേക്ക് മനുഷ്യന്റെ ശ്രദ്ധയെ തിരിച്ചു വിട്ടിരിക്കുകയാണ്. വരും കാലങ്ങളിൽ നവീന ഊർജ്ജസ്രോതസുകൾ നമ്മുടെ നാട്ടിൻ പുറങ്ങളിലും ഉപയോഗ ക്ഷമമാകുമെന്ന് പ്രത്യാശിക്കാം.

12 പാർപ്പിടവും സാമൂഹ്യക്ഷേമവും

കരുണാപുരം ഗ്രാമപഞ്ചായത്തിൽ ആദ്യകാലത്ത് കുടിയേറി പാർത്തവർ കാട്ടാനകളിൽ നിന്നും മറ്റ് ഹിംസ്ര ജന്തുക്കളിൽ നിന്നും രക്ഷപ്പെടുന്നതിന് ആകാശത്തിനും ഭൂമിയ്ക്കുമിടക്ക് മരത്തിൽ ഏറുമാടങ്ങൾ നിർമ്മിച്ച് അതിനുള്ളിലാണ് താമസം ആരംഭിച്ചത്. കുടിയേറ്റം ശക്തമായപ്പോൾ മരത്തിൽ നിന്ന് ഇറങ്ങി മണ്ണിൽ കുടിൽ കെട്ടി. ക്രമേണ മൺകട്ട കൊണ്ട മറച്ചു കുടിലിന് രൂപാന്തരം വരുത്തി. സാമൂഹ്യ വികാസത്തിന്റെ ഭാഗമായി കരിങ്കല്ലും ചുടുകട്ടയും കോൺക്രീറ്റ് ഉപയോഗിച്ചുള്ള വീടുകളും ഉയർന്നു വന്നു. കുടിയേറ്റത്തിന് അരനൂറ്റാണ്ടിന്റെ അകലമുണ്ടെങ്കിലും കരുണാപുരം പഞ്ചായത്ത് പാർപ്പിട സൗകര്യത്തിന്റെ കാര്യത്തിൽ ഇന്നും വളരെ പിന്നിലാണ്. കുടിയേറ്റ കാലത്ത് നിർമ്മിച്ച കുടിലിനെ അനുസ്മരിപ്പിക്കുന്ന തരത്തിലുള്ള കുടിലുകൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഇന്നും കാണാം. ആർഭാടങ്ങൾക്കു നടുവിലാണ് നാമെങ്കിലും വാസയോഗ്യമല്ലാത്ത വീടുകളിൽ അന്തിയുറങ്ങുന്നവർ അനവധിയാണ്.

പ്രശ്നങ്ങൾ

ഭൂരിപക്ഷം ജനങ്ങളും ദാരിദ്രരേഖയ്ക്ക് താഴെ കഴിയുന്നവരാണ്. സാമ്പത്തിക പിന്നോക്കാവസ്ഥ നിമിത്തം സ്വന്തമായി വീടു പണിതുയർത്തുക എന്നത് ഒരു സ്വപ്നം മാത്രമാണ്. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വില വർദ്ധനയും കെട്ടിട നിർമ്മാണ ചെലവുകളും കെട്ടിടം പണിയുന്നതിൽ നിന്ന് പാവപ്പെട്ടവനെ പുറകോട്ടു വലിക്കുന്നു. ബാങ്കിൽ നിന്നും വായ്പ എടുക്കണമെന്ന് ആഗ്രഹമുള്ളവരുടെ ആശയും സഫലമാകുന്നില്ല. അതിനു തടസ്സം പട്ടയമാണ്. മലയോര മക്കൾക്ക് സിംഹഭാഗത്തിനും പട്ടയമില്ല. വനഭൂമിയുടേയും പരിസ്ഥിതിയുടേയും പേരു പറഞ്ഞ് മലയോര കർഷകർക്ക് പട്ടയം നിഷേധിക്കപ്പെട്ടിരിക്കുന്നു.

കരുണാപുരം ഗ്രാമപഞ്ചായത്ത് വീടുകളുടെ വിവരങ്ങൾ

1.	ആകെ വീടുകളുടെ എണ്ണം	7011
2.	ഒന്നിൽ കൂടുതൽ നിലകളുള്ളവ	6
3.	കോൺക്രീറ്റ് കെട്ടിടങ്ങൾ	515
4.	ഓട് മേഞ്ഞവ	1264
5.	ഓലയും പുല്ലും മേഞ്ഞവ	2311
6.	മറ്റുള്ളവ (അട്ടഷീറ്റ്, ആസ്ബറ്റോസ് ഷീറ്റ്)	2915

കൈവശഭൂമിക്ക് പട്ടയം കൊടുക്കണമെന്ന് എല്ലാ ഗ്രാമസഭകളും ആവശ്യ മുന്നയിച്ചിട്ടുള്ളതാണ്.

രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയും മൈത്രി പാർപ്പിട പദ്ധതിയുമൊക്കെ പട്ടയം കൈവശമുള്ള പാവപ്പെട്ടവനുവേണ്ടി മാത്രമുള്ളതാണെങ്കിലും ഇതിന്റെ പ്രയോജനവും പട്ടയം ഇല്ലാത്തതിന്റെ പേരിൽ കരുണാപുരം പഞ്ചായത്തിലെ പാവപ്പെട്ടവന് നിഷേധിക്കപ്പെട്ടിരിക്കുന്നു. കൂനിന്മേൽ കുരു വെന്നതു പോലെ കാല വർഷക്കെടുതിയും കരുണാപുരം പഞ്ചായത്തിലെ കുടിലുകളെയും വീടുകളെയും നാമാവശേഷമാക്കി, നാശനഷ്ടങ്ങൾ വിതയ്ക്കുന്നു. 89 മുതൽ ഇത് ആവർത്തിക്കുന്നു. കാല വർഷ കെടുതിയിൽ വീട് നഷ്ടപ്പെടുന്നവർക്ക് യഥാ സമയം ഗവൺമെന്റിൽ നിന്നും സഹായം ലഭിക്കുന്നില്ല.

കരുണാപുരം ഗ്രാമപഞ്ചായത്ത് കെട്ടിട നികുതി സംബന്ധിച്ച് വിവരങ്ങൾ (1995-96)

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങളുടെ എണ്ണം	മേൽക്കൂരയുടെ സ്വഭാവം ഒരു നിലയുള്ള കെട്ടിടങ്ങൾ			
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
I	706	4	105	152	97	348
II	771	0	54	176	191	350
III	840	0	40	113	457	230
IV	512	-	34	69	204	205
V	456	1	33	78	188	156
VI	757	-	98	150	169	340
VII	524	-	48	88	160	228
VIII	585	-	25	111	214	235
IX	526	-	28	109	175	214
X	684	1	23	100	247	313
IX	650	-	27	127	209	287

പരിഹാര മാർഗ്ഗങ്ങൾ

ഭവന നിർമ്മാണ വായ്പ, സബ്സിഡി

പഞ്ചായത്തിൽ ഭൂരിപക്ഷം ജനങ്ങൾക്കും പട്ടയമില്ല. കൈവശ ഭൂമിക്ക് പട്ടയം കൊടുക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കം ചെയ്യുകയും പട്ടയം കൊടുക്കുന്നതിലുള്ള അടിയന്തിര നടപടി സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാവണം.

പട്ടയം ലഭിച്ചാൽ ഭവന നിർമ്മാണ ബോർഡിൽ നിന്നും മറ്റും ലോൺ എടുക്കുന്നതിനും വീടു വയ്ക്കുന്നതിനും സാധാരണക്കാരന് കഴിയും.

ഇന്ന് ലോൺ എടുത്ത് നിർമ്മിക്കുന്ന വീടുകൾക്ക് മാത്രമാണ് സബ്സിഡി കൊടുക്കാറുള്ളത്.

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ആൾക്കാർ സ്വന്തം കർമ്മശേഷിയുടേയും സമ്പാദ്യത്തിന്റേയും അടിസ്ഥാനത്തിൽ വീട് നിർമ്മിക്കുന്നതിനും സബ്സിഡി കൊടുക്കുന്നത് പ്രോത്സാഹന ജനകമാണ്. ഇത് ജനകീയാസൂത്രണ പരിപാടികളിലെ മറ്റൊരു വിജയ ഗാഥയായി മാറിക്കും.

ഭവന നിർമ്മാണ ബോർഡിന്റെയും ബന്ധപ്പെട്ടവരുടേയും സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവണം.

നിർമ്മിതി കേന്ദ്രം

കരുണാപുരം പഞ്ചായത്തിൽ വീടു നിർമ്മിക്കുന്നതിനാവശ്യമുള്ള സാധന സാമഗ്രികൾ തമിഴ്നാട്ടിൽ നിന്നും മറ്റുമാണ് കൊണ്ടു വരാറുള്ളത്. മറ്റിടങ്ങളിൽ നിന്ന് കൊണ്ടു വരുന്നതിനേക്കാൾ അല്പം ലാഭമുണ്ടെങ്കിലും പൊതുവേ ഭവന നിർമ്മാണം ഭാരിച്ച ചെലവാണു ഉണ്ടാക്കുന്നത്. ഇതു പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു നിർമ്മിതി കേന്ദ്രം തുടങ്ങേണ്ടതാണ്.

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഏറ്റവും അടുത്തുള്ള ബ്രാഞ്ച് കട്ടപ്പനയിലാണ് പ്രവർത്തിക്കുന്നത്. ഏറെ അകലെയുള്ളവരും അടുത്തുള്ളവരും നിസ്സാര കാര്യങ്ങൾ ചോദിച്ചറിയുന്നതിന് മണിക്കൂറുകൾ വരെ കാത്തിരിക്കേണ്ട അവസ്ഥയാണവിടെ. ജീവനക്കാരുടെ മോശമായ പെരുമാറ്റവും യജമാനത്തമനോഭാവവും അപേക്ഷകർക്ക് വളരെ ബുദ്ധി മുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ജീവനക്കാരുടെ അവഗണനാ മനോഭാവവും അപേക്ഷകരെ കണ്ടാലുടൻ കതകടച്ചിടുകയും ചെയ്യുന്ന പ്രവണത പലപ്പോഴും അമർഷവും പ്രകോപനവും ഉളവാക്കുന്നതിന് ഇടയായിട്ടുണ്ട്. ഇത് ഗ്രാമസഭകളിൽ ഉയർന്നു വന്ന മുഖ്യ ആരോപണമായിരുന്നു.

ഭവന നിർമ്മാണത്തിന് അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതു മൂലം തിരക്ക് ഒഴിവാക്കുന്നതിന് ആവശ്യമായ രേഖകൾ ഉൾപെടെയുള്ള അപേക്ഷ പഞ്ചായത്ത് ആഫീസുകളിൽ സ്വീകരിക്കുന്നതിനും പഞ്ചായത്തുകൾ വഴി ലോൺ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണം ഉണ്ടാവുന്നത് നല്ലതാണ്.

സാധിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടന വഴി അപേക്ഷ വാങ്ങി തുക അപേക്ഷകർക്ക് കിട്ടത്തക്ക ക്രമീകരണം നടത്തേണ്ടതാണ്.

പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് സൗജ

കരുണാപുരം ഗ്രാമപഞ്ചായത്ത്

IRDP പ്രകാരം ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചത് വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്രരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചതുൾപ്പെടെ)
1	2	3	4	5	6	7
I	2056	79	155	62	132	1824
II						
III						
IV						
V						
VI						
VII	1451	243	468	234	74	1377
VIII						
IX						
X						
XI						

ന്യമായി വീടു നിർമ്മിച്ചു കൊടുക്കുന്ന പദ്ധതി പോലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന മറ്റ് സമുദായത്തിൽ പെട്ടവർക്കും വീട് സൗജന്യമായി വച്ചു കൊടുക്കുന്നതിനുള്ള പദ്ധതികൾ വേണം. 50% ഗ്രാന്റ് അനുവദിച്ചാൽത്തന്നെ സ്വന്തം കർമ്മശേഷിയും സമ്പാദ്യവും സ്വരൂപിച്ച് വീട് പണിയുന്നതിന് തല്പരരാണ് വീടില്ലാത്തവരിൽ ഏറെ പേരും. ബന്ധപ്പെട്ടവരുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവണം.

കക്കൂസ്

സ്വന്തമായി കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തിക ശേഷി കുറഞ്ഞതുകൊണ്ട് 90% ജനങ്ങളും മല മൂത്ര വിസർജ്ജനം നടത്തുന്നത് വെളി സ്ഥലങ്ങളിലാണ്. രോഗം പടർന്നു പിടിക്കാൻ ഏറെ സാദ്ധ്യതകളുള്ളതുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ കക്കൂസ് നിർമ്മിച്ചു കൊടുക്കുന്നതിനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാവണം. പുതുതായി പണിയുന്ന എല്ലാ വീടുകളോടൊപ്പവും കക്കൂസ് വേണം എന്നുള്ളത് നിർബന്ധിതമാക്കേണ്ടതാണ്.

ദരിദ്ര വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ രംഗത്ത് M. D. S, P. D. S വിൻസെന്റ് ഡി. പോൾ സൊസൈറ്റി എന്നിവയുടെ പ്രവർത്തനങ്ങൾ ചില സ്ഥലങ്ങളിലുണ്ട്. ഇവയൊന്നും പാർപ്പിട പ്രശ്നത്തിന് പരിഹാരം ആയിട്ടില്ല. ഇതിനുവേണ്ടി പഞ്ചായത്ത് കേന്ദ്രമാക്കി ഇതേ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനയ്ക്ക് പഞ്ചായത്ത് കമ്മറ്റി രൂപം കൊടുക്കേണ്ടതാണ്.

സാമൂഹ്യക്ഷേമം

കരുണാപുരം ഗ്രാമ പഞ്ചായത്ത് മതസൗഹാർദ്ദത്തിന് മാതൃകയാണ്. സാമൂഹ്യപരമായി ഉന്നത നിലവാരം പുലർത്തുന്നവരാണ് കരുണാപുരം പഞ്ചായത്ത് ഗ്രാമവാസികൾ. പ്രധാനമായും ഹിന്ദു-ക്രിസ്ത്യൻ-മുസ്ലീം മത വിഭാഗക്കാരാണ്. ഇവർ ഏകോദര സഹോദരങ്ങളെപ്പോലെ സ്വരുമയോടെ കഴിഞ്ഞു പോകുന്നു. വിവിധ നാടുകളിൽ നിന്നും കുടിയേറി പാർത്തവരാണെങ്കിലും വ്യത്യസ്ത സംസ്ക്കാരം പുലർത്തിയവരാണെങ്കിലും ഇപ്പോൾ എല്ലാം കൂടി കലർന്നുള്ള ഒരു പുത്തൻ സംസ്കാരമാണ് നിലനില്ക്കുന്നത്.

പെൻഷൻ

സാമൂഹ്യക്ഷേമരംഗത്ത് ഒരു കേന്ദ്രീകൃത ദാരിദ്ര നിർമ്മാർജ്ജന പരിപാടി നടക്കേണ്ടതുണ്ട്. വാർദ്ധക്യകാല പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ, വികലാംഗ പെൻഷൻ, രോഗം മൂലം കഷ്ടപ്പെടുന്നവർക്കുള്ള പെൻഷൻ, വിധവകളുടെ പെൺമക്കളെ വിവാഹം കഴിപ്പിക്കുന്നതിനുള്ള

കരുണാപുരം ഗ്രാമപഞ്ചായത്ത് പുറംപോക്ക്, റോഡ് സംബന്ധിച്ച്

വാർഡ്	1	2	3	4	5	6	7	8	9	10	11
റോഡ് വിസ്തീർണ്ണം	10.900	11.250	11.850	17.800	11.800	6.00	4.500	13.850	7.850	10.80	17.00

IRDP ഭവന നിർമ്മാണം സംബന്ധിച്ച വിവരം

വാർഡ്	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ (IRDP സർവ്വേ പ്രകാരം)	പൂർത്തീകരിച്ച വീടുകൾ വീടുകൾ	ഇനിയും അനുവദിക്കേണ്ട വീടുകൾ
7 മുതൽ 11 വരെ	627	113	109	514
1 മുതൽ 6 വരെ	1561	72	66	1495

കരുണാപുരം ഗ്രാമ പഞ്ചായത്ത് നിർമ്മാണം പൂർത്തിയാക്കിയ സാമൂഹിക ആസ്ഥിയുടെ വിവരം

1. കിണറുകൾ : 41
2. കുളങ്ങൾ : 2
3. വാട്ടർടാങ്കുകൾ : 28
4. പമ്പ് സെറ്റുകൾ : 78
5. പമ്പ് ഹൗസുകൾ : 50
6. ജലസേചനം നടത്തിയ കൃഷിഭൂമിയുടെ അളവ് : 410 ഹെക്ടർ

SSC. FOR SFM പരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം

വാർഡ് നമ്പർ	സ്കൂൾ കെട്ടിടങ്ങൾ	പാലം	കംഫർട്ട്	കുടിവെള്ള കിണറുകൾ	ടാർ ചെയ്തത്	പുതിയത് ടാർ ചെയ്യാനുള്ളത്	ഈ ടാർ ചെയ്യാനുള്ള നീളം	അറ്റകുറ്റ പണികൾ	ചെയ്യാനുള്ളത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ
1	2	3	4	5					
6	7	8	9	10					
11	12	13							
VII To XI	4	5	4	18					
16	10								
നാല് ചെക്ക് ഡാം									
I									
To									
VI	3	3	20	15					
20	16								

സഹായം, പ്രസവാനുകൂല്യം എന്നിവ ഭാഗികമായി നടക്കുന്നുണ്ടെങ്കിലും ഇനിയും കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു.

വനിതാ ക്ഷേമം

35 അംഗൻ വാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയ്ക്കെല്ലാം സ്വന്തമായി കെട്ടിടങ്ങളും ഉപകരണങ്ങളുമില്ല. ഉണ്ടാവേണ്ടിയിരിക്കുന്നു. കുട്ടികൾക്കും അമ്മമാർക്കും വേണ്ടി പോഷകാഹാര പദ്ധതി ഉണ്ടെങ്കിലും ആരോഗ്യ രംഗത്തുള്ള പ്രവർത്തനം ശക്തമാക്കേണ്ടതുണ്ട്. സാമൂഹ്യ ക്ഷേമത്തിനുവേണ്ടി വനിതാ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. സമാജങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും തൊഴിൽ പരിശീലിപ്പിക്കുന്നതിനും സാമ്പത്തിക സഹായം നല്കേണ്ടതാണ്.

സമാജങ്ങൾ വഴി DWCRA യൂണിറ്റുകളും മറ്റ് ലോണുകളും വിതരണം ചെയ്യേണ്ടതാണ്. കാർഷിക രംഗത്തും വ്യാവസായിക രംഗത്തും വളർച്ച നേടുന്നതിന് ആവശ്യമായ സാങ്കേതിക വിദ്യാഭ്യാസവും സാമ്പത്തിക സഹായവും സ്ത്രീകൾക്ക് നൽകേണ്ടതാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അതു തടയുന്നതിന് സമാജങ്ങളുടെ നേതൃത്വത്തിൽ വാർഡു തോറും കർമ്മ സമിതികൾ രൂപീകരിക്കുകയും പൊതു യോഗങ്ങളും സെമിനാറുകളും നടത്തണം. ഇതിന് സാമ്പത്തിക സഹായവും നിയമ സഹായവും സ്ത്രീ സംഘടനകൾക്ക് ലഭിക്കണം.

പൊതു വിതരണം

പൊതുവിതരണം സംവിധാനം എല്ലാ വാർഡിലും കേന്ദ്രീകരിച്ച് നടപ്പാക്കിയാൽ വളരെ പ്രയോജനകരമായിരിക്കും. ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവർക്ക് പകുതി സബ്സിഡി അനുവദിക്കുന്നത് സ്വാഗതാർഹമാണ്. റേഷൻ കടകളിൽ അരി, മണ്ണെണ്ണ, പഞ്ചസാര സുലഭമാണെങ്കിലും വില വർദ്ധിപ്പിച്ചാണ് വില്ക്കുന്നത്. ഏത് ഇനം അരിയും കിലോഗ്രാമിന് 6.80 രൂപയും പഞ്ചസാരയ്ക്ക് 10 രൂപയും, മണ്ണെണ്ണയ്ക്ക് 3.50 മുതൽ 3.75 രൂപയും ഈടാക്കുന്നു. ബിൽ ഒരിടത്തും കൊടുക്കാറില്ല. സപ്ലൈ ഓഫീസർ മുതൽ റേഷൻ വ്യാപാരികൾ വരെ ഇതിന്റെ പേരിൽ വൻ കൊള്ള നടത്തുന്നതായി ഗ്രാമ സഭകളിൽ ആക്ഷേപം ഉയർന്നിട്ടുണ്ട്. പരാതി പെട്ടിയുണ്ടെങ്കിലും താക്കോൽ റേഷൻ കടക്കാരന്റെ കൈവശമാണ്. പരാതി സപ്ലൈ ഓഫീസർക്ക് നേരിട്ടയച്ചാൽ സപ്ലൈ ഓഫീസർ റേഷൻ കടക്കാരന് കൈമാറി ആ പേരിലും തുക ഈടാക്കാറുണ്ടെന്നാണ് മറ്റൊരു ആരോപണം.

റേഷൻ കടകളിൽ സ്റ്റോക്കും വിലയും കാണിക്കുന്ന ബോർഡ് പ്രദർശിപ്പിക്കുകയും ബിൽ കൊടുക്കുകയും ചെയ്യുന്നതിനാവശ്യമായ നടപടികൾ ശക്തമാക്കണം. റേഷൻ കട ഉടമകൾക്കുള്ള കമ്മീഷൻ പുനഃക്രമീകരിക്കേണ്ടതുണ്ടെങ്കിൽ ആ രംഗത്ത് ഗവ: നടപടിയെടുക്കണം. പഞ്ചായത്തിൽ മാർക്കറ്റിംഗ് സംഘങ്ങളോ, മാവേലി സ്റ്റോറോ കൺസ്യൂമർ സഹകരണ സംഘങ്ങളോ പ്രവർത്തിക്കുന്നില്ല. ഇവ പ്രവർത്തിപ്പിച്ചാൽ ജനങ്ങൾക്ക് പ്രയോജനപ്രദമാണ്.

മദ്യം

സാമൂഹ്യരംഗത്ത് എക്കാലത്തും ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുള്ള മദ്യം എന്ന സാമൂഹ്യ വിപത്ത് പഞ്ചായത്ത് ഒട്ടാകെ രഹസ്യമായും പരസ്യമായും വില്പന നടത്തുന്നുണ്ട്. പോലീസ്, എക്സൈസ്, നാർകോട്ടിക് തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.

V. E. O ഓഫീസ് & വർക്ക് ഷെഡ്

സാമൂഹ്യക്ഷേമം കാര്യക്ഷമമാക്കുന്നതിന് V. E. O. മാരുടെ സേവനം അത്യന്താപേക്ഷിതമാണ്. വിസ്തൃതമായ കരുണാപുരം ഗ്രാമ പഞ്ചായത്തിൽ രണ്ട് V E O ഓഫീസുകളാണുള്ളത്. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ചെങ്കിലും VEO ഓഫീസിന്റെ പണികൾ നടത്തിയിട്ടില്ല. തടസ്സങ്ങൾ നീക്കം ചെയ്ത് എത്രയും വേഗം കെട്ടിടം പണിത് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

കരുണാപുരം ഗ്രാമ പഞ്ചായത്ത് പൂർത്തിയാക്കിയ സാമൂഹിക ആസ്തികളുടെ വിവരം

ക്രമനമ്പർ	നിർമ്മാണം പൂർത്തിയാക്കിയ ആസ്തികളുടെ എണ്ണം	ആസ്ഥിയുടെ എണ്ണം
1.	കിണറുകൾ	41
2.	കുളങ്ങൾ	2
3.	വാട്ടർടാങ്കുകൾ	28
4.	പമ്പ് ഹൗസ്	50
5.	പമ്പ് സെറ്റുകൾ	78
	ജലസേചനം നടത്തിയ ഭൂമിയുടെ അളവ്	410 (ഹെക്ടർ)

13 സംസ്കാരം

വർഷങ്ങൾക്കു മുൻപ്, അമ്പതുകളുടെ തുടക്കത്തിൽ നാട്ടിൻ പുറങ്ങളിൽ നട മാടിയ പട്ടിണിയിൽ പൊറുതിമുട്ടിയവർ ഒട്ടിയ വയറും വിറ്റു കിട്ടിയ സ്വത്തുമായി പ്രയാണം ആരംഭിച്ചു. ആ പ്രയാണത്തിനിടയിൽ ഹൈറേഞ്ചിന്റെ മല മടക്കുകളിൽ അഭയം പ്രാപിച്ചവർ മലങ്കാടുകൾ വെട്ടിത്തെളിച്ച് മലമ്പനിയോടും, മലമ്പാമ്പിനോടും, വന്യമൃഗങ്ങളോടും പട പൊരുതി മുന്നേറുമ്പോൾ ജീവനു തുല്യം സ്നേഹിച്ചവർ പോലും നഷ്ടമായി ഈ നിസ്സഹായവസ്ഥയിലും പുതിയൊരു ഉയർത്തെഴുന്നേല്പ് സ്വപ്നം കണ്ടവർ ജീവിക്കാനുള്ള അദമ്യ ദാഹം പേറി മുന്നോട്ടു കുതിച്ചപ്പോൾ മനസിന്റെ അന്തരാത്മാവിൽ എന്നോ ചേക്കേറിയിരുന്ന സാംസ്ക്കാരികാവബോധത്തിന്റെ കൈത്തിരി വെളിച്ചത്തിൽ ആരാധനാലയങ്ങളിൽ അഭയം കണ്ടെത്തിയതോടൊപ്പം വിദ്യാലയങ്ങളും വായനശാലകളും നാടിന്റെ നാനാഭാഗങ്ങളിലും പടുത്തുയർത്തി കേവല വിദ്യാഭ്യാസത്തിന്റെ പ്രായോഗിക മന്ത്രം കൈമുതലായ അവർ നിസ്വാർത്ഥമായി വിയർപ്പൊഴുക്കി ഉയർത്തിയ പ്രസ്ഥാനങ്ങളാണ് വായനശാലകളും, മഹിളാ സമാജങ്ങളും, അംഗൻ വാടികളും, കലാ കായിക സംഘടനകളും മറ്റും. ഈ സ്ഥാപനങ്ങൾ കരുണാപുരം പഞ്ചായത്തിന്റെ സാംസ്ക്കാരിക രംഗത്ത് ഒരു പുത്തൻ വിപ്ലവത്തിന് തുടക്കം കുറിച്ചു.

ഈ പഞ്ചായത്ത് തമിഴ്നാടിനോട് ചേർന്നു കിടക്കുന്നു. ജനങ്ങൾ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനും മറ്റും തമിഴ്നാട്ടിലേക്കും അവിടെ നിന്ന് ഇങ്ങോട്ടും നിരന്തരം ബന്ധപ്പെട്ടിട്ടുപോലും തനതായ ഒരു സാംസ്ക്കാരിക പൈതൃകം ഈ പഞ്ചായത്ത് കാത്തു സൂക്ഷിക്കുന്നു. ഇവിടുത്തെ ജനങ്ങളിൽ അധികവും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കുടിയേറിയവരാണ്. ജനസംഖ്യയിൽ ഏതാനും തമിഴ് കുടുംബങ്ങളുമുൾപ്പെടുന്നു. ജനസംഖ്യയിൽ ഏറിയ പങ്കും ഹിന്ദു മതത്തിൽപെട്ടവരാണ്. ക്രിസ്ത്യൻ മതത്തിൽ പെട്ടവരും മുസ്ലീം മതത്തിൽ പെട്ടവരും യഥാക്രമം തൊട്ടടുത്തു നില്ക്കുന്നു. ഇവർ എല്ലാവരും സൗഹാർദ്ദത്തിൽ കഴിയുന്നു. ഈ പഞ്ചായത്തിന്റെ നാളിതു വരെയുള്ള ചരിത്രത്തിൽ ജാതി-മത സംഘർഷങ്ങൾ ഉണ്ടായിട്ടില്ല. കേരള സംസ്ഥാന പിറവിയോടനുബന്ധിച്ച് ഈ പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ തമിഴ്നാട്ടുകാരും കേരളീയരും തമ്മിൽ ഉണ്ടായിട്ടുള്ള സംഘർഷങ്ങളും അതേ തുടർന്നുണ്ടായ വെടിവയ്പും ജന മനസുകളിൽ ഇന്നും ഒരു കരിനിഴലായി അവശേഷിക്കുന്നു.

ജാതിക്കും മതത്തിനും രാഷ്ട്രീയത്തിനും അതീതമായി സാംസ്ക്കാരിക മുന്നേറ്റത്തിന് ജനകീയാസൂത്രണ പരിപാടി കുറെക്കൂടി ജനകീയമാകുന്നത് അഭിലഷണീയമാണ്.

ഒരു വലിയ സാംസ്ക്കാരിക പാരമ്പര്യം അവകാശപ്പെടാനില്ലാത്ത പഞ്ചായത്താണിത് എങ്കിൽ പോലും കുടിയേറ്റ സീമകളെ അതിലംഘിച്ച് ഉയർന്നു വന്നിട്ടുള്ള ഗ്രന്ഥശാലകളും മറ്റു സാംസ്ക്കാരിക സംഘടനകളും പ്രസ്ഥാനങ്ങളും സാംസ്ക്കാരിക രംഗത്ത് ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിച്ചിട്ടുണ്ടെന്നത് ആശാവഹമാണ്. ഈ പ്രസ്ഥാനങ്ങളെയും സംഘടനകളെയും മറ്റും ആഴത്തിൽ വിലയിരുത്തുന്നതിലൂടെ മാത്രമേ സാംസ്ക്കാരിക രംഗത്ത് ഈ പഞ്ചായത്ത് എത്രമാത്രം മുന്നേറിയിട്ടുണ്ടെന്നത് വിലയിരുത്താവൂ.

ഗ്രന്ഥശാലകൾ

കരുണാപുരം ഗ്രാമ പഞ്ചായത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിൽ വായനശാലകൾ വഹിച്ച പങ്ക് വളരെ

സ്തുത്യർഹമാണ്. ഈ പഞ്ചായത്തിലെ പല വായനശാലകളും ജന ജീവിതത്തിലെന്നതുപോലെ പ്രവർത്തനത്തിൽ ജില്ലാ തലത്തിലും, സംസ്ഥാനതലത്തിലും വരെ ശ്രദ്ധിക്കപ്പെട്ടവയാണ്.

ഗ്രാമീണ വായനശാല മന്തിപ്പാറ

കരുണാപുരം ഗ്രാമ പഞ്ചായത്തിൽ ആദ്യം രൂപം കൊണ്ടത് സ്വന്തമായി കെട്ടിടവും 50 സെന്റ് സ്ഥലവും കൈവശമുള്ള മന്തിപ്പാറ ഗ്രാമീണ വായനശാലയാണ്. അറുപതുകളിൽ പ്രവർത്തനം ആരംഭിച്ച ഈ വായനശാലയ്ക്ക് 7000 ത്തിലേറെ പുസ്തകങ്ങളും 1500 ലേറെ അംഗങ്ങളുമുണ്ട്. 50, 000 രൂപ വിലപിടിപ്പുള്ള ഫർണീച്ചറുകളും, കർട്ടൻ സെറ്റ്, ടെലിവിഷൻ, റേഡിയോ, സൈക്കിൾ എന്നിവയും സ്വന്തമായുണ്ട്. കാർഷിക പുസ്തക കോർണർ, രാജാറാം മോഹൻറായ് ലൈബ്രറി ഫൗണ്ടേഷൻ ഫണ്ടിൽ നിന്നുള്ള പുസ്തകങ്ങൾ എന്നിവയും ഈ ലൈബ്രറിയുടെ മുതൽ കൂട്ടാണ്. ഈ ലൈബ്രറിയുടെ മേൽ നോട്ടത്തിൽ നേഴ്സറി സ്ക്കൂൾ, മഹിളാസമാജം, ആർട്സ് ക്ലബ്ബ്, സ്പോർട്സ് ക്ലബ്ബ്, നെഹ്രു യൂത്ത് ക്ലബ്ബ് എന്നിവ പ്രവർത്തിക്കുന്നു. സാക്ഷരതാ പ്രവർത്തന രംഗത്ത് ഏറെ സംഭാവനകൾ ചെയ്തിട്ടുള്ള ഈ വായനശാലയുടെ നേതൃത്വത്തിൽ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുറന്നു പ്രവർത്തിച്ചിരുന്നു. താലൂക്ക് തലത്തിൽ ഏറ്റവും നല്ല പ്രവർത്തനത്തിലുള്ള അവാർഡ് ഈ വായനശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ മറ്റ് അംഗീകാരങ്ങളും ഈ ലൈബ്രറിക്ക് ലഭിച്ചിട്ടുണ്ട്.

മലനാട് പബ്ലിക് ലൈബ്രറി ചാലക്കുടി മേട്

ഇടുക്കി ജില്ലയിൽ വോളിബോൾ പ്രേമികളുടെ മനസ്സിൽ നിറഞ്ഞു നില്ക്കുന്ന നാമധേയമാണ് മലനാട് പബ്ലിക് ലൈബ്രറി. ഇതിന്റെ നെതൃത്വത്തിൽ വർഷം തോറും നടത്താറുള്ള വോളിബോൾ ടൂർണമെന്റിൽ ഉത്സവ പ്രതീതിയോടെയാണ് ജനങ്ങൾ പങ്കെടുക്കാറുള്ളത്. ജന ശിക്ഷൻ നിലയം, മഹിളാസമാജം, ആർട്സ് & സ്പോർട്സ് ക്ലബ്ബ് എന്നിവയും അനുബന്ധമായി പ്രവർത്തിക്കുന്നു.

ഗാന്ധിജി മെമ്മോറിയൽ വായനശാല കട്ടേക്കാനം

കുടിയേറ്റ കാലത്ത് കർഷക സംഘടനയായി ആരംഭിച്ച് പിൽക്കാലത്ത് വായനശാലയായി പരിവർത്തനം ചെയ്ത ഈ പ്രസ്ഥാനം അത്ഭുതകരമായ വിധത്തിൽ ജന പങ്കാളിത്വത്തോടു കൂടി വളർച്ച പ്രാപിച്ച ഗാന്ധിജി മെമ്മോറിയൽ വായനശാലയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. ടെലിവിഷൻ സെറ്റും, ജനകീയ പങ്കാളിത്തത്തോടെ നേടാൻ കഴിഞ്ഞിട്ടുണ്ട്. ക്ലബ്ബ്, മഹിളാസമാജം, അംഗൻ വാടി എന്നിവയും അനുബന്ധമായി പ്രവർത്തിക്കുന്നു.

പബ്ലിക് ലൈബ്രറി തൂക്കുപാലം

സ്വന്തമായി കെട്ടിടം, സ്ഥലം, T.V. എന്നിവയുമുണ്ട്. 'ലളിതാംബിക അന്തർജ്ജനം' സ്മാരക അവാർഡിനു വേണ്ടി വർഷം തോറും ഈ ലൈബ്രറി ചെറുകഥാ മത്സരം നടത്താറുള്ളത് ശ്രദ്ധേയമാണ്.

കരുണാപുരം പബ്ലിക് ലൈബ്രറി

കരുണാപുരം പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന വായനശാലകളിൽ ഒന്നാണ് കരുണാപുരം പബ്ലിക് ലൈബ്രറി. സ്വന്തമായി സ്ഥലവും കെട്ടിടവും ടെലിവിഷൻ സെറ്റും ഈ ലൈബ്രറിക്കുണ്ട്.

ഉദയാ പബ്ലിക് ലൈബ്രറി കമ്പംമെട്ട് & റീഡിംഗ് റൂം

സ്വന്തമായി സ്ഥലവും കെട്ടിടവും ടെലിവിഷൻ സെറ്റും ഉദയാ പബ്ലിക് ലൈബ്രറിക്ക് ഉണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന വായനശാലകളിലൊന്നാണിതും. ഈ വായനശാലയുടെ കീഴിൽ മൊബൈൽ ലൈബ്രറി പ്രവർത്തിക്കുന്നു.

V. S. M. ലൈബ്രറി കുഴിക്കണ്ടം

പഞ്ചായത്തിലെ ശ്രദ്ധേയമായ ഒരു വായനശാലയാണ് വിക്രം സാരാഭായ് മെമ്മോറിയൽ ലൈബ്രറി കുഴിക്കണ്ടം. ഇതോടൊപ്പം മഹിളാസമാജം, നേഴ്സറി സ്ക്കൂൾ, ക്ലബ്ബ് എന്നിവയും പ്രവർത്തിക്കുന്നു.

V. K. കൃഷ്ണമേനോൻ മെമ്മോറിയൽ ലൈബ്രറി കൂട്ടാർ

പഞ്ചായത്തിന്റെ ആസ്ഥാനമായ കൂട്ടാർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ ലൈബ്രറിക്കും സ്വന്തമായി സ്ഥലും കെട്ടിടവും ഉണ്ട്.

വിജയോദയം പബ്ലിക് ലൈബ്രറി രാമക്കൽമേട്

സ്വന്തമായി സ്ഥലം, കെട്ടിടം എന്നിവയുള്ള വിജയോദയം ലൈബ്രറി കൂടുതൽ ഉറപ്പുള്ള ഇരുനില കെട്ടിടം പണിയുന്നതിനുള്ള ശ്രമത്തിലാണ്.

പ്രിയദർശനി വായനശാല ആറ്റിൻകര

കരുണാപുരം ഗ്രാമ പഞ്ചായത്ത് 8-ാം വാർഡിൽ പ്രവർത്തിക്കുന്ന ആറ്റിൻകര പ്രിയദർശനി വായനശാലയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്.

സന്മാർഗ്ഗബോധിനി വായനശാല പ്രകാശ് ഗ്രാം

സ്വന്തമായി സ്ഥലവും കെട്ടിടവും ഈ ലൈബ്രറിക്കും ഉണ്ട്.

പുലരി ഗ്രന്ഥശാല കുരുവിക്കാനം

3-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു.

പ്രോഗ്രസീവ് പബ്ലിക് ലൈബ്രറി ആർട്സ് & സ്പോർട്സ് ക്ലബ്ബ് പാറക്കടവ്

സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. രജിസ്ട്രേഷനു വേണ്ടി ശ്രമിക്കുന്നു.

യംഗ് ചലഞ്ചേഴ്സ് ലൈബ്രറി ആശാൻകടവ്

സ്വന്തമായി സ്ഥലവും കെട്ടിടവും പുസ്തകങ്ങളുമുള്ള ഈ ലൈബ്രറി രജിസ്ട്രേഷനുവേണ്ടി ശ്രമിക്കുന്നു.

സാംസ്കാരിക നിലയം 8-ാം വാർഡ്

സാംസ്കാരിക നിലയത്തിനു വേണ്ടി 8-ാം വാർഡിൽ പണി പൂർത്തിയാക്കിയിട്ടുള്ള കെട്ടിടം തുറന്നു പ്രവർത്തിക്കേണ്ടതും ലൈബ്രേറിയനെ സ്ഥിരമായി നിയമിക്കേണ്ടതുമാണ്?

വായനയിലൂടെ നവ ലോകം കെട്ടിപ്പടുക്കാൻ കച്ച കെട്ടിയിറങ്ങിയ ഗ്രന്ഥശാല പ്രവർത്തകർ നാടിന്റെ ഹൃദയത്തുടിപ്പു പോലും ഉൾക്കൊള്ളാൻ കഴിയുന്നവരായിരുന്നു. വിദ്യാഭ്യാസത്തിന്റെ മഹത്വം മനസിലാക്കിയ ഗ്രന്ഥശാലാ പ്രവർത്തകർ തന്നെയാണ് വിദ്യാലയങ്ങൾ രൂപീകരിക്കുന്നതിന് പലയിടത്തും നേതൃത്വം വഹിച്ചത്. അതുപോലെ കലാ-കായിക രംഗത്തെ പ്രതിഭാ ശാലികളെ കണ്ടെത്താനും കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടു കൊണ്ട് ആർട്സ് ക്ലബ്ബുകളും സ്പോർട്സ് ക്ലബ്ബുകളും രൂപീകരിച്ചു. കൂടാതെ അംഗൻവാടികളും മഹിളാ സമാജങ്ങളും രൂപീകരിക്കുന്നതിന് ഒത്താശകൾ ചെയ്തതും നേതൃത്വം നൽകിയതും ലൈബ്രറി പ്രവർത്തകരാണ്. നിസ്വാർത്ഥത ഒന്നു മാത്രമായിരുന്നു ആദ്യകാല ലൈബ്രറി പ്രവർത്തകരുടെ കൈമുതൽ. ഈ ത്യാഗ മനഃസ്ഥിതിയാണ് ഈ പഞ്ചായത്തിലെ എല്ലാ ലൈബ്രറികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും സമ്പാദിക്കാൻ കഴിഞ്ഞതിന്റെ കഥ.

കരുണാപുരം പഞ്ചായത്തിലെ ആർട്സ് & സ്പോർട്സ് ക്ലബ്ബുകളുടെ ലിസ്റ്റ്

1. ബാപ്പുജി ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചില്ലുപാറ
2. വിജയോദയം പബ്ലിക് ലൈബ്രറി & സ്പോർട്സ് ക്ലബ്ബ് രാമക്കൽമേട്
3. A. K. G. മെമ്മോറിയൽ ക്ലബ്ബ് കുരുവിക്കാനം
4. കലിക ആർട്സ് & സ്പോർട്സ് ക്ലബ്ബ് കട്ടേക്കാനം
5. കരുണാ സാംസ്ക്കാരിക കേന്ദ്രം കരുണാപുരം
6. സ്പൈഡർ ആർട്സ് & സ്പോർട്സ് ക്ലബ്ബ് പ്രകാശ്ഗ്രാം
7. ഡിഫി ആർട്സ് & സ്പോർട്സ് ക്ലബ്ബ് പ്രകാശ് ഗ്രാം
8. സുപ്രഭാ കൊച്ചുപ്ലാംമൂട്
9. ഫ്ലൈബേർഡ്സ് കൊച്ചുപ്ലാംമൂട്
10. സൂര്യാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് മുങ്കിപ്പള്ളം
11. ജനതാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് മന്തിപ്പാറ
12. ഗ്രാമീണ യുവക് കേന്ദ്രം മന്തിപ്പാറ
13. ശക്തി യൂത്ത് ക്ലബ്ബ് മന്തിപ്പാറ
14. പ്രിയദർശിനി ആർട്സ് & സ്പോർട്സ് ക്ലബ്ബ് ആറ്റിൻകര
15. ഉദയാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് കമ്പംമെട്ട്
16. Y. C. C. ആശാൻകട.
17. പ്രോഗ്രസീവ് പബ്ലിക് ലൈബ്രറി ആർട്സ് & സ്പോർട്സ് ക്ലബ്ബ് പാറക്കടവ്
18. മലനാട് ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചാലക്കുടിമേട്
19. നേതാജി ആർട്സ് & സ്പോർട്സ് ക്ലബ്ബ് പോത്തിൻകണ്ടം
20. യുവ പ്രതിഭാ സ്പോർട്സ് ക്ലബ്ബ് കുളത്തിൻമേട്
21. V. S. M. ആർട്സ് & സ്പോർട്സ് ക്ലബ്ബ് കുഴിക്കണ്ടം
22. V. K. കൃഷ്ണമേനോൻ മെമ്മോറിയൽ ഗ്രന്ഥശാല & ആർട്സ് ക്ലബ്ബ് കൂട്ടാർ

ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ എണ്ണത്തിൽ ഏറെയുണ്ടെങ്കിലും ആരോഗ്യകരമായ കലാ-കായിക പരിശീലന പരിപാടികളിൽ സജീവ പങ്കാളിത്തം പ്രകടിപ്പിക്കുന്നതായി കാണുന്നില്ല എങ്കിലും കലാ-കായിക പ്രതിഭകളെ കണ്ടെത്തി അരങ്ങിലേക്ക് ആനയിക്കുന്നതിന് ക്ലബ്ബുകൾ കർമ്മ നിരതരാകണമെങ്കിൽ അർഹിക്കുന്ന അംഗീകാരവും പ്രോത്സാഹനവും നേതൃത്വവും പഞ്ചായത്തിൽ നിന്നുണ്ടാകണം.

വനിതാ സംഘടനകൾ

ലൈബ്രറികളും ക്ലബുകളും പോലെ സാംസ്കാരിക രംഗത്ത് ഏറെ ചലനം സൃഷ്ടിച്ച സംഘടനകളാണ് മഹിളാ സമാജങ്ങൾ.

അടുക്കളയിലെ കരിയും പുകയും നിറഞ്ഞ അന്തരീക്ഷത്തിൽ നിന്നു ഒരു നിമിഷം വിട്ടു നിൽക്കാനും ആ സമയത്ത് സംഘടന കെട്ടിപ്പടുക്കുന്ന ജോലിയിൽ വ്യാപൃതരാകാനും കഴിഞ്ഞ സ്ത്രീകൾക്ക് വായനശാലകളിലും ക്ലബുകളിലും പുരുഷന്മാർ ആധിപത്യം പുലർത്തിയപ്പോൾ മഹിളാസമാജങ്ങളിലൂടെയും അംഗൻവാടികളിലൂടെയും സാംസ്കാരികരംഗത്ത് പുരുഷന്മാരുടെ മുമ്പിലെത്താൻ കഴിഞ്ഞിരിക്കുന്നു.

കരുണാപുരത്തിന്റെ വിവിധവാർഡുകളിലായി ഇരുപതിലേറെ വനിതാസംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. കുട്ടികളുടെ സാമൂഹ്യവും സാംസ്കാരികവുമായ വളർച്ചയ്ക്കൊപ്പം പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം കൊടുക്കുന്നതിലും വനിതാസമാജങ്ങൾ ശ്രദ്ധിച്ചിരുന്നു.

ചർച്ച ചെയ്യപ്പെടാവുന്ന എല്ലാ വിഷയങ്ങളെപ്പറ്റിയും ഇതിനോടകം ചർച്ചാസമ്മേളനങ്ങളും സെമിനാറുകളും വഴി അവർ അറിവു നേടിക്കഴിഞ്ഞിരിക്കുന്നു. ഏതെങ്കിലും ഇത്തരം സെമിനാറുകളിലും ചർച്ചാ സമ്മേളനങ്ങളിലും പങ്കെടുക്കാത്ത സ്ത്രീകൾ കരുണാപുരം പഞ്ചായത്തിൽ അധികം ഇല്ലെന്നു പറയാം.

അതെ ഇതൊരു വളർച്ചയാണ് സാമൂഹ്യമായ സാംസ്കാരികപരമായ വളർച്ച. അബലയുടെ ദൗർബ്ബല്യങ്ങൾക്കുള്ളിൽ നിന്നു കൊണ്ടുള്ള വളർച്ച.

ക്ലബുകൾക്കും വായനശാലകൾക്കുമൊക്കെ ലഭിക്കാറുള്ള ആനുകൂല്യങ്ങളും ഗ്രാന്റും മഹിളാസമാജങ്ങൾക്കും ലഭിച്ചാൽ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ മഹിളാസമാജങ്ങൾക്കു കഴിയും.

ഗ്രന്ഥശാലകൾ

ഐതിഹാസികമായ സ്വാതന്ത്ര്യസമരത്തിൽ നിസ്തുലമായ പങ്കു വഹിച്ച ഗ്രന്ഥശാലകൾ ഇന്ന് അപജയത്തെ നേരിട്ടു കൊണ്ടിരിക്കുന്ന പ്രവണതകൾ ദൃശ്യമാണ്. നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരികരംഗത്ത് നിസ്തുലമായ പങ്കു വഹിക്കേണ്ട ഗ്രന്ഥശാലകൾ ആ ലക്ഷ്യത്തിൽ നിന്നും അകന്നു പൊയ്ക്കൊണ്ടിരിക്കുന്നുവെന്ന യാഥാർത്ഥ്യം ഖേദപൂർവ്വം ഇവിടെ സൂചിപ്പിക്കട്ടെ ഈ പഞ്ചായത്തിൽ പതിനഞ്ചു ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇവ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിവിധികളും ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങൾ

1 ഭരണ നിർവഹണത്തിലെ പാളിച്ചകൾ
2 മതിയായ ഫണ്ടിന്റെ അഭാവം
3 ആധുനീക വാർത്താമാദ്ധ്യമങ്ങളുടെ സ്വാധീനം
5 ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ആധിക്യം
6 കാലാകാലങ്ങളിൽ പുസ്തകം ബയന്റു ചെയ്തു സൂക്ഷിക്കാത്തത്.
7 വായനശാലകൾ വിനോദകേന്ദ്രങ്ങളായി മാത്രം മാറിക്കൊണ്ടിരിക്കുന്നത്.
8 പുസ്തകങ്ങളുടേയും, ദിനപ്പത്രങ്ങളുടേയും മറ്റും അമിതമായ വില വർദ്ധനവ്
9 മതിയായ ഗ്രാൻറ് ലഭിക്കുന്നില്ല.
10 പുസ്തകങ്ങൾ ലഭ്യമാക്കുവാൻ വേണ്ടി ഗവ:ഗ്രാന്റിനെ മാത്രമുള്ള ആശ്രയിക്കൽ
11 നിലവാരമുള്ള പുസ്തകങ്ങളുടെ കുറവ്?
12 വനിതകളുടെ സഹകരണക്കുറവ്
13 ജനകീയ പങ്കാളിത്തത്തിലുള്ള കുറവ്.
14 പഞ്ചായത്ത് ഗ്രാന്റിന്റെ അപര്യാപ്തത.

സാദ്ധ്യതകൾ

1 സ്വന്തമായി കെട്ടിടമില്ലാത്ത ഗ്രന്ഥശാലകൾക്ക് പഞ്ചായത്തിൽനിന്നും കെട്ടിടം നിർമ്മിക്കുന്നതിന് 75% ഗ്രാന്റ് അനുവദിക്കുകയും പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്യുക.
2 നിയമാവലിക്ക് അനുസൃതമായുള്ള കമ്മറ്റികളും പൊതുയോഗവും കൂടി ജനപങ്കാളിത്തം ഉറപ്പിക്കുക.
3 ഇന്ന് ഗ്രന്ഥശാലകളുടെ പ്രവർത്തനം മന്ദീഭവിക്കാനുള്ള വളരെ പ്രധാനപ്പെട്ട കാരണം സ്വന്തമായുള്ള ഫണ്ടിന്റെ അഭാവമാണ്. ഗ്രന്ഥശാലകൾക്ക് ഇതര സാംസ്കാരിക പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനും ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുവാനും ഇത് വിഘാതം സൃഷ്ടിക്കുന്നു. അതാത് ഗ്രന്ഥശാലകൾ അവരുടെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് പൊതുജനപങ്കാളിത്തത്തോടെ ശേഖരിക്കുക കൂടാതെ ഗ്രന്ഥശാലകളുടെ കലാകായിക പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും ഗ്രാന്റ് അനുവദിക്കുക.
4 ആധുനിക വാർത്താ മാദ്ധ്യമങ്ങളായ റേഡിയോ, റ്റി.വി, സിനിമാ തുടങ്ങിയ ജനങ്ങളുടെ വായനാശീലത്തെ കുറച്ചിരിക്കുന്നു. മാത്രവുമല്ല സാംസ്കാരികരംഗത്ത് ഇവ ഒരു കമ്പോള സംസ്കാരത്തിന്റെ രൂപീകരണത്തിന് കാരണമായിതീരുകയും ചെയ്യുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജനങ്ങളുടെ ബോധനിലവാരം ഉയർത്തേണ്ടിയിരിക്കുന്നു. അതിന് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഗ്രന്ഥശാലകളുടെ സഹകരണത്തോടുകൂടി സെമിനാറുകളും സിമ്പോസിയങ്ങളും മറ്റും സംഘടിപ്പിക്കണം. സാംസ്കാരികനിലവാരം കുറഞ്ഞ ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിനുള്ള അമിതവ്യഗ്രത ഗ്രന്ഥശാലകളെ ദോഷകരമായി ബാധിച്ചിരിക്കുന്നു. പ്രത്യേകിച്ച് വനിതകളുടേയും കുട്ടികളുടേയും ഇടയിലുള്ള ഇവയുടെ സ്വാധീനം.
5. ആളുകൾക്ക് ഗ്രന്ഥശാലയിൽ നിന്നും പുസ്തകമെടുത്ത് വായിക്കുവാനുള്ള താല്പര്യം കുറഞ്ഞിരിക്കുന്നു. ശരിയായ ബോധവൽക്കരണത്തിലൂടെ മാത്രമേ ഈ ദു:സ്ഥിതി പരിഹരിക്കുവാൻ സാധിക്കുകയുള്ളു. അതിന് പഞ്ചായത്ത് മുൻകൈ എടുത്ത് സെമിനാറുകളും മറ്റും സംഘടിപ്പിച്ച് ജനങ്ങളുടെ വൈജ്ഞാനീകനിലവാരം ഉയർത്തണം.
6 പുത്കങ്ങൾ ബയൻറു ചെയ്യുവാൻ സാമ്പത്തീക സഹായം പഞ്ചായത്തിൽ നിന്നും അനുവദിക്കുക.

7 ഗ്രന്ഥശാലകളിൽ വിനോദത്തിനോടൊപ്പം ജനങ്ങളുടെ വായനാശീലത്തേയും വർദ്ധിപ്പിക്കുവാനുള്ള പരിപാടികൾ സംഘടിപ്പിക്കുക. അഭിലഷണീയങ്ങളല്ലാത്ത വിനോദങ്ങൾ വായനശാലയിൽ അനുവദിക്കാതിരിക്കുക. പുസ്തകങ്ങളെപ്പറ്റി പൊതു ചർച്ച നടത്തി വിനോദങ്ങളിൽ മാത്രം ഏർപ്പെടുന്നവരെ പുസ്തകം വായിക്കുവാൻ പ്രേരിപ്പിക്കുക.

8 ഗവ:തലത്തിൽ പുസ്തകങ്ങളുടെ അമിതമായ വിലവർദ്ധനവ് തടയുക. കൂടാതെ ഗ്രന്ഥശാലകൾക്ക് പുസ്തകം ലഭ്യമാക്കുവാൻ മതിയായ ഗ്രാന്റും സബ്സിഡിയും അനുവദിക്കുക.

10 ജനകീയ പങ്കാളിത്തത്തോടെ പുസ്തകങ്ങൾ ശേഖരിക്കുക. ജനങ്ങളിൽനിന്നും ഫണ്ട് ശേഖരണം, പുസ്തക സമാഹാരണം തുടങ്ങിയ പരിപാടികളിലൂടെ ഇത് സാധിക്കാവുന്നതാണ്.

11 കേരളാസ്റ്റേറ്റ് ലൈബ്രറി കൗൺസിലും ഗ്രാമപഞ്ചായത്തും മുൻകൈ എടുത്ത് നല്ല നിലവാരം പുലർത്തുന്ന ഗ്രന്ഥങ്ങളാണ് ഗ്രന്ഥശാലകൾ വാങ്ങുന്നതെന്ന് ഉറപ്പു വരുത്തുക. അതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.

12 ഗ്രന്ഥശാലകളെ വിനോദോപാധിയായി മാത്രം ജനങ്ങൾ കാണുവാൻ തുടങ്ങിയതു മുതൽ ഈ രംഗത്ത് അപചയം ദൃശ്യമായി അതുമൂലം വനിതകളുടെ സാന്നിദ്ധ്യം ഗ്രന്ഥശാലകളിൽ കുറഞ്ഞു. വനിതകൾക്ക് ഗ്രന്ഥശാലാ കമ്മിറ്റികളിൽ മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു. കൂടാതെ പുസ്തകം എടുക്കുവാനുള്ള മുറി (Library room) ക്ലബിൽ നിന്നും വേർതിരിക്കേണ്ടിയിരിക്കുന്നു. ഭവനങ്ങൾ തോറുമുള്ള പുസ്തകവിതരണം സംഘടിപ്പിക്കുന്നത് ഈ ദിശയിലുള്ള മുന്നേറ്റത്തിന് വലിയൊരു ചുവടുവെയ്പായിരിക്കും.

13 ജനകീയപങ്കാളിത്തം ഏതു പ്രസ്ഥാനങ്ങളുടേയും വിജയത്തിന്റെ മുഖ്യഘടകമാണ്. അതുകൊണ്ടു തന്നെജനങ്ങളുടെ സഹകരണം ഉറപ്പു വരുത്തേണ്ടതും അവരുടെ പങ്കാളിത്തത്തോടു കൂടി ഗ്രന്ഥശാലകൾ പരിപാടികൾ നടപ്പിലാക്കുന്നതും അത്യന്താപേക്ഷിതമാണ്.

14 ഇന്ന് പഞ്ചായത്തിൽ നിന്നും ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് നൽകുന്ന രീതി മാറ്റേണ്ടിയിരിക്കുന്നു. അതാതു വർഷം ഗ്രന്ഥശാലകൾ വാങ്ങുന്ന പുസ്തകങ്ങളുടെ ബില്ലിന്റെ കോപ്പി പഞ്ചായത്തിൽ സമർപ്പിക്കുകയും അതിന്റെ പകുതി തുക പഞ്ചായത്ത് അനുവദിക്കുന്നതുമാണ് ഇന്നത്തെ രീതി ഈ രീതി മാറ്റി ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത തുക നൽകുക. കൂടാതെ മേൽപ്പറഞ്ഞ തുക ഉപയോഗിച്ച് പുസ്തകങ്ങൾ വാങ്ങിയെന്ന് ഉറപ്പു വരുത്തണം. അതിന് ബില്ലിന്റെ കോപ്പി ആവശ്യപ്പെടാവുന്നതാണ്. കൂടാതെ ലൈബ്രേറിയന് ഒരു നിശ്ചിത തുക അനുവദിക്കാവുന്നതാണ്. മേൽപറഞ്ഞ പ്രശ്നങ്ങളും സാദ്ധ്യതകളും ഉണ്ടെങ്കിൽ പോലും ഈ പഞ്ചായത്തിന്റെ സാംസ്കാരിക രംഗത്ത് ഈ സ്ഥാപനം വഹിക്കുന്ന പങ്ക് എടുത്ത് പറയേണ്ടതുണ്ട്. ജാതിമതരാഷ്ട്രീയ സീമകളെ ഉല്ലംഘിച്ച് സാംസ്കാരികസമന്വയം ഉണ്ടാക്കുന്നതിൽ ഇതിന്റെ പങ്ക് സുവിദിതമാണ്.

ഈ പഞ്ചായത്തിന്റെ സാംസ്കാരികസമന്വയത്തിൽ സുപ്രധാന പങ്ക് വഹിക്കുന്ന മറ്റ് സാംസ്കാരികോപാധികളേയും പരാമർശിക്കേണ്ടിയിരിക്കുന്നു.

നാടൻ കലകൾ.

നാടൻ കലകൾ ഇന്ന് ടൂറിസ്റ്റുകളെ ആകർഷിക്കുവാനുള്ള മാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന ദു:സ്ഥിതിയാണുള്ളത് ഇതിനു മാറ്റം വരുത്തേണ്ടത് ഗ്രാമതലത്തിൽ നിന്നു തന്നെയാണ്. പ്രത്യേകിച്ച് പഞ്ചായത്തു തലത്തിൽ. നാടൻ കലകളെ പരിപോഷിപ്പിക്കുവാനുള്ള പരിപാടികൾ പഞ്ചായത്തു തലത്തിൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്. പഞ്ചായത്തു തലത്തിൽ ഓണാഘോഷം നടത്തുന്നതും കേരളോത്സവത്തിൽ നാടൻ കലകളുടെ മത്സരങ്ങൾ ഉൾപ്പെടുത്തുന്നതും നന്നായിരിക്കും. ഈ പഞ്ചായത്തിന്റെ നാലാം വാർഡിലുള്ള കേരളീയ കലയായ അമ്മൻ കുടം എടുത്തു പറയേണ്ടതാണ്. ഇതുപോലുള്ള കലാരൂപങ്ങൾ മറ്റു വാർഡുകൾക്കും മാതൃകയാകേണ്ടതുണ്ട്. കരകനൃത്തം, കോലുകളി, പരിചമുട്ട്, തിരുവാതിര, അറവനമുട്ട് തുടങ്ങിയ നാടൻ കലാരൂപങ്ങൾ അവതരിപ്പിക്കുന്ന സംഘങ്ങൾ കരുണാപുരം പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഇന്നും സജീവമാണ്.

ഉത്സവങ്ങൾ

സാംസ്ക്കാരിക രംഗത്ത് വിവിധ മതക്കാർ നടത്തുന്ന ഉത്സവങ്ങൾ ഈ പഞ്ചായത്തിന്റെ സാംസ്ക്കാരിക നിലവാരം ഉയർത്തുന്ന പ്രധാന ഘടകമാണ്. ഇത് സാംസ്ക്കാരിക സമന്വയത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നു. ഈ ഉത്സവങ്ങളിൽ എല്ലാ മതസ്ഥരും പങ്കു ചേരുന്നു. തദ്വാര സാംസ്ക്കാരിക സമന്വയം സംജാതമാക്കുകയും ചെയ്യുന്നു.

പഞ്ചായത്തു കലാമേളകൾ

ഈ പഞ്ചായത്തിൽ നടത്തുന്ന കലോത്സവങ്ങൾ സാംസ്ക്കാരിക രംഗത്ത് മറ്റൊരു മുന്നേറ്റം ഉണ്ടാക്കിയിട്ടു

ണ്ട് ഈ പഞ്ചായത്തിലെ മറ്റു തരത്തിൽ (സ്ക്കൂൾ, കോളജ്,തലത്തിൽ) അവസരം നിഷേധിക്കപ്പെട്ടിരിക്കുന്നവർക്കും (കൂലിവേലക്കാർ, കൃഷിക്കാർ) തങ്ങളുടെ കലാകായിക സിദ്ധികളെ വികസിപ്പിക്കുവാനും പ്രകടിപ്പിക്കുവാനുമുള്ള സുവർണ്ണാവസരം ഈ മേളകൾ സൃഷ്ടിക്കുന്നു. എന്നാൽ ഇന്നുള്ള രീതി മാറ്റി അതതു വാർഡു തലത്തിൽ വാർഡു മേളകൾ സംഘടിപ്പിക്കുകയും അതിൽ നിന്നും വിജയികളാകുന്നവരെ പഞ്ചായത്തുതലമത്സരങ്ങളിൽ പങ്കെടുപ്പിക്കേണ്ടതുമാണ്. ഇതുമൂലം കൂടുതൽ പ്രാതിനിധ്യം ഉറപ്പു വരുത്തുവാൻ സാധിക്കും. കൂടാതെ പഞ്ചായത്തു തലത്തിൽ ഒരു സ്റ്റേഡിയം നിർമ്മിക്കേണ്ടതുമാണ്. ഇതു കായികമത്സരങ്ങൾക്ക് പുത്തൻ ഉണർവേകാൻ സഹായിക്കും.

സാംസ്ക്കാരിക നിലയം

ഈ പഞ്ചായത്തിൽ സാംസ്ക്കാരിക നിലയം നാളിതുവരെ പണിയുവാൻ സാധിച്ചിട്ടില്ല. ഈ പ്രദേശത്തിന്റെ സാംസ്ക്കാരിക വിനിമയത്തിന് തിരിച്ചടി സമ്മാനിക്കുന്നു. ഈ പഞ്ചായത്തിന്റെ ആസ്ഥാനം കേന്ദ്രീകരിച്ച് ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. സമീപ പഞ്ചായത്തുകൾ നമുക്ക് ഈരംഗത്ത് മാതൃകയാകേണ്ടതാണ്.

മാധ്യമങ്ങളുടെ സ്വാധീനം

ആധുനീക വാർത്താ മാധ്യമങ്ങൾ നമ്മുടെ സാംസ്ക്കാരിക നിലവാരം ഉയർത്തുന്നതിനും ഒപ്പം താഴ്ത്തുന്നതിനും അതിന്റേതായ പങ്കു വഹിച്ചിട്ടുണ്ട്. പത്രങ്ങൾ, റേഡിയോ, റ്റി.വി., സിനിമാ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങൾ ഒരു കമ്പോളസംസ്കൃതിയ്ക്ക് കാരണമായെങ്കിലും ഇവ നമ്മുടെ സാംസ്ക്കാരിക മുന്നേറ്റത്തിൽ സുപ്രധാന പങ്കാണ് വഹിച്ചു കൊണ്ടിരിക്കുന്നത്.

നല്ല നിലവാരം പുലർത്തുന്ന സിനിമകൾ ജനങ്ങളുടെ ബൗദ്ധികനിലവാരം ഉയർത്തുന്നതാണ്. അതുകൊണ്ടു തന്നെ ഈ പഞ്ചായത്ത് മുൻ കൈ എടുത്ത് ഒരു ഫിലിം സൊസൈറ്റി രൂപീകരിക്കേണ്ടതാണ്. കൂടാതെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ലബുകൾ ഗ്രന്ഥശാലകൾ എന്നിവയ്ക്ക് 75% ഗ്രാന്റ് T.V. വാങ്ങുവാൻ പഞ്ചായത്തു നൽകേണ്ടതാണ്. കൂടാതെ കൊച്ചു കുട്ടികളുടെ കലാവാസനകളുടെ പോഷണത്തിനായി ഒരു റേഡിയോ ക്ലബ്ബും രൂപീകരിക്കേണ്ടതുണ്ട്. ആനുകാലീക പ്രസിദ്ധീകരണങ്ങൾ ജനങ്ങളുടെ സാക്ഷരത നിലനിർത്തുവാൻ വളരെയധികം സഹായിച്ചിട്ടുണ്ട് എന്നുള്ള യാഥാർത്ഥ്യം ഇവിടെ സൂചിപ്പിക്കട്ടെ.

ആരാധനാലയങ്ങൾ

ആരാധനാലയങ്ങളും സാംസ്ക്കാരീക വിനിമയത്തിൽ സുപ്രധാന പങ്കു വഹിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലുള്ള വ്യത്യസ്ഥ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങൾ ജനങ്ങളിൽ മത മൈത്രി ഉണ്ടാക്കുവാൻ സഹായിച്ചിട്ടുണ്ട്. ആദിമ കുടിയേറ്റക്കാർ വന്യമൃഗങ്ങളോടും പ്രതികൂല കാലാവസ്ഥയോടും പൊരുതുമ്പോൾ മതത്തിലുപരി മനുഷ്യത്വത്തിനു പ്രാധാന്യം നൽകിയതുകൊണ്ടാവാം ഇവ കോട്ടമില്ലാതെ ഇന്നും തുടരുന്നു.

പരസ്പരം ആദരിക്കുവാനും ഉൾക്കൊള്ളാനുമുള്ള കഴിവാണ് സംസ്ക്കാരത്തിന്റെ മുഖമുദ്ര. ഇത് ഈ പഞ്ചായത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു തന്നെ മത സൗഹാർദ്ദവും സാധിതമായിരിക്കുന്നു.

സാംസ്കാരിക സമന്വയം

മേൽപ്പറഞ്ഞ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും, മാദ്ധ്യമങ്ങളും നമ്മുടെ പഞ്ചായത്തിൽ ഒരു സാംസ്ക്കാരിക സമന്വയം സൃഷ്ടിച്ചിരിക്കുന്നു. സ്വഭാവത്തിലും പ്രവർത്തനത്തിലും വിഭിന്നങ്ങളായ ഇവ ഈ പഞ്ചായത്തിൽ സാംസ്ക്കാരിക സമന്വയം സാധിതമാക്കിയിരിക്കുന്നു.

സംസ്ക്കാരം ഒരു ജനതയുടെ സവിശേഷതയാണ് വെളിപ്പെടുത്തുന്നത്. സംസ്ക്കാരമുള്ള ഒരു ജനത നമ്മുടെ പഞ്ചായത്തിന്റെയും രാഷ്ട്രത്തിന്റെയും മുതൽക്കൂട്ടാണ്. സംസ്ക്കാരിക രംഗത്ത് നാം അപചയ പ്രേരണകളും പിന്നോക്കാവസ്ഥയും നേരിടുന്നുണ്ടെങ്കിൽ പോലും ഒരു കുതിച്ചു ചാട്ടം നടത്തിയിരിക്കുന്നു. അശ്ലീല സിനിമകൾക്കും പോസ്റ്ററുകൾക്കും മറ്റും നമ്മുടെ സാംസ്ക്കാരിക നിലവാരത്തെ തകർക്കുന്നുണ്ടെങ്കിലും, സാമ്പത്തീകാ പര്യാപ്തതയും നമ്മുടെ സാംസ്ക്കാരിക പ്രസ്ഥാനങ്ങളെ തകർത്തുവെങ്കിൽക്കൂടിയും ഈ പഞ്ചായത്തിൽ ഇവ സാംസ്ക്കാരിക സമന്വയം സൃഷ്ടിച്ചിരിക്കുന്നു വെന്നത് ആശാവഹമാണ്. ജനകീയാസൂത്രണം നമ്മുടെ പഞ്ചായത്തിൽ ഒരു പുതു പുത്തൻ സംസ്ക്കാരം രൂപപ്പെടുവാൻ ഉപകരിക്കും എന്ന് ആശിക്കാം.

14

വനിതാക്ഷേമം

'സ്ത്രീകൾ അബലകളും അസംഘടിതരുമാണ്'. ആഗോള. വ്യാപകമായി പ്രചാരണം അലയടിക്കുമ്പോഴും, ലോകത്തിന്റെ നാനാ ഭാഗങ്ങളിലും പുരുഷ മേധാവിത്വത്തിന് കടിഞ്ഞാണിട്ടു കൊണ്ട് സ്ത്രീകൾ അധികാരങ്ങൾ പിടിച്ചെടുക്കുകയും ആധിപത്യം ഉറപ്പിക്കുകയും ചെയ്തിട്ടുള്ള എത്രയോ സംഭവങ്ങൾ അരങ്ങേറിയിരിക്കുന്നു.

പുരുഷന്മാരേക്കാൾ ഭരണപാടവം തെളിയിച്ച സ്ത്രീകൾ ലോകചരിത്രത്തിന്റെ താളുകളിൽ അതിപുരാതന കാലം മുതൽ നിറഞ്ഞു നിൽക്കുന്നു. പുരാണ ഇതിഹാസങ്ങളുടെ താളിയോല ഗ്രന്ഥങ്ങളിൽ മുനീന്ദ്രന്മാർ സ്ത്രീകൾക്കായി 'സുമിത്ര രേഖകൾ' വരച്ചെങ്കിലും യാഥാസ്ഥിക പാരമ്പര്യത്തിനെതിരെ തീപ്പന്തങ്ങളുമായി മാറിയ എത്രയോ വനിതകൾ ഇൻഡ്യയ്ക്കും, കേരളത്തിനും അഭിമാനിക്കത്തക്കതായിട്ടുണ്ട്. രാഷ്ട്രീയം മുതൽ കലാ കായിക രംഗം വരെ

വനിതാ നേതൃത്വമുള്ള കരുണാപുരം ഗ്രാമ പഞ്ചായത്തിന്റെ സംസ്കാരിക ചരിത്രത്തിൽ സ്ത്രീകളുടെ സ്ഥാനം ഏറെ മുന്നിലാണ്. സാക്ഷരതയിലും സംഘടനാ പാടവത്തിലും ഇവിടെ സ്ത്രീകൾ പുരുഷന്മാരേക്കാൾ മുന്നിലാണ്. പ്രപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 20 ലേറെ വനിതാ സമാജങ്ങളും 35 അംഗൻ വാടികളും പ്രവർത്തിക്കുന്നു. ഒരു വനിതാ സഹകരണ സംഘവും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ രജിസ്റ്റർ ചെയ്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന DWCRA യൂണിറ്റുകളും കരുണാപുരം പഞ്ചായത്തിൽ സ്ത്രീകളുടെ മുന്നേറ്റം എടുത്തു കാണിക്കുന്നു. 8-ാം വാർഡിലാണ് ഏറ്റവും കൂടുതൽ വനിതാ സംഘടനകൾ പ്രവർത്തിക്കുന്നത്. എന്നാൽ ലൈബ്രറികളിൽ സ്ത്രീകളുടെ പങ്കാളിത്തം നന്നേ കുറവാണ്. എന്നാൽ വായനയുടെ കാര്യത്തിൽ സ്ത്രീകൾ ഇവിടെ പിന്നിലല്ല.

പഞ്ചായത്തിലെ വനിതകളിൽ ഏറിയ പങ്കും കൃഷി, മൃഗസംരക്ഷണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നു. കർഷക തൊഴിലാളികളും കുറവല്ല. തൊഴിൽ രംഗത്ത് പുരുഷന്മാർക്കൊപ്പം സ്ത്രീകൾ പണി ചെയ്യാറുണ്ടെങ്കിലും തുല്യമായ വേതനം ലഭിക്കുന്നില്ല. പൊതു വേദികളിൽ പ്രവർത്തിക്കുന്നതിന് പുരുഷന്മാർ സ്വാതന്ത്ര്യം നൽകുന്നില്ലെന്ന പരാതികളും സ്ത്രീകളുടെ ഭാഗത്തുണ്ട്. നാനാ വിഷയങ്ങളിലും ബോധവത്ക്കരണ ക്ലാസ്സുകളിൽ പങ്കെടുത്തിട്ടുള്ള സ്ത്രീകൾ പറയുന്നത്, പല വിഷയങ്ങളിലും പുരുഷന്മാർക്കു വേണ്ടി പ്രത്യേക സെമിനാറുകളും ബോധവത്ക്കരണ ക്ലാസ്സുകളും നടത്തണമെന്നാണ്.

മദ്യപാനം

തമിഴ്നാടിനോട് ചേർന്ന് കിടക്കുന്ന അതിർത്തി പ്രദേശമായതുകൊണ്ട് വ്യാജവാറ്റും വിൽപ്പനയും ഇവിടെ കൂടുതലാണ്. തമിഴ്നാട് വനങ്ങളിലാണ് വ്യാജവാറ്റ് കൂടുതലായും നടക്കുന്നത്. ഇത് തടയാൻ കേരളത്തിലെ എക്സൈസ് പോലീസ് അധികൃതർക്കും പ്രായോഗികമായ തടസ്സങ്ങൾ ഉണ്ടെങ്കിലും പോലീസിന്റെയും എക്സൈസിന്റെയും പ്രവർത്തനം തൃപ്തികരമല്ലാത്തതു കൊണ്ട് വ്യാജവാറ്റുകാരുടെ എണ്ണം കൂമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ സാമൂഹ്യ സാംസ്ക്കാരിക സംഘടനകളും വനിതകളും രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഫലപ്രദമാകുന്നില്ല. സർക്കാരിന്റെ ഭാഗത്തു നിന്നും കർശനമായ നിലപാട് ഉണ്ടായില്ലെങ്കിൽ അതിഭീകരമായ മദ്യദുരന്തത്തിന് കരുണാപുരം പഞ്ചായത്ത് ഇരയായിത്തീർന്നേക്കും. മദ്യത്തിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കുന്നത് ഏറെയും സ്ത്രീകളാണ്. സമ്പൂർണ്ണ മദ്യനിരോധനം ആവശ്യമാണെന്നാണ് സ്ത്രീകളുടെ അഭിപ്രായം.

ക്രഷ്

ഗ്രാമീണ മേഖലയായ കരുണാപുരം പഞ്ചായത്തിൽ ക്രഷുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. സാമ്പത്തികമായി പിന്നിലായതുകൊണ്ടാണ് സ്ത്രീകളിൽ ഏറിയ പങ്കും എന്തെങ്കിലും തൊഴിലിൽ ഏർപ്പെട്ട് കഴിയുന്നത്. ആയതിനാൽ ക്രഷുകൾ സ്ഥാപിക്കുന്നത് പ്രയോജനപ്രദമാണ്. എണ്ണത്തിൽ മഹിളാ സമാജങ്ങൾ ഏറെയുണ്ടെങ്കിലും സാമ്പത്തികമായി ഏറെ പിന്നിലായതുകൊണ്ട് പല സമാജങ്ങളിലേയും പ്രവർത്തനം തൃപ്തികരമല്ല. ഗവൺമെന്റിൽ നിന്നോ മറ്റ് ധനസഹായ ഏജൻസികളിൽ നിന്നോ സമാജങ്ങൾക്ക് ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. വായനശാലകൾക്കും മറ്റും പഞ്ചായത്തിൽ നിന്നും ഗ്രാന്റ് നൽകേണ്ടതും, T.V., റേഡിയോ എന്നിവ വാങ്ങി കൊടുക്കേണ്ടതുമാണ്. പല മഹിളാ സമാജങ്ങൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവുമില്ല. കെട്ടിട ഗ്രാന്റ് നൽകേണ്ടതാണ്. വനിതാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായാൽ മാത്രമേ നാടിന്റെ വികസനത്തിലും അവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയൂ.

സ്ത്രീപീഡനം

മനുഷ്യൻ ശിലായുഗത്തിൽ നിന്ന് ഗോളാന്തരയാത്രയുടെ ഘട്ടത്തിൽ വരെ ചെന്നെത്തിയിട്ടും മുമ്പെങ്ങും കേട്ടിട്ടില്ലാത്ത വിധത്തിൽ സ്ത്രീ പീഢനകഥകൾ ഒരു തുടർക്കഥ പോലെ പുറത്തു വന്നു കൊണ്ടിരിക്കുകയാണ്. സ്ത്രീധനത്തിന്റെ പേരിൽ ലൈംഗികതയുടെ പേരിൽ പല വിധത്തിലും സ്ത്രീ പീഡിപ്പിക്കപ്പെടുന്നു. സ്ത്രീകളെ പീഡിപ്പിക്കുന്നതിൽ സുപ്രധാനമായ പങ്ക് സ്ത്രീകൾക്കുണ്ടെങ്കിലും പൊതുവേ സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്നു. ഇതിനെതിരേ വാർഡുകൾ തോറും സ്ത്രീ സമാജങ്ങളുടെ നേതൃത്വത്തിൽ വനിതാ കർമ്മസമിതികൾ രൂപീകരിക്കേണ്ടതും സ്ത്രീപീഡനം തടയുന്നതിന് ഈ കർമ്മ സമിതികൾ ജാഗ്രത പുലർത്തേണ്ടതുമാണ്.

അഗതി മന്ദിരം

ജന്മം കൊടുത്ത് വളർത്തിയെടുത്ത മാതാപിതാക്കൾ വാർദ്ധക്യത്തിൽ ആരോരുമാശ്രയമില്ലാതെ പട്ടിണികൊണ്ട് പൊറുതി മുട്ടി ആത്മഹത്യ ചെയ്ത സംഭവങ്ങൾ ചുരുക്കമല്ല. പ്രായാധിക്യം മൂലം അവശതയനുഭവിക്കുന്നവരെ, സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്നവരെ, ആരാരും ആശ്രയമില്ലാത്തവരെ പരിരക്ഷിക്കുന്നതിനുവേണ്ടി ഒരു അഗതി മന്ദിരം കരുണാപുരം പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്. കൂടാതെ വിധവകൾ, വികലാംഗർ എന്നിവർക്കുവേണ്ടിയും കേന്ദ്രങ്ങൾ നിർമ്മിച്ച് അവരെ സംരക്ഷിക്കേണ്ടതാണ്. ഇതിന് വനിതാ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

അംഗൻവാടികൾ

കരുണാപുരം പഞ്ചായത്തിൽ 35 അംഗൻ വാടികൾ പ്രവർത്തിക്കുന്നു. ഇവിടെ ഹെൽപ്പർമാരും, വർക്കർമാരുമായി 70 വനിതകൾ പ്രവർത്തിക്കുന്നു. അംഗൻ വാടികളിൽ 20 മുതൽ 40 കുട്ടികൾ വരെ പഠിക്കുന്നുണ്ടെങ്കിലും പഠനോപകരണങ്ങളും കളിക്കോപ്പുകളും ഒരംഗൻ വാടികളിലുമില്ല. അതുപോലെ തന്നെ ഭക്ഷണം പാകം ചെയ്യുന്നതിനും മറ്റുമുള്ള പാത്രങ്ങൾ ഇല്ല. 15 അംഗൻ വാടികൾക്കു മാത്രമാണ് സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ളത്. ബാക്കി 20 അംഗൻ വാടികളും അസൗകര്യങ്ങൾ ഏറെയുള്ള വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. അംഗൻ വാടികളിൽ അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം മുതലായവയില്ല. I.C.D.S.ൽ നിന്നും വിറകിന് ലഭിക്കുന്ന തുക അപര്യാപ്തമാണ്. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കേണ്ടതാണ്. എല്ലാ അംഗൻ വാടികളോടുമനുബന്ധിച്ച് മഹിളാ സമാജങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും സ്ത്രീകൾക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളാക്കി മഹിളാ സമാജങ്ങളെ മാറ്റുകയും വേണം. ട്രൈസം പോലുള്ള പരിപാടികൾ മഹിളാ സമാജങ്ങളെ ഏൽപ്പിക്കേണ്ടതാണ്. പ്ലാസ്റ്റിക് വർക്ക്, റെഡിമേയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ, അച്ചാർ നിർമ്മാണ യൂണിറ്റ്, കറി പൗഡർ യൂണിറ്റ്, മെഴുകുതിരി നിർമ്മാണ യൂണിറ്റ്, സാമ്പ്രാണിത്തിരി നിർമ്മാണ യൂണിറ്റ്, പപ്പട നിർമ്മാണ യൂണിറ്റ്, സോപ്പ് നിർമ്മാണ യൂണിറ്റ് എന്നിവ നടത്തി തൊഴിലും ആദായവും വർദ്ധിപ്പിക്കാവുന്നതാണ്. കൂടാതെ മുയൽ, കോഴി, ആട്, പന്നി, പശു, കാടക്കോഴി എന്നിവ വ്യവസായിക അടിസ്ഥാനത്തിൽ വളർത്താവുന്നതും ഔഷധകൃഷി, പുഷ്പകൃഷി എന്നിവ തുടങ്ങാവുന്നതുമാണ്. DWCRA യൂണിറ്റുകൾ മഹിളാ സമാജങ്ങളുടെ മേൽ നോട്ടത്തിൽ കൊടുക്കത്തക്ക ക്രമീകരണങ്ങൾ ഉണ്ടാവണം. കമ്പ്യൂട്ടർ കോഴ്സുകളും വനിതാ സംഘടനകൾ വഴി നടത്താവുന്നതാണ്.

ഇന്ന് വനിതകളുടെ സംരക്ഷണത്തിനു വേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാറുകൾ നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പരിപാടികൾ മഹിളാ സമാജങ്ങൾ വഴി നടപ്പിലാക്കണം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന ക്ഷേമ പരിപാടികൾ ആനുപാതിക ക്രമം അനുസരിച്ച് പഞ്ചായത്തു തലത്തിൽ വനിതാ സമാജങ്ങൾക്ക് ലഭ്യമാക്കണം.

കരുണാപുരം ഗ്രാമ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന മഹിളാ സംഘടന ലിസ്റ്റ് താഴെ ചേർക്കുന്നു.

വാർഡ് -I സൗഗന്ധിക

വാർഡ് -II

വാർഡ് -III സുഗന്ധി വനിതാ ക്ലബ്ബ് രാമക്കൽമേട്

വാർഡ് -IV	ഉദയാ മഹിളാ സമാജം. കട്ടേക്കാനം, കരുണാപുരം പി. ഒ.
വാർഡ് -V	രഞ്ജിനി മഹിളാ സമാജം കൊച്ചുപ്ലാമൂട്
വാർഡ് -VI	1. നവധാര മഹിളാ സമാജം, കൂട്ടാർ
	2. ഐശ്വര്യാ മഹിളാ സമാജം, ചെന്നാക്കുളം
	3. സൂര്യാ മഹിളാ സമാജം, കൂട്ടാർ
വാർഡ് -VII	1. ഉദയാ മഹിളാ സമാജം, കുമ്പംമെട്ട്
വാർഡ് -VIII	1. ഗ്രാമീണ മഹിളാ സമാജം, മന്തിപ്പാറ
	2. ദീപാ മഹിളാ സമാജം, മുങ്കിപ്പള്ളം
	3. കലാ വുമൻസ് ഡവലപ്മെന്റ് സൊസൈറ്റി, തങ്കച്ചൻകട
	4. പ്രിയദർശിനി മഹിളാ സമാജം, ആറ്റിൻകര
	5. പ്രതിഭാ വുമൻസ് ഡവലപ്മെന്റ് സൊസൈറ്റി, സുൽത്താന്മേട്
	7. ഐശ്വര്യാ വുമൻസ് വെൽഫെയർ സൊസൈറ്റി (DWCRA യൂണിറ്റ്) അച്ചക്കട
	8. സൗഭാഗ്യാ വുമൻസ് വെൽഫെയർ സൊസൈറ്റി, (DWCRA യൂണിറ്റ്) മന്തിപ്പാറ
	9. മന്തിപ്പാറ വുമൻസ് ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്
	10. ഹെൽപ്പ് യൂ, കൊച്ചറ പി. ഒ.
വാർഡ് -IX	1. മലനാട് മഹിളാ സമാജം, ചാലക്കുടിമേട്
വാർഡ് -X	1. S.N. മഹിളാ സമാജം, പോത്തുംകണ്ടം
വാർഡ് -XI	1. V.S.M. മഹിളാ സമാജം, കുഴിക്കണ്ടം
	2. തുഷാരാ മഹിളാ സമാജം, കൂട്ടാർ

15 പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

കേരളത്തിന്റെ പട്ടികജാതി പട്ടിക വർഗ്ഗ ജന സംഖ്യയുടെ ഒരു ചെറിയ ശതമാനമൊഴികെ ബാക്കിയുള്ള വരെല്ലാം ദാരിദ്ര രേഖയ്ക്ക് താഴെയാണ്. അവരിൽത്തന്നെ ഭൂരിപക്ഷവും കുടികിടപ്പിനായി തുണ്ടു ഭൂമികൾ മാത്രം കൈവശമുള്ളവരാണ്. ദാരിദ്രവും ഇല്ലായ്മയും സാമൂഹിക മായ പിന്നോക്കവസ്ഥയുമെല്ലാം ഈ വിഭാഗത്തെ പാരാശ്ര യത്തത്തിലും നിരാശാ ബോധത്തിലും കൊണ്ടു ചെന്നെ ത്തിക്കുന്നു. ഭരണഘടനാ ശില്പിയായിരുന്ന ഡോ. അംബേ ദ്കറും, രാഷ്ട്ര പിതാവായ ഗാന്ധിജിയുമെല്ലാം സാമൂഹ്യ സമത്വവും അവസര സമത്വവും സാക്ഷാത്കരിക്കുന്നതിന് ഏറെ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലും ഭരണ രംഗത്തുമെല്ലാം പ്രാതിനിധ്യ വും സമത്വവും ഉറപ്പു വരുത്തുന്നതിന് ഭരണഘടനയിൽ ത്തന്നെ വ്യവസ്ഥയുണ്ട്. പിന്നീട് സാമൂഹിക ക്ഷേമ പരിപാ ടികൾ ആവിഷ്കരിക്കപ്പെട്ടപ്പോഴും ഈ മുൻഗണന തത്വ ത്തിൽ അംഗീകരിച്ചിരുന്നു. എന്നു കാണാം.

അതുപോലെ തന്നെ സാമൂഹികമായും സാമ്പത്തി കവുമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ ദേശീയ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്ന തിന് ഓരോ പഞ്ചവൽസര പദ്ധതികളിലും നിരവധി ക്ഷേമ പരിപാടികൾ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. വിവിധ തരത്തി ലുള്ള പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിക്കുമ്പോഴും പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം പങ്കാളിത്തവും ഉറപ്പു വരുത്താറുണ്ട്. എന്നാൽ സൂക്ഷ്മ തലത്തിൽ പരിശോധിക്കുമ്പോൾ പദ്ധതികളിൽ ലക്ഷ്യമിട്ടി രിക്കുന്ന രീതിയിലുള്ള വികസനം ഉണ്ടാകുന്നില്ല എന്നു കാണാം. പദ്ധതി നടപ്പാക്കുന്നവരുടെ ആത്മാർത്ഥയില്ലാ യ്മയും ഗുണഭോക്താക്കളുടെ അജ്ഞതയും ഇടത്തട്ടുകാ രുടെ ചൂഷണവും എല്ലാം ഇതിനു കാരണമായിക്കാണാം.

പദ്ധതികളുടെ മുൻഗണനാക്രമത്തിൽ അവലംബി ക്കുന്ന ചട്ടങ്ങൾ മൂലം ആവശ്യത്തിന് ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാതെ വരുന്നു. ഉദാഹരണമായി ഐ. ആർ. ഡി. പി. പോലുള്ള ചില സീമുകളിൽ നിശ്ചിത ശതമാനം ഗുണഭോക്താക്കളെ ഈ വിഭാഗത്തിൽ നിന്നും കണ്ടെത്താൻ കഴിയാതെ വന്നിട്ടുണ്ട്.

നമ്മുടെ ഗ്രാമത്തിന്റെ സാമൂഹിക ചരിത്രത്തിന് അരനൂറ്റാണ്ടുപോലും പഴക്കമില്ല. ഇന്നാട്ടിൽ കുടിയേറ്റം ആരംഭിച്ച കാലത്ത് പ്രകൃതിയുടെ പ്രതികൂല്യങ്ങളെ ചെറുത്തു തോൽപ്പിച്ചു കൊണ്ട് ജനങ്ങളെല്ലാം ഒറ്റെക്കെ ട്ടായി നിന്നിരുന്നു. ജാതി മത വിഭാഗീത ചിന്താഗതികൾക്ക തീതമായ ഒരു സഹവർത്തിത്വം നമ്മുടെ ഗ്രാമങ്ങളിൽ ആദ്യം മുതലേ കാണാനുണ്ട്. അത് ഇപ്പോഴും നില നിൽ ക്കുന്നു.

പഞ്ചായത്ത് രൂപീകരിച്ച് വ്യവസ്ഥാപിതമായ രീതി യിൽ ഗവൺമെന്റിന്റെ ക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളി ലേക്ക് എത്തിച്ചു തുടങ്ങിയപ്പോൾ മുതലേ, ദുർബല വിഭാ ഗങ്ങളുടെ സാമൂഹിക സുരക്ഷയ്ക്ക് ഊന്നൽ കൊടുക ത്തിരുന്നു.

കോളനികൾ

പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട ആളുകൾ കേന്ദ്രീകരിച്ച് ജീവിക്കുന്ന പ്രദേശങ്ങളിൽ I.H.D.P.(സമഗ്ര പട്ടികജാതി പട്ടികവർഗ്ഗ വികസന പരിപാടി) യുടെയും അല്ലാതെയുമുള്ള സെറ്റിൽമെൻറ് കോളനികൾ സ്ഥാപി ക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്.

ഇപ്രകാരം നമ്മുടെ പഞ്ചായത്തിൽ ഒന്ന്, രണ്ട്, മൂന്ന്, ഒൻപത്, പത്ത്, പതിനൊന്ന് എന്നീ വാർഡുകളി ലായി 8 പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ ഉണ്ട്.

പോത്തിൻകണ്ടം, കളത്തിൽമേട്, പളിയക്കുടി, മാട്ടുത്താവളം (I. H. D. P.) ചക്കക്കാനം പോത്തിൻകണ്ടം കിഴക്ക്, കുഴിക്കണ്ടം 50 ഏക്കർ (IHDP) എന്നിവടങ്ങളിലാണ് അവ സ്ഥിതി ചെയ്യുന്നത്. ഈ കോളനികളിലായി 300-ൽ അധികം വീടുകൾ ഉണ്ട് കോളനികൾക്ക് പുറത്തായി ഇതിന്റെ പകുതിയോളം കുടുംബങ്ങൾ സ്ഥിരതാമസക്കാരായിട്ടുണ്ട്. കോളനികളിലെ വീടുകൾ മിക്കവയും വൈദ്യുതീകരിക്കപ്പെട്ടവയല്ല. വയറിംഗ് ജോലികൾ പൂർത്തിയായിട്ടും കണക്ഷൻ ലഭിക്കാത്ത വീടുകളും ഉണ്ട്.

പല കോളനികളിലും അടിസ്ഥാനജീവിത സൗകര്യങ്ങൾ പരിമിതമാണ്. ജല ദൗർലഭ്യം കോളനികൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഈ പ്രദേശങ്ങളിലെ റോഡുകളുടെ സ്ഥിതിയും ശോചനീയമാണ്. കോളനി നിവാസികളുടെ ഉപയോഗത്തിനായി കക്കൂസുകൾ നിർമ്മിച്ചു കൊടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പുതിയ കോളനികൾ

പത്തോ അതിലധികമോ പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന പ്രദേശങ്ങൾ ചേർത്ത് ഒരു സെറ്റിൽമെന്റായി പരിഗണിക്കേണ്ടതാണ്. ഇതിനെ അടിസ്ഥാനമാക്കി പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും പുതിയ കോളനികൾക്കായി ശ്രമങ്ങൾ നടന്നിട്ടുണ്ട്.

അഞ്ചാം വാർഡിൽ ഈറ്റക്കാനം കേന്ദ്രമാക്കി ഒരു കോളനിക്കായി അപേക്ഷിക്കുകയും നടപടികൾ ആരംഭിക്കുകയും ചെയ്തതാണ്. എന്നാൽ പ്രവർത്തനങ്ങൾ ഇപ്പോൾ നിലച്ച മട്ടാണ്. ഇവിടെ ഒരു കോളനി സ്ഥാപിക്കേണ്ടത് ആവശ്യമാണ്. എട്ടാം വാർഡിൽ സുൽത്താൻമേട് കേന്ദ്രമാക്കിയും പത്താം വാർഡിൽ കുളത്തുംമേട് കേന്ദ്രമാക്കിയും I. H. D. P. കോളനികൾ സ്ഥാപിക്കണമെന്ന് ഗ്രാമസഭയിൽ നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്. രണ്ടാം വാർഡിലെ അംബേദ്ക്കർ കോളനിയിൽ ഒരു കമ്മ്യൂണിറ്റി ഹാൾ പണികഴിപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി അതിന്റെ വയറിംഗ് ജോലികൾ പൂർത്തിയാക്കുകയോ ഉദ്ഘാടനം നിർവ്വഹിക്കുകയോ ചെയ്തിട്ടില്ല. ഈ കമ്മ്യൂണിറ്റി സെന്ററിലെ ഉപയോഗത്തിനായി വാങ്ങിയിരിക്കുന്ന T.V. സെറ്റ് ഇപ്പോഴും പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ സത്വര നടപടി ഉണ്ടാകേണ്ടതാണ്.

സാമൂഹിക സ്ഥിതി

മുൻ കാലങ്ങളെ അപേക്ഷിച്ച് ഈ വിഭാഗത്തിൽപ്പെട്ടവർ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വന്നു കൊണ്ടിരിക്കുകയാണ്. ഭൂരിഭാഗവും ഇടത്തരക്കാരോ കർഷക തൊഴിലാളികളോ ആണ്. കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്ന കാര്യത്തിലും മറ്റ് സാമൂഹിക പ്രവർത്തനങ്ങളിലും ഇവരുടെ സജീവമായ പങ്കാളിത്തം ഉണ്ടാകുന്നു. പഞ്ചായത്തു തലത്തിൽ വികസന പരിപാടികൾ ആവിഷ്കരിക്കു

പട്ടിക ജാതി പട്ടിക വർഗ്ഗ ജനസംഖ്യ

(1991 സെൻസസ് പ്രകാരം)

വാർഡ്	പട്ടികജാതി			പട്ടികവർഗ്ഗം		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
I	116	103	219	-	-	-
II	99	94	193	7	6	13
III	104	123	227	2	1	3
IV	61	57	118	-	-	-
V	58	50	108	-	-	-
VI	27	21	48	3	2	5
VII	81	78	159	-	-	-
VIII	47	39	86	4	3	7
IX	60	57	117	-	-	-
X	144	126	270	-	-	-
(പഴയ വാർഡ് ക്രമത്തിൽ) ആകെ	797	748	1547	16	12	28

മ്പോൾ പട്ടിക ജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് അർഹമായ പ്രാതിനിധ്യം നൽകേണ്ടതാണ്.

പ്രധാന പ്രശ്നങ്ങൾ

1. കുടിവെള്ളത്തിന്റെ ദൗർലഭ്യം
2. വൈദ്യുതീകരണം പൂർത്തിയാകാത്ത വീടുകൾ
3. കക്കൂസുകളുടെ അഭാവം
4. അറ്റകുറ്റപ്പണികൾ നടത്താത്ത വീടുകൾ
5. കോളനികളിലൂടെ കടന്നു പോകുന്ന റോഡുകളുടെ ശോചനീയവസ്ഥ
6. റോഡുകളുടെ അഭാവം മൂലം ദുർഗ്ഗമമാകുന്ന പ്രദേശങ്ങൾ
7. പൊതു ജനാരോഗ്യ പ്രവർത്തനങ്ങളുടെ അഭാവം
8. സാംക്രമിക രോഗങ്ങൾക്കു കാരണമാകുന്ന മാലിന്യങ്ങൾ
9. സാമൂഹിക സുരക്ഷാ പദ്ധതിയെക്കുറിച്ചുള്ള ശരിയായ ധാരണയില്ലായ്മ
10. കമ്മ്യൂണിറ്റി ഹാളുകളുടെയും മറ്റും അഭാവത്തിൽ പോഷിക്കപ്പെടാതെ പോകുന്ന വിനോദ വിജ്ഞാന സമ്പാദന സാഹചര്യങ്ങൾ.

പരിഹാരമാർഗ്ഗങ്ങൾ

1 കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ അടിയന്തിരമായി ശ്രദ്ധിക്കണം. കോളനികൾ സന്ദർശിച്ച് സമീപസ്ഥമായ ജലസ്രോതസ്സ് വിതരണ സാധ്യത തുടങ്ങിയവ പഠിച്ച് ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കണം. പൈപ്പ് കണക്ഷൻ ഉള്ളിടത്ത് അത് കാര്യക്ഷമമായി പ്രവൃത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും വേണം.

2 വയറിംഗ് ജോലികൾ പൂർത്തീകരിച്ച വീടുകൾക്ക് ഉടൻ തന്നെ വൈദ്യുത കണക്ഷൻ നൽകുകയും, പൂർത്തിയാകാത്തിടത്ത് അതിനുള്ള നടപടികൾ എടുക്കുകയും ചെയ്യണം.

3 ചെലവു കുറഞ്ഞ കക്കൂസുകളെക്കുറിച്ച് ബോധവത്ക്കരണം നടത്തുക. കോളനികളിൽ പൊതു ഉപയോഗത്തിനായി ഏതാനും കക്കൂസുകൾ പണി കഴിപ്പിക്കുകയും അവയുടെ ശുചിയായ സംരക്ഷണം കോളനികളെ ഏൽപ്പിക്കുകയും വേണം.

4 റോഡുകളുടെ ഇപ്പോഴത്തെ സ്ഥിതി, അവ ഏതെല്ലാം സ്കീമുകളിൽ പണിയപ്പെട്ടു എന്നിവ തിട്ടപ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തേണ്ടവ നടത്തിയും പുതിയ റോഡുകൾ ആവശ്യമുള്ളിടത്ത് ജനകിയ സഹകരണം ഉറപ്പാക്കികൊണ്ട് അവ നിർമ്മിക്കുകയും വേണം.

5 മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാനുള്ള സംവിധാനങ്ങൾ കോളനി വാസികളുടെ സഹകരണത്തോടെ നടപ്പിലാക്കുക.

6 രണ്ടാം വാർഡിലെ അംബേദ്കർ കോളനിയിലെ കമ്മ്യൂണിറ്റി ഹാൾ പ്രവൃത്തനയോഗ്യമാക്കുക.

7 1993-ൽ തന്നെ IHDP കോളനിയായി അംഗീകരിക്കപ്പെട്ട മാട്ടുത്താവളം ആദിയാർ സെറ്റിൽമെന്റ് കോളനിക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിശ്രമിക്കണം.

8 പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നതിന് എല്ലാ കോളനികളിലേയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുക.

9 കർഷക തൊഴിലാളികൾക്കും വീട്ടമ്മമാർക്കും പ്രയോജനപ്രദമാകുന്ന രീതിയിൽ ഏറെ മുതൽമുടക്ക് ആവശ്യമില്ലാത്ത വരുമാന ദായകങ്ങളായ പദ്ധതികൾ ആവിഷ്കരിക്കുക. ഉദാഹരണം കോഴി വളർത്തൽ, അടുക്കളത്തോട്ടം മുതലായവ.

10 വിവിധ പദ്ധതികളിൽ നൽകി വരുന്ന പ്രാതിനിധ്യവും പങ്കാളിത്തവും നില നിർത്തുകയും ഉറപ്പുവരുത്തുകയും വേണം.

16

സഹകരണം

പട്ടം കോളനിയുടെ സ്ഥാപനത്തിനു ശേഷം ആദ്യ കാല സഹകരണ പ്രസ്ഥാനമായി അറിയപ്പെടുന്നത് തോവാളയിലുള്ള സഹകരണ സംഘമാണ്. എന്നാൽ വിവിധോദ്ദേശ സഹകരണസംഘം എന്ന പേരിൽ ഒരു സഹകരണ പ്രസ്ഥാനം 1955-ൽ തൂക്കുപാലം കേന്ദ്രീകരിച്ചു രൂപീകരിച്ചിരുന്നു.

. സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെയും ഘടനയെയും നിശ്ചയിച്ചിരുന്ന നിയമങ്ങൾ ജനാധിപത്യ ഭരണ സമ്പ്രദായങ്ങളുടെയും സാമൂഹ്യ മാറ്റങ്ങളുടെയും അടിസ്ഥാനത്തിൽ പരിഷ്ക്കരിക്കപ്പെട്ടത് 1960 കളിലാണ്. ഉല്പാദന രംഗത്തിന്റെയും ക്രയവിക്രയ രീതിയുടെയും മാറ്റങ്ങളും ഉല്പാദന ഉപഭോഗ പ്രകിയയിൽ വന്ന വ്യവസ്ഥാപരമായ പരിവർത്തനങ്ങളുമാണ്, ആവശ്യങ്ങളുടെയും ചോദനത്തിന്റെയും കമ്പോള വ്യവസ്ഥയും സമ്പത്തിന്റെ സ്വാധീനശക്തിയെയും ത്വരിപ്പിച്ചത്. ചൂഷണവും പരസ്പര മാത്സര്യവും വളർന്നതനുസരിച്ച് ഉല്പാദകർ സ്വയം സംഘടിച്ച് രക്ഷപെടാൻ ശ്രമിക്കുകയും ചെയ്തു. സ്വകാര്യ ഹുണ്ടികക്കാരനിൽ നിന്ന് മോചനം നേടാനും ഈ സംഘടിത ശ്രമം സഹായിച്ചു. കമ്പോളത്തിലെ കൊള്ള പലിശയിൽ നിന്നും ഇടനില വ്യാപാരത്തിന്റെ ചൂഷണത്തിൽ നിന്നും ഉല്പാദകനും ഉപഭോക്താവിനും ഒരു പോലെ രക്ഷ നേടാനുള്ള ഉപായങ്ങളിൽ ശക്തമായ ഒരു പ്രലോഭനമായി പിൽക്കാലത്ത് സഹകരണ പ്രസ്ഥാനം എല്ലാ മേഖലകളിലും ശക്തി പ്രാപിക്കുകയായിരുന്നു.

കുടിയേറ്റ കാലത്തിന് ഏതാണ്ട് കാൽനൂറ്റാണ്ടിനു ശേഷവും കരുണാപുരം പഞ്ചായത്തിന്റെ രൂപീകരണത്തിന് നാലു വർഷങ്ങൾക്കു മുമ്പുമാണ് 1972-ൽ ആദ്യ സഹകരണ സംഘം സ്ഥാപിക്കപ്പെട്ടത്. കൂട്ടാർ കേന്ദ്രീകരിച്ച് കട്ടയക്കാനം, കൊച്ചുപ്ലാംമൂട് മുതൽ കുഴിഞ്ഞൊള്ള ചേറ്റുകുഴി പാമ്പാടും പാറയുടെ ഭാഗമായി വിഭജിച്ചു പോയ അല്ലിയാർ കുമരകം മെട്ട് വരെയുള്ള പ്രദേശങ്ങളും പ്രവർത്തന മേഖലകളാക്കിയാണ് കൂട്ടാർ സർവ്വീസ് സഹകരണ ബാങ്ക് പ്രവർത്തനമാരംഭിച്ചത്. 18, 700 രൂ ഇനിഷ്യൽ ഡിപ്പോസിറ്റും 687 അംഗങ്ങളുമാണുണ്ടായിരുന്നത്.

പാൽക്കുളത്ത് ശ്രീ. പി. എം. നാരായണൻ ചീഫ് പ്രമോട്ടറായും സർവ്വ ശ്രീ. വി. എം. സ്കറിയ, സി. കെ. കേശവൻ, ജോസഫ്, കുരീക്കാട്ട്, സി. കെ. കൃഷ്ണൻകുട്ടി, പി. കെ. ശ്രീധരൻ, കെ. എ. തോമസ്, എം. ആർ. രാഘവൻ എന്നിവർ കമ്മറ്റി അംഗങ്ങളുമായിട്ടുള്ള ഭരണസമിതിയായിരുന്നു നിലവിൽ വന്നത്. കാൽനൂറ്റാണ്ടായി പ്രവർത്തിച്ചു വരുന്ന ബാങ്കിൽ 8578 അംഗങ്ങളിന്നുണ്ട്. 10, 80290 രൂ ഓഹരി മൂലധനവുമുണ്ട്.

പഞ്ചായത്തിന്റെ വിസ്തൃതമായ പ്രദേശങ്ങളിലെ ജനങ്ങളുടെ വായ്പാ ആവശ്യങ്ങൾ ഈ ബാങ്കിലൂടെയാണ് നിവർത്തിക്കേണ്ടത്. ആദ്യ കാലങ്ങളിൽ വമ്പിച്ച ജനകീയ പിന്തുണയുണ്ടായിരുന്നെങ്കിലും അംഗസംഖ്യാബലവും ജന പിന്തുണയുമായി യാതൊരു ബന്ധവുമില്ലാതായി. ഒരു ധനകാര്യ സ്ഥാപനത്തിനുണ്ടാകേണ്ട വിശുദ്ധിയും സൽപ്പേരും നിലനിർത്തുന്നതിൽ ബാങ്ക് പരാജയപ്പെടുകയായിരുന്നു. സാമ്പത്തിക തിരിമറിയും ക്രമക്കേടുകളും വഴി വിട്ടുള്ള വായ്പാ വിതരണവും. ലക്ഷക്കണക്കിനു രൂപാ പല വഴിക്കായി ചോർന്നു പോകുന്നതിനുമിടയാക്കിയതായി പരക്കെ പ്രചരിക്കപ്പെട്ടിരിക്കുന്നു. വേലി തന്നെ വിളവു തിന്നുന്ന ഈ ദുഷിച്ച പ്രവണതയ്ക്ക് കടിഞ്ഞാണിടാൻ മുൻകാലങ്ങളിൽ ഭരണം നടത്തിയിരുന്നവർക്ക് കഴിയാതെ പോയിട്ടുമുണ്ട്. ഈ പശ്ചാത്തലത്തിലാണ് ജനങ്ങളിൽ നിന്നു സ്ഥാപനം അകന്നു പോകാൻ ഇടയാക്കിയത്.

വിസ്തൃതമായ പ്രദേശങ്ങളെ പ്രതിനിധാനം ചെയ്യുകയും ആയിരക്കണക്കിന് അംഗങ്ങളുമുള്ള ഈ സ്ഥാപനത്തിന്റെ നടത്തിപ്പും പ്രവർത്തനങ്ങളും ഗൗരവപൂർവ്വം നിർവ്വഹിക്കേണ്ടതാണ്. വിപുലമായ ഒരു ജനവിഭാഗത്തിന്റെയും കാർഷിക മേഖലയുടെയും ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ ബാങ്കിന് കഴിവില്ലാതായിരിക്കുന്നു. ജില്ലാ ബാങ്കിന്റെ സഹാനുഭൂതിയിൽ പ്രത്യേക പദ്ധതിയിലുൾപ്പെടുത്തിയാണ് ഇപ്പോൾ നില നിൽക്കുന്നത്. ഭരണ സമിതിയംഗങ്ങൾക്ക് മുഴുവൻ പ്രദേശങ്ങളിലുമുള്ള ബാങ്കിലെ അംഗങ്ങളെ തിരിച്ചറിയാനോ യഥാവിധി അംഗങ്ങളെ സംബന്ധിച്ചുള്ള പരിഗണനാ കാര്യങ്ങളിൽ ശരിയായ നിലപാടുകൾ സ്വീകരിക്കുന്നതിനോ കഴിയാത്ത നിലയാണിന്ന്.

അംഗങ്ങളെ ചേർക്കുന്നതിൽ സഹകരണ തത്വങ്ങൾക്ക് യാതൊരു വിലയും കല്പിക്കുന്നില്ല. ഓരോ കാലത്തും വിവേചനമില്ലാതെ ചേർക്കുന്ന അംഗങ്ങൾക്ക് വായ്പകൾ നൽകുന്നതിലും യാതൊരു ഉത്തരവാദിത്വവുമില്ല. വീടു വയ്ക്കാൻ . മാത്രമുള്ള സ്ഥലമുള്ളവർക്കും കാർഷിക വായ്പ നൽകിയിട്ടുണ്ട്.

വായ്പ തിരിച്ചടവിൽ വന്നു ഭവിച്ചിട്ടുള്ള വലിയ വീഴ്ചയും ബാങ്കിന്റെ ദൈനംദിന പ്രവർത്തന രീതികളുമായി ബന്ധപ്പെടുത്തി പരിശോധിക്കണം. ബാങ്കിന്റെ മുഖ്യ ജീവനക്കാർ ഈ പരിതഃസ്ഥിതികൾ സംജാതമാക്കുന്നതിൽ കാലാ കാലങ്ങളിലുള്ള രാഷ്ട്രീയ മാറ്റങ്ങൾക്കനുസരിച്ച് മാറിയും മറിഞ്ഞും കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്.

1995-96-ൽ 41 ലക്ഷം രൂപയാണ് വായ്പ ഇനത്തിൽ തിരിച്ചടക്കുന്നതിൽ കുടിശിഖയായിട്ടുള്ളത്. മറ്റൊരു രൂപത്തിൽ പറഞ്ഞാൽ 33% വായ്പാ തിരിച്ചടവിൽ കുടിശിഖയുണ്ട്.

ആടു വളർത്തൽ, കറവമാട് വായ്പ ജലസേചനം, തെങ്ങ് കൃഷി തുടങ്ങിയ പദ്ധതി വായ്പകളും ചെറുകിട കച്ചവടക്കാർക്കുള്ള വ്യാപാര ആവശ്യങ്ങൾക്കുള്ള പ്രത്യേക വായ്പയും ചിട്ടികളും നടത്തി വരുന്നുണ്ട്. പദ്ധതി വായ്പകൾ നൽകുന്നതിലും നടപ്പാക്കുന്നതിലും ശരിയായ പാതയല്ല സ്വീകരിച്ചിട്ടുള്ളത്. ഇടുക്കി ജില്ലാ ബാങ്ക് ജില്ലക്ക് മൊത്തമായി പ്രഖ്യാപിച്ചിരുന്ന ക്ഷീര വികസന പരിപാടി നടപ്പാക്കിയപ്പോഴും പല ക്ഷീരസംഘങ്ങളെയും അവഗണിക്കുകയും പാർശ്വവർത്തികളെ സഹായിക്കുന്ന തരത്തിലും ഇഷ്ടാനിഷ്ടങ്ങൾ നോക്കിയുമാണ് അത് നടപ്പാക്കിയത്. ബാങ്ക് നടപ്പാക്കുന്ന ജനോപകാര പ്രദമാകേണ്ട ഒരു പദ്ധതികളും ജനങ്ങളുടെ ഇടയിൽ പ്രചരിക്കപ്പെടുകയില്ല. സുതാര്യ വ്യവസ്ഥകളിലൂടെ ജനങ്ങളെ ആകർഷിക്കാനും ശ്രമിക്കാറില്ല.

സാമ്പത്തികമായി തകർച്ചയിലാണെങ്കിലും നിയമ വിരുദ്ധമായി പ്രാഥമിക സഹകരണ ബാങ്കുകൾക്ക് അതേ രൂപത്തിലുള്ള മറ്റൊരു പ്രാഥമിക സഹകരണ സംഘത്തിന് വായ്പ നൽകാനോ അംഗത്വം കൊടുക്കാനോ വഴിയില്ല. രാഷ്ട്രീയ താല്പര്യങ്ങളാൽ അംഗങ്ങളല്ലാത്ത മറ്റ് പ്രാഥമിക സംഘങ്ങൾക്ക് കടം കൊടുത്ത് വീണ്ടും സാമ്പത്തിക തകർച്ചയ്ക്ക് ഇടയാക്കുന്ന പ്രവണതയിലേക്കും നീങ്ങിയിട്ടുണ്ട്.

ജനകീയ ബന്ധങ്ങൾക്ക് എന്നും ഉത്തേജകമായിരുന്ന ബാങ്കിന്റെ വ്യാപാര രംഗങ്ങൾ വളരെ നാളുകൾക്ക് മുമ്പു തന്നെ അടച്ചു പൂട്ടി. ജൗളി വ്യാപാരം, കൺസ്യൂമർ രംഗം ഇവയെല്ലാം നിർത്തി പോയിട്ടുണ്ട്. വളം, കിടനാശിനി വ്യാപാരവും വളരെക്കാലം ഉണ്ടായിരുന്നെങ്കിലും അതും നിർത്തിപ്പോയിട്ടുണ്ട്. പക്ഷെ, വളം, കീടനാശിനി ഇടപാടുകൾ കൃഷിഭവനുമായി നടത്തുന്നുണ്ട് എന്നാണ് ബാങ്കിന്റെ അവകാശ വാദം. പ്രത്യക്ഷമായി ബാങ്ക് അതിർത്തിയിൽ വളം, കീടനാശിനി വില്പന ശാലകൾ ഉള്ളതായി കാണാൻ കഴിയുന്നില്ല. കുരുമുളക് വ്യാപാരം ഒരു സീസൺ കാല ഏർപ്പാടു മാത്രമാണ്. കൃഷിക്കാരുടെ മുഴുവൻ ഉല്പന്നങ്ങളും വിലയ്ക്കെടുക്കുന്നതിനും സ്വകാര്യരംഗവുമായി മത്സരിക്കുന്നതിനും ബാങ്കിന്റെ ഭാഗത്തു നിന്നും ഇച്ഛാശക്തിയോടെയുള്ള നിലപാടുകൾ ഉണ്ടാകണം.

പഞ്ചായത്തിനകത്തു നിന്നുള്ള നിക്ഷേപത്തിന്റെ നല്ലൊരു പങ്കും ഇന്ന് കൂട്ടാറ്റിലെ സ്റ്റേറ്റ് ബാങ്കിലും ഇതുപോലെയുള്ള മറ്റ് ദേശീയ ബാങ്കുകളിലുമാണ്. സഹകരണ മേഖലയിൽ നിക്ഷേപം നടത്താൻ പൊതുവെ ജനങ്ങൾക്ക് താത്പര്യം കുറവാണെങ്കിലും ജീവനക്കാരോടുള്ള താത്പര്യം വിശ്വാസ്യത ബാങ്കിംഗ് ഇടപാടുകളിലെ കാര്യക്ഷമത ഇവയെല്ലാം കുറെയെങ്കിലും നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്. മാനേജ്മെന്റിന്റെ കുറവും കെടുകാര്യസ്ഥതയും നിക്ഷേപത്തെ സ്വാധീനിക്കുന്ന മറ്റ് അടിസ്ഥാനങ്ങളാണ്.

ജീവനക്കാരുടെ സമീപനങ്ങളെ സംബന്ധിച്ചു ഗ്രാമസഭകളിൽ നിന്ന് ഭിന്നാഭിപ്രായങ്ങളുയർന്നു വന്നിട്ടുണ്ട്. കാർഷികേതര രംഗത്ത് കാര്യമായ സേവനം SBI-ൽ നിന്നു ലഭിച്ചു വരുന്നു. ബാങ്കിംഗിലും ഇടപാടുകളിലും മറ്റ് വളർച്ച പ്രാപിച്ച പ്രസ്ഥാനങ്ങളെ മാതൃകയാക്കി പുതിയ മാർഗ്ഗങ്ങൾ പ്രവർത്തനങ്ങളിൽ അവലംബിക്കാൻ ശ്രമിച്ചാൽ കുറെ വ്യതിയാനങ്ങളുണ്ടാകാൻ കഴിഞ്ഞേക്കാം. പട്ടയം കയ്യിലുള്ള കൃഷിക്കാർ മലനാട് കാർഷിക വികസന ബാങ്കിൽ നിന്ന് നല്ല നിലയിൽ വിവിധയിനം പദ്ധതികളിലായി വായ്പയെടുത്തു വരുന്നുണ്ട്. കാർഷിക വികസന ബാങ്കിന്റെയും വായ്പയ്ക്കു വേണ്ടിയുള്ള നടപടി ക്രമങ്ങൾ കുറെയേറെ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ വേണ്ടി വരുന്നു. വായ്പ ലഭിക്കുന്നതിന് വളരെ പ്രയാസകരമായ കടമ്പകൾ നടപടി ക്രമങ്ങളിൽ നിലനിൽക്കുന്നു. കഴിയുന്നത്ര ഈ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നത് സാധാരണ കൃഷിക്കാർക്ക് ആശ്വാസകരമായിരിക്കും.

കൂട്ടാർ ബാങ്കിന്റെ പ്രവർത്തനമാരംഭിച്ചതിന് തൊട്ടടുത്ത വർഷം പ്രവർത്തിച്ചു തുടങ്ങിയ പട്ടം കോളനി സർ

വ്വീസ് സഹകരണ ബാങ്ക് പഞ്ചായത്തിന്റെ അതിർത്തിയിലാണ് സ്ഥാപിക്കപ്പെട്ടത്. പട്ടം കോളനി പ്രദേശങ്ങൾ ഉൾക്കൊണ്ടു വരുന്ന പഞ്ചായത്ത് പ്രദേശങ്ങളാണ് പ്രവർത്തന മേഖല. 1973-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച ഈ ബാങ്കിന്റെ നില ഏതാണ്ട് ഭദ്രമാണ്. ഇക്കഴിഞ്ഞ നിക്ഷേപ സമാഹരണ പരിപാടിയിൽ ഉടുമ്പൻചോല സർക്കിൾ സഹകരണ യൂണിയനിലുൾപ്പെട്ടിട്ടുള്ള ബാങ്കുകളിൽ രണ്ടാം സ്ഥാനത്ത് എത്തിയിട്ടുള്ളത് ഈ ബാങ്കാണ്. ബാങ്കിന്റെ പ്രവർത്തനങ്ങളിൽ കാര്യമായ വിവാദങ്ങളോ വിമർശനങ്ങളോ ഉയർന്ന് വന്നിട്ടില്ല. വളരെ കുറഞ്ഞ പ്രവർത്തനമേഖലയിൽ പ്രവർത്തിക്കുന്ന ബാങ്കിൽ 5257 അംഗങ്ങളാണുള്ളത്. ഓഹരി മൂലധനമായി 8,32,000 രൂ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. സ്ഥാപക പ്രസിഡന്റ് ശ്രീ. എം. റ്റി. തോമസ് ആയിരുന്നു. പിരിഞ്ഞു കിട്ടാനുള്ള വായ്പകളുടെ കാര്യത്തിൽ കൂട്ടാർ ബാങ്കുമായി വ്യത്യാസങ്ങളൊന്നുമില്ല. എന്നാൽ നിക്ഷേപ രംഗത്ത് 85ലക്ഷം രൂപാ നേടാൻ കഴിഞ്ഞത് ബഹുജനങ്ങളിൽ ബാങ്കിനുള്ള സ്വാധീനത്തിന്റെ അളവുകോലായി കരുതാം. വായ്പ കൊടുത്തിട്ടുള്ളതിൽ 30ലക്ഷം ദാരിദ്രരേഖക്കു താഴെയുള്ള വരുമാനക്കാർക്കുള്ള പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. മറ്റ് ബാങ്കുകളെക്കാൾ ഇതിന്റെ തോത് മെച്ചപ്പെട്ടതാണ്. വളം, കീടനാശിനി വില്പന കേന്ദ്രം വളരെക്കാലമായി പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ കൺസ്യൂമർ വ്യാപാര രംഗങ്ങളിലെ പ്രവർത്തനം നിലച്ചു പോയിട്ടുണ്ട്. ജനങ്ങളുടെ ദൈനംദിന ജീവിതാവശ്യങ്ങൾ നിർവ്വഹിക്കാനും ന്യായവിലക്ക് ഗുണമേന്മയുള്ള നിത്യോപയോഗ വസ്തുക്കൾ വില്പന നടത്തുന്നതിനുമുള്ള സേവനപരമായ പ്രവർത്തനങ്ങൾ കാര്യമായി ശ്രദ്ധിക്കുന്നതിനുള്ള തീരുമാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

ചിട്ടികൾ, വ്യാപാരികൾക്കുള്ള വായ്പകൾ, ആടു വളർത്തൽ, കറവമാടുകൾക്കുള്ള വായ്പകൾ തുടങ്ങിയവയും നൽകി വരുന്നുണ്ട്. കറവമാടുകളുടെ വായ്പ നൽകുന്നതിൽ അനുകരണീയമായ നയം ഈ ബാങ്കിനുണ്ട്. തൂക്കുപാലം ആപ്ക്കോസ് സൊസൈറ്റിയുമായി സഹകരിച്ചു കൊണ്ടാണ് വായ്പകൾ നൽകുന്നത്. മറ്റ് മേഖലകളിൽ പ്രവർത്തിക്കുന്ന (NON Credit) സംഘങ്ങളുമായിട്ടുള്ള സഹകരണാത്മകമായ ബന്ധങ്ങളും ഇടപാടുകളും ഇരു സ്ഥാപനങ്ങൾക്കും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സഹായിക്കും. കൂടുതൽ ജനകീയ പിന്തുണ ലഭിക്കാനും നിക്ഷേപം വർദ്ധിപ്പിക്കാനും വായ്പകൾ പ്രയോജനകരമായി ഉപയോഗപ്പെടുത്തുന്നതിനും ഗുണഭോക്താക്കളെ തിരിച്ചറിയാനും വായ്പ തിരിച്ചടവിന്റെ സാദ്ധ്യതകളും ഈ നടപടികൾ മൂലം വർദ്ധിക്കും.

പഴയ ശൈലിയിലും രീതിയിലുമുള്ള യാന്ത്രിക പ്രവർത്തനങ്ങൾ ഈ രംഗത്തുളവാക്കിയിട്ടുള്ള മാന്ദ്യം ശ്രദ്ധിക്കപ്പെടേണ്ടതാണ്. കേവലം പണം കൊടുക്കുയും തിരികെ വാങ്ങുകയും ചെയ്യുന്ന ദാതാവും സ്വീകർത്താവും എന്ന ബന്ധമാണ് അംഗങ്ങളുമായി ബാങ്കുകൾക്കുള്ളത്.

നമ്മുടെ ചുറ്റുപാടും വളർന്നു വന്നിട്ടുള്ള മറ്റ് ധനകാര്യപണമിടപ്പാട് സ്ഥാപനങ്ങളുടെ കാര്യക്ഷമതയും താല്പര്യവും സാദ്ധ്യതകളും ജനങ്ങളെ അങ്ങോട്ടാകർഷിച്ചു കൊണ്ടിരിക്കുന്നു. ഈ സാഹചര്യങ്ങൾ മനസ്സിലാക്കി സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശം അംഗങ്ങൾക്കാണെന്ന സത്യം അവരെ ബോദ്ധ്യപ്പെടുത്തിയും മാനേജ്മെന്റ് ശക്തിപ്പെടുത്തിയും പരിഷ്കരണപരമായി ഒരു പുതിയ മുഖദർശനം നൽകേണ്ടതാണ്.

ബാങ്കിന്റെ വായ്പാ നയങ്ങളിലും മാറ്റം വേണം. ജനങ്ങളുടെ ആവശ്യങ്ങൾ മനസിലാക്കിയും, കാർഷിക രംഗത്തുണ്ടായ മാറ്റങ്ങൾ കണ്ടറിഞ്ഞും ആ രംഗത്തുള്ള പ്രശ്നങ്ങൾക്ക് പരിഹാരത്തിനും വളർച്ചയ്ക്കും പരിഗണന നൽകുന്ന പദ്ധതികൾക്ക് രൂപം നൽകി അതിന് മുൻഗണന നൽകണം, ഉല്പാദനക്ഷമത നശിച്ച് പ്രയാസങ്ങൾക്കു നടുവിൽ നട്ടം തിരിയുന്ന കൃഷിക്കാരന്റെ സാമ്പത്തികശേഷി വിലയിരുത്താതെ പഴയ വായ്പാ നയം തുടരുന്നതാണ് ഈ രംഗത്തുള്ള മാന്ദ്യത്തിനും പ്രതിസന്ധികൾക്കും കാരണം. വൈവിധ്യമാർന്ന പദ്ധതികൾ കാർഷിക മേഖലയുടെ പുനഃസൃഷ്ടിക്കും, ലാഭകരമായ ഇടപാടുകളും വ്യാപാരങ്ങളും ബാങ്കിന്റെ നില നില്പിനെ സഹായിക്കുന്ന തരത്തിൽ മറുവശത്തുമായി ഒരു സമാന്തര മുന്നേറ്റത്തിനുള്ള പരിപാടിയാണതിനാവശ്യം

കാർഷിക മേഖലയെ അടിസ്ഥാനമാക്കിയുള്ള നമ്മുടെ സഹകരണ മേഖലയുടെ പ്രവർത്തനം ആ രംഗത്തുണ്ടാകുന്ന എല്ലാ ചലനങ്ങളെയും നെഞ്ചേറ്റേണ്ടതാണ്. മറ്റ് ഏജൻസികളും സർക്കാർ വകുപ്പുകളും കാർഷിക രംഗത്ത് നടപ്പാക്കുന്ന എല്ലാ സംരംഭങ്ങളിലും ബാങ്കിന്റെ കാര്യമായ സഹകരണവും ഇടപെടലും ഉണ്ടാകണം. ചുരുക്കത്തിൽ കാർഷിക മേഖലയെ ബാങ്കിന്റെ ഒരു പരിഛേദമായി മനസിലാക്കി അതിന്റെ പൊതു വളർച്ച ഉന്നം വച്ചായിരിക്കണം വ്യക്തികൾക്കുള്ള പദ്ധതികളും വായ്പാ നയങ്ങളും രൂപപ്പെടുത്തി നടപ്പാക്കേണ്ടത്. വ്യക്തിയിലൂടെ സമൂഹവും സാമൂഹ്യ വളർച്ചയിലൂടെ വ്യക്തിയും ശ്രേയസ്കരമായ ഒരു ചുറ്റുപാടിലേക്ക് നയിക്കുന്നതിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഇന്നത്തെ പ്രവർത്തന രീതികൾ സഹായകരമാണെന്ന് പറയാൻ കഴിയില്ല.

ഇതുപോലെ തന്നെ ബാങ്കിലെ നടത്തിപ്പിന്റെയും മറ്റ് പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നവരും എല്ലാം മുറപോലെ എന്ന മട്ടിലുള്ള പ്രവർത്തനങ്ങളും മനോഭാവങ്ങളും ഉപേക്ഷിക്കണം. ഒരേ സമയം ഉപജീവനത്തിനുള്ള തൊഴിലും സാമൂഹ്യ സേവനവും എന്ന കാഴ്ചപ്പാട് ജീവനക്കാരിലുണ്ടാകണം.

ബാങ്കിന്റെ ഭരണ ചുമതല ജനാധിപത്യ സംവിധാനത്തിലാണെങ്കിലും ഒന്നിനും സുതാര്യതയില്ല. ബാങ്കിന്റെ

ധനകാര്യ ഇടപാടുകൾ വ്യക്തമായി ജന പ്രതിനിധികൾക്ക് അറിയുമോ എന്ന് സംശയമാണ്. നടപടികളുടെയും നിയമങ്ങളുടെയും കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. ഈ ദൗർബല്യം ധാർമ്മികതക്കും കടമങ്ങൾക്കും സ്ഥാനം നഷ്ടപ്പെട്ട നമ്മുടെ നാട്ടിലെ സ്വാർത്ഥ താല്പര്യങ്ങളെ സംരക്ഷിക്കപ്പെടാൻ ഇടയാക്കുന്നു. സഹകരണ പ്രസ്ഥാനത്തിന്റെ മൗലിക വീക്ഷണങ്ങൾ അന്യം നിന്നു പോയിരിക്കുന്നു. ബാങ്കുകളിൽ എന്താണ് നടക്കുന്നതെന്ന് അംഗങ്ങൾക്കറിയില്ല. സ്ഥാപനത്തിന്റെ ഉന്നത തല യോഗങ്ങളിലും മറ്റും അംഗങ്ങൾ പങ്കെടുക്കുന്ന പതിവില്ല. പ്രവർത്തന റിപ്പോർട്ടുകൾ മാമൂൽ റിപ്പോർട്ടുകൾ മാത്രമാണ്. പേരു പോലെ ഉള്ളടക്കത്തിൽ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരാമർശങ്ങൾ കാര്യമായി കാണാറില്ല. ശാസ്ത്രീയമായി തയ്യാറാക്കുന്ന കണക്കുകൾ മനസ്സിലാക്കാൻ കെല്പില്ലാത്തവർക്ക് ഇങ്ങനെ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ താല്പര്യം ഉണ്ടാകുക അപൂർവ്വമായിരിക്കും. ബാങ്കിന്റെ ബിസ്സിനസ്സ് മീറ്റിംഗുകൾ ലളിതവും കണക്കുകൾ മാമൂൽ വിട്ട് ആധുനിക വൽക്കരിക്കയും ജനങ്ങൾക്ക് സ്വയം വേർതിരിച്ചെടുത്ത് മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ പരിഷ്കരിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ നാട്ടിലെ ഓരോ ചെറിയ വിഭാഗത്തിനായിട്ടാണ് ഓരോ സംഘങ്ങളും പ്രതിനിധീകരിക്കുന്നതെങ്കിലും, അഭൂതപൂർവ്വമായ ഒരു ജനീകയ സഹകരണ പ്രസ്ഥാനമായി ക്ഷീര സഹകരണ രംഗം മുന്നേറിയിട്ടുണ്ട്.

1979 മുതൽക്കാണ് ക്ഷീരോല്പാദനരംഗത്ത് സഹകരണ പ്രസ്ഥാനം ഉദയം കൊണ്ടത്. 1980-കളിൽ ഈ രംഗം പുഷ്ടി പ്രാപിക്കുകയും തുടർന്ന് ക്ഷീരോല്പാദകമേഖലയിൽ സഹകരണ പ്രസ്ഥാനം വെന്നിക്കൊടി നാട്ടുക തന്നെ ചെയ്തു. ഹൈറേഞ്ച് മേഖലയിൽ ഇത്രയധികം സംഘങ്ങളുള്ള മറ്റ് പഞ്ചായത്തുകളില്ല. എറണാകുളം മേഖലയിൽ എറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന സംഘവും നമ്മുടെ പഞ്ചായത്തിലാണ്. വലിയ ചില സംഘങ്ങൾ വിഭജിച്ചാണ് പുതിയവ നിലവിൽ വന്നത്. അഞ്ചാം വാർഡിലെ കൂട്ടാർ, നാലാം വാർഡിൽ കട്ടേക്കാനം തുടങ്ങിയ പ്രദേശങ്ങളിൽ ഇനിയും രണ്ട് സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്.

കാർഷിക മേഖലയുടെ തകർച്ചയും സാമ്പത്തിക ദാരിദ്ര്യവും, കൃഷിക്ക് വളങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയതും ക്ഷീര മേഖലയുടെ വളർച്ചയ്ക്ക് കളമൊരുക്കിയ പശ്ചാത്തലമാണ്. കഴിഞ്ഞ പത്തു പതിനെട്ടുക്കൊല്ലക്കാലമായി പടിപടിയായി പ്രാധാന്യം നേടിയ ഈ രംഗമാണ് ഇന്ന് കൃഷിക്കാരുടെ സാമ്പത്തിക പിൻബലം.

നമ്മുടെ പഞ്ചായത്തിൽ നിലവിൽ ഏഴ് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇവയിൽ നാലെണ്ണത്തിന്റെ പ്രവർത്തനമേഖലയിൽ മറ്റ് പഞ്ചായത്ത് പ്രദേശങ്ങൾ കൂടിയുൾപ്പെടുന്നു. ഇതിൽ രണ്ടു സംഘങ്ങൾ ഒഴികെ ബാക്കിയുള്ളവ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. കരുണാപുരം ക്ഷീരോല്പാദക സഹകരണ സംഘം തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇടുക്കി ജില്ലയിൽ മുൻപന്തിയിലുണ്ടായിരുന്ന സംഘങ്ങളിൽ ഒന്നായിരുന്നു.

എന്നാൽ ജനാധിപത്യപരമായ പ്രവർത്തനങ്ങളെ അവഗണിച്ചും, സാമ്പത്തിക അച്ചടക്കം പാലിക്കാതെയുമുള്ള പ്രവർത്തനങ്ങളും വൻ ക്രമക്കേടുകളും നിമിത്തം സംഘം പരാധീനതയിലാണിന്ന്. ഇപ്പോൾ ജനകീയ ഭരണ സമിതി നിലവിലില്ല. അഡ്മിനിസ്ട്രേറ്റർ ഭരണം നടത്തുന്നു.

ചേറ്റുകുഴി സംഘത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. ആയിരത്തിനു മേൽ ലിറ്റർ പാൽ സംഭരണശേഷി കൈവരിച്ചിരുന്ന സംഘത്തിന്റെ ഇപ്പോഴത്തെ നില പരുങ്ങലിലാണ്. നല്ലൊരു വിഭാഗം ക്ഷീരോല്പാദകർ പാൽ വിൽക്കാൻ മറ്റ് ഏജൻസികളെ അഭയം പ്രാപിച്ചിരിക്കുന്നു. സംഘത്തിന് നഷ്ടപ്പെട്ടു പോയിട്ടുള്ള ധനം വീണ്ടെടുക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല.

പ്രവർത്തന ലക്ഷ്യങ്ങളിലേക്ക് അംഗങ്ങളെയും പ്രസ്ഥാനങ്ങളെയും നയിക്കാൻ ശ്രമിക്കുന്നതും സുതാര്യ വ്യവസ്ഥകളോടെ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ മേഖലയ്ക്ക് പ്രത്യേകതകൾ ഏറെയാണ്. യഥാർത്ഥ കൃഷിക്കാരനു മാത്രമെ ഭരണ രംഗത്തേക്ക് തെരെഞ്ഞെടുക്കപ്പെടാൻ കഴിയൂ. ഉല്പാദകർക്ക് ലാഭ വിഹിതം (ബോണസ്) മറ്റ് സഹായ പദ്ധതികൾ തുടങ്ങിയവയെല്ലാം ഈ രംഗത്ത് കർഷകർക്ക് സഹായകമായിരുന്നു. മറ്റ് സഹകരണ രംഗത്തു നിലനിൽക്കുന്ന പല സങ്കീർണ്ണ പ്രശ്നങ്ങളും ക്ഷീരമേഖലയിൽ കാണുന്നില്ല. എന്നിരുന്നാലും ഇവിടെയും അടുത്ത കാലത്തായി ചില വെല്ലുവിളികൾ ഉയർന്നു വന്നിരിക്കുന്നു.

കാഞ്ഞിരപ്പള്ളി കേന്ദ്രീകരിച്ച് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള മലനാട് ഡവലപ്മെന്റ് സൊസൈറ്റിയുടെ (MDS) പാൽ സംഭരണ രംഗത്തേക്കുള്ള പ്രവേശനം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന പാൽ സഹകരണ മേഖലയുടെ പിന്നോട്ടടിക്ക് കാരണമായിട്ടുണ്ട്. സ്വതന്ത്രമായി എവിടെയും സംഭരണ കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിക്കുന്ന MDS-ന് സമാന്തരമായി, പാൽ സംഭരണം നടത്താനുള്ള സംഘങ്ങളുടെ ശ്രമങ്ങൾ അതിന്റെ ദൈനംദിന ചെലവുകൾ വലിയ തോതിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി വർഷാന്ത്യത്തിൽ ഉല്പാദകർക്കു കിട്ടിക്കൊണ്ടിരുന്ന ബോണസ് ശതമാനത്തിൽ കുറവുണ്ടാകുന്നുണ്ട്.

വളരെക്കാലമായി ക്ഷീര സഹകരണ രംഗത്തുള്ള പ്രവർത്തകരും, ക്ഷീര വികസന വകുപ്പും, മിൽമയും മറ്റ് സർക്കാർ ഏജൻസികളും ചേർന്ന് പടുത്തുയർത്തിയ എല്ലാ നേട്ടങ്ങളുടേയും ഗുണം മുതൽ മുടക്കില്ലാതെ അനുഭവിക്കാൻ MDS-ന് കഴിഞ്ഞിട്ടുണ്ട്. പാലിന്റെ വിലവായ്പകൾ ലഭ്യമാകുന്നതിനുള്ള സഹകരണ രംഗത്തി

നുള്ള ലക്ഷ്യ രാഹിത്യം മറ്റ് പല കാരണങ്ങളും കുറെയേറെ കൃഷിക്കാർ അങ്ങോട്ടാകർഷിക്കാൻ ഇടയാക്കിയിട്ടുണ്ട്.

ഭരണത്തിലും ആസ്തി ബാദ്ധ്യതകളിലും യാതൊരു വിധ അവകാശങ്ങളുമില്ലെങ്കിലും, 200 രൂ. അംഗത്വത്തി നായി നൽകി അവിടെ പാൽ നൽകി വരുന്ന കർഷകർ പാൽ സഹകരണ സംഘം എന്നതു പോലെ തന്നെയാണ് ഇതിനെയും കരുതിപ്പോകുന്നത്.

ഒരുറും പത്തുരൂപാ നൽകി അംഗത്വം നേടുകയും ജനാധിപത്യപരമായ ഭരണ സംവിധാനങ്ങളും മാനേജ്മെ ന്റും ആസ്തി ബാദ്ധ്യതകളിൽ പങ്കാളിത്തം ഇവയെല്ലാമുള്ള സ്വന്തം സ്ഥാപനത്തെ അതിന്റെ പാട്ടിനു വിട്ടുകൊണ്ടാണ് പലരും വഴി മാറിപോയിട്ടുള്ളത്.

നിലവിൽ APCOS സംഘങ്ങൾ ഇല്ലാത്ത സ്ഥലങ്ങ ളിൽ MDS-ന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാവുന്ന താണ്. എന്നാൽ വളരെയാളുകളുടെ പ്രയത്നഫലമായി നില നിന്നു വരുന്ന പാൽ സഹകരണ പ്രസ്ഥാനങ്ങൾ അടച്ചു പൂട്ടും വിധം അവയുടെ പരിമിതികൾ ചൂഷണം ചെയ്ത് അത്തരം സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ നിരവധി സംഭരണ കേന്ദ്രങ്ങൾ സ്ഥാപിച്ച് അവയെ ശ്വാസം മുട്ടിക്കുന്ന നടപടി നിയന്ത്രിക്കേണ്ടതാണ്. അതിന്റെ സംഘാടകരും ഇക്കാര്യത്തിൽ സമീരകരണത്തിന്റെയും സഹകരണത്തിന്റെയും നിലപാടുകളിൽ സ്വയം ചിന്തിക്കേ ണ്ടതാണ്. സർക്കാരിന്റെ ഭാഗത്തു നിന്നും ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സൗഹാർദ്ദപരമായ ഇടപെടലുകൾ ഉണ്ടാ കേണ്ടതും സഹകരണ സംഘങ്ങൾക്ക് ആവശ്യമായ നിയമ പരിരക്ഷ നൽകാൻ നടപടിയെടുക്കുന്നതിലേക്കും ശ്രദ്ധ തിരിക്കേണ്ടതാണ്.

കാലിത്തീറ്റ വിതരണം, രോഗ ചികിത്സാ സൗകര്യ ങ്ങൾ, കൃത്രിമ ബീജധാന പരിപാടി, പ്രതിരോധ കുത്തിവെ യ്പുകൾ, പുൽകൃഷി, ബോധവൽക്കരണ പരിപാടികൾ തുടങ്ങിയ ഒട്ടെല്ലാ രംഗങ്ങളിലും അപ്പക്സ് സംഘങ്ങളുടെ യും, സർക്കാർ ഏജൻസികളുടെയും മറ്റും സഹായത്താൽ നടത്തി വരുന്നുണ്ട്. എന്നാൽ വേണ്ടത്ര ശുഷ്ക്കാന്തിയും കുറ്റമറ്റ നിലയിലുമാക്കാൻ താല്പര്യമെടുക്കണം.

ഏറ്റവും പുതിയ സംഘങ്ങളിലൊഴികെ ബീജാധാന പരിപാടി നടക്കുന്നുണ്ട്. എന്നാൽ വെറ്റിനറി സേവനം കാര്യക്ഷമമല്ല. ഈ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള ചില സംഘങ്ങളിൽ ഈ സംവിധാനം പ്രവർത്തിക്കുന്നില്ല.

ക്ഷീരോല്പന്ന യൂണിറ്റുകൾ സ്ഥാപിച്ച് പ്രവർത്തി ക്കുന്ന സംഘങ്ങൾ ശക്തമായ മാനേജ്മെന്റും പ്രചാരണ ങ്ങളുടെ സഹായങ്ങളും കൂടാതെയുള്ള പ്രവർത്തനങ്ങൾ കാരണം അപൂർവ്വമൊഴികെ മിക്ക യൂണിറ്റുകളും ഫലപ്രദമ ല്ല. പാലും പാലുല്പന്നങ്ങളും നമ്മുടെ ജനതയുടെ ആഹാര ശീലങ്ങളിൽപ്പെടുന്നില്ല. ആയതിനാൽ വൈവിധ്യമാർന്ന പാലുല്പന്നങ്ങളുടെ നിർമ്മാണ-പ്രചാരണ പരിപാടികളും പരിചയപ്പെടുത്തലും വിപുലീകൃതമാക്കാൻ കഴിയണം. സംഘങ്ങളുടെ കൂട്ടായ ശ്രമങ്ങളും, വിപണന ശൃംഖലകൾ ഏകീകരിച്ച് നടപ്പാക്കുകയും ചെയ്ത് ഈ രംഗം ശക്തിപ്പെ ടുത്തിയാൽ പാലിന്റെ ആഭ്യന്തര ഉപഭോഗത്തിൽ വർദ്ധന വും കുറെയേറെപ്പേർക്ക് തൊഴിലും ലഭിക്കും.

കറവമാടുകളെ വളർത്താൻ താത്പര്യമുള്ള മുഴു വൻ പേർക്കും അതിന് സാധിക്കുന്നില്ല. ഇങ്ങനെയുള്ളവർ ക്ക് ആവശ്യമായ ധനസഹായം നൽകാനും ഉല്പാദകരുടെ ഗാർഹികവും ഉല്പാദന പ്രക്രിയയുമായി ബന്ധപ്പെട്ടു വരുന്ന ആവശ്യങ്ങൾ പരിഗണിച്ചും സംഘങ്ങളുടെ പ്രവർ ത്തനങ്ങൾ പരിഷ്കരിക്കണം. ജില്ലാ ബാങ്കിൽ അംഗത്വം നൽകിയും, വായ്പകൾ നൽകുന്നതിനും മറ്റുമുള്ള സൗക ര്യങ്ങളോടു കൂടി സംഘങ്ങൾക്ക് പ്രവർത്തിക്കാൻ നിയമ ങ്ങളിലും മറ്റും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ആയതിനുള്ള ശ്രമങ്ങൾ നടത്തുവാനും, ചില സംഘങ്ങൾ ആരംഭിച്ചിട്ടുള്ള നിക്ഷേപ പദ്ധതികൾ ശക്തമാക്കി പ്ലാ നുകൾ രൂപീകരിച്ച് കൃഷിക്കാർക്കുള്ള സഹായ പദ്ധതിക ളായി ഉപയോഗപ്പെടുത്താൻ മറ്റ് സഹകരണ വായ്പാ സംഘങ്ങളുമായി അടിയന്തിര ലക്ഷ്യങ്ങൾക്കായി സഹക രിച്ചുള്ള പദ്ധതികളാകാവുന്നതാണ്.

ക്ഷീരോല്പാദനത്തിൽ ഇന്നുള്ള ചെലവുകൾ കുറ യ്ക്കാനും, അത് ലാഭകരമായി നടത്താനും മാടുകളുടെ സംരക്ഷണ ചെലവ് കുറച്ചു കൊണ്ടു വരാൻ കഴിയുന്നത്ര ശ്രമങ്ങൾ സംഘങ്ങൾ നടത്തേണ്ടതുണ്ട്. മിതമായ വില യിൽ മെച്ചമായ കാലിത്തീറ്റ എല്ലാക്കാലത്തും ലഭ്യമാക്കുക. പുൽ കൃഷി വ്യാപനം ചികിത്സാ പ്രതിരോധ നടപടികൾ ശക്തിപ്പെടുത്തുക, പ്രജനന കന്നുകുട്ടി പരിചരണവും സംരക്ഷണ പ്രവർത്തനങ്ങളും തുടങ്ങിയ എല്ലാ കാര്യങ്ങ ളിലും ഇടതടവില്ലാത്ത ശ്രദ്ധയും പ്രവർത്തനങ്ങളും ആവി ഷ്ക്കരിക്കണം.

പഞ്ചായത്തിനുള്ളിൽ ഉല്പാദന സേവന രംഗത്ത് മറ്റ് നിരവധി സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ചില താലൂക്ക്, ജില്ലാ തല സംഘങ്ങളുടെയും പ്രവർത്തനപരിധി യിൽ പഞ്ചായത്തുൾപ്പെടുന്നു. അങ്ങനെയുള്ളവയിൽ ചിലത് പഞ്ചായത്തിൽ പ്രവർത്തന കേന്ദ്രമുള്ളവയുമാണ്. ഇങ്ങനെയുള്ളവയിൽ പലതും പ്രവർത്തിക്കുന്നില്ല. എങ്കി ലും ജില്ലാ ബാങ്കിൽ നിന്ന് ലക്ഷക്കണക്കിനു രൂപ വായ്പയെടുത്തിട്ടുള്ളതായും, അതെല്ലാം കുടിശികയായി ട്ടുള്ളതായും, പത്രങ്ങളിലൂടെ വന്നു കൊണ്ടിരിക്കുന്ന വാർ ത്തകൾ, ഞെട്ടിപ്പിക്കുന്ന ഒന്നാണ്. കാലാകാലങ്ങളിൽ രാഷ്ട്രീയ ലാഭത്തിനായി ലക്ഷ്യബോധമില്ലാതെ തട്ടി കൂടുന്ന ഇത്തരം സ്ഥാപനങ്ങൾ വരുത്തി വക്കുന്ന സാമൂ ഹ്യദ്രോഹ നടപടികൾ അവസാനിപ്പിക്കാൻ സംഘ ങ്ങളുടെ രജിസ്ട്രേഷനു ശേഷമുള്ള പ്രവർത്തനങ്ങൾ പരി ശോധിക്കുന്ന സംവിധാനം കുറ്റമറ്റതാക്കുകയും നമ്മുടെ ജനങ്ങളുടെ നിരീക്ഷണത്തിനും മറ്റുമുള്ള സംവിധാനങ്ങൾ

ഏർപ്പെടുത്തുന്നതിലേക്കുള്ള ആലോചനകൾ തുടങ്ങേണ്ടതുമാണ്. സഹകരണ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങളും തത്വങ്ങളും മനസിലാക്കി പ്രവർത്തിക്കാൻ കഴിയുന്ന സാമൂഹ്യ നേതാക്കളെ വാർത്തെടുക്കുന്ന വിദ്യാഭ്യാസ ബോധവൽക്കരണ പദ്ധതികൾ ഭംഗിയായും ജനകീയമായും സംഘടിപ്പിച്ചാൽ നല്ലതാണ്.

ചോറ്റുപാറ മാർക്കറ്റിംഗ് സൊസൈറ്റി തോവാളപ്പടിയിലുള്ള പട്ടികജാതി വിവിധോദ്ദേശ്യ സഹകരണസംഘം. തുക്കുപാലത്തുള്ള രാജീവ് മെമ്മോറിയൽ ട്രാൻസ്പോർട്ടിംഗ് സംഘം, പ്രിന്റിംഗ് സഹകരണ സംഘം. അടുത്ത നാളിൽ അടച്ചു പൂട്ടിയ ചേറ്റുകുഴിയിലെ കരുണാപുരം വനിതാ സഹകരണസംഘം. ഇങ്ങനെ പട്ടിക നീളുകയാണ്. ഇവയിൽ മിക്കതും പ്രവർത്തിക്കുന്നവയല്ല.

വളരെയേറെ സാദ്ധ്യതകളുള്ള സംഘങ്ങൾ ഇവയിലുണ്ട്. ഇതിന്റെയെല്ലാം നിജസ്ഥിതി മനസിലാക്കാനും പുനരുജ്ജീവിപ്പിക്കാനുമുള്ള പരിശ്രമങ്ങളും പദ്ധതികളും പദ്ധതിയിലുൾപ്പെടുത്തേണ്ടതാണ്.

പ്രശ്നങ്ങൾ

- നിലവിലുള്ള വായ്പാ സംഘങ്ങൾക്ക് പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലേയും ആവശ്യങ്ങൾ പരിഹരിക്കാൻ കഴിയുന്നില്ല.
- സംഘാംഗങ്ങളും ബാങ്കുമായിട്ടുള്ള ബന്ധങ്ങൾ ദുർബ്ബലപ്പെട്ടു വരുന്നു.
- ചില സംഘങ്ങളുടെ പ്രവർത്തന മേഖല വിസ്തൃതമാണ്.
- വായ്പ തിരിച്ചടവിൽ ഭീമമായ കുടിശിഖ
- കാർഷികാനുബന്ധ സഹായങ്ങൾ കാര്യക്ഷമമല്ല.
- സംഘങ്ങളിൽ ചിലതിന്റെ അടച്ചു പൂട്ടലും പ്രവർത്തിക്കാതിരിക്കലും
- സംഘങ്ങളുടെ ജനാധിപത്യ പ്രക്രിയയിൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിലും സ്വയം പങ്കെടുക്കുന്നതിലും രണ്ടു തട്ടിലുമുള്ള താല്പര്യക്കുറവ്.
- വ്യാപാര കൺസ്യൂമർ രംഗത്ത് താല്പര്യക്കുറവ്
- പാലിന്റെ വില്പന-സംഭരണ വിലയുടെ നീതിപൂർവ്വകമല്ലാത്ത അന്തരം
- ഉല്പാദന ചെലവിൽ അമിതമായ വർദ്ധന
- കാലിത്തീറ്റ വിലക്കയറ്റം രോഗചികിത്സക്കുള്ള ചെലവ്
- വെറ്റിനറി സേവനവും ബീജാധാന സംവിധാനങ്ങളും എല്ലാ പ്രദേശങ്ങളിലും കാര്യക്ഷമമായി എത്തുന്നില്ല.
- ക്ഷീരമേഖലയിൽ MDS-ന്റെ വരവും മത്സരവും
- ക്ഷീര വികസന-മൃഗപരിപാലന സഹായ പദ്ധതികൾ മറ്റ് ഏജൻസികൾ മുഖാന്തിരം നടപ്പാക്കുന്നു.
- ജില്ലാ ബാങ്കിൽ അംഗത്വം നൽകുന്നതിൽ താല്പര്യക്കുറവ്
- കറവമാടുകളെ വാങ്ങാനുള്ള വായ്പാ ശുപാർശകൾ മറ്റ് ബാങ്കുകൾ അനുഭാവപൂർവ്വം പരിഗണിക്കുന്നില്ല.
- ക്ഷീരവികസന-മൃഗസംരക്ഷണ-കന്നുകാലി വികസന- വകുപ്പുകളുടെ വേറിട്ടുള്ള പ്രവർത്തനവും പോരായ്മകളും.

നിർദ്ദേശങ്ങൾ

ബാങ്കിന്റെ പ്രവർത്തനപരിധി രണ്ട്, മൂന്ന് വാർഡുകളിലായി നിജപ്പെടുത്തുക. ആവശ്യമായിടത്ത് പുതിയ ബാങ്കുകൾ സ്ഥാപിക്കുക. പൊതുയോഗമടക്കമുള്ള ബാങ്കിന്റെ ബിസിനസ്സ് മീറ്റിംഗുകൾ ആകർഷണീയ നടപടികളിലൂടെ ലളിതമാക്കുക.

ഒറ്റ നോട്ടത്തിൽ മനസിലാക്കാൻ കഴിയുന്ന വിധം ബാങ്കിന്റെ കണക്കുകൾ ലളിതമായി തയ്യാറാക്കി അംഗങ്ങൾക്ക് നൽകുക.

ബാങ്കുകളുടെ തെരെഞ്ഞെടുപ്പ് പൊതുയോഗങ്ങൾ മാറ്റി വയ്ക്കപ്പെടുന്നതിനുള്ള സാഹചര്യങ്ങൾക്കിട നൽകുന്ന നിയമത്തിന്റെ പഴുതുകൾ ഇല്ലായ്മ ചെയ്യുക.

പദ്ധതി-പദ്ധതിയേതര വായ്പാപേക്ഷകരെയും ഗുണഭോക്താക്കളെയും തിരിച്ചറിയാൻ വാർഡ് വികസന സമിതിയുടെ സേവനം പ്രയോജനപ്പെടുത്തുക.

കാർഷിക മേഖലയുടെ മാറ്റങ്ങൾക്കനുസരിച്ച് ബാങ്കിന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക. കാർഷിക വിദഗ്ധരും പഞ്ചായത്ത് - സഹകരണ മേഖലയിലെ പ്രവർത്തകരും അതിനായി സംയോജിച്ചുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

ആൾ-വിള ജാമ്യത്തിൽ കുറഞ്ഞ വായ്പ തുക 10,000 രൂപയായി ഉയർത്തുക.

വള പ്രയോഗം, മണ്ണുസംരക്ഷണം, ആവർത്ത കൃഷി തുടങ്ങിയ ആവശ്യങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ചുള്ള വിവരങ്ങൾ വായ്പാ പരിധിക്കുള്ള അപേക്ഷയോടൊപ്പം നിർബ്ബന്ധിതമാക്കുക.

ഒരു കൃഷി വിദ്ഗ്ദ്ധന്റെ സഹായത്താൽ കൃഷിയിടങ്ങൾ പരിശോധിച്ച് ആവശ്യങ്ങൾ തിട്ടപ്പെടുത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കുകയും ചെയ്യുക.

ഉപകരണങ്ങൾ, വിത്തുകൾ, വളങ്ങൾ, സസ്യ സംരക്ഷണ സാമഗ്രികൾ ഇവയ്ക്കുള്ള വായ്പ ധനമായി നൽകാൻ പാടില്ല.

കൃഷിക്കാരുടെ കാലികാവശ്യങ്ങൾക്കുള്ള നഴ്സറികൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുക.

ബാങ്കിന്റെ വിശ്വാസ്യത വളർത്തുന്ന പരിപാടികളും ബോധവൽക്കരണവും മറ്റ് ഏജൻസികൾ മുഖാന്തിരവും സംഘടിപ്പിക്കുക.

നിക്ഷേപ പരിപാടികൾ യാന്ത്രിക സ്വഭാവത്തിനു മാറ്റം വരുത്തുക.

ചിട്ടി തുടങ്ങിയ ആവശ്യങ്ങൾക്കായി അംഗത്വം സ്വീകരിക്കുന്നയാൾ ബാങ്കിന്റെ ഭരണസമിതി തെരഞ്ഞെടുപ്പിലും പൊതുയോഗത്തിലും വോട്ടവകാശം വിനിയോഗിക്കുന്നതിനുള്ള ഇപ്പോഴത്തെ സമ്പ്രദായം മാറ്റുക.

നാളികേരം, ഏലം, കുരുമുളക്, കാപ്പി, വാനില എന്നിവയുടെ വിളവെടുപ്പു രീതിയും ശാസ്ത്രീയ സംസ്കരണ രീതികളും തൊഴിലാളികളെയും കൃഷിക്കാരെയും പരിശീലിപ്പിക്കുക. ഇവയുടെ സംസ്കരണ കേന്ദ്രങ്ങൾ (Curing Centre) സ്ഥാപിച്ചു പ്രവർത്തിപ്പിക്കുക.

സെറിക്കൾച്ചർ സഹകരണ സംഘം അടിയന്തിരമായി പ്രവർത്തന ക്ഷമമാക്കുക. കൊക്കൂൺ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിനു പകരമായി റിലീംഗ് യൂണിറ്റുകൾ സ്ഥാപിച്ച് നൂൽ വിപണനം നടത്തുക.

കാർഷികോല്പന്നങ്ങൾ കേടു കൂടാതെ സൂക്ഷിക്കുന്നതിനുള്ള ഗോഡൗണുകൾ നിർമ്മിക്കുക. N.C.D.Cയിൽ നിന്ന് ആയതിനുള്ള ധനസഹായം ലഭ്യമാക്കുക. ഉല്പന്നങ്ങൾക്ക് വിലയിടിവുള്ള കാലയളവിൽ ഉല്പന്നങ്ങൾ വാങ്ങി സൂക്ഷിച്ച് അതിന്റെ ഈടിന്മേൽ 'കിലോണ്' നൽകുക.

അന്താരാഷ്ട്ര വിപണന രംഗത്തേക്ക് സഹകരണമേഖലയുടെ കൂട്ടായ്മ സാന്നിദ്ധ്യവും ഇടപെടലും ശക്തമാക്കുക.

സഹകരണമേഖലയിൽ ഒരു വളം നിർമ്മാണശാല സ്ഥാപിക്കുക. തമിഴ്നാട്ടിൽ നിന്നുള്ള ചകിരിച്ചോറ് (സാങ്കേതിക സഹായം ലഭ്യമാണ്) കാപ്പിത്തൊണ്ട്, കോഴി വളർത്തൽ കേന്ദ്രങ്ങളിൽ നിന്നുള്ള ലിറ്ററുകൾ ഇവയും മറ്റ് പാഴ്വസ്തുക്കളും അസംകൃത വിഭവങ്ങളായി സ്വീകരിക്കാം.

കാർഷിക ഉപകരണങ്ങൾ, വളം, കീടനാശിനികൾ, മറ്റ് നിത്യോപയോഗ വസ്തുക്കളുടെ വില്പന കേന്ദ്രങ്ങൾ ആരംഭിക്കണം. ഉള്ളവ ശക്തിപ്പെടുത്തുക.

കറവമാടുകളെ വാങ്ങാനുള്ള വായ്പകൾക്കുള്ള ഗുണഭോക്താക്കളെ APCOS സംഘങ്ങളുടെ സഹായത്തോടെ മാത്രം തെരഞ്ഞെടുക്കുക.

4 കൺസ്യൂമർ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കുക.

പ്രവർത്തന പരിധിയിലുള്ള മുഴുവൻ കുടുംബങ്ങളുടെയും ഭൂമി സംബന്ധമായ വിവരങ്ങൾ വസ്തു നിഷ്ഠമായി പഠിച്ച് അതിനെ അടിസ്ഥാനമാക്കി ഒരു 'ലാൻഡ് രജിസ്റ്റർ' തയ്യാറാക്കി സൂക്ഷിക്കുക. വായ്പാ പരിഗണനകൾക്കുള്ള മാനദണ്ഡമായി ഇതിനെ ഉപയോഗിക്കാം.

പാൽ സംഭരിച്ച് സംസ്കരിക്കുന്നതിനുള്ള ഡയറികൾ ഉല്പാദന കേന്ദ്രങ്ങൾക്കടുത്ത് സ്ഥാപിച്ച് സംവഹന (Transporting Charge) ചെലവുകൾ കുറയ്ക്കുക.

പാൽ സംഭരണ വിപണന രംഗത്തുള്ള ശ്രിതല സംവിധാനം ഒഴിവാക്കുക. മേഖലാടിസ്ഥാനത്തിലുള്ള സംഘങ്ങളെ അപക്സായും പ്രൈമറി തലത്തിനു മുകളിൽ സംഘങ്ങളുടെ ഒരു കോ-ഓർഡിനേഷൻ സംവിധാനവും ഏർപ്പെടുത്താവുന്നതാണ്. സംസ്ഥാന നിലവാരത്തിലുള്ള കേന്ദ്രീകരണം എടുത്തു കളയുക.

APCOS സംഘങ്ങൾ സംയുക്തമായി കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

സഹകരണ സ്ഥാപനങ്ങളിൽ നിന്നും മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും ധനസഹായം ലഭ്യമാക്കുക.

ക്ഷീര സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾക്ക് സഹായം നൽകാൻ കഴിയും വിധം സംഘങ്ങളെ വായ്പാ ഏജൻസിയായി പ്രവർത്തിപ്പിക്കുക.

ക്ഷീര സംഘങ്ങൾക്ക് ജില്ലാ ബാങ്കിൽ അംഗത്വം നൽകി വായ്പ അനുവദിക്കുക.

തകർച്ചയിലുള്ള സഹകരണ (Milk) സംഘങ്ങളെ പ്രവർത്തനനിരതമാക്കാൻ യത്നിക്കുക.

മാങ്ങ, ചക്ക, കൂൺ, തേൻ തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള സഹകരണസംഘങ്ങൾ രൂപീകരിക്കുക.

ഒരു മുട്ട സംഭരണ-വിപണന സഹകണം സംഘം സ്ഥാപിക്കുക.

ക്ഷീരസഹകരണ സംഘങ്ങളെ മുട്ട സംഭരണ യൂണിറ്റുകളായി പ്രയോജനപ്പെടുത്താം. ഇവക്ക് ഹാച്ചറികൾ നടത്താനും കഴിയും.

17

വിഭവസമാഹരണം

പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനായി ഉൽപാദന മേഖലയിലും സേവന മേഖലയിലുമെല്ലാം പദ്ധതികൾ നടപ്പാക്കുന്നത് പഞ്ചായത്തിന് ലഭ്യമായ സാമ്പത്തികവും സാമ്പത്തികേതരവുമായ വിഭവങ്ങളെ ആശ്രയിച്ചിരിക്കും വിഭവസമാഹരണത്തിലും വിതരണത്തിലുമുള്ള അശാസ്ത്രീയ സമീപനങ്ങൾ പഞ്ചായത്തിന്റെ എന്നല്ല രാജ്യത്തിന്റെ തന്നെ വളർച്ചയെ മുരടിപ്പിക്കുന്നു. ഗ്രാമ പഞ്ചായത്തുകൾക്കുള്ള പ്രധാന വരുമാന മാർഗ്ഗങ്ങളും ആ വരുമാനത്തിന്റെ ചെലവിനങ്ങളും സുതാര്യമാകേണ്ടത് അത്യന്താപേക്ഷിതമാണ്. വിഭവ സമാഹരണത്തിൽ പുലർത്തേണ്ട ശാസ്ത്രീയ സമീപനങ്ങളും വിഭവ ചോർച്ച തടയുന്നതിനുള്ള നടപടികളും ചൂഷണം ചെയ്യപ്പെടാതെ പോകുന്ന വിഭവമേഖലകൾ കണ്ടെത്തുന്നതിനുള്ള ശ്രമവുമെല്ലാം ജനകീയാസൂത്രണ പരിപാടിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷിയും കന്നുകാലി വളർത്തലുമാണല്ലോ. എന്നാൽ പഞ്ചായത്തിന്റെ വരുമാനമാവട്ടെ ഈ മേഖലകളിൽ നിന്നും നേരിട്ട് വരുന്നതല്ല. നമ്മുടെ പഞ്ചായത്തിലെ കഴിഞ്ഞ ഏതാനും വർഷത്തെ വരവ് ചിലവ് ഇനങ്ങളും ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളും സാധ്യതകളും വിലയിരുത്തേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ ഒരു വർഷത്തെ വിവിധ ഇനങ്ങളിലുള്ള വരുമാനം ഏകദേശം 8 ലക്ഷം രൂപയാണ്. ഈ തുകയിൽ 35%-ത്തിൽ അധികം ഗവ. ഗ്രാന്റുകളാണ് പഞ്ചായത്തു സ്വത്തുക്കളിൽ നിന്നും ലേല ഇനത്തിൽ 17% വും. കെട്ടിട ഇനത്തിൽ ഏകദേശം 25% വും തൊഴിൽ നികുതിയിനത്തിൽ വിനോദ നികുതി പ്രദർശന നികുതി ഇനത്തിൽ 3% വും വരുമാനം ലഭിക്കുന്നു. നികുതി ഇനത്തി

കരുണാപുരം പഞ്ചായത്ത് വരുമാനങ്ങളുടെ സ്ഥിതി വിവരം
1990-91 മുതൽ 1995-96 വരെ

വിവരങ്ങൾ	1990-91	1991-92	1992-93	1993-94	1994-95
നികുതികളിൽ നിന്നും	236099.45	504090.30	395050.70	339559.20	479347.50
പ്രത്യേക ആക്ട് പ്രകാരം ലൈസൻസുകൾ	19633.05	10454.04	979036	641.00	15167.34
സ്വത്തുക്കളിൽ നിന്നും	117363-	144901.35	73425.00	55071.00	68025
ഫീസിനങ്ങളിൽ നിന്ന്	17625.50	15719.80	27575.92	6318.55	11939.75
ഗ്രാന്റുകളിൽ നിന്ന്	266642	212233	341464	328281	346092.00
മറ്റിനങ്ങൾ	56486.95	12791.05	6731.65		
ആകെ	713849.95	906189.54	854037.65	729870.75	941097.34

വരവിനങ്ങൾ 1995-96		
		ശതമാനം
കെട്ടിടനികുതി	252276	25.96
തൊഴിൽ നികുതി	147047	15.14
ലേല ഇനങ്ങളിൽ നിന്ന്	165321	17.3
മറ്റു നികുതികൾ	33108	3.40
ഉപാധി രഹിത ഗ്രാന്റുകൾ	373712	38.46
ആകെ.	971464	100

ലുള്ള വരുമാനം കഴിഞ്ഞ അഞ്ചുവർഷമായി വർദ്ധിക്കുന്നതായിട്ടാണ് കാണുന്നത്. (വിശദവിവരങ്ങൾക്ക് ചാർട്ട് കാണുക)

ലൈസൻസുകളിൽ നിന്നുള്ള വരുമാനവും ലേല വരുമാനവും കുറഞ്ഞു കാണുന്നു. എന്നാൽ ഫീസിനത്തിലുള്ള വരുമാനവും കുറഞ്ഞു വരുന്നതായി കാണാം.

പ്രശ്നങ്ങളും സാധ്യതകളും

- കെട്ടിട നികുതി ഇനത്തിൽ ഓരോ വർഷവും കണക്കാക്കുന്ന തുക കൃത്യമായും ഈടാക്കാൻ സാധിക്കുന്നില്ല. 1995-96-ൽ 311618 രൂപാ ഈ ഇനത്തിൽ ധനാഭ്യർത്ഥനയുള്ളപ്പോൾ പിരിച്ചെടുത്തത് 252276 രൂപാ മാത്രമാണ്. 20% തുക ഇനത്തിലും പിരിച്ചെടുക്കാനുണ്ട്. തൊഴിൽ നികുതിയുടെ കാര്യത്തിലും ഈ പ്രശ്നം നിലനിൽക്കുന്നു. കാര്യക്ഷമമായ നികുതി പിരിവിലൂടെ ഈ പ്രശ്നത്തിന് പരിഹാരം കാണാം.
- കെട്ടിട നികുതി തിട്ടപ്പെടുത്തുന്നതിൽ അശാസ്ത്രീയതയും അപാകതയും നിലനിൽക്കുന്നുണ്ട്. നികുതി ഈടാക്കുന്ന കെട്ടിടത്തിൽ നിന്നും കിട്ടാവുന്ന വാർഷിക വാടകയുടെ 6% മുതൽ 10% വരെയാണ് കെട്ടിട നികുതിയായി ഈടാക്കേണ്ടത്. നമ്മുടെ പഞ്ചായത്തിൽ ഇത് 6% ആയി നിജപ്പെടുത്തിയിരിക്കുന്നു.
- ഒരു വീടിന്റെ വാർഷിക വാടക അതിന്റെ നിർമ്മാണ ചെലവിന്റെ 6% ആയിട്ടാണ് കണക്കാക്കുന്നത്. ഇതിൽ നിന്നും വാർഷിക അറ്റകുറ്റപണികളുടെ ചെലവിനായി 10% കുറച്ച് ബാക്കിയുള്ള തുകയാണ് നികുതിയായി കണക്കാക്കുന്നത്. അതായത് ഒരു ലക്ഷം രൂപാ നിർമ്മാണ ചെലവുള്ള ഒരു വീടിന് 300 രൂപാ കെട്ടിട നികുതി കൊടുക്കണം. വസ്തുതകൾ ഇതായിരിക്കെ പക്ഷപാതപരമായ തിട്ടപ്പെടുത്തലുകളും വസ്തുതാപരമായ വിവരം നല്കാതിരിക്കലും മൂലം ഈ രംഗത്ത് വലിയ തോതിലുള്ള ചർച്ച അനുഭവപ്പെടുന്നു. യഥാർത്ഥത്തിലുള്ള നികുതി തിട്ടപ്പെട്ടുത്തലും നികുതി പിരിവും ഉണ്ടായാൽ ഈ രംഗത്ത് ഇപ്പോഴുള്ളതിന്റെ 30% കണ്ട് വർധന ഉണ്ടാകും.
- തൊഴിൽ നികുതിയുടെ കാര്യം പരിശോധിച്ചാലും അശാസ്ത്രീയത കാണാം. തൊഴിൽ നികുതി കണക്കാക്കേണ്ടത് ഇതോടൊപ്പം കാണിച്ചിരിക്കുന്ന പട്ടികയിലെ സ്ലാബ് പ്രകാരമാണ് (പട്ടിക 2 കാണുക)

സർക്കാർ ജീവനക്കാരിൽ നിന്നുള്ള നികുതി കൃത്യമായി ലഭിക്കുന്നുണ്ട്. മറ്റ് മേഖലകളിൽ നിന്നാകട്ടെ നികുതി

തൊഴിൽ നികുതി കണക്കാക്കുന്നതിനുള്ള സ്ലാബ്		
വരുമാന പരിധി (രൂപയിൽ)		നികുതി (രൂപയിൽ)
മുതൽ	വരെ	
2400	4200	10
4200	6000	20
6000	75000	30
75000	10800	45
10800	12600	60
12600	15000	75
15000	21000	100
21000	24000	125
24000	27000	150
27000	30000	200
30000	42000	300
42000	51000	400
51000	60000	500
60000	75000	750
75000	108000	1000
108000 ന് മുകളിൽ	1250	

കണക്കാക്കുന്നതിലും പിരിച്ചെടുക്കുന്നതിലും കാര്യക്ഷമത കാണുന്നില്ല. കണ്ടില്ലാ കേട്ടില്ലാ നയം വരുമാനത്തിന്റെ നല്ലൊരു ഭാഗവും നഷ്ടപ്പെടുത്തിയിട്ടുണ്ട്. 2400 രൂപാ മുതൽ വരുമാനമുള്ളവരിൽ നിന്നാണ് നികുതി ഈടാക്കുന്നത്. താഴ്ന്ന വരുമാനക്കാരായ ആദ്യത്തെ നാലു സ്ലാബുകളിൽപ്പെട്ടവരെ (Rs. 10800 വരെ) തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

ദാരിദ്ര രേഖാ നിർണ്ണയത്തിലെ വരുമാന പരിധിയാ

വരവ് സംബന്ധിച്ച് 95-96 ലെ പട്ടിക

വരവ് സംബന്ധിച്ച വിവരങ്ങൾ (1995-95)

Ref. C. B.

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
1	2	3	4
കെട്ടിട നികുതി	311618. 18	252276.00	59342.18
സർവ്വീസ് ചാർജ്ജ്	ഇല്ല	-	-
തൊഴിൽ നികുതി	214135.00	147047.00	67088.00
വാഹന നികുതി	ഇല്ല	-	-
വിനോദ നികുതി	13175.00	13175.00	-
അഡി. വിനോദ നികുതി	7617.00	7617.00	-
പ്രദർശന നികുതി	1914.00	1914.00	
പ്രദർശന നികുതിയിന്മേലുള്ള			
	സർചാർജ്ജ്	750.00	750.00
ചന്ത വരവ്	192567.50	165321.00	27246.50
ലാന്റ് സെസ്സ്	ഇല്ല	-	-
ലൈസൻസ് ഫീസ്	9652.00	9652.00	-
കെട്ടിട നികുതി സർചാർജ്ജ്	ഇല്ല	-	-
വസ്തു കൈമാറ്റ നികുതി 75%	54612.00	54612.00	-
വസ്തു കൈമാറ്റ നികുതി 25%	ഇല്ല	-	-
സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ (U.T.F)		319100.00	319100.00
സംഭാവന	-	-	-
ഡെപ്പോസിറ്റ്	20400.00	20400.00	-
മറ്റുള്ളവ			
ആകെ			

1.24 ചെലവ് സംബന്ധിച്ച വിവരങ്ങൾ Ref. C. B. (1995-96)

ഇനം	തുക
1	2
ഭരണം	604946.00
പൊതുമരാമത്ത്	288547.00
വിദ്യാഭ്യാസം	18690.00
ജലവിതരണം, ഓടകൾ,	
പൊതുജനാരോഗ്യം	5930.00
തെരുവു വിളക്കുകൾ കത്തിക്കുന്നത്	29835.00
മറ്റുള്ളവ Loan refinding & Others	170406.00
ആകെ	1118354.00

1.26 പൊതു മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ

Ref. Work Bill Register

പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക	യഥാർത്ഥ ചെലവ്	ഗ്രാന്റ് പഞ്ചാ. തുക	ആകെ ഫണ്ട്	
റോഡ്	70000 (Works: 14)	65683.00	Nil		-
തോട്	Nil				
കെട്ടിടം	Nil				
നടപ്പാലം	Nil				
മറ്റുള്ളവ	Nil				
ആകെ	65683	-68683			

ണല്ലൊ ഇത്. ഇതിൽ കൂടുതൽ തൊഴിൽ വരുമാനമുള്ളവരിൽ നിന്നും കൃത്യമായും നികുതി കണക്കാക്കി ഈടാക്കുവാൻ കഴിഞ്ഞാൽ ഇപ്പോഴുള്ളതിന്റെ 60% കണ്ട് ഈ ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാമെന്ന് കാണാം. സർക്കാർ ഉദ്യോഗസ്ഥർ ഒഴികെ 100 വ്യാപാരികളും 710 കർഷകരും മാത്രമേ നമ്മുടെ പഞ്ചായത്തിൽ തൊഴിൽ നികുതി കൊടുക്കുന്നുള്ളൂ. അർഹിക്കുന്ന നികുതി ദായകരുടെ ഒരു ചെറിയ ശതമാനം മാത്രമാണിത്.

നികുതി കുടിശിഖ വരുത്തുന്നവരിൽ നിന്നും നോട്ടീസ് പടിയായി ഒരു രൂപാ മാത്രം ഈടാക്കാനേ ഇന്ന് കഴിയുന്നുള്ളൂ. കുടിശിഖ വരുത്തുന്ന തുകയ്ക്ക് പലിശയോ, പിഴയോ ഈടാക്കാൻ സംവിധാനം ഉണ്ടായാൽ നികുതി അടവിൽ കാര്യമായ വർദ്ധന ഉണ്ടാകാൻ കാരണമാകും.

പഞ്ചായത്തിന്റെ മറ്റൊരു പ്രധാന വരുമാനമാർഗ്ഗമാക്കേണ്ടതാണ് പ്രദർശന വിനോദ നികുതികൾ. നമ്മുടെ പഞ്ചായത്തിന്റെ കീഴിൽ രണ്ട് തീയറ്ററുകളാണ് ഉള്ളത്. സിനിമ കാണുന്നവരിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി പഞ്ചായത്തിലടക്കേണ്ടത് തീയേറ്റർ ഉടമയാണ്. പ്രേക്ഷകർ കൊടുക്കുന്ന ടിക്കറ്റ് ചാർജ്ജിന്റെ 15% ആണ് വിനോദ നികുതി. ഈ നികുതിയുടെ 60% അധിക വിനോദ നികുതിയുമാണ്.

ഈ ഇനത്തിൽ സിനിമാ ശാലകൾ പിരിച്ചെടുക്കുന്ന നികുതിയുടെ വളരെ ചെറിയൊരു ശതമാനം മാത്രമേ പഞ്ചായത്തിൽ ലഭിക്കുന്നുള്ളൂ. സിനിമാ ശാലകളിൽ നിന്നും ലഭിക്കുന്ന ഡയ്‌ലി കളക്ഷൻ റിപ്പോർട്ട് (D. C.R) പ്രകാരം ദിവസേന 20-30 ആളുകളെ സിനിമാ കാണുന്നുള്ളൂ. ഇത് യഥാർത്ഥത്തിലുള്ളതിന്റെ 25% മാത്രത്തോളമേ വരുന്നുള്ളൂ. അതായത് യഥാർത്ഥത്തിൽ ലഭിക്കേണ്ട 75% നികുതിയും ലഭിക്കുന്നില്ല.

ഓരോ പ്രദർശനത്തിനും പ്രദർശന നികുതിയായി ഒരു നിശ്ചിത തുക പഞ്ചായത്തിൽ അടക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ ഇത് രണ്ട് രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഈ തുകയുടെ 25% സർ ചാർജ്ജായും കണക്കാക്കുന്നു. നടത്തപ്പെടുന്ന പ്രദർശനങ്ങൾക്ക് മുഴുവൻ നികുതി നൽകുന്നില്ല എന്നതും യാദൃച്ഛികമായി കാണാവുന്നതല്ല.

ഈ രംഗത്ത് വൻ തോതിലുള്ള വിഭവശോഷണ പരിഹരിക്കുന്നതിന് നിശ്ചയ ദാർഢ്യത്തോടും മുഖം നോക്കാതെയും തീരുമാനങ്ങൾ പഞ്ചായത്ത് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടാകുകയും ഇച്ഛാശക്തിയോടെ ആ തീരുമാനങ്ങൾ നടപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോസ്ഥൻമാർ ശ്രമിക്കുകയും വേണം.

മാംസ വിൽപ്പന ശാലകളിൽ നിന്നുള്ള വരുമാനം ഇപ്പോൾ നാമമാത്രമാണ്. 1991-92 കാലത്ത് 2, 1000 രൂപയിൽ കൂടുതൽ വരുമാനം ഉണ്ടായിരുന്നെങ്കിൽ പിന്നീടുള്ള വർഷങ്ങളിൽ ഇത് 5000 രൂപയിൽ താഴെയായിട്ടുള്ളതായി കാണാം. മാംസ ഉപയോഗം കുറഞ്ഞത് കൊണ്ടല്ല ലേലത്തിലെ മത്സര സ്വഭാവം കുറഞ്ഞതുകൊണ്ടാണിത് സംഭവിക്കുന്നത്.

ചെലവ് വിശകലനം

വ്യത്യസ്ത സ്രോതസ്സുകളിൽ നിന്നുള്ള നമ്മുടെ വരുമാനം എങ്ങനെയൊക്കെയാണ് ചെലവഴിക്കപ്പെടുന്നത് എന്ന് പരിശോധിക്കേണ്ടതുണ്ട്.

കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ ചെലവ് പരിശോധിച്ചാൽ മൊത്ത വരുമാനത്തിന്റെ 35%-ൽ അധികവും ഭരണ, നിർവ്വഹണ ചെലവുകളാണ്. പൊതു മരാമത്ത് പണികൾക്കാണ് രണ്ടാംസ്ഥാനം. ആകെ വരുമാനത്തിന്റെ 1/4 തുക ഇതിനായി ചെലവഴിക്കപ്പെടുന്നു. വിദ്യാഭ്യാസം, പൊതുജനാരോഗ്യം മുതലായവയ്ക്ക് 2% ചെലവഴിക്കപ്പെടുന്നു. ശുദ്ധ ജല വിതരണം, വിദ്യാഭ്യാസം, സാമൂഹ്യ ക്ഷേമം മുതലായ രംഗങ്ങളിൽ വേണ്ടത്ര പണം ചെലവഴിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഗ്രാമ വികസന ബോർഡിന്റെ വായ്പാ പദ്ധതി ഉപയോഗപ്പെടുത്തിയാണ് നമ്മുടെ പഞ്ചായത്ത് കെട്ടിടം പണി കഴിപ്പിച്ചിരിക്കുന്നത്. 732519 രൂപാ മുതൽ ഇനത്തിലും 65000 രൂപയോളം ശരാശരി പലിശ ഇനത്തിലും ചെലവാക്കുന്നു. ഇത് പഞ്ചായത്തിന്റെ ചെലവിന്റെ 15% ത്തോളം വരും. ഈ കെട്ടിടത്തിൽ നിന്ന് വാടക ഇനത്തിലുള്ള വരവ് 95-96-ൽ 23401 രൂപാ മാത്രമാണ്

പ്രശ്നങ്ങളും സാധ്യതകളും

ഭരണ ചെലവ് വർഷം തോറും ക്രമാനുഗതമായി വർദ്ധിച്ചു കാണുന്നു. വരും വർഷങ്ങളിലും ഇതിൽ കുറവ് പ്രതീക്ഷിച്ചു കൂടാ എന്നിരുന്നാലും ഒഴിവാക്കാവുന്ന ചെലവുകൾ ഈ രംഗത്ത് ഏറെയില്ല. എന്നാൽ പൊതു മരാമത്ത് ജോലികൾക്ക് ഉപയോഗിക്കപ്പെടുന്ന തുകയുടെ കാര്യത്തിൽ ബഹുമുഖമായ ചോർച്ചയുണ്ട്. അത് ഏകദേശം 30% ത്തോളം വരും. ഇത് ഒഴിവാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കോൺട്രക്ടർമാരേയും മറ്റ് ഇടത്തട്ടുക്കാരെയും ഒഴിവാക്കുകയും പൊതുമരാമത്ത് പണികളുടെ അടങ്കൽ, ചെലവഴിച്ച തുക തുടങ്ങിയവ വേണ്ട സമയങ്ങളിൽ പരസ്യപ്പെടുത്തിയും ഇതിനു പരിഹാരം കാണണം. പൊതു മരാമത്ത് പണികളുടെ നിർവ്വഹണം സന്നദ്ധ പ്രവർത്തകരിലൂടെ നടത്താൻ ശ്രമിക്കുന്നതും അഭിലക്ഷണീയമാണ്.

പഞ്ചായത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിന് വരവു ചെലവ് കണക്കുകൾ വർഷം തോറും അച്ചടിച്ച് പ്രസിദ്ധീകരിക്കണം. സന്നദ്ധ സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. വിനിയോഗിക്കപ്പെടാതെ പോകുന്ന മനുഷ്യ ഊർജ്ജം

മറ്റൊരു പ്രധാന വിഭവമാണ്. പഞ്ചായത്തിലെ വിവിധ വികസന പരിപാടികൾ നടപ്പാക്കുമ്പോൾ ഗുണഭോക്താക്കളായ ആളുകളെ സഹകരിപ്പിച്ച് പ്രവർത്തിക്കേണ്ടതാണ്. ഇങ്ങനെ സന്നദ്ധ പ്രവർത്തനത്തിലൂടെ ശേഖരിക്കപ്പെടുന്ന മനുഷ്യാധ്വാനം വികസന പ്രവർത്തനങ്ങൾ ഉദ്ദേശിച്ചതിലേറെ പ്രയോജനകരമാക്കി തീർക്കുമെന്നത് നിസ്തർക്കമാണ്. 1996 നവംബർ 1-ലെ പുനരർപ്പണ ദിനത്തിൽ പഞ്ചായത്തിന്റെ 11-വാർഡുകളിലായി 2500 ഓളം ആളുകൾ വികസന പ്രവർത്തനങ്ങളിൽ ആവേശകരമായി പങ്കെടുത്തു ഒരാൾക്കുള്ള പണിക്കൂലി 50 രൂപയെന്ന തോതിൽ കണക്കാക്കിയാൽ തന്നെ 2.25 ലക്ഷം രൂപയുടെ അധ്വാനമാണ് അന്ന് സംഭരിക്കാൻ കഴിഞ്ഞത്. തുടർന്നുള്ള ദിവസങ്ങളിലും ഇത്തരത്തിലുള്ള സന്നദ്ധ ജോലികൾ നടക്കുന്നുണ്ട് എന്നോർക്കുക. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ വിപ്ലകരമായ മാറ്റം വരുത്തും എന്നത് വ്യക്തമാണ്.

മനുഷ്യവിഭവം

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ വരുമാനം കന്നുകാലി വളർത്തലിലും കൃഷിയിൽ നിന്നുമാണ് ഉപയോഗപ്പെടുത്തുന്ന മനുഷ്യാധ്വാനത്തിന്റെ 41% കാർഷിക രംഗത്തും 37.5% കന്നുകാലി വളർത്തലിലും ഉപയോഗിക്കുന്നു മറ്റു വരുമാന മാർഗങ്ങളിലെല്ലാം കൂടി ഉപയോഗിക്കുന്ന മനുഷ്യാധ്വാനം 21.5% മാത്രമാണ് അതിൽ പ്രധാനമായ സർക്കാർ അർദ്ധ സർക്കാർ ജീവനക്കാരുടെ സേവനവും കച്ചവട രംഗത്ത് ഉപയോഗിക്കപ്പെടുന്ന 6% മനുഷ്യധ്വാനവുമാണ്. ആകെയുള്ള ജനസംഖ്യയുടെ നാലിലൊന്നിലധികം (28.89%) പേരുള്ള അധ്വാന ശേഷി മാത്രമേ തൊഴിൽ മേഖലകളിൽ ഉപയോഗപ്പെടുത്തുന്നുള്ളൂ. കൂടാതെ എടുത്തു പറയേണ്ട ഒരു കാര്യം സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഒൻപത് ശതമാനത്തിൽ താഴെ മാത്രമാണ് (8.74%) എന്നുള്ളതാണ്. എന്നാൽ പുരുഷൻമാരുടേത് നാല്പത്തിയെട്ട് ശതമാനത്തിൽ കൂടുതലാണ് (48.58%) കുടുംബവുമായി ബന്ധപ്പെട്ട് സ്ത്രീകൾ ഉപയോഗിക്കപ്പെടുന്നു അധ്വാനശേഷി കണക്കാക്കുന്നത്. ഈ രംഗത്തെ യഥാർത്ഥ പ്രശ്നങ്ങൾ മനസിലാക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു. എന്നാൽ പ്രത്യക്ഷമായ വരുമാന രംഗത്തേക്ക് പുരുഷനോടൊപ്പം സ്ത്രീയേയും എത്തിക്കേണ്ടതും, ഒപ്പം അദൃശ്യമായ കുടുംബവുമായി ബന്ധപ്പെട്ട് വേണ്ടി വരുന്നതും പ്രകടമായ വരുമാനം ലഭ്യമല്ലാത്ത അധ്വാനത്തിൽ സ്ത്രീകൾക്കൊപ്പം പങ്കാളിത്തം പുരുഷനും ഉണ്ടാകേണ്ടതാണ്.

വ്യവസായ രംഗത്ത് മനുഷ്യാധ്വാനം നാമമാത്രമായി മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. മൂന്ന് ശതമാനത്തിലധികം മാത്രം (3.45%) അതിലധികവും കുടിൽ വ്യവസായ രംഗത്ത് ഉപയോഗപ്പെടുത്തുന്നത്.

ഉപയോഗിക്കപ്പെടാതെ പാഴായി പോകുന്ന മനുഷ്യാധ്വാനം പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ടല്ലാതെ പഞ്ചായത്തിലെ ജനങ്ങളുടെ സമഗ്രവികസനം സാദ്ധ്യമാവുകയില്ല. അതിനു നമ്മുടെ പഞ്ചായത്തിലെയും പുറത്തുമുള്ള ധനകാര്യസ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തി കാർഷിക രംഗത്തും മൃഗസംരക്ഷണ രംഗത്തും അല്ലാതെയുമുള്ള മേഖലകളിൽ വ്യവസായങ്ങൾ തുടങ്ങിയും മറ്റ് തൊഴിൽ മേഖലകളെ കണ്ടെത്തിയും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലൂടെ സാദ്ധ്യമാക്കാം.

ടൂറിസം

അപൂർവ്വ സുന്ദരമായ പ്രകൃതി ദൃശ്യങ്ങൾ കൊണ്ട് അനുഗ്രഹീതമായ പഞ്ചായത്താണ് നമ്മുടേത്. കേരളം തമിഴ്നാടുമായി അതിരു പങ്കിടുന്ന ബാലൻപിള്ള സിറ്റി മുതൽ മന്തിപ്പാറ വരെയുള്ള പത്തു കിലോമീറ്ററിലധികം വരുന്ന പ്രദേശങ്ങൾ ഈ പഞ്ചായത്തിന്റെ പരിധിക്കുള്ളിലാണ്. കേരളത്തിന്റെ അതിർത്തിയിൽ നിന്ന് ചെങ്കുത്തായ ഇറക്കമിറങ്ങി ആയിരം അടിയോളം താഴോട്ടിറങ്ങിയാൽ തമിഴ്നാട്ടിലെ കൃഷിയിടങ്ങളുമായി നമ്മുടെതിൽ നിന്നും വളരെ വ്യത്യസ്തമായ ഭൂപ്രകൃതിയും കാലാവസ്ഥയും ഭൂവിനിയോഗരീതികളുമുള്ള ഈ പ്രദേശങ്ങളുടെ ദൂരെ വീക്ഷണം ചേതോഹരമാണ്. പഞ്ചായത്തിന്റെ ഭൂരിഭാഗങ്ങളും സമീപപ്രദേശങ്ങളുമെല്ലാം ഒറ്റ നോട്ടത്തിൽ കാണാവുന്നത്ര ഔന്നത്യമുള്ള കുന്നിൻ പുറങ്ങൾ പ്രകാശ് ഗ്രാം, ഈറ്റക്കാനം, കുരുവിക്കാനം തുടങ്ങിയ പ്രദേശങ്ങളിൽ കാണാം.

ഇത് കൂടാതെ കാട്ടുചോലകളും വന്യഗാംഭീര്യം പുലർത്തുന്ന അതിർത്തി മേടുകളും കുളിരുറവകളും അപൂർവ്വ സസ്യങ്ങളാൽ സമൃദ്ധമായ കാട്ടു പൊന്തകളുമുള്ള സുന്ദര ഭൂമിയാണ് നമ്മുടെ പഞ്ചായത്ത്.

എന്നാൽ പ്രകൃതിയുടെ ഈ വരദാനങ്ങളെ ടൂറിസവുമായി ബന്ധപ്പെടുത്തി ചൂഷണം ചെയ്യാനുള്ള ശ്രമങ്ങളൊന്നും നമ്മുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. അന്യ ഭൂഖണ്ഡങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിഞ്ഞില്ലെങ്കിലും, പ്രാദേശിക ടൂറിസം പ്രോത്സാഹിപ്പിക്കാനും വികസിപ്പിക്കാനും നമുക്ക് കഴിയണം.

പഞ്ചായത്ത് ബസ്റ്റാന്റ്

1979-ലെ ഏഴ് ഇന പരിപാടിയിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കുകയും 1993-ൽ J.R.Y സ്കീമിൽ ഉൾപ്പെടുത്തി പണി ആരംഭിക്കുകയും ചെയ്ത പഞ്ചായത്ത് ബസ്റ്റാന്റ് ഇപ്പോഴും ഉപയോഗ പ്രദമാകാതെ വെറുതെ കിടക്കുകയാണ്. 1, 90000 രൂപ നാളിതുവരെയായി ഇതിനു വേണ്ടി മുതൽ മുടക്കിയിട്ടുണ്ട്. ബസ്റ്റാന്റിൽ വെയിറ്റിംഗ് ഷെഡ് പണി കഴിപ്പിക്കുന്നതിനു വേണ്ടിയും 52600 രൂപ മുതൽ മുടക്കിയിട്ടുണ്ട്. ഇത് ഇന്ന് പരദേശികളുടെയും, കന്നുകാലികളുടെയും വിഹാര രംഗമാണ്. (18) ബസ്സുകൾക്ക് 44 സർവ്വീസുകളിലായി പ്രതി ദിനം കൂട്ടാറ്റിൽ കൂടി സർവ്വീസ് നടത്തുന്നതിന് പെർമിറ്റുണ്ട്. കൂടാതെ എകദേശം 35

ജീപ്പുകളും, കൂട്ടാർ-തൂക്കുപാലം, കൂട്ടാർ-കമ്പംമെട്ട്, റൂട്ടുകളിൽ സർവ്വീസ് നടത്തുന്നുണ്ട്. ഈ ജീപ്പുകൾക്ക് പാർക്ക് ചെയ്യുന്നതിനും തിരിക്കുന്നതിനും യാതൊരു സൗകര്യവുമില്ല. റോഡു വക്കിലുള്ള ഇവയുടെ പാർക്കിംഗ് പലപ്പോഴും ബുദ്ധിമുട്ടുണ്ടാക്കുന്നു.

ബസ്റ്റാന്റിന്റെ അറ്റകുറ്റപണികൾ ഈ 9-ാം പദ്ധതി കാലത്ത് ഏറെ മുൻഗണന നൽകി നടത്തേണ്ടതാണ്. വിസ്താര മേറിയ ബസ്റ്റാന്റിന്റെ ഒരു ഭാഗം ജീപ്പുസ്റ്റാന്റായും ഉപയോഗിക്കാവുന്നതാണ്. കൂട്ടാറിലൂടെ കടന്നു പോകുന്ന ബസ്സുകളെല്ലാം ബസ്റ്റാന്റിൽ കയറിയേ കടന്നു പോകാവൂ എന്നു വന്നാൽ ബസ്റ്റാന്റിലെ പണി കഴിപ്പിച്ചിരിക്കുന്ന വെയിറ്റിംഗ് ഷെഡും ഉപയോഗ പ്രദമാക്കാൻ കഴിയും.

ബസ്റ്റാന്റിൽ കയറിയിറങ്ങുന്ന വാഹനങ്ങളിൽ നിന്നും ടോൾ ഈടാക്കാവുന്നതാണ്. ഇതുവഴി പഞ്ചായത്തിന് നാളിതു വരെ കിട്ടാതിരുന്ന ഒരു വരുമാനം ലഭിക്കുകയും ചെയ്യും. ഇതിനുവേണ്ടി ഉണ്ടാകുന്ന കാലവിളംബം പഞ്ചായത്തിന്റെ പരിമിതമായ സാമ്പത്തിക വിഭവത്തിന്റെ ദുർവിനിയോഗമായി വ്യാഖ്യാനിക്കപ്പെടാനിടയുണ്ട്.

ബസ്റ്റാന്റിനോട് അനുബന്ധിച്ച് പണിയാൻ പദ്ധതിയിട്ടിരിക്കുന്ന കംഫർട്ട് സ്റ്റേഷൻ പണി എത്രയും വേഗം പൂർത്തീകരിക്കണം. അത് വൃത്തിയായും ഉപയോഗപ്രദമായും സംരക്ഷിക്കാനുള്ള നടപടികളും വേണം.

പഞ്ചായത്ത് രാജ് നഗര പാലികാ സംവിധാനം നിലവിൽ വന്നതിലൂടെ ഗ്രാമ പഞ്ചായത്തുകൾക്ക് കീഴിൽ നിരവധി ഡിപ്പാർട്ടുമെന്റുകൾ വന്നിരിക്കുകയാണ്. ഇതിലൂടെ പഞ്ചായത്തിന്റെ വരുമാനം വളരെ കണ്ടു വർദ്ധിക്കും എന്ന് പ്രതീക്ഷിക്കപ്പെടുന്നു. വരും നാളുകളിൽ ഗ്രാമ പഞ്ചായത്തുകൾ എത്തിച്ചു കൊടുക്കേണ്ട ക്ഷേമ പ്രവർത്തനങ്ങളും ബാധ്യതകളും ഇതോടൊപ്പം വർദ്ധിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ഏറെ ചുമതലകളും താരതമ്യേന ഏറെ വിഭവങ്ങളും കൈകാര്യം ചെയ്യേണ്ട സ്ഥാപനമായി തീരുകയാണ് ഗ്രാമ പഞ്ചായത്തുകൾ. പഞ്ചായത്ത് ഭരണ സിമിതിയുടെയും ജീവനക്കാരുടെയും അർപ്പണ ബുദ്ധിയും നിസ്വാർത്ഥതയും ഏറെ ആവശ്യപ്പെടുന്ന നാളുകളാണ് ഇനിയും വരുന്നത്. അതേപോലെ തന്നെ ജനങ്ങളും കൂടുതൽ ചുമതലാ ബോധവും ജാഗ്രതയും കാണിക്കേണ്ടിയിരിക്കുന്നു.

വികസന പ്രവർത്തനങ്ങളുടെ മുൻഗണനാ ക്രമം നിശ്ചയിക്കുന്നതിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിനുമെല്ലാം ജനങ്ങൾക്ക് കൂടുതൽ പങ്കാളിത്തം ലഭിച്ചിരിക്കുകയാണ്. വീഴ്ചയില്ലാതെ ഈ ചുമതലകൾ നിറവേറ്റാൻ ഏവർക്കും കഴിയട്ടെ.

ഉപസംഹാരം

"എന്റെ സങ്കല്പത്തിലുള്ള ഗ്രാമങ്ങളിൽ
ഒന്നാമനും രണ്ടാമനുമില്ല"

-ഗാന്ധിജി

96 സെപ്റ്റംബറിൽ പഞ്ചായത്തിലാരംഭിച്ച ജനകീയാസൂത്രണ പരിപാടി രണ്ടാം ഘട്ടം പൂർത്തിയായിരിക്കുന്നു. നാളിതു വരെയുള്ള നമ്മുടെ ശ്രമങ്ങളിൽ നിന്നാണ് ഈ വികസന രേഖ ഉയർന്നു വന്നിട്ടുള്ളത്. മറ്റ് മാതൃകകളോ, ചെയ്തു ശീലിച്ചിട്ടില്ലാത്തതുമായ പ്രവർത്തനങ്ങളാണ് നാം നടത്തി വരുന്നത്. മുരടിച്ച മനസും നിരാശാബോധവും നമുക്ക് നൽകിയ പോയ കാല യാഥാർത്ഥ്യങ്ങളിൽ നിന്നും ജീവൻ വച്ച ഈ പുരോഗമന മാതൃക നമ്മുടെ പഞ്ചായത്തിലെയെന്നല്ല മലയാളക്കരയുടെ സാമൂഹ്യ ജീവിതത്തിൽ അർത്ഥവത്തായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കും.

ഇതൊക്കെ നടക്കുന്ന കാര്യങ്ങളാണോ? എന്തെങ്കിലും നേട്ടങ്ങൾ ഉണ്ടാവുമൊ? എന്നൊക്കെ ചോദിക്കുന്ന ശുദ്ധഗതിക്കാർ നമ്മുടെയിടയിലുണ്ട്. ഉപരിപ്ലവമായ രാഷ്ട്രീയ വിമർശനങ്ങൾക്ക് ശക്തി കുറഞ്ഞ് വരുന്നത് സ്വാഗതാർഹമാണ്. അനുകൂലമായ ജനാഭിപ്രായത്തിനായി നമുക്ക് മുമ്പിൽ എറിഞ്ഞു തന്ന വാഗ്ദാനങ്ങളുടെ ശ്മാശനഭൂവിലാണല്ലോ നാം നിൽക്കുന്നത്. അവിടെ നിന്നാൽ നമ്മുടെ നാവുകളിൽ നിന്ന് ശാപവാക്കുകൾ വാർന്നു വീഴുന്നതിൽ അത്ഭുതമില്ല. പക്ഷെ കഴിഞ്ഞ കാല വികസനത്തിന്റെ നേട്ടങ്ങൾ നമുക്ക് ചുറ്റും കാണാം. ഒറ്റ നോട്ടത്തിൽ വർണ്ണ മനോഹരവും, ഭാവോജ്ജ്വലവുമാണ് നമ്മുടെ നാട്!

നല്ല വസ്ത്രങ്ങൾ, ആടയാഭരണങ്ങൾ, കൂറ്റൻ കെട്ടിടങ്ങൾ, പള്ളിക്കൂടങ്ങൾ, കോളേജുകൾ, വാർത്താ വിനിമയ ശൃംഖലകൾ, പലതരം വാഹനങ്ങൾ അമ്മിയും അടുപ്പുമില്ലാത്ത അടുക്കളകൾ, വിഭ്രമം ജനിപ്പിക്കുന്ന പട്ടണങ്ങൾ അങ്ങനെയെന്തെല്ലാം! പാളത്താറും ചുട്ടിത്തോർത്തും, ഓലക്കുടയും, അഞ്ചലോട്ടവും, നാട്ടു വൈദ്യനും, കാളവണ്ടിയും നമ്മുടെ സാംസ്ക്കാരിക അദ്ധ്യായങ്ങളായി ചരിത്രത്താളുകളിലേക്ക് മടങ്ങി കഴിഞ്ഞു. പക്ഷേ ശരാശരി കേരളീയന്റെ ദൈനംദിന ജീവിതത്തിൽ ഇല്ലായ്മകളും, വല്ലായ്മകളും പൊറുതി മുട്ടിക്കുകയാണ്. പുരോഗതിക്കിടയിലും വിചിത്രമായി തോന്നുന്ന അനുഭവങ്ങൾ യാദൃച്ഛികമല്ല. അദ്ധ്വാനിക്കുന്നവന്റെ സാമ്പത്തിക വരുമാനത്തിൽ പൂർണ്ണമാക്കാൻ കഴിയുന്ന ജീവിത സാഹചര്യങ്ങൾ ഉണ്ടായാൽ തന്നെ നാം സംതൃപ്തരാകും.

നമ്മെ അലട്ടിക്കൊണ്ടിരിക്കുന്ന നൂറായിരം പ്രശ്നങ്ങൾക്ക് ഒറ്റയടിക്കുള്ള പരിഹാരം ജനകീയാസൂത്രണ പരിപാടി മുമ്പോട്ടു വയ്ക്കുന്നില്ല. അതെല്ലാം പരിഹരിക്കണമെങ്കിൽ ഭാരതീയരുടെ മേൽ വരിഞ്ഞു മുറുക്കിയിട്ടുള്ള സാമൂഹിക സാമ്പത്തിക രാഷ്ട്രീയ പ്രശ്നങ്ങളിൽ സങ്കീർണ്ണങ്ങളായ കാണാ ചരടുകൾ അഴിഞ്ഞു വീഴണം.

ഇതൊന്നുമല്ല, നമ്മുടെ നിലവിലുള്ള പരിതസ്ഥിതിയിൽ തന്നെ അംഗീകരിച്ചു വന്നിട്ടുള്ള വികസന ലക്ഷ്യങ്ങളിലെത്താൻ ഫലപ്രദമായ മാർഗ്ഗമാണ് നാം അന്വേഷിക്കുന്നത്. കഴിഞ്ഞ കാല അനുഭവങ്ങളിൽ നിന്ന് പഠിച്ച പാഠങ്ങൾ ഉൾക്കൊള്ളാനും, വിലയിരുത്താനും തയ്യാറാവണം. ആസൂത്രണവൈകല്യവും ജനങ്ങൾ അറിയാത്ത വികസനവും, മറ്റ് കൈ വഴികളിലേക്ക് നമ്മുടെ വിഭവങ്ങൾ ഒഴുകി പോകാൻ വഴി ഉണ്ടാക്കി. സമ്പത്തിന്റെ കേന്ദ്രീകരണം സാമൂഹ്യ നീതിയെ അവഗണിച്ചു കൊണ്ട് മുന്നേറി. മുകളിൽ നിന്ന് താഴോട്ട് കുത്തൊഴുക്കായി വന്ന വികസനം വിഷമതകൾക്ക് പരിഹാരമായില്ല. ഗ്രാമീണ ഹൃദയം വിഹ്വലവും, അസ്വസ്ഥവുമാണിന്ന്.

ഇതിൽ നിന്ന് വിപരീതാർത്ഥത്തിലേക്ക് വിരൽ ചൂണ്ടുന്ന ഒൻപതാം പദ്ധതിയുടെ അന്തസത്തയും അടിസ്ഥാനവും ജനശക്തിയിലൂന്നിയുള്ള ആസൂത്രണമാണ്.

ആർക്കാണധികാരം, ആർക്കാണ് ഭരണം, ഈ മത്സരം തുടരുമ്പോൾ തന്നെ നാടിന്റെ നന്മയ്ക്കും വികസനത്തിനും ഒത്തൊരുമിച്ച് സേവനം ചെയ്യാൻ ഒരു പുതിയ വികസന രാഷ്ട്രീയവും സംസ്ക്കാരവും പടുത്തുയർത്തേണ്ടതാണ്.

ഹൃദയ ദ്രവീകരണ ശക്തിയുള്ള നമ്മുടെ നാടിന്റെയും നാട്ടാരുടെയും വർത്തമാന കാല ജീവിതം കഥാകാരന്റെ ഭാവനയിലും തൂലികയിലും തങ്ങി നിന്നാൽ പോരാ. നമ്മുടെ വികസനത്തിലും ആസൂത്രണത്തിലും അവ സ്പന്ദിക്കണം. എങ്കിലെ ഗാന്ധിയൻ സ്വപ്നങ്ങൾ പൂവണിയൂ.

ആസൂത്രണവും വികസന പദ്ധതികളും ഉണ്ടായാൽ മതിയാവില്ല, അവ പ്രവർത്തിപഥത്തിൽ വിജയം കാണണം. വിജയം താനെ വന്നു ചേരില്ല. അതിനെ നാം കൈപിടിച്ച് കൊണ്ടുവരണം. പ്രകാശമാനമായ ഒരു പുതുയുഗത്തിന്റെ സൂര്യോദയം ഇരുളടഞ്ഞ നമ്മുടെ ഗ്രാമ്യ ജീവിതത്തെ ജ്വലിപ്പിക്കും.

ആ സൂര്യോദയം നമ്മുടേതാണ്.

"ഒൻപതാം പദ്ധതി ജനകീയ പദ്ധതി"

ജനകീയാസൂത്രണം വിജയിക്കട്ടെ."

വികസന രേഖയും കോർഗ്രൂപ്പും

പി. പി. ശശാങ്കൻ

കൃഷിയും ജലസേചനവും

മൃഗസംരക്ഷണം

സഹകരണം

സാമൂഹ്യ-സാംസ്കാരിക ചരിത്രം

ഭൂപ്രകൃതി, ജനപ്രകൃതി

പഞ്ചായത്ത് പൊതുവിവരണം

വിനോദ് ആന്റണി

വിദ്യാഭ്യാസം

വ്യവസായം

മത്സ്യകൃഷി

ടൂറിസം

ആമുഖം

വിനോദ് ആന്റണി; പി. കെ. സജി

ഗതാഗതം -ഊർജ്ജം

ടി. പി. ജോസ്, എം. കെ. ഓമനക്കുട്ടൻ, പി. ബി. പ്രിൻസ്

കുടിവെള്ളം, പൊതുജനാരോഗ്യവും

പാർപ്പിടവും, സാമൂഹ്യക്ഷേമവും

വിനോദ് ആന്റണി, പി. ഷാജഹാൻ

പട്ടികജാതി- വർഗ്ഗ ക്ഷേമം

വിനോദ് ആന്റണി, ടി. വി. രാജേന്ദ്രൻ

വിഭവ സമാഹരണം

ടി. പി. ജോസ്, എൻ. സി. തോമസ്

സംസ്ക്കാരം -വനിതാക്ഷേമം

ഒൻപതാം പദ്ധതി ലക്ഷ്യങ്ങൾ:

ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക.

ഊർജ്ജപ്രതിസന്ധി തരണം ചെയ്യുക.

സേവനമേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.

40% പദ്ധതി വിഹിതം ത്രിതല പഞ്ചായത്തുകൾക്ക്.

ആസൂത്രണം താഴെത്തലങ്ങളിൽനിന്ന്.

ബഹുജനപങ്കാളിത്തം.

സുതാര്യത.



അധികാരം യാഥാർത്ഥത്തിൽ ഇൻഡ്യയിലെ ജനങ്ങളുടേതാണ്. അല്ലാതെ ഇന്നു അവരുടെ മേൽ ഭരണം നടത്തുന്നവരുടേതല്ല. തങ്ങളുടെ ചെരിപ്പിനടിയിൽ കിടക്കുന്നവരുടെ സമ്മതത്തെയാണ്, ഭരിക്കുന്നവർ ആശ്രയിക്കേണ്ടത്. അങ്ങനെ അവർ ജനസേവകരാകണം. ജനങ്ങളുടെ ഇഛയ്ക്കനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാകണം.